കീഴാറ്റൂർ


ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണം
സമഗ്ര വികസന രേഖ



അധികാരം ജനങ്ങളിലേക്ക്
ഒൻപതാം പദ്ധതി ജനകീയ പദ്ധതി

THE PATTIKKAD SERVICE CO-OP.BANK LTD.

No: 445




☎ 327257


PAID UP SHARE CAPITAL	16,61,000.00
DEPOSITS	479,77,900.00
LOANS & ADVANCES	32974000.00
WORKING CAPITAL	50656600.00

President	Secretary
P.ABDUL HAMEED	P.RADHA

Glory Pmna



കീഴാറ്റൂർ പഞ്ചായത്ത് വികസന രേഖ



കീഴാറ്റൂർ പഞ്ചായത്ത് വികസന രേഖ

ആമുഖക്കുറിപ്പ്

ഇത് ഒരു തുടക്കമാണ്.
നേർവഴിയുള്ള കുതിപ്പിന്റെ തുടക്കം.
ഇതുവരെ ആരെല്ലാമോ നമുക്കുവേണ്ടി ചിന്തിക്കുകയായിരുന്നു.
എവിടെയൊക്കെയോ ഇരുന്നു പ്ലാനും പദ്ധതികളും തയ്യാറാക്കുകയായിരുന്നു.
നമ്മുടെ തലയുമുകളിലൂടെ പദ്ധതികളും പറന്നു പോയി.
കാൽച്ചുവട്ടിലൂടെ കാലം ഒലിച്ചു പോയി
നാം നിന്നേടത്തുതന്നെ നിന്നു.
പഴയപടി നിസ്വരായി., നിസ്സഹരായി.
ഇനി,
ഇവിടെ വെച്ച് നമുക്കു തുടങ്ങാം
നമ്മുടെ അവശതകളെന്തെന്നും
ആവശ്യങ്ങളെന്തെന്നും
ഒരുമിച്ചിരുന്നു ആലോചിച്ച് കണ്ടുപിടിക്കാം.
ആവശ്യമായ കാര്യങ്ങൾ നേടിയെടുക്കാനുള്ള
കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കാം.
ഈ ഗ്രാമം നമ്മുടേതാണ്.
ഇവിടുത്തെ മണ്ണും മനുഷ്യരും നമുക്ക് പ്രിയപ്പെട്ടതാണ്.
നമ്മുടെ ഇച്ഛയ്ക്കനുസരിച്ച് ഈ നാടിനെ നമുക്ക് പുതുക്കി പണിയണം.
ജാതി—മത—രാഷ്ട്രീയ ഭിന്നതകളെല്ലാം മറന്ന്
പരിപാവനമായ ഈ ലക്ഷ്യം മുന്നിൽ വെച്ചുകൊണ്ട്
നമുക്ക് ഒരേ മനസ്സായി പ്രവർത്തിക്കാം
നമുക്ക് വേണ്ടി
നമ്മുടെ മക്കൾക്കുവേണ്ടി


പഞ്ചായത്ത് പൊതു വിവരണം

ഗ്രാമപഞ്ചായത്തിന്റെ പേര്	:	കീഴാറ്റൂർ
ഉൾപ്പെടുന്ന വില്ലേജുകൾ	:	കീഴാറ്റൂർ, നെമ്മിനി
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	1 നെമ്മിനി, 2 കീഴാറ്റൂർ
ബ്ലോക്ക് പഞ്ചായത്ത്	:	പെരിന്തൽമണ്ണ,
താലൂക്ക്	;	പെരിന്തൽമണ്ണ.
ജില്ല	:	മലപ്പുറം
ലോകസഭാ മണ്ഡലം	:	പൊന്നാനി
അസംബ്ലി മണ്ഡലം	:	പെരിന്തൽമണ്ണ
ജില്ലാ ഡിവിഷൻ	:	മേലാറ്റൂർ
അതിരുകൾ	:	വടക്ക് കടലുണ്ടിപുഴ, വെള്ളിയാർപുഴ തെക്ക് വെട്ടത്തൂർ, അങ്ങാടിപ്പുറം പഞ്ചായത്തുകൾ കിഴക്ക് മേലാറ്റൂർ, വെട്ടത്തൂർ പഞ്ചായത്തുകൾ പടിഞ്ഞാറ് ആനക്കയം, മങ്കട പഞ്ചായത്തുകൾ
വിസ്തീർണ്ണം	:	40 ച. കി മീറ്റർ
ജനസംഖ്യ	:	30171
പുരുഷൻ	:	15,092
സ്ത്രീ	:	15079
സാക്ഷരത	:	91.6%
വാർഡുകളുടെ എണ്ണം	:	11
പ്രസിഡണ്ടിന്റെ പേര്	:	തോളർ ഇബ്രാഹിം
വൈ: പ്രസിഡണ്ടിന്റെ പേര്	:	പരുത്തിക്കുത്ത് അലവി
സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺ	:	പി. ഉഷ

കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി



തോളൂർ ഇബ്രാഹിം
(പ്രസിഡണ്ട്)



പരുത്തിക്കുത്ത് അലവി
(വൈ: പ്രസിഡണ്ട്)



പി. ഉഷ
(സ്റ്റാൻറിംഗ് കമ്മറ്റി
ചെയർപേഴ്സൺ)

ടി. പി അച്ചുതൻ	(മെമ്പർ)
ആര്യാടൻ മുഹമ്മദ്	,,
നജ്മ യൂസഫ്	,,
പി. നാരായണനുണ്ണി	,,
ആയിഷ കമ്മു	,,
പി. അബ്ദുൾഹമീദ്	,,
എം. ടി. മമ്മിഹാജി	,,
കെ. സൈനബ	,,

എഡിറ്റർ : സി. വാസുദേവൻ

എഡിറ്റോറിയൽ ബോർഡ് :

തോളൂർ ഇബ്രാഹിം
പരുത്തിക്കുത്ത് അലവി
കെ. നാരായണൻ
പി. ശ്രീരാമകൃഷ്ണൻ
കെ. ജി. ശ്രീനിവാസ്
കീഴാറ്റൂർ അനിയൻ
കെ. യൂസഫ്

അച്ചടി : വനിത. സഹകരണ പ്രിൻറിംഗ് പ്രസ് പെരിന്തൽമണ്ണ

കവർ : ഗ്ലോറി ആർട്ട്സ് പെരിന്തൽമണ്ണ

റിപ്പോർട്ട് തയ്യാറാക്കിയവർ

I കൃഷി-ജലസേചനം: പി. വേലായുധൻ
പി. കമ്മു

II വിദ്യാഭ്യാസം : പി. വി. ജേക്കബ്
കെ. എം. വിജയൻ

III വ്യവസായം : പി. മുരളീധരൻ
കെ. പി. അബ്ദുസമദ്

IV ഗതാഗതം-ഊർജ്ജം : യു. സന്തോഷ്കുമാർ
കെ. കുഞ്ഞയമ്മു
ടി. കെ. റഷീദ്

V പാർപ്പിടം-സാമൂഹ്യ ക്ഷേമം : പി. ഉണ്ണികൃഷ്ണൻ
എൻ. കെ. ഹംസ

VI കുടിവെള്ളം-പൊതു ജനാരോഗ്യം : കെ യൂസഫ്
ജോർജ് സെബാസ്റ്റ്യൻ

VII സംസ്കാരം : കീഴാറ്റൂർ അനിയൻ
പി. എസ്. വിജയകുമാർ

VIII പട്ടികജാതി-പട്ടിക വർഗ്ഗക്ഷേമം : കെ. പി. രാജൻ
കെ. കറുപ്പൻ
എ. പി. മൊയ്തീൻ

IX സഹകരണം : യു. ശിവദാസൻ
കെ ജയപ്രകാശ്

X വനിതാക്ഷേമം : പി. ഉഷ
നജ്മയൂസഫ്
കെ. സരസ്വതി
അയിഷാകമ്മു

XI മൃഗസംരക്ഷണം മത്സ്യബന്ധനം : പി. എം. സുരേഷ്കുമാർ
ഡോ: രാജു

XII വിഭവസമാഹരണം: കെ. നാരായണൻ
ടി. പി. അച്ചുതൻ
അഡ്വ: ടി. കെ. അബ്ദുറഹിമാൻ

വിദഗ്ദോപദേശം നൽകിയവർ

1. വി. കണ്ണൻകുട്ടി മാസ്റ്റർ
2. പുറയത്ത് ഗോപി
3. ഐ. ടി. മാസ്റ്റർ
4. ഡോ: ടി. അലി മെഡിക്കൽ ഓഫീസർ
5. പി. റസിയ കൃഷിഓഫീസർ
6. എ. എൻ. വിശ്വംഭരൻ കി. റിസോഴ്സ് പേഴ്സൺ

ചരിത്രവും സാമൂഹ്യ പരിതസ്ഥിതിയും

മഹത്തായ ഒരു സാസ്കാരിക പൈതൃകം കീഴാറ്റൂരിനു് അവകാശപ്പെടാം. മഹാകവി പൂന്താനത്തിന്റെ ജൻമനാടാണിത്. യജ്ഞസംസ്കാരവും സംസ്കൃത ഭാഷാ സ്വാധീനവും പ്രതാപത്തോടെ നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ തന്റെ കൃതികളിലൂടെ മലയാളത്തനിമക്കുവേണ്ടി നിശബ്ദമായി പടപൊരുതിയ ഭാഷാഭിമാനിയാണു് പൂന്താനം. മലയാളഭാഷയും സംസ്കാരവും അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തു് പൂന്താനത്തിന്റേയും അദ്ദേഹത്തിന്റെ കൃതികളുടേയും പ്രസക്തി വർദ്ധിച്ചു വരികയാണു്.

ആറുകളുമായി ബന്ധപ്പെട്ടതാണു് ഈ പ്രദേശത്തുള്ള വിവിധ പഞ്ചായത്തുകളുടെ സ്ഥലനാമങ്ങളും. ആറിന്റെ (വല്ലിയാർ) മേൽഭാഗത്തുള്ള പ്രദേശം മേലാറ്റൂരും. കീഴ്ഭാഗത്തുള്ളതു് കീഴാറ്റൂരും. ഇടയിലുള്ളതു് ഇടയാറ്റൂരും.

പ്രാചീന കാലത്തു് വള്ളുവക്കോനാതിരിയുടെ അധികാരാതിർത്തിയിൽ ഉൾപ്പെട്ട പ്രദേശമായിരുന്ന കീഴാറ്റൂരും. സാമൂതിരിയുടെ അധീശശക്തിക്കെതിരെ പടപൊരുതിയ വള്ളുവനാടിന്റെ ചരിത്രം മാമാങ്ക സ്മൃതികളിൽ ഉറങ്ങികിടക്കുന്നു. ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായപ്പോഴും ഈ പ്രദേശം വള്ളുവനാടു് താലൂക്കിന്റെ ഭാഗമായിരുന്നു. അടുത്തകാലത്താണു് വള്ളുവനാടു് താലൂക്കു് വിഭജിച്ചു് പെരിന്തൽമണ്ണ താലൂക്കു് രൂപംകൊണ്ടതു്.

സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതി മരിച്ച ചാവേർ പടയാളികളുടെ പാരമ്പര്യം സ്വഭാവത്തിൽ അലിഞ്ഞുചേർന്നതുകൊണ്ടാവണം ഇന്ത്യൻസ്വാതന്ത്ര്യ സമരത്തിന്റെ ഒരുഭാഗമായി പൊട്ടിപ്പുറപ്പെട്ട ഖിലാഫത്തു് പ്രസ്ഥാനത്തിൽ നിസ്സഹായകമായ പങ്കുവഹിക്കാൻ ഈ പ്രദേശത്തെ ജനങ്ങളും മുന്നോട്ടുവന്നതു്. ഖിലാഫത്തു് സമരത്തിൽ പങ്കെടുത്തു് യാതനകളും ജയിൽവാസവും അനുഭവിച്ചവർ ഈ പഞ്ചായത്തിൽ നിരവധി പേരുണ്ടു്. അവരിൽ പ്രധാനിയായിരുന്ന ഒരാളും മഹാകവി പൂന്താനത്തിന്റെ അവസാനത്തെ തലമുറക്കാരനായിരുന്ന രാമൻ നമ്പൂതിരിയാണു്. മുസ്ലീം സഹോദരൻമാരുമായി ബന്ധപ്പെട്ടു് പ്രവർത്തിച്ചുഎന്നതിന്റെ പേരിൽ ബ്രിട്ടീഷ് ഗവർമ്മേണ്ടു് അദ്ദേഹത്തെ ബല്ലാറി ജയിലിൽ അടച്ചു. വർഗ്ഗീയ ലഹളയായിരുന്നില്ല അതെന്നും, ബ്രിട്ടീഷുകാർക്കും അവരുടെ ശിങ്കിടികളായിരുന്ന ഭൂപ്രഭുക്കൻമാർക്കും എതിരായി അസംഘടിതരെങ്കിലും ആത്മാഭിമാനികളായ കർഷകർ നടത്തിയ സമരമായിരുന്നു അതെന്നും ഉള്ളതിന്റെ ഏറ്റവും മികച്ച ഉദാഹരണമായി രാമൻ നമ്പൂതിരിയുടെ കഥ ചൂണ്ടിക്കാണിക്കാം. ലക്ഷ്യബോധമുള്ള നേതൃത്വത്തിന്റെ അഭാവംകൊണ്ടു് ചില ദിക്കിൽ സമരം വഴിപിഴച്ചുപോയിട്ടുണ്ടു്. ഈ പഞ്ചായത്തിലും അതിനുള്ള ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കാനുണ്ടായേയ്ക്കും.

ദേശീയപ്രസ്ഥാനത്തിൽ നിസ്സഹായകമായ പങ്കു വഹിച്ച നേതാക്കളെയൊന്നും സംഭാവനചെയ്യാൻ ഈ പ്രദേശത്തിനു് കഴിഞ്ഞിട്ടില്ല. തൊഴിൽ മേഖലയിലൊ കർഷക മേഖലയിലൊ സംഘടിതമായ ചെറുത്തുനിൽപ്പിന്റെ കഥകളും ചൂണ്ടിക്കാണിക്കാനില്ല.

ഇവിടത്തെ പ്രധാന ജന്മികുടുംബങ്ങളിൽ ഒന്നു് രാജവംശമായി കരുതപ്പെടുന്ന നെമ്മിനി വെള്ളോടി കുടുംബമാണു്. തെക്കുപടിഞ്ഞാറുള്ള നെമ്മിനി മലവാരം മുഴുവൻ ആ കുടുംബത്തിന്റെ കൈവശമായിരുന്നു. ആ മലവാരം 1967-ൽ മലയാള മനോരമയ്ക്കു് പാട്ടത്തിനു് വിട്ടുകൊടുത്തു. 2004 വരെയുള്ളതാണു് പാട്ടവ്യവസ്ഥ. അവിടെയാണു് ഈ പഞ്ചായത്തിലെ ഏറ്റവും വലിയ തൊഴിൽ മേഖലയായ യംഗ് ഇന്ത്യാ ഗ്രൂപ്പ് എസ്റ്റേറ്റു്.

യങ്ങ് ഇന്ത്യാ ഗ്രൂപ്പ് എസ്റ്റേറ്റിന്റെ ആവിർഭാവത്തോടെ ഈ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറൻ ഭാഗത്തുള്ളവരിൽ ഒരു പുതിയ കാർഷിക സംസ്കാരം മുളപ്പൊട്ടുകയുണ്ടായി. മരച്ചീനി, റബ്ബർ, കരുമുളക,് തുടങ്ങിയ കൃഷി വ്യാപകമാവാനിതു് സഹായിച്ചു. നെൽ കൃഷിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന കർഷകരെ തോട്ടവിളകളിലേക്കാകർഷിക്കാനിതു് സഹായകമായി.

കർഷക സമരങ്ങളോ മിച്ചഭൂമി സമരങ്ങളോ, വേണ്ടത്ര ഫലപ്രദമായ രീതിയിൽ ഇവിടെ രൂപപ്പെട്ടു വരികയുണ്ടായില്ല. കീഴാറ്റൂരിൽ പാതായ്ക്കര നമ്പൂതിരിമാരുടെ അധീനതയിലുണ്ടായിരുന്ന

വടക്കേക്കോട്ട, കിഴക്കേക്കോട്ട എന്നീ മിച്ചഭൂമികളും പിടിച്ചെടുക്കാൻ നടത്തിയ സമരമാണ് എടുത്തു പറയാനുള്ളത്.

മതവും സംസ്കാരവും

ജനതയുടെ സംസ്കാരം പരിശോധിക്കുമ്പോൾ മതവിഭാഗങ്ങളും പരാമർശിക്കപ്പെടേണ്ടതുണ്ട്. മുസ്ലീം ഹിന്ദു, ക്രിസ്ത്യൻ മതവിഭാഗങ്ങളിൽപ്പെട്ടവരാണിവിടെയുള്ളത്. ഏകദേശം 51 % മുസ്ലീങ്ങളും 46% ഹിന്ദുക്കളും 3% ക്രിസ്ത്യാനികളും എന്നിവരുടെ കണക്കുകളും സൂചിപ്പിക്കുന്നു.

പ്രധാന മുസ്ലീം ആരാധനാലയങ്ങളും ഒറവംപുറം അരിക്കണ്ടംപാക്ക്, മന്തംകുണ്ട്, കൊണ്ടിപറമ്പ്, കീഴാറ്റൂർ, പറമ്പൂർ, പട്ടിക്കാട്, ശാന്തപുരം: എന്നിവിടങ്ങളിലാണുള്ളത്. ഇവയിൽ ഒറവംപുറം പള്ളിനേർച്ച, പട്ടിക്കാട് ദർഗാ ഷരീഫ് (യാറം) മഖാം നേർച്ച, പട്ടിക്കാട് ശാന്തപുരം നേർച്ച എന്നിവ ശ്രദ്ധേയങ്ങളായ ഉത്സവങ്ങളാണ്. പ്രധാന ഹൈന്ദവ ദേവാലയങ്ങളും നെൻമിനി ശ്രീ അഖിലേശ്വരി ക്ഷേത്രം, കൊണ്ടിപറമ്പ് ക്ഷേത്രം, കീഴാറ്റൂർ മുത്തുകുശ്രീകാവുക്ഷേത്രം, പൂന്താനം ശ്രീകൃഷ്ണക്ഷേത്രം, പട്ടിക്കാട് നരസിംഹമൂർത്തി ക്ഷേത്രം എന്നിവയാണ്. നെൻമിനി ശ്രീ അഖിലേശ്വരിക്ഷേത്രവും കൊണ്ടിപറമ്പ്ക്ഷേത്രവു, പുനരുദ്ധരിച്ച് ഉത്സവങ്ങളും നടത്താൻ തുടങ്ങിയത് അടുത്തകാലത്താണ്. കീഴാറ്റൂർ മുത്തുകുശ്രീകാവിലെ താലപ്പൊലി ആഘോഷം വടക്കൻ വള്ളുവനാട്ടിലെ പ്രധാന ആഘോഷങ്ങളിലൊന്നാണ്.

പൂന്താനം ശ്രീകൃഷ്ണ ക്ഷേത്രം പൂന്താനത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ടതാണ്. ഗുരുവായൂർ ദേവസ്വം ഏറ്റെടുത്തതിനു ശേഷം ആ ക്ഷേത്രത്തിലും ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങളും ഉത്സവവും നടന്നു വരുന്നു. കേരളത്തിൽ നിലനിന്നു വരുന്ന സപ്പ്രാധനയുമായി ബന്ധപ്പെട്ട ഒരു കേന്ദ്രം പട്ടിക്കാട് റയിൽവേ സ്റ്റേഷനു സമീപത്തുണ്ട്. കുളപ്പുറത്തുമന. പ്രധാന ക്രിസ്ത്യൻ ദേവാലയം ഒറവംപുറം ക്രിസ്ത്യൻ ചാപ്പലാണ്. പള്ളി കേന്ദ്രീകരിച്ചുള്ള പെരുന്നാളാഘോഷങ്ങളും നാടിനെ ഉണർത്താറുണ്ട്.

മഹാകവി പൂന്താനത്തിന്റെ ജന്മഗൃഹത്തെ കേന്ദ്രീകരിച്ച് പൂന്താനം ദിനാഘോഷം മൂന്നു നാലു വർഷമായി ഭംഗിയായി നടന്നു വരുന്നുണ്ട്. ജാതി-മത-രാഷ്ട്രീയ വ്യത്യാസങ്ങളും മറന്ന് എല്ലാജനങ്ങളും ഒന്നിച്ച് ഉത്സാഹിച്ച് നടത്തുന്ന പൂന്താനം ദിനാഘോഷം പോലുള്ള പരിപാടികളും ഒരു പുതിയ സാംസ്കാരിക സമന്വയത്തിന്റെ പാത തുറന്നിടുന്നു. പൂന്താനം ഇല്ലം ഗുരുവായൂർ ദേവസ്വം ഏറ്റെടുത്തതോടെ കവിയുടെ സ്മരണ നിലനിർത്താനുതകുന്ന ഒരു സാംസ്കാരിക കേന്ദ്രമായി അത് വളരണം എന്ന അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്.

ഹിന്ദുക്കളിൽ നായർ–ഈഴവർ–ഹരിജനങ്ങളും എന്നീ വിഭാഗക്കാരാണ് കൂടുതൽ. നായാടികളും ആളൻമാർ, തുടങ്ങിയ 'ടൈബൽ' വിഭാഗക്കാരും ചുരുക്കമായി കാണപ്പെടുന്നു. സർക്കാർആനുകൂല്യങ്ങളും നേടിയെടുക്കുന്ന കാര്യത്തിൽ കൂടുതൽ ബോധവല്ക്കരണം ഇവരുടെ ഇടയിൽ നടത്തേണ്ടിയിരിക്കുന്നു. ക്രിസ്ത്യാനികളിൽ 2% റോമൻ കത്തോലിക് വിഭാഗക്കാരും 1% യാക്കോബോറുകളുമാണ്.

പ്രധാനമായും ഇടത്തരക്കാരാണ് പഞ്ചായത്തിലുള്ളത്. ഗൾഫ് മേഖലയിൽ ജോലിയെടുക്കുന്നവർ സർക്കാർ ഉദ്യോഗസ്ഥർ, കൃഷിക്കാർ തുടങ്ങിയവരെ ഇക്കൂട്ടത്തിൽപ്പെടുത്താം, ഏറ്റവും വലിയ സമ്പന്ന വിഭാഗമായി കണക്കാക്കാവുന്നതും യങ്ങ് ഇന്ത്യാ ഗ്രൂപ്പ് എസ്റ്റേറ്റ് ഉടമകളായ മലയാള മനോരമയാണ്.

ഏക്കർ കണക്കിൽ കൃഷിയിടങ്ങളുള്ള വൻകിട കൃഷിക്കാർ വിരളമാണ്. കൃഷി ഉടമകളും കർഷകത്തൊഴിലാളികളും തമ്മിൽ സൗഹാർദ്ദാന്തരീക്ഷമാണ് നിലനില്ക്കുന്നത്. ക്രിസ്ത്യൻ കുടിയേറ്റം കാർഷിക സംസ്കാരത്തിനും ഒരു പുതിയ മുഖം നൽകിയിട്ടുണ്ട്.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്ന ആദ്യകാലത്ത് പഞ്ചായത്തിലെ പ്രധാന രാഷ്ട്രീയ കക്ഷി. ഇന്ന മുസ്ലീംലീഗ്, സി. പി. എം. എന്നീ കക്ഷികൾക്ക് പഞ്ചായത്തിൽ നല്ല വേരോട്ടമുണ്ട്. കോൺഗ്രസ്സ് എസ്. ജനതാദൾ, ഇന്ത്യൻ നാഷൽ ലീഗ്, ബി. ജെ. പി. തുടങ്ങിയ പാർട്ടികളും പഞ്ചാത്തിലുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ എസ് എഫ്. ഐ., കെ എസ്. യു, എം എസ് എഫ്., എസ്. ഐ. ഒ. തുടങ്ങി വിവിധസംഘടനകൾ പ്രവർത്തിച്ചുവരുന്നുണ്ട്. യൂത്ത്ലീഗ്, ഡി. വൈ. എഫ്. ഐ., യൂത്ത് കോൺഗ്രസ്സ് എന്നീ യുവജന സംഘടനകൾക്കുപുറമെ വിവിധകക്ഷികൾക്കിടയിൽനല്ലസ്വാധീനമുണ്ട്. നെഹറു യുവകേന്ദ്ര തുടങ്ങിയ സാമൂഹ്യ സംഘടനകളും പുരോഗമന കലാസാഹിത്യ സംഘം പോലുള്ള സാംസ്ക്കാരിക സംഘടനകളും ഇവിടെ പ്രവർത്തിക്കുന്നു. ഇതൊക്കെയാണെങ്കിലും രാഷ്ട്രീയ സംഘട്ടനങ്ങളോ ജാതി സ്പർദ്ധകളോ ഈ പ്രദേശത്തിന്റെ അന്തരീക്ഷത്തെ കലുഷമാക്കുന്നില്ല എന്നതാണ് സ്തുത്യർഹമായസംഗതി

പഞ്ചായത്തിന്റെ ചരിത്രം

സർക്കാരിന്റെ GO (MS) 161/61 DP-20/11/61 നമ്പർ ഉത്തരവുപ്രകാരം 1962 ജനവരി ഒന്നാം തിയ്യതി കീഴാറ്റൂർ പഞ്ചായത്ത് രൂപീകൃതമായി. 40.93 ച. മീറ്റർ വിസ്തൃതിയിൽ നെന്മിനി, മുള്ള്യാകുർശ്ശി, കീഴാറ്റൂർ അംശങ്ങൾ ഉൾപ്പെടുന്നതാണ് പഞ്ചായത്തിന്റെ പരിധി. ഇതിൽ നെന്മിനി അംശത്തിൽ നല്ലൂർ തച്ചിങ്ങനാടം നെന്മിനിദേശങ്ങളും കീഴാറ്റൂർ അംശത്തിൽ പൂന്താവനം, കീഴാറ്റൂർ, കൊണ്ടിപറമ്പ്, ചെമ്മന്തട്ട ദേശങ്ങളും മുള്ള്യാകുർശ്ശി അംശത്തിൽ പട്ടിക്കാട് മുള്ള്യാകുർശ്ശി, പറമ്പൂർ, വഴങ്ങോട് ദേശങ്ങളുമാണ് ഉൾപ്പെട്ടിരുന്നത്.

1962ൽ പഞ്ചായത്ത് രൂപീകൃതമായശേഷം ഏതാണ്ട് രണ്ട് വർഷക്കാലം ഉദ്യോഗസ്ഥ ഭരണമായിരുന്നു. 1963 ഡിസംബറിൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് 1964 ജനവരി 1നാണ് ആദ്യമായി പഞ്ചായത്തിൽ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വരുന്നത്.

ഓഫീസ് പ്രവർത്തനം

കൊണ്ടിപറമ്പിലെ ഒരു വീട്ടിലും, പിന്നീട് അവിടെത്തന്നെയുള്ള വാടക കെട്ടിടത്തിലുമാണ് പഞ്ചായത്ത് ഓഫീസ് പ്രവർത്തനം നടന്നിരുന്നത്. എന്നാൽ പിന്നീട് ഹെൽത്ത് സെൻറർ മഹിളാസമാജം, പഞ്ചായത്ത് ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി ശ്രീ. കെ. എം. ഗോപിപണിക്കർ സംഭാവനയായി നൽകിയ ഒരേക്കർ സ്ഥലത്താണ് ഇപ്പോഴും പ്രവത്തിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിതത്. 1967ൽ അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടാണ് പഞ്ചായത്ത് ഓഫീസ് കെട്ടിടം ഉൽഘാടനം ചെയ്തത്. ○

പഞ്ചായത്ത് പ്രസിഡണ്ടുമാരും, ഭരണകാലവും

1962	ജനവരി 1	1963 ഡിസംബർ 31	ഉദ്യോഗസ്ഥഭരണം
1964	ജനവരി 1	1973	കെ. എം. ഗോപിണിക്കർ
1973-1979	സപ്തംബർ 17		മലയിൻ മുഹമ്മദ്ഹാജി
1979	സപ്തംബർ 18	1988 ഫെബ്രുവരി 3	എ. ജമാൽമുഹമ്മദ്
1988 സപ്തംബർ 4		1995 ഒക്ടോബർ 3	പി. അബ്ദുൽഹമീദ്
1995	ഒക്ടോബർ 4 മുതൽ		തോളർ ഇബ്രാഹിം

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി.

ഭൂ പ്രകൃതി

മലകളും കുന്നുകളും അവക്കിടയിലുള്ള താഴ്വരകളും കുന്നിൻ ചരിവുകളാണ് കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലുള്ളത്. കടൽതീരമോ ചതുപ്പു നിലങ്ങളോ ഇല്ല. പഞ്ചായത്തിന്റെ വടക്കേ അതിരിലൂടെ കടലുണ്ടിപുഴ (വെള്ളിയാർ)ഒഴുകുന്നു.പന്തല്ലൂർ മല, പുറയൻമല എന്നിവയാണ് പ്രധാന മലകൾ. പറക്കോടകുന്ന്, ബർളികുന്ന്, ചോലകുന്ന് പറയൻകുന്ന്, നെല്ലിക്കുന്ന, കൊട്ടിയാല്കുന്ന് തുടങ്ങിയ കുന്നിൻ പ്രദേശങ്ങൾ ഉണ്ട്. വന്യമൃഗങ്ങൾ വിഹരിച്ചിരുന്ന മലകളിലും കുന്നിൻ പുറങ്ങളിലും ഇന്ന് ജനവാസമുണ്ട്. റബ്ബർ ആണ് മലഞ്ചരിവുകളിലും കുന്നിൻചരിവുകളിലും കാര്യമായി കൃഷി ചെയ്യുന്നത് പന്തല്ലൂർമലയുടെ ഭാഗമായ നെന്മിനി മലയിൽ മലയാള മനോരമ കമ്പനിയുടെ ഉടമസ്ഥതയിലുള്ള യങ്ങ് ഇന്ത്യാ എസ്റ്റേറ്റ് എന്ന വൻകിട തോട്ടമുണ്ട്. ചെങ്കല്ല് ലഭിക്കുന്ന ധാരാളം പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട് പരമ്പരാഗതമായ രീതിയിൽ തൊഴിലാളികളെ ഉപയോഗിച്ചും യന്ത്ര മുപയോഗിച്ചും ചെങ്കല്ല് വെട്ടുന്ന കോറികളുമുണ്ട് കരിങ്കല്ല് പൊട്ടിക്കുന്ന 3 കോറികളും പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിന്റെ വടക്ക് കടലുണ്ടിപുഴയും തെക്ക് വെട്ടത്തൂർ, അങ്ങാടിപ്പുറം പഞ്ചായത്തുകളും കിഴക്ക് മേലാറ്റൂർ വെട്ടത്തൂർ, പഞ്ചായത്തും പടിഞ്ഞാറ് ആനക്കയം മങ്കട പഞ്ചായത്തുമാണ് അതിരുകളായിട്ടുള്ളത്.

ജന പ്രകൃതി

പഞ്ചായത്തിലെ ആകെ ജന സംഖ്യ 30171 ആണ്. ഇതിൽ പുരുഷൻമാർ 15092, സ്ത്രീകൾ 15079 എന്നിങ്ങനെയാണ്. പട്ടികജാതി ജന സംഖ്യ 2929ഉം പട്ടിക വർഗ്ഗക്കാരുടേത് 30 ആണ്. വിദ്യാഭ്യാസപരമായി മുന്നിൽ നിൽക്കുന്നു. എന്നാൽ SSLC വിജയശതമാനം കുറഞ്ഞുവരുന്നതായികാണാം. തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റ കർഷകരുടെ വരവ് 50 കൊല്ലം മുൻപാണ് തുടങ്ങിയത്. അതും പഞ്ചായത്തിൽ പ്രത്യേകിച്ച് നെൻമിനി വില്ലേജിൽ ഒരു പുതിയ സംസ്കാരത്തിനും തുടക്കം കുറിച്ചു. കാഷ്ടിക മേഖലയിലാണ് ഈ മാറ്റം പ്രകടമായത് ജാതിപരമായ ഉച്ചനീചത്വങ്ങൾ കുറവാണ്. തീരെ ഇല്ല എന്നു പറഞ്ഞുകൂടാ.

പുതിയ തലമുറയിൽ ഗണ്യമായി കുറഞ്ഞിരിക്കുന്നു. വിവാഹങ്ങൾ മറ്റ് ചടങ്ങുകൾ എന്നിവയിൽ പരസ്പരം ബന്ധപ്പെടുന്ന സ്ഥിതി ഉണ്ട് കാഷ്ടിക മേഖലയിൽ നെല്ല്, കശുമാവ്, എന്നിവകുറഞ്ഞു വരുന്നു. റബ്ബർ, കവുങ്ങ്, തെങ്ങ് എന്നിവയാണ് ആ സ്ഥാനത്തേക്കു കടന്നു വരുന്നത്. ജനങ്ങൾ തൊഴിലിനായി കെട്ടിട നിർമ്മാണ രംഗത്തേക്ക് മാറികൊണ്ടിരിക്കുന്നു.

ജല പ്രകൃതി

പഞ്ചായത്തിൽ സാമാന്യം നല്ല രീതിയിൽ മഴകിട്ടുന്നു. നെന്മിനി വില്ലേജിൽ ആണ് താരതമ്യേന കുറവ്. പന്തല്ലൂർ മലയുടെ കിടപ്പ് ഇതിന് കാരണമാണ്. ധാരാളം സ്വകാര്യ കുളങ്ങളും പൊതുകുളങ്ങളും ഉപയോഗശൂന്യമായ അവസ്ഥയിലാണ്. പലതും തൂർന്നുകിടക്കുന്ന സ്ഥിതിയിലാണ്. വഷ്ങ്ങൾക്കുമുൻപ് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പറമ്പുകളുംപോലും ഇടിഞ്ഞ് ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. 10-ാം വാർഡിലെ ചോലക്കുന്നിലെ പുൽച്ചോല ജലസ്രോതസ്സ് മണ്ണിടിഞ്ഞ് ഉറവ ശക്തി കുറഞ്ഞ സ്ഥിതിയിലാണ്. ഇത് നന്നാക്കിയെടുത്താൽ ഒരുവലിയ മുതൽക്കൂട്ടാകും. ഒന്നാം വാർഡിലെ അയ്യപ്പൻചോല

ഒരുകാലത്തും വറ്റാത്ത നീരുറവയണ്. പരിസര വാസികൾ കുടിക്കാനും, കുളിക്കാനും ഉപയോഗിക്കുന്നത് ഈ വെള്ളമാണ്. പാഴായിപ്പോകുന്ന ഈ നീരുറവയിലെ ഒഴുക്ക് തടഞ്ഞുനിർത്തിയാൽ ഒന്നാം വാർഡിലെ കുടിവെള്ളപ്രശ്നം മാത്രമല്ല കൃഷിക്കും ഉപകരിക്കാം. ഈ ഉറവയിലെ ഉൽഭവസ്ഥാനത്ത് റബ്ബർമരങ്ങൾ വീ പ്ലാൻറ് ചെയ്യുന്നതിനു വെട്ടിയപ്പോഴും വീണ്ടും മരങ്ങൾ വളർന്നപ്പോഴും ഉള്ള ഒഴുക്കിന്റെ ശക്തിവ്യത്യാസം റബ്ബർമരങ്ങൾ ഈ ഉറവയുടെ ശക്തിയെ സ്വാധീനിക്കുന്നതായി കാണാം. അഞ്ചാംവാർഡിലെ കൊടക്കാട്ടുകുളം കുട്ടാടൻചോല മൂന്നാം വാർഡിലെ ഉപയോഗ ശൂന്യമായ കരിങ്കൽ കോറിയിലെ വറ്റാത്ത വെള്ളം ആറാംവാർഡിലെ തലിച്ചോല, മാതാംച്ചോല പതിനൊന്നാം വാർഡിലെ ആനപ്പാംകുഴികളും, ചുണ്ടപ്പുള്ളിചിറ രണ്ടാം വാർഡിൽ കോഴിശ്ശേരികുന്നിൽപൂതങ്ങോടൻ അബുവിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായകുളം, കാരക്കുഴിചോലക്കുളം എട്ടാം വാർഡിലെ ആയപ്പുള്ളികുളം, വിലാത്തികുളം വീതുള്ളിക്കുളം 9-ാംവാർഡിലെകുളമ്പ്കൊട്ടിയാല്കുന്ന് മലയിൽ ഉള്ള വറ്റാത്തനീരുറവ എന്നിവ ചളിനീക്കി ആഴം കൂട്ടുകയും നീരുറവ് തടഞ്ഞ് നിർത്തുന്നതിന് സൗകര്യമുണ്ടാക്കുകയും ചെയ്താൽ അത് പഞ്ചായത്തിലെ വലിയ ജലസ്രോതസ്സുകളാകും. ○



വ്യവസായം

വ്യവസായികമായി പിന്നോക്കം നിൽക്കുന്ന മേഖലയാണ് കീഴാറ്റൂർ പഞ്ചായത്ത്. 1960-കളിൽ സ്റ്റാർച്ച് ഫാക്ടറികളും ഒറവംപുറം, തച്ചിങ്ങനാടം, ആക്കപ്പറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ ഉണ്ടായിരുന്നു. അസംസ്കൃതവസ്തുവായ പൂളയുടെ ദൗർലഭ്യവും ഭക്ഷ്യ ആവശ്യത്തിലേക്ക് മറ്റു സ്ഥലങ്ങളിലേക്ക് കയറ്റി അയക്കുന്നതുകൊണ്ടും വ്യവസായം നടത്താൻ കഴിയാതെ അടച്ചു പൂട്ടി. ഒറവംപുറത്തുള്ള മില്ലിൽ ഒരു വർഷത്തിൽ 15 ദിവസം ഉല്പാദനം ഉണ്ട്. കർഷകർ അസംസ്കൃത വസ്തുവായ പൂള നൽകിയാൽ ഒറവംപുറത്തുള്ള പൂള മിൽ പുനരുദ്ധരിക്കാവുന്നതാണ്. നെന്മിനിയിൽ ആഴ്ച ചന്ത നിലനിന്നിരുന്നതായി പഴമക്കാർ പറയുന്നു.

കീഴാറ്റൂർ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങളും സഹകാര്യ മേഖലയിലോ പൊതുമേഖലയിലോ ഇല്ല. വ്യവസായ സഹകരണ സംഘങ്ങളും ഇവിടെ ഇല്ല. വനിതകളും നടത്തിയിരുന്ന ഒരു കുടിൽ വ്യവസായമായിരുന്നു കുരുമുളക് പൗഡർ നിർമ്മാണ യൂണിറ്റ്. ആദ്യകാലത്ത് ഉണ്ടായിരുന്നു. ഇപ്പോൾ സഹകാര്യ മേഖലയിൽ 3 മരമില്ലുകളും 4 എഞ്ചിനീയറിംഗ് യൂനിറ്റുകളും 2 ഇഷ്ടിക കമ്പനികളും ചെറുകിട വ്യവസായ യൂണിറ്റുകളായി ഉണ്ട്. വ്യവസായ ഗത്ത് തോട്ടം മേഖലയിലാണ് കൂടുതൽ തൊഴിലാളികളും ജോലി ചെയ്യുന്നത്. അംഗീകരിച്ച 5 തോട്ടങ്ങളും പഞ്ചായത്തിൽ ഉണ്ട്. ഇന്ത്യയിലെ പ്രമുഖ ടയർ നിർമ്മാതാക്കളായ MRF Tyres ലേക്ക് റബ്ബർ കൊണ്ടുപോകുന്നത് ഈ തോട്ടങ്ങളിൽ നിന്നും ആണ്. വിവിധ മേഖലകളിലായി നമ്മുടെ പഞ്ചായത്തിൽ 8637 പേർ ജോലിചെയ്യുന്നു. 2500 പേർ ഗതഃപ് മേഖലയിലും, കാഷ്ടിക മേഖലയിൽ 3500 നിർമ്മാണം ഉൾപ്പെടെയുള്ള മറ്റുള്ളവർ 1500, തൊഴിൽനികുതികൊടുക്കുന്ന ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെയുള്ളവർ 400, വ്യവസായരംഗത്ത് 737 പേർഎന്നിങ്ങനെയാണ് അവരുടെകണക്ക്. വ്യവസായതൊഴിലാളികളിൽ 388 പുരുഷൻമാരും 178 സ്ത്രീകളും സ്ഥിരതൊഴിലാളികളും, 171 പേർ താല്ക്കാലികജീവനക്കാരും ആണ്. പഞ്ചായത്തിൽനിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക I

ക്രമ നമ്പർ	വിഭാഗം	ആകെ തൊഴിലാളികൾ	സ്ഥിര തൊഴിലാളികൾ		താല്ക്കാലിക തൊഴിലാളികൾ	ശതമാനം
			പുരുഷന്മാർ	സ്ത്രീകൾ		
1	പ്ലാന്റേഷൻ	285	48	72	165	38.67
2	തടി വ്യവസായം	34	34	—	—	4.61
3	പരമ്പരാഗത കുടിൽ വ്യവസായം					
	കുട്ട, പനമ്പ്, മുറം	32	19	13	—	4.34
	പപ്പടം	13	7	6	—	1.76
	തൊപ്പിക്കുട	16	14	2	—	2.17
	ചൂല്	5	—	5	—	.67
	തഴപ്പായ-(ഓല)	42	4	38	—	5.69
	പ്ലാസ്റ്റിക് വർക്സ് തുകൽ	16	4	12	—	2.17
4	ചെറുകിട വ്യവസായങ്ങൾ	113	71	36	6	15.33
5	റെയിൽവെ തൊഴിലാളികൾ	11	11	—	—	1.49
6	മറ്റു തൊഴിലാളികൾ കച്ചവടം	170	152	18	—	23.06
	ആകെ	737	364	202	171	

മറ്റു തൊഴിലാളികളെ അപേക്ഷിച്ച് അംഗീകൃത തോട്ടം തൊഴിലാളികൾക്ക് വളരെ കുറവാണ് വേതനം. നമ്മുടെ പഞ്ചായത്തിന്റെ തൊഴിൽ മേഖലയെ പ്രധാനമായും 3-ായി തരം തിരിക്കാം

1. വ്യവസായ തൊഴിലാളികൾ.
2. തോട്ടം തൊഴിലാളികൾ.
3. മറ്റു തൊഴിലാളികൾ.

ചെറുകിട വ്യവസായത്തിൽ പുരുഷ തൊഴിലാളികൾക്കും തോട്ടം മേഖലയിൽ സ്ത്രീ തൊഴിലാളികൾക്കുമാണ് മുൻതൂക്കം. പഞ്ചായത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകളുടെ വിശദവിവരങ്ങൾ പട്ടിക- II ൽ കൊടുത്തിരിക്കുന്നു. ഇത് അംഗീകൃത രജിസ്റ്റേർഡ് യൂണിറ്റുകൾ മാത്രം ഉൾപ്പെടുന്ന പട്ടികയാണ്.

പട്ടിക II

ക്രമ നമ്പർ	വിഭാഗം	യൂണിറ്റുകളുടെ എണ്ണം	ജോലി ചെയ്യുന്ന തൊഴിലാളികൾ			ആകെ
			പുരുഷന്മാർ	സ്ത്രീകൾ	താല്ക്കാലികം	
1	എഞ്ചിനീയറിങ്ങ് —	5				
	പ്ലൈവുഡ് ഇൻഡസ്ട്രീസ്		6	—	—	6
	K. P. M. മെറ്റൽ ഇൻഡസ്ട്രീസ്		17	—	4	21
	മറ്റുള്ളവ ... (3)	—	6	—	2	8
2	ഇഷ്ടിക കമ്പനികൾ	2	24	13	3	40
3	ചെരുപ്പ്	1	2	—	—	2
4	സോഡ	3	4	—	—	4
5	റൈസ്മിൽ+അവിൽമിൽ	13	24	—	—	24
6	സിനിമാ തിയേറർ	1	5	—	2	7
7	മരമില്ലുകൾ	3	21	—	—	21
8	ആയുർവ്വേദ മരുന്നുഫാക്ടറി	1	8	8	2	18
9	അച്ചടി	1	2	1	—	3
	ആകെ	29	119	22	13	154

പട്ടിക III തോട്ടം മേഖല

ക്രമ നമ്പർ	വിഭാഗം	ജീവനക്കാർ	തൊഴിലാളികൾ			ആകെ
			സ്ത്രീകൾ	പുരുഷൻമാർ	താല്ക്കാലികം	
1	ഗോകുൽ പ്ലാന്റേഷൻസ് & ഇൻഡസ്ട്രീസ്	5	8	10	50	73
2	പന്തല്ലൂർ പ്ലാന്റേഷൻസ്	6	19	7	31	63
3	ഭദ്രാപ്ലാന്റേഷൻ & ഇൻഡസ്ട്രീസ്	10	16	11	40	77
4	ബാലന്തർ ഡിവിഷൻ	12	—	—	40	52
5	തയ്യിൽ പ്ലാന്റേഷൻസ്	1	5	10	4	20
	ആകെ	34	48	38	165	285

പ്രശ്നങ്ങൾ

പെരിന്തൽമണ്ണ താലൂക്കിൽ ഏറ്റവും കൂടുതൽ റബ്ബർ ഉല്പാദിപ്പിക്കുന്നതു് നെൻമിനി-കീഴാറ്റൂർ വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്ന നമ്മുടെ പഞ്ചായത്തിലാണു്. എന്നാൽ റബ്ബർ അധിഷ്ഠിതമായ ഒരു വ്യവസായ സ്ഥാപനവും ഇവിടെ ഇല്ല. നെൻമിനി വില്ലേജിൽ പകുതി സ്ഥലത്തും റബ്ബർ തോട്ടങ്ങളാണു്. ഇനിയും വൈദ്യുതി എത്താത്തതു, ഗതാഗത സൗകര്യങ്ങളുടെ അഭാവവും ഇവിടെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങളം തുടങ്ങുന്നതിനു് വിഘാതമായി നിൽക്കുന്നു. ഈ പ്രദേശത്തും നമ്മുടെ പഞ്ചായത്തിലും റബ്ബർ ഷീറ്റ് വിൽക്കുന്നതിനുള്ള ഒരു കട പോലും ഇല്ല. എന്നതും കൗതുകകരമാണു്. ഉയർന്ന വ്യവസായ വളർച്ച കൈവരിക്കുന്നതിനു് നമുക്കു് തടസ്സമായി നിൽക്കുന്നതു് പ്രധാനമായും താഴെ പറയുന്ന പ്രശ്നങ്ങളം ആണു്.

1. കാർഷികോല്പന്നങ്ങളായ നാളികേരം, റബ്ബർ, അടക്ക, തോട്ടണ്ടി എന്നിവ വ്യവസായിക രംഗത്തു് പ്രയോജനപ്പെടുന്നില്ല.

2. ചകിരി ലഭ്യമാണെങ്കിലും അതു് ഉപയോഗപ്പെടുത്തി കയറുല്പന്നങ്ങളാക്കാനുള്ള സാങ്കേതിക വിദ്യ ഇല്ല.

3 സഹകരണ ബാങ്കുകളം പഞ്ചായത്തു് പരിധിയിൽ 2 എണ്ണം ഉണ്ടെങ്കിലും വ്യവസായ രംഗത്തു് അവരുടെ സംഭാവന ഒന്നും ഇല്ല.

4. സാങ്കേതിക പരിജ്ഞാനമുള്ളവരെ വ്യവസായ രംഗത്തേക്കു് ആട്ടുപ്പിക്കാനുള്ള ഏജൻസിയോ സംവിധാനമോ ഇല്ല.

5. പൂളമിൽ സ്റ്റാച്ച് ഫാക്ടറി പ്രവത്തിപ്പിക്കുന്നതിനു് ആവശ്യമായ കപ്പയുടെ ദൗർലഭ്യം.

. ഗവൺമെൻറിന്റെ വ്യവസായ വകുപ്പിലെ ചുവപ്പുനാടയും അധികാര മേധാവിത്തവും കൈക്കൂലിയും ലൈസൻസു് കിട്ടാനുള്ള താമസവും

7. പൊതു മേഖലാ ബാങ്കുകളുടെ കർക്കശ നിയമങ്ങം.

8. വൈദ്യുതിരംഗത്തു് കേരളം നേരിടുന്ന പ്രതിസന്ധിയും റബ്ബർ ഉല്പാദന മേഖലയിൽ ഇനിയും വൈദ്യുതി എത്താത്തതും.

9. ഗൾഫിൽ ജോലി ചെയ്താൽ ലഭിക്കുന്ന വേതനവും വ്യവസായ രംഗത്തുനിന്നു ലഭിക്കുന്ന വരുമാനവും തമ്മിലുള്ള അന്തരം.

10. തോട്ടം മേഖലയിലെ വളരെ കുറഞ്ഞ കൂലി നിരക്കു്.

11, ഖാദിമേഖല നിർജീവം.

12. മര മില്ലുകളിൽ നിന്നുള്ള അസംസ്കൃത വസ്തുക്കം ഫർണിച്ചർ ആക്കി മാറ്റുന്ന നവീന സാങ്കേതിക വിദ്യ ഇല്ല.

13. റബ്ബർ തടി സംസ്കരണ സാങ്കേതിക വിദ്യ ഇല്ല.

14. വനിതാ വ്യവസായ യൂണിറ്റുകം ഇല്ല.

15. ഇഷ്ടിക നിർമ്മാണത്തിനുള്ള സാങ്കേതിക വിദ്യ ഇല്ല.

16. ചില രംഗങ്ങളിലെ അമിത കൂലി നിരക്കും ചില മേഖലകളിലെ കുറഞ്ഞ നിരക്കും.

പട്ടിക IV പഞ്ചായത്തിലെ വിവിധ മേഖലകളിലെ കൂലി നിരക്ക്

നമ്പർ	ഇനം	കൂലി നിരക്ക്	
		പുരുഷൻ	സ്ത്രീ
1	തടി വ്യവസായം	125	—
2	അച്ചടി	60	35
3	ആയുർവ്വേദ മരുന്ന് നിർമ്മാണം	60	20
4	റൈസ്മിൽ	80	—
5	പായ നെയ്ത്ത്	—	25
6	പ്ലാസ്റ്റിക്ക് വ്യവസായം	—	10
7	എഞ്ചിനീയറിംഗ്	150	—
8	കൊല്ലപണി	120	—
9	ഇഷ്ടിക നിർമ്മാണം	60	35
10	കല്ല് വെട്ടും ഭിത്തികെട്ടലും	135	—
11	തോട്ടം മേഖല ജനറൽ വർക്കർ	51_70	51_70
	ടാപ്പർ	53_10	53_10
12	അംഗീകൃതമല്ലാത്ത ചെറുകിട തോട്ടങ്ങൾ		
	ജനറൽ വർക്കർ	80	60
	ടാപ്പിങ്ങ്	90	90
13	ടൈലറിംഗ്		
	ഷർട്ട്	35	35
	പാൻറ്	85	85

ബാധ്യതകൾ

ഗ്രാമസഭകളിൽ നിന്നുമുള്ള കണക്കനുസരിച്ച് 2500-ൽ പരം ആളുകൾ നമ്മുടെ പഞ്ചായത്തിൽ ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നു. നമ്മുടെ പഞ്ചായത്തിലെ XI, IX, VII വാർഡുകളിൽ 40% പേർ ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. അവരുടെ പണം വ്യവസായത്തിൽ നിക്ഷേപിക്കാനോ അവരെ ഈ മേഖലയിലേക്ക് അടുപ്പിക്കാനോ നമുക്ക് ഇതുവരെയും കഴിഞ്ഞിട്ടില്ല. അതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

പരമ്പരാഗത മേഖലയിൽ പ്രധാനമായും പനമ്പ്, കട്ട, മുറം, തൊപ്പിക്കുട, പ്ലാസ്റ്റിക്വ്യവസായം, തഴപ്പായ നിർമ്മാണം, പപ്പടനിർമ്മാണം തുടങ്ങിയതൊഴിലുകളാണ്. കാലഘടത്തിനനുസരിച്ചുള്ള യാതൊരുമാറ്റം ഇവിടെ ഇല്ലാത്തതും പുതിയ സാങ്കേതിക വിദ്യ അറിയാത്തതുംകാരണം ഈരംഗം പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്നു. ബാംബൂ കോർപ്പറേഷനെ ഈ രംഗത്തേക്ക് അടുപ്പിക്കണം.

കശുവണ്ടിമേഖലയിൽ പരിപ്പാക്കുന്നതിനും എണ്ണ സംസ്കരിച്ചെടുക്കുന്നതിനുമുള്ള ഒരു ഫാക്ടറിക്ക് നമ്മുടെ പഞ്ചായത്തിൽ സാധ്യതയുണ്ട്. ഇതിനുള്ള സാങ്കേതികവിദ്യ ഇല്ല. കശുവണ്ടി കർഷകരുടെ ഒരുസംഘം ഉണ്ടാക്കി അവരുടെ ഉല്പന്നങ്ങൾ സംഘം വാങ്ങി കശുവണ്ടിപരിപ്പ് സംഭരണകേന്ദ്രം വിജയിപ്പിക്കാവുന്നതാണ്. കാപെക്സുമായി ബന്ധപ്പെടാനുള്ള സംവിധാനം പഞ്ചായത്ത് ഉണ്ടാക്കണം.

എഞ്ചിനീയറിംഗ് വ്യവസായം

ചെറുതും വലുതുമായ 5 വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ ഉണ്ട്. വിദഗ്ധ തൊഴിലാളികളെ ലഭിക്കാത്തതാണ് ഈ മേഖലയിലെ പ്രധാന പ്രശ്നം എന്ന് അവിടെ സന്ദർശിച്ചപ്പോൾ അറിയാൻ കഴിഞ്ഞു. നമ്മുടെപഞ്ചായത്തിൽ വിദഗ്ധ തൊഴിലാളികൾ ഇല്ലാത്തതിനാൽ K P M മെറ്റൽ ഇൻഡസ്ട്രീസ് പാലക്കാട്ടുനിന്നാണ് തൊഴിലാളികളെ കൊണ്ടുവന്ന് ജോലിചെയ്യിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ പോളിടെക്നിക്കിൽനിന്നും ITI ൽനിന്നും

പരിശീലനം ലഭിച്ച നിരവധി ചെറുപ്പക്കാർ ഉണ്ട്. അവരെ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ഈ രംഗത്ത് ഒരു തൊഴിൽസംഘം ഉണ്ടാക്കേണ്ടതു് കാലഘട്ടത്തിന്റെ ആവശ്യമാണ്.

തടിവ്യവസായം

ധാരാളം റബ്ബർതടി ലഭിക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ഇവിടുത്തെ റബ്ബർ മരങ്ങളും വളപട്ടണത്തേക്കാണ് ഇപ്പോഴും കൊണ്ടുപോകുന്നത്. ഒരു റബ്ബർതടി സംസ്കരണകേന്ദ്രവും അതുപയോഗിച്ച് ഒരു വൻകിട ഫർണ്ണീച്ചർ വ്യവസായത്തിനും സാധ്യതയുണ്ട്.

ഖാദിമേഖല

ഖാദിമേഖലയിൽ ഒരു വ്യവസായവും പഞ്ചായത്തിൽ ഇല്ല. 2–ാം വാർഡായ ഒറവംപുറത്തെ ഒരു വ്യക്തിക്ക് വാശ്രാനം നല്കി ഒരു സിൽക്ക് റീലിങ്ങ് യൂണിറ്റ് ഖാദിബോർഡ് അനുവദിച്ചു 12 തൊഴിലാളികൾക്ക് തൊഴിൽ ലഭിച്ചിരുന്നു. അസംസ്കൃത വസ്തുവായ കൊക്കൂൺ ലഭ്യമല്ലാത്തതിനാൽ സ്ഥാപനം പൂട്ടിയതായി ഗ്രാമസഭാ റിപ്പോർട്ടിലും കാണുന്നു. ഖാദിബോർഡിനെക്കൊണ്ട് കൊക്കൂൺ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. നമ്മുടെ പഞ്ചായത്തിൽ മെംബറി കൃഷി നടത്തിയിരുന്ന കുറേ കർഷകരും അവരുടെ ചെടികളും ഇപ്പോഴും ഉണ്ട്. അവരെ സംഘടിപ്പിച്ച് പട്ടുനൂൽപ്പുഴു വളർത്തിയെടുത്ത് അത് ഒറവുപുറത്തെ വ്യവസായ യൂണിറ്റിനു് നല്കാൻ കഴിഞ്ഞാൽ പഞ്ചായത്തിനോ ഗവൺമെൻറിനോ ഒരുചിലവും ഇല്ലാതെ ആ സ്ഥാപനം ആരംഭിക്കാനും കുറേപേർക്ക് തൊഴിൽലഭിക്കാനും ഉപകരിക്കും. അതിനു് കർഷകരേയും വ്യവസായ യൂണിറ്റുടമസ്ഥനേയും നേരിട്ട് ബന്ധിപ്പിക്കാനുള്ള സൗകര്യം പഞ്ചായത്ത് ഒരുക്കണം.

വനിതകൾ നടത്തുന്ന വ്യവസായം

കീഴാറ്റൂർ പഞ്ചായത്തിൽ വനിതകൾ നടത്തുന്ന ഒരു വ്യവസായ സ്ഥാപനവും ഇപ്പോൾ ഇല്ല. തച്ചിങ്ങനാടത്ത് DWCRA യുടെ ഒരു കറിപൗഡർ നിർമ്മാണ യൂണിറ്റ് ഉണ്ടായിരുന്നെങ്കിലും മിസ് മാനേജ്മെൻറുകാരണം അതുപൂട്ടുകയാണ് ചെയ്തത്. നമ്മുടെ പഞ്ചായത്തിൽ തയ്യൽ അറിയാവുന്ന 650 വനിതകളും ഉണ്ടെന്ന് ഗ്രാമസഭാ റിപ്പോർട്ട് സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ 2 വില്ലേജുകളിലും ഓരോ റെഡിമേഡ് നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. അതുപോലെ പ്ലാസ്റ്റിക് കൊണ്ട് കൂട്ടമുടച്ചിൽ, കസേര മുടച്ചിൽ തുടങ്ങിയ മേഖലകളിലും സ്ത്രീകൾക്ക് തൊഴിൽ സാധ്യതയുണ്ട്. അത്തരം ഉൽപ്പന്നങ്ങൾക്ക് നല്ല വിപണന സാധ്യതയും കാണുന്നു. ഇത്തരത്തിലുള്ള വനിതകൾക്ക് തൊഴിൽ പരിശീലനം നല്കാനും അത്തരത്തിലുള്ള സ്ഥാപനം നടത്താൻ മുൻകൈ എടുക്കാൻ തച്ചിങ്ങനാടത്തുള്ള കൊട്ടമുണ്ട ആമിന തയ്യാറാണെന്ന് ഈ കമ്മിറ്റിയോട് പറഞ്ഞു. പഞ്ചായത്തിന് അതിനുള്ള സാഹചര്യവും ചുരുങ്ങിയ സാമ്പത്തിക സഹായവും അടിയന്തിരമായി നൽകേണ്ടതും ഈ രീതിയിലുള്ള സ്ഥാപനങ്ങൾക്ക് തുടക്കമിടേണ്ടതും ആണ്.

തുകൽ– പപ്പട വ്യവസായങ്ങൾ

വളരെയധികം വിപണന കയറ്റുമതി സാധ്യതയുള്ള വ്യവസായമാണ് തുകൽ വ്യവസായം. തുകൽകൊണ്ടുള്ള ബാഗ്, ചെരിപ്പ് മറ്റു ഉൽപ്പന്നങ്ങളും നിർമ്മിക്കുന്ന 5കുടുംബങ്ങൾ VIII–ാംവാർഡായ മുഖംപടിയിൽ ഉണ്ട്. ഈ പ്രദേശത്തു് ഒരു തുകൽ വ്യവസായ യൂണിറ്റിനുള്ള സാധ്യതയുണ്ട്. കൂടിൽ വ്യവസായമായി പപ്പടം നിർമ്മിക്കുന്ന കുറേ കുടുംബങ്ങളും പഞ്ചായത്തിൽ ഉണ്ട്. വഴങ്ങോട്, കൊണ്ടിപറമ്പ് തുടങ്ങിയ പ്രദേശങ്ങളിലാണ് ഇത് ഉള്ളത്. അസംസ്കൃത വസ്തുവായ ഉഴുന്നുമാവിന്റെ വൻ വിലവർദ്ധനവാണ് ഇവർ നേരിട്ടുകൊണ്ടിരിക്കുന്ന മുഖ്യപ്രശ്നം. സബ്സിഡി നിരക്കിൽ ഉഴുന്നുമാവ് ലഭ്യമാണെങ്കിൽ കുറേ പേർക്ക് തൊഴിൽ നൽകാൻ കഴിയും.

ലോഹ അയിർ വ്യവസായം

നമ്മുടെ പഞ്ചായത്തിലെ വിഭവ സമാഹരണത്തിന്റെ വിവരങ്ങൾ ശേഖരിക്കാൻ നിയോഗിക്കപ്പെട്ട കമ്മിറ്റി ഓരോ വാർഡിലും ചെന്ന് അവിടുത്തെ ജനങ്ങളുമായി വ്യവസായ സാഹചര്യം നേരിട്ട് ചർച്ച ചെയ്തപ്പോൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യം അറിയാൻ സാധിച്ചു. പഴയ കാലത്ത് 10–ാം വാർഡിലെ ഇല്ലത്ത്കാട് 6-ാം വാർഡിലെ പറയൻകുന്ന് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും ഇരുമ്പയിർ കുഴിച്ചെടുത്തിരുന്നു എന്നും അറിയാൻ കഴിഞ്ഞു. അന്ന് ആ ജോലി ചെയ്തിരുന്ന കുറേ പേരുമായി സമ്പർക്കം പുലർത്തുകയും അവർക്ക്

ഇരുമ്പയിർ വേർതിരിച്ചെടുക്കാനുള്ള പഴയ സാങ്കേതിക വിദ്യ ഇപ്പോഴും ഉണ്ടെന്നറിഞ്ഞു. മാത്രമല്ല പണ്ട് അയിർ കുഴിച്ചെടുത്തിരുന്ന ഒട്ടനവധി ഗ്രഹകളും അവശിഷ്ടങ്ങളും ഇപ്പോഴുണ്ട്. പഞ്ചായത്തിലെ 4-ാം വാർഡിലെ തെച്ചിക്കുന്ന് പറമ്പ് 1-ാം വാർഡിലെ മാതാംകുന്ന് തുടങ്ങിയ സ്ഥലങ്ങളിലും മുമ്പ് ബ്രിട്ടീഷുകാർ അയിർ കുഴിച്ചെടുത്തിരുന്നു. തുടർന്ന് വിദഗ്ദ അന്വേഷണത്തിൽ പഞ്ചായത്ത് രേഖകളിൽ നിന്നും വ്യവസായ വകുപ്പ് രേഖകളിൽ നിന്നും 5 വർഷങ്ങൾക്കു മുമ്പ് ഗവൺമെൻറിൻറെ ഭൂഗർഭ വികസനവകുപ്പ് നടത്തിയ സർവേയുടെ ഒരു റിപ്പോർട്ട് കണ്ടെത്തി. ആ റിപ്പോർട്ടിൽ ശക്തമായ അയിർ നിക്ഷേപം ഇവിടെ ഉണ്ടെന്നും ലാഭകരമായ രീതിയിൽ അത് കുഴിച്ചെടുക്കാമെന്നും സൂചിപ്പിച്ചിരിക്കുന്നു. പിന്നീട് യാതൊരുവിധപ്രവർത്തനവും നടന്നതായികാണുന്നില്ല. അത് ഉപയോഗപ്പെടുത്താൻ സാധിച്ചാൽ കേരളത്തിൻറെ വ്യവസായ ഭൂപടത്തിൽ നമ്മുടെ പഞ്ചായത്തിൻറെ ഒരു പൊൻതൂവൽ അദ്ധ്യായം തുറക്കാനും സാമ്പത്തിക രംഗത്ത് പഞ്ചായത്തിനു വൻ നേട്ടമുണ്ടാക്കാനും സാധിക്കും. ഈ രംഗത്തുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് മുൻകൈ എടുക്കണം.

നമ്മുടെ പഞ്ചായത്തിലെ തോട്ടം മേഖല ഉൾപ്പെടെയുള്ള വ്യവസായ സംരംഭങ്ങൾ എല്ലാം കൂടി ഒരു വർഷത്തിൽ 15 കോടി രൂപക്കുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നു. ഇതിൽ തോട്ട വ്യവസായം ചില ഡിവിഷനുകളിൽ റീപ്ലാൻറ് ചെയ്യുന്നതു കാരണം നഷ്ടത്തിലും ബാക്കിയുള്ള സ്ഥാപനങ്ങൾ ലാഭത്തിലും ആണ്.

നമ്മുടെ പഞ്ചായത്തിൽ ചുരുങ്ങിയ ചിലവിൽ ആരംഭിക്കാവുന്നതും നല്ല വിപണന സാധ്യതയുള്ളതുമായ ചെറുകിട വ്യവസായങ്ങൾ താഴെ പട്ടിക 5-ൽ കൊടുത്തിരിക്കുന്നു.

പട്ടിക V സ്ത്രീകൾക്ക് മാത്രം തുടങ്ങാവുന്നവ

ക്രമനമ്പർ	ഇനം	ക്രമനമ്പർ	ഇനം
1	ടൈലറിംഗ് യൂണിറ്റ്	10	കൈതച്ചക്ക, ചക്കപ്പഴം, മാങ്ങ തുടങ്ങിയവയുമായി ബന്ധപ്പെട്ട സംസ്കരണ വ്യവസായം
2	റെഡിമേഡ് വസ്ത്രനിർമ്മാണം		
3	കശുവണ്ടിപരിപ്പ് സംഭരണം	11	പേപ്പർ കവർ നിർമ്മാണം
4	പപ്പടവ്യവസായം	12	അലക്കുസോപ്പ്
5	കറിപൗഡർ നിർമ്മാണം	13	സോപ്പുപൊടി നിർമ്മാണം
6	റബ്ബർപാൻറ്	14	VIII-ാംവാർഡിലെ തുകൽവ്യവസായം
7	അവിൽ വ്യവസായം	15	കസേര, കട്ട മുടച്ചിൽ
8	ചിരട്ട ഉപയോഗിച്ചുകൊണ്ടുള്ള കരകൗശല വസ്തുക്കൾ	16	സോഫ, കിടക്ക നിർമ്മാണം
		17	ബ്യൂട്ടിപാർലർ
9	അച്ചാർ വ്യവസായം	18	കൊപ്ര സംസ്കരണം

പട്ടിക 6 പുരുഷൻമാർക്ക് തുടങ്ങാവുന്ന

ക്രമനമ്പർ	ഇനം	സ്പോൺസർ
1	ചെരുപ്പു വ്യവസായം	വ്യക്തികം
2	ഇഷ്ടിക നിർമ്മാണം	സഹകരണ സംഘം
3	ഹോളോ ബ്രിക്സ്	സഹകരണ സംഘം
4	ഫർണീച്ചർ വ്യവസായം	വ്യക്തികം
5	ആയുർവ്വേദ മരുന്ന് നിർമ്മാണ ശാല	വ്യക്തികം
6	കോഴി വളർത്തൽ	സഹകരണ സംഘം/വ്യക്തികം
7	ചെരുപ്പിന്റെ സോം നിർമ്മാണം	സഹകരണസംഘം
8	കന്നുകാലി തീറ	സഹകരണസംഘം
9	പുസ്തകനിർമ്മാണം/ബൈൻറിംഗ്	വ്യക്തികം
10	റബ്ബർ ഷീറ് ബിസിനസ്	വ്യക്തികം
11	എഞ്ചിനീയറിംഗ് വ്യവസായം	വ്യക്തികം
12	സിന്തറിക് വിനാഗിരി	വ്യക്തികം
13	ലതർ ചെരുപ്പകം/സൂട്ട്കേസുകം	വ്യക്തികം
14	കട നിർമ്മാണം	സഹകരണസംഘം
15	ക്ലൗൺ കൃഷി	പട്ടികജാതി സഹകരണസംഘം
16	സിമന്റ് ഇഷ്ടിക	വ്യക്തികം
17	ആണി നിർമ്മാണം	സഹകരണസംഘങ്ങം

മററു ഗ്രാമസഭാ നിർദ്ദേശങ്ങൾ പട്ടിക VII

ക്രമനമ്പർ	ഇനം	നിർദ്ദേശിക്കപ്പെട്ട വാർഡ്
1	എസ്സ്രോയിഡറി സ്റ്റിച്ചിംഗ് & റെഡിമേഡ്	1,2,3,4,6,8,9,10,11
2	കൊപ്ര സംസ്കരണകേന്ദ്രം	2, 7, 8, 10
3	സഹകരണ മിനി കാർഷികോപകരണ ഇൻഡസ്ട്രിയൽ എസ്റ്റേറ്	2
4	സോഡാ & ക്രംഡ്രിംഗ്സ്	2
5	ഗോഡൗൺ കട്ടിങ്ങ് യൂണിറ്	2, 6
6	കാലിത്തീറ ഫാക്ടറി	3
7	ഹവായ് ചെരുപ്പുകം	I
8	വാഴക്കാപ്പൊരി നിർമ്മാണം	1, 3, 4
9	ക്ഷീരവ്യവസായ യൂണിറ്	8, 9
10	ഓയിൽ & കയർ വ്യവസായം	3, 7
11	മിഠായി നിർമ്മാണം	1, 7
12	അവിൽ മിൽ	8
13	ചകിരി വ്യവസായം	3, 6, 9, 11
14	മെഴുകുതിരി നിർമ്മാണം	5, 6, 7, 1
15	ഇലക്ട്രിക് മോട്ടോർ	9
16	സ്പെയർ പാർട്ട്സ് നിർമ്മാണം	9
17	വർക്ക്ഷോപ്പ് & വയറിങ്ങ്	1, 6, 8
18	കോഴിവളർത്തൽ	10
19	ഓട്ടോമൊബൈൽ	4
20	പ്രസ്സ്	4
21	അടക്ക സംസ്കരണം	4
22	പ്ലാസ്റ്റിക് വയറിങ്ങ് ഉപകരണങ്ങം	1, 4
23	ജൈവ വള നിർമ്മാണ യൂണിറ്	1, 3, 4
24	സേമിയ നിർമ്മാണം	1, 4

വൻകിട വ്യവസായങ്ങൾ

1. കീഴാറൂർ പഞ്ചായത്തിൽ ടയർ ഫാക്ടറി ആരംഭിക്കുക.
2. സഹകരണ സ്പിന്നിംഗ് മിൽ
3. പഞ്ചായത്തിലെ മുഴുവൻ സഹകരണ സ്ഥാപനങ്ങളുടേയും മെമ്പർമാരെ അംഗങ്ങളാക്കി കാലിത്തീറ്റ ഫാക്ടറി
4. റബ്ബർകൊണ്ട് ഹവായ് ചെരുപ്പുകൾ നിർമ്മിക്കുന്നതിന്റെ സോൾ ഉണ്ടാക്കുന്ന ഫാക്ടറി
4. കശുവണ്ടി ഫാക്ടറിയും പരിപ്പ് സംഭരണ കേന്ദ്രവും
6. കുട നിർമ്മാണ കമ്പനി
7. ബാംബൂ കോർപ്പറേഷൻ സഹായത്തോടുകൂടി നവീന പനമ്പ്, കുട്ട നിർമ്മാണ ഫാക്ടറി
8. ഗ്ലാസ് ഫാക്ടറി
9. KSEB യുടെ അലൂമിനിയം കമ്പി ഉണ്ടാക്കുന്ന ഫാക്ടറി

ടൂറിസം വ്യവസായം

മലയാള ഭാഷക്ക് നിരവധി സംഭാവനകൾ നല്കിയ ഭക്തകവി പൂന്താനത്തിന്റെ ഇല്ലവും ഇല്ലപറമ്പും ശ്രീകൃഷ്ണക്ഷേത്രവും നമ്മുടെ പഞ്ചായത്തിലാണ്. മലയാള ഭാഷാ ഗവേഷണ കേന്ദ്രവും മറ്റുമായി ഇല്ലം വികസിപ്പിക്കാൻ കഴിഞ്ഞാൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. അതുവഴി പഞ്ചായത്തിന് ധനാഗമമാർഗ്ഗവും ഉണ്ടാകും. പഞ്ചായത്തിന്റെ തെക്കു കിഴക്കേ അതിർത്തിയായ കൊടികുത്തിമലയിൽ ടൂറിസ്റ്റുകൾ വരാറുണ്ട്. അത് കേരളത്തിന്റെ ടൂറിസ്റ്റ് ഭൂപടത്തിൽ ഉൾപ്പെടുത്തണം.

വൈദ്യുതി ഉൽപാദനം

കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു യൂണിറ്റിന് ഒന്നാം വാർഡിലെ കൊടികുത്തിമലയിൽ സാധ്യത കാണുന്നു. നെന്മിനി അയ്യപ്പൻ ചോലയിലും ഒരു മിനി വൈദ്യുത പദ്ധതിക്കുള്ള സാധ്യതയുണ്ട്. ANERT ന്റെ സൗരോർജ്ജ വിളക്കുകൾ കൂടുതൽ വികസിപ്പിക്കുകയാണെങ്കിൽ ഗാർഹിക ഉപയോഗം കുറച്ച് അതു വ്യവസായരംഗത്തേക്ക് ഉപയോഗിക്കാവുന്നതാണ്.

മിനി വ്യവസായ എസ്റ്റേറ്റ്

പഞ്ചായത്തിൽ വ്യവസായം തുടങ്ങാനുള്ള പ്രധാന പ്രശ്നം സൗകര്യപ്പെട്ട സ്ഥലം കിട്ടാത്തതാണ്. 4-ാം വാർഡിലെ തച്ചിങ്ങനാടം പള്ളിപ്പടിക്കു സമീപം ഒരു ഏക്ര സ്ഥലം ഒരു സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുണ്ട്. അവിടെ മുമ്പ് ഒരു സ്റ്റാർച്ച് ഫാക്ടറി ഉണ്ടായിരുന്നു. KFC ക്ക് തുക കൊടുക്കാനുള്ളതിനാൽ ആ വ്യക്തിയും ഗവൺമെന്റും കേസ്സിലാണ്. പഞ്ചായത്തിനോ ഗവൺമെന്റിനോ ആ സ്ഥലം കമ്പൽസറി അക്വിസിഷൻ വഴി ഏറ്റെടുത്ത് വ്യവസായ എസ്റ്റേറ്റാക്കി പ്ലോട്ടുകളായി വിൽക്കാവുന്നതാണ്. ആ സ്ഥലത്തുതന്നെ ഒരു ട്രാൻസ്ഫോമർ ഉള്ളതിനാൽ വൈദ്യുതി പ്രശ്നങ്ങളും ഇല്ല. ഇത്രയും സൗകര്യമായ ഒരു സ്ഥലം വ്യവസായം തുടങ്ങാനായി ലഭിക്കാൻ പഞ്ചായത്തിൽ മറ്റെങ്ങുംഇല്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പൂളകൃഷിക്കാരെ സംഘടിപ്പിച്ച് ഒരു സംഘം ഉണ്ടാക്കണം. അവരുടെ വിഭവങ്ങൾ ഒറവംപുറത്തുള്ള മില്ലിൽ കൊടുക്കുകയാണെങ്കിൽ ആപ്രദേശത്ത് നിരവധിപേർക്ക് തൊഴിൽ ലഭിക്കുന്ന രീതിയിൽ പൂളമിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.

2. ചകിരിയിൽനിന്നും കയറുണ്ടാക്കുന്ന സാങ്കേതിക വിദ്യയെപ്പറ്റി കയർ ബോർഡ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് ഒരു ശില്പശാലയും വ്യവസായികൾക്ക് പരിശീലനവും നല്കണം.

3. പഞ്ചായത്തിലെ 2500ൽ പരംവരുന്ന ഗൾഫ് മലയാളികളെ സംഘടിപ്പിച്ച് അവരിൽനിന്നും ഷെയറുകളും എടുപ്പിച്ച് ഒരു ടയർ ഫാക്ടറി ആരംഭിക്കാവുന്നതാണ്. ഇതിന് ആവശ്യമായ മുഴുവൻ റബ്ബറും ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. ഇവരുടെ പണം വ്യവസായത്തിൽ നിക്ഷേപിക്കുന്നതിനെക്കുറിച്ച് ഗൗരവമായ ചർച്ചകൾ വേണം.

4. പഞ്ചായത്തിൽ 2 ക്ഷീരോല്പാദന യൂണിറ്റുകളും പശുവളർത്തലും ഉള്ളതുകൊണ്ട് ഒരു കാലിത്തീറ്റ ഫാക്ടറിക്കുള്ള സാധ്യതയുണ്ട്. കാലിത്തീറ്റ നിർമ്മാണത്തെക്കുറിച്ച് ഓരോ ക്ഷീരോല്പാദന യൂണിറ്റിലും മിൽമ ഉദ്യോഗസ്ഥൻമാർ വന്ന് കർഷകർക്ക് പരിശീലനം നല്കണം.

5. വ്യവസായം തുടങ്ങാൻ താല്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്ത് തയ്യാറാക്കണം. അതിന് ആവശ്യമായ പരസ്യം നല്കി സംരംഭകരെ ആകർഷിക്കണം. അവർക്ക് വിവിധ വ്യവസായ പ്രോജക്ടുകളെക്കുറിച്ച് താഴെ പറയുന്ന സ്ഥാപനങ്ങളും സ്കീമുകളും പറഞ്ഞു കൊടുക്കണം.

1. ജില്ലാ വ്യവസായ കേന്ദ്രം — മലപ്പുറം
2. SIDCO — മഞ്ചേരി
3. ഡയറി ഡെവലപ്പ്മെൻറ് ഓഫീസ് — നിലമ്പൂർ
4. Small Industrial Service Institute — തൃശ്ശൂർ
5. മിൽമ — കോഴിക്കോട്
6. STED — കോഴിക്കോട്

6. തോട്ടപ്പായിലെ ലാറ്റക്സ് ഫാക്ടറി ആളൊഴിഞ്ഞ സ്ഥലത്തേക്കുമാറ്റി മലിനീകരണം ഒഴിവാക്കണം.

7. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം ആരംഭിക്കുന്നതിനും വേണ്ടി Indian institute of fashion Technology Madras എന്ന സ്ഥാപനത്തിൽ പരിശീലനം നൽകണം.

8. പഞ്ചായത്ത് വ്യവസായ പ്രദർശനം നടത്തണം അതിൽ ചെറുകിട വ്യവസായ കോപ്പറേഷൻ, അസോസിയേഷൻ എന്നിവരെ പങ്കെടുപ്പിക്കണം.

9. നാളികേര ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കേരഫെഡ് വഴി പരിശീലനം നല്കാൻ പഞ്ചായത്ത് പദ്ധതി ആവിഷ്കരിക്കണം.

10. വൈദ്യുതി കൃത്യമായ അളവിൽ ലഭിക്കാൻ ലൈനുകൾ 3 Phase ആക്കിമാറ്റണം.

11. വ്യവസായ കേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ ലഭ്യമാക്കണം.

12. പഞ്ചായത്ത് തൊഴിൽ സേനയും സെൽഫ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചും സ്ഥാപിക്കണം.

മേൽനടപടികൾ സ്വീകരിക്കുകയാണെങ്കിൽ വ്യവസായികളെ വളർത്തിയെടുക്കാനും പഞ്ചായത്തിലേക്ക് ആകർഷിക്കാനും അതുവഴി നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാനും കഴിയും. നമുക്ക് ആവശ്യമായ എല്ലാ ഉല്പന്നങ്ങളും നമുക്കുതന്നെ ഉണ്ടാക്കാവുന്നതും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.

○

വിദ്യാഭ്യാസം

ചരിത്രസ്മരണകളുറങ്ങുന്ന പെരിന്തൽമണ്ണ താലൂക്കിന്റെ വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് കീഴാറ്റൂർ പഞ്ചായത്ത്. സാംസ്ക്കാരിക രംഗത്തെ ശ്രദ്ധേയനായ മഹാകവി പൂന്താനത്തിന്റെ ജൻമം കൊണ്ട് പവിത്രമായ കീഴാറ്റൂർ പഞ്ചായത്ത് വിദ്യാഭ്യാസ നിലവാരത്തിൽ പിന്നോക്കം നിൽക്കുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും സാക്ഷരതയിലും പിന്നിലല്ലെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് തികച്ചും പിന്നണിയിലാണ്.

പതിനൊന്നു വാർഡുകൾ ഉൾക്കൊള്ളുന്ന ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ലാത്ത പ്രദേശങ്ങളുണ്ട്. ആറാം വാർഡിലെ വഴങ്ങോടും നാലാം വാർഡിലെ ചെമ്മന്തിട്ടയും ഈ പ്രദേശങ്ങളിൽപ്പെടുന്നു. ഈ ഭാഗത്തുള്ളവർക്ക് സ്ക്കൂളിൽ പോകണമെങ്കിൽ രണ്ടുമുതൽ അഞ്ചു കിലോമീറ്ററുകൾ വരെ നടക്കേണ്ടതുണ്ട്. അഞ്ചാം വാർഡിലുള്ള കുട്ടികൾക്ക് ഹൈസ്ക്കൂളിൽ എത്തിച്ചേരണമെങ്കിൽ അഞ്ചു കിലോമീറ്റർ ദൂരെയുള്ള മേലാറ്റൂരിനേയോ ആറും ഏഴും കിലോമീറ്റർ ദൂരമുള്ള തച്ചിങ്ങനാടത്തേയോ, പട്ടിക്കാടിനേയോ ആശ്രയിക്കണം. മേലാറ്റൂരിൽ എത്തിച്ചേരണമെങ്കിൽ വെള്ളിയാർ പുഴ കടന്നു വേണം പോകാൻ. അവിടെ പാലത്തിന്റെ അഭാവം കഷ്ടതകൾ ഇരട്ടിപ്പിക്കുന്നു.

ഈ പഞ്ചായത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട വിദ്യാലയം മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കാലത്ത് സ്ഥാപിച്ച പട്ടിക്കാട് സ്ക്കൂളാണ്. ഈ സ്ക്കൂളിന് വളരെ കാലത്തെ പഴക്കമുണ്ട്. ഈ സ്ക്കൂൾ വന്നതുകൊണ്ട് ധാരാളം പേർക്ക് H.E.T.T.C. ക്ക് പോയി അദ്ധ്യാപകരാകാനും സാധിച്ചിട്ടുണ്ട്. അങ്ങിനെ വിദ്യാഭ്യാസ രംഗത്ത് പലവിധ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുവാൻ ഈ സ്ക്കൂളിന്റെ ആവിർഭാവം സഹായിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യത്തിനു മുമ്പ് സ്ഥാപിക്കപ്പെട്ട ഈ പഞ്ചായത്തിലെ മറ്റു പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഒറവമ്പുറം എൽ.പി. സ്ക്കൂൾ, കൃഷ്ണാ സ്ക്കൂൾ, എ.എൽ.പി. സ്ക്കൂൾ കീഴാറ്റൂർ, നെമ്മിനി എൽ.പി. സ്ക്കൂൾ എന്നിവ. ഈ സ്ക്കൂളുകളുടെ സ്ഥാപനവും, കേരളത്തിന്റെ ഇതര ഭാഗങ്ങളിൽനിന്ന് വന്ന കുടിയേറ്റ കർഷകരും, അദ്ധ്യാപകരും, മറ്റു വിഭാഗക്കാരും, ഇതര മതസ്ഥാപനങ്ങളും ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾക്ക് കാരണമായി.

സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്നവർക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് തടസ്സമായിരുന്ന സാമ്പത്തിക പിന്നോക്കാവസ്ഥക്ക് മാറ്റങ്ങൾ വന്നുതുടങ്ങിയിട്ടുണ്ട്.

ഈ പഞ്ചായത്തിൽ രണ്ട് ഹൈസ്ക്കൂളുകളും, അഞ്ച് യു.പി. സ്ക്കൂളുകളും, ഒമ്പത് എൽ.പി. സ്ക്കൂളുകളും ഉണ്ട്. ഇവയിൽ മൊത്തം 8646 കുട്ടികൾ ഇപ്പോൾ പഠിക്കുന്നുണ്ട്. അവരിൽ ആൺകുട്ടികൾ മുന്നിൽ നിൽക്കുന്നു. ഈ വിദ്യാലയങ്ങളിൽ സർക്കാർ മേഖലയിൽ നാലും സ്വകാര്യ മേഖലയിൽ പന്ത്രണ്ടും ആണുള്ളത്. ഇവയിൽ 111 പേർ സർക്കാർ മേഖലയിലും 171 പേർ സ്വകാര്യ മേഖലയിലും അദ്ധ്യാപകരായി ജോലി ചെയ്യുന്നുണ്ട്. ഈ പഞ്ചാത്തിലെ മൊത്തം 282 അദ്ധ്യാപകരിൽ 149 പേരും വനിതകളാണ്. മൊത്തം കുട്ടികളിൽ 679 പേർ പട്ടിക ജാതിയിൽ പെടുന്നവരും 29 പേർ വികലാംഗരുമാണ്. ഇടക്കു വെച്ചു പഠനം നിർത്തി പോകുന്നവർ താരതമ്യേന കുറവാണ്. സ്ക്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയുന്ന പ്രവണത മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഇവിടെ കുറവാണ്. എങ്കിലും ഇംഗ്ലീഷ്

മീഡിയം സ്ക്കൂളുകളോടുള്ള താൽപ്പര്യം കാരണം ഏകദേശം നൂറോളം കുട്ടികൾ അത്തരം സ്ക്കൂളുകളിൽ ഈ പഞ്ചായത്തിൽ നിന്നും പോയി പഠിക്കുന്നുണ്ട്. ഗ്രാമസഭകളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അടുത്ത അഞ്ചു വർഷത്തേക്ക് വിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

ഈ പഞ്ചായത്തിലെ ഒന്നാം വാർഡിലെ പുൽപ്പാറ, കാഞ്ഞിരക്കുളം, രണ്ടാം വാർഡിലെ ഒറവമ്പുറം, ആലുങ്ങൽ, തോട്ടിന്റെയക്കര, കൊഴിശ്ശേരി, മൂന്നാം വാർഡിലെ മന്തംകുണ്ട്, നാലാം വാർഡിലെ തോട്ടപ്പായ, ചെമ്മന്തട്ട, അഞ്ചാം വാർഡിലെ വടക്കൻ ഭാഗം ആറാം വാർഡിലെ വഴങ്ങോട്, എട്ടാം വാർഡിലെ പാറശ്ശീരിപ്പടി, കോക്കാട്ട് ഹരിജൻ കോളനി, ഒമ്പതാം വാർഡിലെ വലിയ പറമ്പ്, മുള്ള്യാകുർശ്ശി സെന്റർ, പത്താം വാർഡിലെ കല്ലിടുമ്പ് നിരവ്, പൂത്താംതൊടി, ചെക്കുഴി, പതിനൊന്നാം വാർഡിലെ പാറക്കത്തൊടി എന്നീ ഭാഗങ്ങളിൽ പുതിയതായി അംഗൻവാടികൾ ആരംഭിക്കുകയും നിലവിലുള്ളവയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വേണം.

നാലാം വാർഡിലെ ചെമ്മന്തട്ട, കൊണ്ടിപറമ്പ്, കുന്നത്തുപാറ, ഏഴാം വാർഡിലെ മരക്കാറംപാറ, എട്ടാം വാർഡിലെ കോക്കാട് ഹരിജൻ കോളനി, രണ്ടാം വാർഡിലെ കൊഴിശ്ശീരിക്കുണ്ട്, തോട്ടിന്റെയക്കര എന്നിവിടങ്ങളിൽ പുതിയ എൽ.പി. സ്ക്കൂളുകൾ ആരംഭിക്കണമെന്ന നിർദ്ദേശങ്ങൾ അതാത് ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്.

ഒന്നാം വാർഡിലെ നെമ്മിനി ജി.എം.എൽ.പി. അപ്ഗ്രേഡ് ചെയ്ത് യു.പി. സ്ക്കൂളാക്കുക, മൂന്നാം വാർഡിലെ അരീച്ചോല എ.എം.എൽ.പി. അപ്ഗ്രേഡ് ചെയ്ത് യു.പി. ആക്കുക, നാലാം വാർഡിലെ ചെമ്മന്തട്ടയിൽ എൽ.പി. സ്ക്കൂൾ അടക്കമുള്ള പുതിയ യു.പി. സ്ക്കൂൾ ആരംഭിക്കുക, ആറാം വാർഡിൽ പുതിയതായി യു.പി. സ്ക്കൂൾആരംഭിക്കുക. ഒമ്പതാം വാർഡിലേയും, പത്താം വാർഡിലേയും, പതിനൊന്നാം വാർഡിലേയും നിലവിലുള്ള എൽ.പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്ക്കൂളുകളാക്കണമെന്ന നിർദ്ദേശവും വന്നിട്ടുണ്ട്.

രണ്ടാം വാർഡിലേയും, അഞ്ചാം വാർഡിലേയും, എട്ടാം വാർഡിലേയും നിലവിലുള്ള യു.പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളുകളാക്കണമെന്ന ആവശ്യവും ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്.

ഒന്നാം വാർഡിൽ ഒരു തയ്യൽ പരിശീലന സ്ക്കൂൾ, രണ്ടാം വാർഡിലെ ഒറവമ്പുറം, മൂന്നാം വാർഡിലെ പന്തല്ലൂർ ഹിൽസ്, നാലാം വാർഡിലെ തച്ചിങ്ങനാടം, ഒമ്പതാം വാർഡിലെ മുള്ള്യാകുർശ്ശി, പതിനൊന്നാം വാർഡിലും I.T.I. കളോ, I.T.C. കളോ, J.T.S. കളോ തുടങ്ങണമെന്നും, രണ്ടാം വാർഡിൽ വൊക്കേഷണൽ സെക്കന്ററി സ്ക്കൂൾ, നാലാം വാർഡിലെ തച്ചിങ്ങനാടം ഹൈസ്ക്കൂൾ, ഏഴാം വാർഡിലെ പട്ടിക്കാട് ഹൈസ്ക്കൂൾ, അഞ്ചാംവാർഡിലെ കീഴാറ്റൂർ എന്നിവിടങ്ങളിൽ V.H.S. കോഴ്സുകളോ, പ്ലസ് ടൂ കോഴ്സുകളോ ആരംഭിക്കണമെന്നും ഉള്ള ആവശ്യങ്ങൾ ചുണ്ടിക്കാട്ടുന്നു.

ഗ്രാമസഭകളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒരു കിലോമീറ്റർ ദൈർഘ്യത്തിൽ എൽ.പി. സ്ക്കൂളുകളും അംഗൻവാടികളും, രണ്ടു കിലോമീറ്റർ അകലത്തിൽയു.പി. സ്ക്കൂളുകളും, മൂന്നു കിലോമീറ്റർ അകലത്തിലും കുട്ടികളുടെ എണ്ണത്തെയാശ്രയിച്ചും ഹൈസ്ക്കൂളുകളും, പഞ്ചായത്തിന്റെ ഏതാണ്ട് സിരാകേന്ദ്രങ്ങളിൽ ഒന്നോ രണ്ടോ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ(കോളേജ്, സാങ്കേതിക സ്ഥാപനങ്ങൾ) ആരംഭിക്കുന്നത് നന്നായിരിക്കും.

ഇന്നത്തെ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലുള്ള പിന്നോക്കാവസ്ഥ

പരിഹരിക്കുന്നതിന് വിലപ്പെട്ട പല നിർദ്ദേശങ്ങളും ഗ്രാമസഭകളിലൂടെ വന്നിട്ടുണ്ട്. ഇതിൽ പ്രധാനമായി ചൂണ്ടിക്കാട്ടുന്ന വസ്തുതകൾ താഴെ പറയുന്നു.

സ്ക്കൂളുകളിലെ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി ആകർഷകമാക്കേണ്ടതുണ്ട്. അടിസ്ഥാന സൗകര്യങ്ങളായ മൂത്രപ്പുരകൾ, കക്കൂസുകൾ, കുടിവെള്ളം, കളിസ്ഥലം, പരീക്ഷണശാല എന്നിവ മെച്ചപ്പെടുത്തണം. ക്ലാസ്സ് മുറികളുടെ സജ്ജീകരണം ശാസ്ത്രീയമായ രീതിയിൽ പരിഷ്ക്കരിക്കുകയും ക്രമീകരിക്കുകയും ചെയ്യണം. പാഠപുസ്തകങ്ങൾ യഥാസമയത്ത് ലഭിക്കുന്നു എന്ന് ഉറപ്പ്വരുത്തുക, ക്ലാസ്സ് മുറികളെ ഭിത്തികൾ കെട്ടി വേർ തിരിക്കുക, ക്ലാസ്സ് മുറികൾക്കാവശ്യമായ ഫർണീച്ചറുകൾ ലഭ്യമാക്കുക, പരിസര ശുദ്ധീകരണം എന്നിവ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്.

കൂടാതെ പഞ്ചായത്തല കോംപ്ലക്സുകൾ രൂപീകരിച്ച് അദ്ധ്യാപകർക്ക് റഫ്രഷർ കോഴ്സുകൾ നടത്തുക, പഞ്ചായത്ത് തലത്തിൽ വിദ്യാർത്ഥികളുടെ പഠന നിലവാരമുയർത്തുന്നതിന് ജനകീയ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കുക, സ്ക്കൂളുകളുടേയും വിദ്യാർത്ഥികളുടേയും മികവുകൾക്ക് അർഹിക്കുന്ന പ്രോത്സാഹനം നൽകുക, പരീക്ഷകൾ ചിട്ടപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക, പഠന നിലവാരത്തെക്കുറിച്ചുള്ള പ്രോഗ്രസ്സ് കാർഡുകൾ വിതരണം ചെയ്യുക, വിദ്യാർത്ഥികൾക്ക് കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുക എന്നിവ പഠന നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുന്നവയാണ്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. പിന്നോക്ക നിലവാരമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പരിഹാര ബോധനം നൽകാൻ മുൻകൈ എടുക്കണം.

പ്രസ്തുത പരിപാടികൾ നടപ്പിലാക്കുന്നതിന് അതത് വിദ്യാലയങ്ങളിലെ പി.ടി.എ. കൾ ഫലപ്രദമായി പ്രവർത്തിക്കേണ്ടതുണ്ട് പി.ടി.എ. കൾ ഭൂരിപക്ഷം സ്ക്കൂളുകളിലും സജീവമാണ്. ആ സ്ഥാപനങ്ങളിൽ അതിന്റെ ഗുണം കാണുന്നുണ്ട്. ഇതിന്റെ ഭാഗമായി മാതൃസംഗമങ്ങളുടെ പ്രസക്തി വർദ്ധിച്ചിട്ടുണ്ട്. കുട്ടിയുടെ പഠന കാര്യത്തിൽ മാതാക്കൾക്കുള്ള സ്വാധീനം വലുതാണ്. ഇതിനാവശ്യമായ ബോധവൽക്കരണം സംഘടിപ്പിക്കുവാൻ പഞ്ചായത്ത് തലത്തിൽ പ്രവർത്തനം നടത്താവുന്നതാണ്.

അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻ നിർത്തി ഒരു ദൃശ്യ-ശ്രാവ്യ സങ്കേതത്തിന് രൂപം നൽകാം. എല്ലാ സ്ക്കൂളുകളേയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തണം. ജനകീയ വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് ഇതിൽ മുൻകൈ എടുക്കാൻ കഴിയും. പഠന യാത്രകൾ, പാർലമെന്റുകൾ, ക്ലബ്ബുകൾ, സാഹിത്യ സമാജങ്ങൾ, കയ്യെഴുത്ത്-ചിത്ര മാസികകൾ, പൂന്തോട്ട-പച്ചക്കറിത്തോട്ടങ്ങൾ, കായിക പരിശീലന പരിപാടികൾ, ദിനാചരണങ്ങൾ എന്നിവ പ്രയാസമില്ലാതെ നടപ്പിലാക്കാവുന്നതാണ്.

പഞ്ചായത്തിന്റെ ഉപാധി രഹിത ഫണ്ടുപയോഗിച്ച് പഞ്ചായത്തിന്റെ കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ക്കൂളുകൾ ആരംഭിക്കാവുന്നതാണ്. ഇത്തരം സ്ഥാപനങ്ങൾ നടത്തുന്നതിനു വേണ്ടി സ്ഥലവും മനുഷ്യാദ്ധ്വാനവും ലഭ്യമാക്കാമെന്ന് ഗ്രാമസഭകളിൽ നിന്നും ഉറപ്പുകൾ ലഭിച്ചിട്ടുണ്ട്. നാലാം വാർഡിലെ ചെമ്മന്തട്ടയിൽ എയിഡഡ് സ്ക്കൂളായി പഞ്ചായത്ത് മാനേജ്മെന്റിൽ ഒരു പ്രാഥമിക വിദ്യാലയം സ്ഥാപിക്കുക എന്ന നിർദ്ദേശം പ്രഥമ പരിഗണനയർഹിക്കുന്നു.

വിദ്യാഭ്യാസ രംഗത്തുള്ള ഇന്നത്തെ വെല്ലുവിളികൾ നേരിട്ടാൽ ബഹുജന പങ്കാളിത്തത്തോടെ ഒരു സമഗ്ര വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിക്കേണ്ടതിന്റെ അനിവാര്യതയിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. വിദ്യാഭ്യാസം പൗരാവകാശം എന്ന നിലയിലേക്ക് ഇന്നത്തെ ന്യൂനതകൾ ഇല്ലാതാക്കി സാർവ്വത്രികമാക്കുവാൻ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ ഇന്നത്തെ വിദ്യാഭ്യാസ കച്ചവടത്തിനെ തടയിടാൻ കഴിയുമെന്ന് പ്രത്യാശിക്കാം. അങ്ങിനെ നഷ്ടപ്പെട്ട വിദ്യാഭ്യാസ മൂല്യത്തെ തിരിച്ചു കൊണ്ടുവരാൻ കഴിയും.

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

No.	സ്ക്കൂൾ	വാർഡ്	സർക്കാർ/ മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
				ആൺ	പെൺ	ആകെ	പു.	സ്ത്രീ	ആകെ
1	പട്ടിക്കാട് ഹൈസ്ക്കൂൾ	VII	സർക്കാർ	1250	991	2241	40	32	72
2	തച്ചിങ്ങനാടം HS	IV	മാനേജ്മെന്റ്	405	435	840	14	19	33
3	മുള്ള്യാകുർശ്ശി PTMUP	IX	മാനേജ്മെന്റ്	365	327	692	19	4	23
4	KUPS തച്ചിങ്ങനാടം	IV	മാനേജ്മെന്റ്	658	681	1339	14	20	40
5	PSAUP സ്ക്കൂൾ കീഴാറ്റൂർ	V	മാനേജ്മെന്റ്	178	186	364	7	6	13
6	GMUP തച്ചിങ്ങനാടം	II	സർക്കാർ	414	380	794	9	13	22
7	DMLP പട്ടിക്കാട്	VIII	മാനേജ്മെന്റ്	169	165	334	5	4	9
8	ആനപ്പാംകുഴി LP കീഴാറ്റൂർ	XI	മാനേജ്മെന്റ്	70	62	132	4	1	5
9	GLPS പട്ടിക്കാട്	VII	സർക്കാർ	121	110	231	1	8	9
10	AMLPS മുള്ള്യാകുർശ്ശി	IX	മാനേജ്മെന്റ്	189	179	368	6	6	12
11	UP വിദ്യാജ്യോതി നെമ്മിനി	III	മാനേജ്മെന്റ്	128	112	240	4	5	9
12	GMLP നെമ്മിനി	I	സർക്കാർ	162	137	299	2	6	8
13	പാണക്കാട് തങ്ങൾ മെമ്മോറിയൽ LP അരീച്ചോല	III	മാനേജ്മെന്റ്	69	69	138	1	4	5
14	LPS കീഴാറ്റൂർ	V	മാനേജ്മെന്റ്	100	93	193	2	5	7
15	AMLPS പൂന്താവനം	X	മാനേജ്മെന്റ്	168	141	309	2	8	10
16	ചെമ്മാണിയോട് LPS	XI	മാനേജ്മെന്റ്	64	68	132	3	2	5
	ആകെ	72	മാനേജ്മെന്റ്	4510	4136	8646	133	149	282

സ്ക്കൂളുകളുടെ ഭൗതിക സൗകര്യങ്ങളും പഠന നിലവാരവും. 1995 - 96

	സ്ക്കൂളിന്റെ പേര്	കക്കൂസ്	മൂത്രപ്പുര	കുടിവെള്ളം	വൈദ്യുതി	കളിസ്ഥലം	ടി.വി.	റേഡിയോ	ക്ലോക്ക്	ലാബ്	ലൈബ്രറി	ഗൈഡിംഗ്	SSLC വിജയശതമാനം	PTA ഫലപ്രദമാണോ	മാതൃസംഘം ഫലപ്രദമാണോ
1	ഹൈസ്ക്കൂൾ പട്ടിക്കാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്			ഉണ്ട്	അതെ
2	തച്ചിങ്ങനാടം ഹൈസ്ക്കൂൾ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല		ഉണ്ട്	അല്ല
3	PTM യു.പി. സ്ക്കൂൾ														അതെ
4	കൃഷ്ണാ യു.പി. തച്ചിങ്ങനാടം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല		അതെ	
5	പി.എസ്.എ.യു.പി. സ്ക്കൂൾ കീഴാറ്റൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല		അതെ	അതെ
6	ജി.എം.യു.പി.എസ് തച്ചിങ്ങനാടം													അതെ	അതെ
7	വിദ്യാജോതി യു.പി. നെമ്മിനി	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല		അതെ	അതെ
8	ജി.എം.എൽ.പി. നെമ്മിനി	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല			അതെ	അതെ
9	PTM LP അരീച്ചോല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല					അതെ	അതെ
10	എ.എൽപി.സ്ക്കൂൾ കീഴാറ്റൂർ	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല						അതെ	അതെ
1	എ.എം.എൽ.പി എസ്. പൂന്താനം	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല						അതെ	
12	DMLP പട്ടിക്കാട്			ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല						അതെ	
13	എ.എം.എൽ.പി. സ്ക്കൂൾ ചെമ്മാണിയോട്			ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല							
14	IAMLPS ആനപ്പാംകുഴി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല							
15	GLPS പട്ടിക്കാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല						അതെ	
16	AMLPS മുള്ള്യാകുർശ്ശി	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല							

പഞ്ചായത്തിലെ S.S.L.C. വിജയശതമാനം					
	1991 - 92	1992 - 93	1993 - 94	1994 - 95	1995 - 96
GHS പട്ടിക്കാട്	18	16	19	18.5	17
HS തെച്ചിങ്ങനാടം	12	8	22.5	10.5	18

Remarks	സ്കൂൾ	സർക്കാർ	പ്രൈവറ്റ്
Total	LP : 9	2	7
	UP : 5	1	4
	HS : 2	1	1
	16		

II. LP, UP, HS വിഭാഗങ്ങളിലെ പെൺകുട്ടികൾ, ആൺകുട്ടികൾ

LP			UP			HS		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1112	1024	2136	1723	1686	3409	1655	1426	3081
			SC Students					
			Boys	**Girls**	**Total**			
			366	**313**	**679**			

III. സ്കോളർഷിപ്പ് ലഭിക്കുന്ന മുസ്ലീം പെൺകുട്ടികളുടെ വിവരം

1.	പട്ടിക്കാട് GHS	250
2.	തച്ചിങ്ങനാടം HS	110
3.	PTMUP മുള്ള്യാകുർശ്ശി	241
4.	KUPS തച്ചിങ്ങനാടം	202
5.	PSAUPS കീഴാറ്റൂർ	87
6.	GMUP തച്ചിങ്ങനാടം	161
7.	വിദ്യാജ്യോതി നെമ്മിനി	58
	Total	1109

വികലാംഗ സ്കോളർഷിപ്പ് ലഭിക്കുന്ന കുട്ടികൾ	29
മെറിറ്റ് സ്കോളർഷിപ്പ്	9

കുടിവെള്ളവും പൊതു ജന ആരോഗ്യവും

ജനതയുടെ ആരോഗ്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ് ശുദ്ധമായ ജലവും ശുചിത്വമായ ചുറ്റുപാടുകളും. ഈ പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളും കുളങ്ങളും, പുഴ എന്നിവയാണ്. ഈ പഞ്ചായത്തിൽ 30171 ഓളം വരുന്ന ജനങ്ങളിൽ 60 ശതമാനവും കിണറുകളെയാണ് ആശ്രയിക്കുന്നത്. ബാക്കി വരുന്നവർ പുഴയെയും, പൊതുടാപ്പുകളെയും ആശ്രയിക്കുന്നു. കേരളവാട്ടർ അതോറിറ്റിയുടെ രണ്ട് ശുദ്ധ ജലവിതരണ പദ്ധതികളും പ്രവർത്തിക്കുന്നു. കൊണ്ടിപറമ്പ, മുള്ള്യാകുർശ്ശി എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന ഈ ശുദ്ധ ജല വിതരണ പദ്ധതികളിൽ യഥാക്രമം 24 ഉം 16 ഉം പൊതു ടാപ്പുകളും ഉണ്ട്. ഈ പദ്ധതികളും ഒന്നിടവിട്ട ദിവസങ്ങളിലാണ് പമ്പിംഗ് നടത്തുന്നത്. അതുപോലെ തന്നെ വളരെ ചെറിയ സംഭരണശേഷിയുള്ള (5000 ലിറ്റർ) ടാങ്കുകളാണ് ഇവക്കുള്ളത്. ഈ ടാപ്പുകളും 8 ശതമാനത്തിൽ താഴെയുള്ള ജനങ്ങൾക്കേ ഉപകരിക്കുന്നുള്ളൂ. 11 വാർഡുകളിലായി 30 കുഴൽ കിണർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും 8 എണ്ണം പ്രവർത്തനക്ഷമമല്ല. ഈ പഞ്ചായത്തിലെ 36 ശതമാനം ജനങ്ങളും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നു.

ശുദ്ധ ജല സ്രോതസ്സുകൾ.

പട്ടിക I

കിണറുകൾ				കുഴൽ കിണറുകൾ	മൊത്തം കിണറുകൾ
പൊതു കിണറുകൾ		സ്വകാര്യ കിണറുകൾ			
വെള്ളമുള്ളത്	വെള്ളമില്ലാത്തത്	വെള്ളമുള്ളത്	വെള്ളമില്ലാത്തത്		
10	7	2940	618	30	3605

പട്ടിക II

കേരള വാട്ടർ അതോറിറ്റിപദ്ധതികൾ (TWSS)

	കൊണ്ടിപറമ്പ	മുള്ള്യാകുർശി	മൊത്തം ടാപ്പുകൾ
ടാപ്പുകൾ	24	16	40 എണ്ണം

1995-96 വർഷത്തിൽ 1000-ഓളം പേർക്ക് ജലജന്യ രോഗങ്ങൾ ബാധിക്കുകയുണ്ടായി. ശുദ്ധജല ദൗർലഭ്യമാണ് രോഗപകർച്ചക്ക് പ്രധാനകാരണം. ശുദ്ധ ജലദൗർലഭ്യത്തിന് പരിഹാരമായി വിശേഷാൽ ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളും പഞ്ചായത്തുതലത്തിൽ മൊത്തത്തിൽബാധകമാക്കാവുന്നതും, ചർച്ചകളിലൂടെ രൂപപ്പെട്ടുവന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും ഇതോടൊപ്പം ചേർക്കുന്നു.

പട്ടിക III

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1	പുറയൻമല, പാലത്തിൻമുക്ക്, നല്ലൂർ മാതാം കുന്ന്, ഉപ്പയങ്ങൽ ചോല, കുഞ്ഞിരകുളം, വേർക്കോട്ട പറമ്പ് ഹരിജൻ കോളനി, മൈലാടികുന്ന്.	പുറയൻമലയിൽ ഉള്ള കുഴൽകിണർ റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുക. അയ്യപ്പൻചോല യിൽ തടയണ നിർമ്മിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുക. ഈ പ്രദേശങ്ങളിൽ കുഴൽകിണർ കുഴിച്ചും പരിഹാരം കാണാം.
2	ചേപ്പോട്, വാരിയത്ത് കോളനി, വെള്ളരിചോല	ഒറവംപുറം പുഴയിൽ പാലത്തിനു് മുകഭാഗത്ത് കരയിൽ ഒരു കിണറും പമ്പുഹൗസും സ്ഥാപിച്ച് വില്ലേജ് ഓഫീസിനു സമീപമുള്ള കുന്നിൽ ടാങ്ക് സ്ഥാപിച്ച് പരിഹാരം കാണാം.
3	മാഞ്ചീരിതൊടി ഹരിജൻ കോളനി, ചോലക്കൽ മുക്ക് (അരീച്ചോല), കുന്നത്ത്പാറ വീണപറമ്പ്, കയലോട്ട് അമ്പലപ്പടി, പള്ളിമുക്ക്, മുത്തപ്പൻ കുണ്ട്, മന്തംകുണ്ട്, അരീച്ചോല സ്കൂൾപ്രദേശം.	വറ്റാത്ത ജല സ്രോതസ്സായ മന്തം കുണ്ടിൽ ഒരു കിണറും പമ്പ്ഹൗസും പുറയിൻമലയിൽ ഒരു ജലസംഭരണിയും, പൈപ്പ് ലൈൻ വിതരണ ശൃംഖലയും സ്ഥാപിച്ചാൽ മൊത്തം കുടിവെള്ള ക്ഷാമം പരിഹരിക്കാം. കുഴൽ കിണർ കുഴിച്ചും, ഉള്ളവ റിപ്പയർ ചെയ്തും പ്രശ്നം പരിഹരിക്കാം.
4	പടിഞ്ഞാറെ കുണ്ട്, ചെമ്മ ത്തട്ട, കാഞ്ഞിരകുളം ഭാഗം കൊണ്ടിപറമ്പ, സുൽത്താൻ കോളനി (പടവെട്ടിപാറ പ്രദേശം) പാണകുണ്ട്, കിളിമേൽ കോളനി, പൂക്കോട്ടിൽ കോളനി.	കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയി ലുള്ള, പൂക്കോട്ടിൽ ഹരിജൻകോളനി, ത്രാവോട്ട്, ഇല്ലത്ത് പാളകോളനി, പൈപ്പ് ലൈൻ നീട്ടുന്ന പ്രവർത്തി താമസം വിന നടപ്പിലാക്കുക. മറ്റു സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുക. ചെമ്മംത്തട്ട പുഴയിൽ കിണറും പമ്പു ഹൗസും സ്ഥാപിച്ച് നല്ലണാംപറമ്പിൽ ജലസംഭരണിയും പൈപ്പ് ലൈൻ ശൃംഖലയും സ്ഥാപിച്ച് പഞ്ചായത്തിന്റെ മൊത്തം ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്.
5	വടക്കേ പറമ്പ് കോളനി, ആലിക്കൽ പ്പറമ്പ്കോളനി, അത്തിക്കുന്നകോളനി കുഴിച്ചിട്ടകല്ല്, പനംപറകുന്ന്, ഊത്താലകുന്ന്, നായാടികുന്ന് പ്രദേശം.	നായാടിക്കുന്ന് വാട്ടർ സപ്ലൈ സ്കീം വിപുലീകരിച്ച് വാർഡിൽ എല്ലായിടത്തും ശുദ്ധജലം എത്തിക്കാം. മണിയാണ്ടീരി കടവിൽ കിണർ സ്ഥാപിച്ച് വാർഡിൽ മുഴവനും ശുദ്ധജലപ്രശ്നം പരിഹരിക്കാം.

പട്ടിക തുടച്ച്

6	പറമ്പൂർ പാണൻ കുടുംബങ്ങളും താമസിക്കുന്ന പ്രദേശം, വഴങ്ങോട് കിഴക്കേകുന്ന് ഹരിജൻ കോളനി പ്രദേശം, പുവ്വത്തും പറമ്പിൽ ഹരിജൻ കോളനി, പറമ്പൂർകുളം ഭാഗം, വഴങ്ങോട് ഭാഗം പറമ്പൂർ വാഴക്കോട് ഭാഗം, പറമ്പൂർ മില്ലുംപടി ഭാഗം	നിലവിലുള്ള കിണറുകളും റിപ്പയർ ചെയ്യും കഴൽ കിണറുകളും സ്ഥാപിച്ചും പ്രശ്നം പരിഹരിക്കാം. നിലവിലുള്ള പൈപ്പ്ലൈൻ കുമാനം വഴി പള്ളിപ്പാമ്പ്വരെയും. 19 മുതൽ വഴങ്ങോട് കിഴക്കേകുന്ന് ഹരിജൻ കോളനിവരെയും നീട്ടി സ്ഥാപിക്കുക. പറമ്പൂർ പുവ്വത്തുംപറമ്പിൽ ഹരിജൻ കോളനിക്ക് സമീപമുള്ള കുഴൽകിണറിനു മോട്ടോർ സ്ഥാപിച്ച് പൈപ്പ്ലൈൻവഴി ശുദ്ധജലം പ്രശ്നം പരിഹരിക്കാം.
7	ഗവ: ഹൈസ്കൂൾ പരിസരം, മണ്ണാർമല ജംഗ്ഷൻ, റെയിൽവെ ഗേറ്റ് പരിസരം, പാറശ്ശേരിപടി, മരക്കാരപ്പാറ പ്രദേശം.	നിലവിൽ പരിഗണനയിലുള്ള കോംബ്രിഹൻസീവ് വാട്ടർ സപ്ലൈ സ്കീം എളുപ്പത്തിൽ പണി ആരംഭിക്കാൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുക. ധാരാളം വെള്ളം കിട്ടാൻ സാധ്യതയുള്ള വെട്ടപ്പറമ്പിൽ പാടം വെയങ്കരപാടം എന്നിവിടങ്ങളിൽ കിണർകുഴിച്ച് മറ്റു സ്ഥലങ്ങളിലേക്ക് വെള്ളം എത്തിക്കാം. കുഴൽകിണർ സ്ഥാപിച്ചും പ്രശ്നം പരിഹരിക്കാം.
8	പാറശ്ശേരിമുക്ക്, കോക്കാട് ഹരിജൻ കോളനി, മുള്ള്യാകുർശ്ശി മേലേതൊടി ഭാഗം, മുഖാംപടി ക്ഷേത്രം, മസ്ജിദ് റോഡിൽ പണിക്കർമുക്ക്, കല്ലുവെട്ടുകുഴി, പൈക്കടാകുണ്ട് ഭാഗം, അയ്യപ്പൻകാവ് പരിസരം	നിലവിലുള്ള കുഴൽകിണർ റിപ്പയർ ചെയ്തും പുതിയ കുഴൽകിണറുകളും സ്ഥാപിച്ചും പ്രശ്നം പരിഹരിക്കാം. കോക്കാട് ഹരിജൻ കോളനിയിൽ ഉള്ള കിണർ നന്നാക്കി പംമ്പിംഗ് നടത്തിയാൽ കോളനിയിൽ മൊത്തം ശുദ്ധജലമെത്തിക്കാം. കോക്കാട് ഹരിജൻ കോളനിയിൽ നിലവിലുള്ള കിണർ നന്നാക്കി പമ്പ്വെച്ച് ടാങ്ക് നിർമ്മിക്കുകയും പൈപ്പ്ലൈൻ വഴി ശുദ്ധജല പ്രശ്നം പരിഹരിക്കുന്നതിന് 25% സാമ്പത്തിക സഹായവും കാലാകാലങ്ങളിലുള്ള അറകുറ പണികളും പംമ്പിങ്ങും, ഈ പ്രദേശത്തുകാർ ചെയ്യാമെന്ന് ഗ്രാമസഭയിൽ വാഗ്ദാനം ചെയ്തിട്ടുണ്ട്.
9	പന്തലാംകുന്ന്, മേൽമുറി, കുട്ടമുച്ചിക്കൽ കോളനി.	നിലവിലുള്ള വാട്ടർ അതോറിറ്റി സ്കീം ജലസംഭരണ ശേഷിയും ഉയരവും വർദ്ധിപ്പിക്കുകയും ദിവസേന പംമ്പിങ്ങ് ഏർപ്പെടുത്തുകയും, പൈപ്പ് ലൈൻ ശൃംഖല ദീർഘിപ്പിക്കുകയും ചെയ്താൽ വാർഡിൽ മുഴുവൻ പ്രദേശത്തും ശുദ്ധജലം എത്തിക്കാം.

പട്ടിക തുടർച്ച

10	പൊൻപാറിൽ പ്രദേശം, കല്ലിടുമ്പ് പ്രദേശം, പാലക്കോട്ട ഭാഗം.	നിലവിലുള്ള വാട്ടർ അതോറിറ്റി സ്റ്റീം ജലസംഭരണ ശേഷിയും, ഉയരവും വർദ്ധിപ്പിക്കുകയും, ദിവസേന പമ്പിങ്ങ് ഏർപ്പെടുത്തുകയും, പൈപ്പ്ലൈൻശൃംഖല ദീർഘിപ്പിക്കുകയും ചെയ്താൽ പ്രശ്നം പരിഹരിക്കാം. നിലവിലുള്ളകാര്യമാടം കുഴൽകിണർ റിപ്പയർ ചെയ്യും, 3 പുതിയ കുഴൽ കിണറുകൂം സ്ഥാപിച്ചും പ്രശ്നം പരിഹരിക്കാം.
11	കണ്യാല, പാറക്കാതൊടി, കണ്യാല പള്ളിപടി, മുസ്ലിപടി, കുളക്കംപാറ, കണ്യാല വെസ്റ്റ്	ഈ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മിച്ച് പ്രശ്നം പരിഹരിക്കാം.

1. കുടിവെള്ള ക്ഷാമ ബാധിത പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

1-ാം വാർഡ്

വളരെ പിന്നോക്കം നിൽക്കുന്നതും, കുന്നിൻചരിവുകളും, മലകളുടെ ചരിവും നിറഞ്ഞ ഈ വാർഡിൽ ധാരാളം ജലസ്രോതസ്സുകളുണ്ട്. ഇവ ഉപയോഗപ്പെടുത്തിയാൽ ഈ വാർഡിന്റെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. അയ്യപ്പൻ ചോലയിൽ ഒരു തടയിണ നിർമ്മിച്ച് ജലസംഭരണി ഉണ്ടാക്കി പൈപ്പ്ലൈൻ ശൃംഖല വഴി ഈ വാർഡിന്റെ മുഴുവൻ താഴ്ന്ന പ്രദേശങ്ങളും മിക്കവാറും ഉയർന്ന പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കാൻ കഴിയും.

2-ാം വാർഡ്

കടലുണ്ടിപ്പുഴയുടെ തെക്കുഭാഗത്തായി കിടക്കുന്ന ഈ വാർഡിൽ പുഴയിൽ കിണറും പമ്പ്ഹൗസും സ്ഥാപിച്ച് ജലസംഭരണിയും പൈപ്പ്ലൈൻ ശൃംഖലയും ഉണ്ടാക്കിയാൽ ശുദ്ധജല പ്രശ്നം പരിഹരിക്കാൻ കഴിയും.

3-ാം വാർഡ്

1-ാം വാർഡിന്റെയും ഇതേ വാർഡിന്റെയും പടിഞ്ഞാറ് ഭാഗത്തുള്ള നെമ്മിനി മലയിൽനിന്നും ഒഴുകിവരുന്ന അരുവിയാണ് ഇവിടുത്തെ പ്രധാന ജലസ്രോതസ്സ്. ഈ അരുവിയിൽ മന്തംകുണ്ട് എന്ന പേരിലുള്ള കയം ഏതുവേനലിലും വറ്റാത്ത ഒരു സ്രോതസ്സാണ്. ഈ ഭാഗത്ത് ഒരു കിണറും പമ്പ് ഹൗസും സ്ഥാപിച്ച് പുറയൻമലയിൽ ഒരു ജലസംഭരണിയും നിർമ്മിച്ചാൽ ഈ പഞ്ചായത്തിന്റെതന്നെ അതിർത്തിയായ പള്ളിമുക്ക് മുതൽ മലഞ്ചെരിവിൽ താമസിക്കുന്ന കുടിയേറ്റ കർഷകർക്കും മറ്റു പ്രദേശങ്ങൾക്കും പുറമേ 4, 1 വാർഡുകളുടെ ചില പ്രദേശങ്ങൾക്കും ശുദ്ധജലം എത്തിക്കാൻ കഴിയും.

4-ാം വാർഡ്

വിസ്തൃതിയിലും ജന സാന്ദ്രതയിലും വലിയ വാർഡായ 4-ാം വാർഡിൽ ശുദ്ധജലക്ഷാമം രൂക്ഷമായ ഒട്ടനവധി പ്രദേശങ്ങൾതന്നെയുണ്ട്. 12-ഓളം കോളനികളിലായി താമസിക്കുന്ന ഹരിജനങ്ങളും ഒറ്റപ്പെട്ട ഹരിജൻ വീടുകളും താഴ്ന്ന വരുമാനക്കാരായ ഇതര പിന്നോക്ക വിഭാഗങ്ങളും തിങ്ങിപാർക്കുന്ന ഒരു പ്രദേശമായ ഈ വാർഡിന് കിഴക്കുഭാഗത്ത് വല്ലിയാർ പുഴ നല്ലൊരു ജലസ്രോതസ്സാണ്. ഈ ജല സ്രോതസ്സിനെ ഉപയോഗപ്പെടുത്തിയാൽ ഈ വാർഡിന്റെ മാത്രമല്ല 1, 2, 3, 10 എന്നീ വാർഡുകൂടി ശുദ്ധജലം എത്തിക്കാൻ കഴിയും. ചെമ്മന്തട്ട പ്രദേശത്ത് ഈ പുഴയിൽ ഒരു കിണറും പമ്പ്ഹൗസും നല്ലണാംപറമ്പിൽ ഒരു ശുദ്ധജലസംഭരണിയും ആവശ്യമായ പൈപ്പ്ലൈൻ ശൃംഖലയും സ്ഥാപിച്ചാൽ ഈ പ്രശ്നം മുഴുവനായും പരിഹരിക്കാൻ കഴിയും. കൂടാതെ കൊണ്ടിപറമ്പ് പള്ളിപടിയിലുള്ള കുഴൽകിണറിൽ ധാരാളം വെള്ളം ലഭ്യ

മാണെന്നതും ഈ പ്രദേശങ്ങൾക്കുള്ള ഒരു അനുഗ്രഹമാണ്. എന്നാൽ ഈ കുഴൽകിണറിൽനിന്നും ഇപ്പോഴും വാട്ടർ അതോറിറ്റിയുടെ ഒരു പദ്ധതിയുള്ളത് ശരിയായ രീതിയിൽ ഉപയോഗപ്രദമല്ല. ഒന്നിടവിട്ട ദിവസങ്ങളും മാത്രം പമ്പിങ്ങ്, വളരെ ചെറിയ ജലസംഭരണ ശേഷിയുള്ള ടാങ്ക്, ടാങ്കിന്റെ ഉയരക്കുറവ് എന്നിവ കാരണം പ്രയോജനം ശരിക്ക് ലഭിക്കുന്നില്ല. അതിനായി ജലസംഭരണി കൂടുതൽ ഉയരത്തിലും കൂടുതൽ ശേഷിയിലും നിർമ്മിച്ച് ദിവസേന പമ്പിങ്ങ് നടത്തിയാൽ 4-ാം വാർഡിന്റെ മിക്ക പ്രദേശങ്ങളും 3, 10, 6 എന്നീ വാർഡുകളുടെ ചില പ്രദേശങ്ങളും ശുദ്ധജലം എത്തിക്കാൻകഴിയും. ഇത് വളരെപെട്ടെന്ന് ഭാരിച്ച സാമ്പത്തിക ബാധ്യതയില്ലാതെ ചെയ്യാൻ കഴിയുന്ന പ്രവർത്തിയായതിനാൽ ജനങ്ങൾക്ക് എളുപ്പത്തിൽ പ്രയോജനപ്പെടുന്ന ഒരുപദ്ധതികൂടിയാണ്. കൂടാതെ ധാരാളം വെള്ളം ലഭിക്കുന്ന കുളങ്ങളിൽനിന്നും ചെറിയ ശുദ്ധജല പദ്ധതികളും നടപ്പിലാക്കാം.

5-ാം വാർഡ്

വല്ലിയാർപുഴയുടെ തീരത്തുള്ള ഈ പ്രദേശത്തിനും പുഴതന്നെയാണ് പ്രധാന ജലസ്രോതസ്സ്. മണിയാണിരി കടവിൽ കിണറും പമ്പ്ഹൗസും സ്ഥാപിച്ച് ഉയർന്ന സ്ഥലത്ത് ജലസംഭരണി നിർമ്മിച്ചാൽ ഈ വാർഡിനു പുറമെ 10, 11, 7, 6 വാർഡുകൾക്കുകൂടി ശുദ്ധജലം എത്തിക്കാൻ കഴിയും. കൂടാതെ ഇപ്പോഴും പണി പൂർത്തികരിച്ചിട്ടില്ലാത്തും എന്നാൽ പ്രാവർത്തികമാകാതുമായ നായടിക്കുന്ന് വാട്ടർ സപ്ലൈസ്കീം ഒന്നുകൂടി വിപുലീകരിക്കുകയാണെങ്കിൽ വാർഡിന്റെ കുറെ സ്ഥലങ്ങൾകൂടി ശുദ്ധജലം എത്തിക്കുവാൻ കഴിയും.

6-ാം വാർഡ്

ഈ വാർഡിലെ പ്രധാന സ്രോതസ്സുകൾ കുളങ്ങളും കിണറുകളുമാണ്. ധാരാളം വെള്ളം ലഭിക്കുന്ന പറമ്പുകളും ഭാഗത്ത് ഒരു കിണറു സ്ഥാപിച്ചാൽ പമ്പ്വെച്ച് വാർഡിന്റെ ഉയർന്ന പ്രദേശത്ത് ജലസംഭരണി സ്ഥാപിക്കുകയും പൈപ്പ്ലൈൻ വഴി വാർഡിന്റെ ശുദ്ധജലപ്രശ്നം പരിഹരിക്കാൻകഴിയും. നിലവിലുള്ള കിണറുകളും കുഴൽകിണറുകളും റിപ്പയർ ചെയ്യുകയും പുതിയ കുഴൽകിണറുകളും നിർമ്മിച്ചും പെട്ടെന്ന് ഈ പ്രശ്നത്തിനു പരിഹാരം കാണാവുന്നതാണ്.

7-ാം വാർഡ്:-

കിണറുകളും കുളങ്ങളും ശ്രോതസ്സായിട്ടുള്ള ഈ പ്രദേശത്ത് ധാരാളം വെള്ളം കിട്ടാവുന്ന വെട്ടപറമ്പിൽപാടം, വയങ്കരപാടം എന്നിവിടങ്ങളിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തി HS ഭാഗത്തെ ശുദ്ധ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

8ാം-വാർഡ്:-

കിണറുകളും കുളങ്ങളും തന്നെയാണിവിടത്തെ പ്രധാന സ്രോതസ്സ്. കോക്കാട്ട് ഹരിജൻ കോളനിയിൽ ഒരു കിണർ നിർമ്മിച്ച് പമ്പ്ചെയ്ത് പൈപ്പ് ലൈൻവഴി ഇവിടത്തെ ശുദ്ധ ജലക്ഷാമം പരിഹരിക്കാൻകഴിയും. അതുപോലെ 9-ാം വാർഡിലുള്ള വാട്ടർ അതോറിറ്റി പദ്ധതി വിപുലീകരിക്കാൻ കഴിഞ്ഞാൽ ഈ വാർഡിന്റെ മിക്ക പ്രദേശങ്ങളും കൂടി ശുദ്ധജലം എത്തിക്കാൻ കഴിയും. കല്ലുവെട്ടുകുഴി, പൈക്കടാംകുണ്ട്, അയ്യപ്പൻകാവ് പാറശ്ശേരിമുക്ക് എന്നിവിടങ്ങളിൽ ഓരോ കുഴൽ കിണർ കുഴിച്ച് പെട്ടെന്നു പ്രശ്ന പരിഹാരത്തിനു കഴിയും.

9-ാം വാർഡ്:

ഈ വാർഡിന്റെ കുടിവെള്ള പ്രശ്നത്തിനായി മുള്ള്യാകുർശ്ശിയിൽ വാട്ടർ അതോറിറ്റിയുടെ ഒരു പദ്ധതി പ്രവർത്തിക്കുന്നുണ്ടെങ്കിലും കാര്യക്ഷമമല്ല. ഒന്നിടവിട്ട ദിവസങ്ങളിൽ പമ്പിങ്ങ് നടത്തുന്ന ഈ പദ്ധതിക്ക് വളരെ ചെറിയ ടാങ്കും, ടാങ്കിനു ഉയരകുറവും, വേണ്ടത്ര വിതരണ ശൃംഖല ഇല്ലാത്തതും വലിയ പോരായ്മയാണ്. ഈ കിണറിൽ ധാരാളം വെള്ളം ലഭ്യമാണെന്നതിനാൽ ടാങ്കിന്റെ ഉയരവും സംഭരണശേഷിയും വർദ്ധിപ്പിച്ച് വിതരണ ശൃംഖല ദീർഘിപ്പിക്കുകയും ദിവസേന പമ്പിങ്ങ് നടത്തുകയും ചെയ്താൽ ഈ വാർഡിന്റെയും, 8-ാം വാർഡിന്റെയും മിക്ക പ്രദേശങ്ങളും കൂടി ശുദ്ധജലം എത്തിക്കാൻ കഴിയും.

10ാം-വാർഡ്:-

ഈ വാർഡിൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിനു സമീപമുള്ള ടാങ്കിലാണ് 4-ാം വാർഡിലെ കൊണ്ടിപറമ്പിലെ കുഴൽ കിണറിൽനിന്നും പമ്പ് ചെയ്യുന്ന വെള്ളം എത്തുന്നത്. എന്നാൽ ചെറിയ

ടാകായതിനാലും, ഉയരമില്ലാത്തതിനാലും, പമ്പിങ്ങ് ദിവസേന ഇല്ലാത്തതിനാലും. ഇത് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. ഈ ജലസംഭരണി ഉയർത്തി, സംഭരണശേഷി വർദ്ധിപ്പിച്ച് ദിവസേന പമ്പിങ്ങ് ഏർപ്പെടുത്തിയാൽ പൈപ്പ് ലൈൻ ശൃംഖല ദീർഘിപ്പിക്കുകയും ഈ വാർഡിന്റെ ശുദ്ധ ജലപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. കൂടാതെ പാലത്തിൻമുക്ക്, പൊൻപാറിൽഭാഗം കല്ലിട്ടമ്പ് എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിച്ച് പെട്ടെന്ന് താല്ക്കാലിക പ്രശ്നങ്ങൾ പരിഹരിക്കാം.

11-ാം-വാർഡ്

ഭൂരിഭാഗവും കിണറുകളെ ആശ്രയിക്കുന്ന ഈ വാർഡിൽ 5-ാം വാർഡിൽ പരിഹാരമായി നിർദ്ദേശിച്ചിട്ടുള്ള പദ്ധതി ഉപയോഗപ്പെടുത്തി പരിഹരിക്കാൻ കഴിയും. കുഴൽകിണറുകൾകുഴിച്ചും പരിഹാരം കാണാവുന്നതാണ്.

2 ചെറുകിട ശുദ്ധ ജല പദ്ധതികൾ-:

ചെറുകിട ശുദ്ധജലപദ്ധതികളെക്കുറിച്ച് എല്ലാ വാർഡുകളിൽ നിന്നും നിർദ്ദേശങ്ങൾവന്നിട്ടുണ്ട് VIII-ാം വാർഡിൽ കോക്കാട് ഹരിജൻ കോളനിയിൽ പദ്ധതിക്കായി അവിടത്തെ ജനങ്ങൾ 25 ശതമാനവും സാമ്പത്തിക ബാദ്ധ്യതയും. മനുഷ്യാധ്വാനവും സ്ലീമിന് വേണ്ട സ്ഥലവും വാഗ്ദാനം ചെയ്തിട്ടുണ്ട് 1, 4, എന്നീ വാർഡുകളിൽ നിന്നും മനുഷ്യാധ്വാനം വാഗ്ദാനം ചെയ്തിട്ടുണ്ട്. ആവശ്യമായ സ്ഥലവും വിട്ടുതരുവാൻ തയ്യാറാണ്. 4ാം വാർഡിലെ സ്ലീം വിപുലീകരിക്കൽ വഴി കുറഞ്ഞ സാമ്പത്തിക ബാദ്ധ്യതയിൽ പെട്ടെന്നും ചെയ്തുതീർക്കാൻ പറ്റുന്ന പ്രവർത്തിയായതിനാൽ 4, 10, 3, വാർഡുകളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവർക്ക് പെട്ടെന്ന് പ്രയോജനപ്പെടുത്താൻ സാധിക്കും. അതുപോലെ 9-ാം വാർഡിലെ പദ്ധതി വിപുലീകരിച്ചാൽ 9, 8, എന്നീ വാർഡുകളുടെയും പ്രശ്നം പരിഹരിക്കാൻ കഴിയും.

3 ഇടത്തരം പദ്ധതികൾ:-

3-ാം വാർഡിൽ നിർദ്ദേശിച്ചിട്ടുള്ള മന്തംകുണ്ട് പദ്ധതി 1, 3 വാർഡുകളുടെ ഉയർന്ന സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവർക്ക് ശുദ്ധജലം ലഭ്യമാക്കാവുന്ന ഒരുഇടത്തരം പദ്ധതിയാണ് അതുപോലെ 5-ാംവാർഡിൽ നിർദ്ദേശിച്ച മണിയാണിരി കുടവ് പദ്ധതി 5, 7, 10, 11 വാർഡുകൾക്ക് ശുദ്ധ ജലം എത്തിക്കാവുന്ന ഒരു ഇടത്തരം പദ്ധതിയാണ്.

4 പഞ്ചായത്ത്തല പദ്ധതി

4-ാം വാർഡിൽ നിർദ്ദേശിച്ച ചെമ്മന്തട്ട പുഴയിൽ കിണറും പമ്പ്ഹൗസും നിർമ്മിച്ച് വളരെ ഉയർന്ന പ്രദേശമായ നല്ലണാംപറമ്പിൽ ജലസംഭരണി നിർമ്മിച്ച് പൈപ്പ്ലൈൻ ശൃംഘല സ്ഥാപിക്കൽ ഒരു പഞ്ചായത്ത്തല പദ്ധതിയായി കണക്കാക്കാം. ഈ പദ്ധതികൊണ്ട് കീഴാറൂർ പഞ്ചായത്തിന്റെ മുഴവൻ കുടിവെള്ളപ്രശ്നവും പരിഹരിക്കാൻ കഴിയും.

പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ:-

1. പുതിയ പദ്ധതികൾക്കായി ജനങ്ങളും മനുഷ്യാധ്വാനവും അതിനുവേണ്ടുന്നസ്ഥലങ്ങളും കൂടാതെ സാമ്പത്തിക ബാധ്യത കുറഞ്ഞതോതിലും വാഗ്ദാനം ചെയ്തിട്ടുള്ളത് ഉപയോഗപ്പെടുത്തൽ ഒരു വലിയ നിർദ്ദേശമാണ്. 8, 4, 1, 10 എന്നീ വാർഡുകളിലെ വിശേഷാൽ ഗ്രാമസഭകളും ഇതിന് ഒരു മാതൃകയാണ്.

2. പദ്ധതികളും ഉണ്ടാവുമ്പോൾ അവ നേരിടുന്ന വലിയ ഒരു പ്രശ്നം അതിന്റെ കാലാകാലങ്ങളിലെ അറ്റകുറ്റപണികളും ദിവസേനയുള്ള പരിപാലനവുമാണ്. കുടിവെള്ള പദ്ധതിയാവുമ്പോൾ മോട്ടോർ റിപ്പയർ, പൈപ്പ്ലൈൻ റിപ്പയർ എന്നിവയാണ് കൂടുതൽ ബാധിക്കുന്ന പ്രശ്നങ്ങൾ അതിനാൽ പദ്ധതി ചിലവിൽതന്നെ ഉൾപ്പെടുത്തി ഇതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം ഉള്ളവരെ വാർത്തെടുക്കാൻ പരിശീലന പരിപാടികളും അത്യന്താപേക്ഷിതമാണ്.

3. ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികളും കുഴിച്ചും വരമ്പുകളിട്ടും മഴവെള്ള സംഭരണം വർദ്ധിപ്പിക്കാൻ കഴിയും.

4 ഇതിനുവേണ്ടി ബോധവൽക്കരണം നടത്തണം.

5. നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകളും നിർമ്മിച്ചാൽ ജലാംശം നിലനിർത്താൻകഴിയും.

6. മഴവെള്ള സംഭരണത്തിന് കുഴികളും പൊട്ടകിണറുകളും ഉപയോഗപ്പെടുത്താവുന്നതാണ്.

ആരോഗ്യം

ആരോഗ്യം നമ്മുടെ മൗലിക അവകാശമാണ്. ജാതി-മത-വർഗ്ഗ-ദേശ-സാമ്പത്തിക പരിഗണനകളും ഇല്ലാത്ത എല്ലാവർക്കും ആരോഗ്യം ''ലോകാരോഗ്യ സംഘടന ലക്ഷ്യമിടുന്ന Health for all on 2000 AD'' ഫലപ്രാപ്തിയിൽ എത്തുവാൻ ജനപിന്തുണയോടുകൂടി ആരോഗ്യ, കുടുംബക്ഷേമ പ്രവർത്തനങ്ങളും ഊർജ്ജസ്വലമാക്കേണ്ടിയിരിക്കുന്നു.

ആരോഗ്യമെന്നാൽ ജനതയുടെ ശാരീരികവും മാനസികവും, സാമൂഹികവുമായ സുസ്ഥിരതയാണ്. രോഗമില്ലാത്തതും വൈകല്യം ഇല്ലാത്തതുമായ ഈ അവസ്ഥയിൽ എത്തിച്ചേരുവാൻ മലിനീകരണം ഇല്ലാത്ത പരിസ്ഥിതിയും ശുദ്ധമായ കുടിവെള്ളവും ശരിയായ ആരോഗ്യ ശീലങ്ങളും ജനങ്ങളിൽ വളർത്തി എടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

1971 ൽ കൊണ്ടിപറമ്പിൽ സ്ഥാപിതമായ ഗവ: റൂറൽ ഡിസ്പെൻസറിയാണ് പഞ്ചായത്തിലെ ആധുനിക ചികിത്സാരംഗത്തെ പ്രഥമ സ്ഥാപനം. ഇന്ന് അത് ഒരു പ്രാഥമികാരോഗ്യ കേന്ദ്രമായി പുന്നാവനം ആസ്ഥാനമായി പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ ആയുർവ്വേദ/ഹോമിയോ ചികിത്സാ സംവിധാനങ്ങളും ഒന്നുംതന്നെ നിലവിലില്ല. പഞ്ചായത്തിലെ ജനങ്ങളും എല്ലാവിധ ആരോഗ്യപ്രശ്നങ്ങൾക്കും സമീപിക്കുന്നത് പ്രാഥമികാരോഗ്യകേന്ദ്രത്തെയാണ്.

പഞ്ചായത്തിലെ 30171 ഓളം വരുന്ന ജനസംഖ്യയിൽ 15092 എണ്ണം പുരുഷൻമാരും 15079 എണ്ണം സ്ത്രീകളുമാണ്. പഞ്ചായത്തിലെ ജനന നിരക്ക് 17.2 ഉം മരണനിരക്ക് 5.40 ഉം ശിശുമരണ നിരക്ക് ആണ്. പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ സ്ഥിതിവിവര കണക്കുകൾപ്രകാരം 6 വയസ്സിൽ താഴെയുള്ള 1180 കുട്ടികൾക്ക് ലഘുവായ പോഷണക്കുറവുള്ളതായും 469 കുട്ടികൾക്ക് മിതമായ പോഷണ കുറവും, 5 കുട്ടികൾക്ക് ഗുരുതരമായ പോഷണ കുറവും ഉള്ളതായി കണ്ടെത്തിയിരിക്കുന്നു.

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവെപ്പിൽ 1995-96 ൽ പഞ്ചായത്തിൽ ആശാവഹമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഇന്ത്യാ ഗവ: പോളിയോനിർമ്മാർജ്ജനത്തിന്റെ ഭാഗമായി നടപ്പാക്കിയ ''പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ'' 1994-95 ൽ 98% ലക്ഷ്യത്തിൽ എത്തുവാൻ പഞ്ചായത്തിനു സാധിച്ചു. 1994-95 വർഷത്തിൽ ഔട്ട് പേഷ്യന്റെ വിഭാഗത്തിൽ പി. എച്ച്. സി യിൽ 9769 രോഗികളെ പരിശോധിച്ചു. ഇതിൽ 97 ത്വക്ക് രോഗങ്ങളും ഉള്ളവരെയും, 45 വാതരോഗമുള്ളവരെയും പകർച്ചവ്യാധി ബാധിച്ച 689 പേരെയും മറ്റ് വിവിധ രോഗങ്ങളുള്ള 8938 പേരെയും കണ്ടെത്തിയിട്ടുണ്ട്. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിലവിലില്ല. 10 കിടക്കകളുള്ള വാർഡും, ഓപ്പറേഷൻ തിയേറ്ററും ആരോഗ്യ കേന്ദ്രത്തിൽ ഉണ്ടെങ്കിലും ശുദ്ധജല ദൗർലഭ്യംകാരണം പ്രസ്തുത വാർഡ് ഉപയോഗശൂന്യമായി കിടക്കുകയാണ്. നാഷണൽ മലേറിയ നിർമ്മാർജ്ജന പദ്ധതിയിലൂടെ കേരളത്തിൽ നിന്നും തുടച്ച നീക്കിയ മലമ്പനി വീണ്ടും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1695-96 കാലഘട്ടത്തിൽ പഞ്ചായത്തിൽ 3 മലമ്പനികേസുകൾ ഉണ്ടായിട്ടുണ്ട്. രോഗികളും എല്ലാവരും തന്നെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നു രോഗബാധിതരായി നാട്ടിലേക്ക് വന്നവരാണ്. രോഗം പരത്തുന്ന കൊതുകുശല്യം പഞ്ചായത്ത് പ്രദേശത്ത് വളരെ കൂടുതലായതിനാൽ മലമ്പനി ഒരു പകർച്ച വ്യാധിയായി പടരാൻ സാധ്യത വളരെ കൂടുതലാണ്. ആയതിനാൽ കൊതുകുനിവാരണ പ്രവർത്തനവും പരിസര ശുചീകരണ പ്രവർത്തനവും ആരോഗ്യ ബോധവൽക്കരണ പരിപാടികളും പഞ്ചായത്തിൽ അടിയന്തിരമായി ചെയ്യേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളുള്ള ആശുപത്രികളില്ല. വിദഗ്ദ ചികിത്സാസൗകര്യങ്ങളും ലഭ്യമല്ല. ഇതിനായി 12 കി. മി. ദൂരം സഞ്ചരിക്കേണ്ടതായിട്ടുണ്ട്. ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യകുടുംബക്ഷേമ പരിപാടി നടപ്പിലാക്കുകവഴി രോഗരഹിതവും, ആരോഗ്യപൂർണ്ണമായ ഒരു മാതൃകാപഞ്ചായത്ത് എന്നതാണ് നമ്മുടെ ലക്ഷ്യം.

സ്ഥാപനങ്ങളും സേവനങ്ങളും:-

കീഴാറൂർ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങളും താഴെപറയുന്നവയാണ്.

പ്രാഥമികാരോഗ്യകേന്ദ്രങ്ങളും	—	1
ആയുർവേദ ആശുപത്രി	—	ഇല്ല.
ഹോമിയോ ഡിസ്പെൻസറി	—	ഇല്ല.
ആരോഗ്യ ഉപകേന്ദ്രങ്ങളും	—	6.

പട്ടിക (ആരോഗ്യം) 1
പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനങ്ങളം	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1	പ്രാഥമിക ആരോഗ്യകേന്ദ്രം.	10	1971	12
2	കുടുംബക്ഷേമ ഉപകേന്ദ്രം	10		1
3	ആരോഗ്യ ഉപകേന്ദ്രം	1		1
4	ആരോഗ്യ ഉപകേന്ദ്രം	3		1
5	ആരോഗ്യ ഉപകേന്ദ്രം	5		1
6	ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രം	7		1
7	ആരോഗ്യ ഉപകേന്ദ്രം	9		1

പ്രാഥമികാരോഗ്യകേന്ദ്രം:-

കീഴാറ്റൂർ പഞ്ചായത്തിലെ 10-ാം വാർഡിൽ പെരിന്തൽമണ്ണ-പാണ്ടിക്കാട് റോഡിൽ പൂന്താവനം കഴിഞ്ഞ് ഏകദേശം 200 മീറ്റർ അകലെയായി ചരിത്രപ്രശസ്തമായ പൂന്താനം ഇല്ലത്തിനു സമീപമുള്ള ചെറിയ കുന്നിന്റെ മുകളിലായി പ്രാഥമികാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്നു. ഇതിനോടനുബന്ധിച്ച് ഐ. പി. പി. വാർഡും, ഓപ്പറേഷൻ തിയേറ്ററും ഉണ്ട്. ഈ കേന്ദ്രത്തിൽ ശുദ്ധജലം ലഭ്യമല്ലാത്തതിനാൽ ഇവ പ്രവർത്തന ക്ഷമമല്ല. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു തൊട്ട് വാട്ടർ അതോറിറ്റിയുടെ ജലസംഭരണി ഉണ്ടെങ്കിലും ഉയരകുറവുകാരണം ഇവിടേക്ക് വെള്ളം കയറുന്നില്ല. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഈ പ്രശ്നത്തിനു ഒരു പരിഹാരം കാണാൻകഴിയും. പഞ്ചായത്തിൽ മറ്റ് ആയുർവേദ, ഹോമിയോ ആരോഗ്യ സ്ഥാപനങ്ങളം ഒന്നും തന്നെ ഇല്ല. ജനസംഖ്യയിൽ നല്ല ശതമാനവും സ്ത്രീകളും കുട്ടികളുമായതിനാൽ ഈ ആശുപത്രിയിൽ ഒരു ഗൈനക്കോളജി വിദഗ്ദനും ശിശുരോഗ വിദഗ്ദനും അത്യാവശ്യമാണ്. ഈ കേന്ദ്രത്തിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം അത്യാവശ്യമായതുകൊണ്ട് ഒരു ഡോക്ടറെ കൂടി ഇവിടെ നിയമിച്ചാൽ മാത്രമെ ഇൻപേഷ്യൻറ് വാർഡ് സുഗമമായി പ്രവർത്തിക്കാൻ കഴിയൂ. ഇവിടെദിനംപ്രതി 100 മുതൽ 120വരെ രോഗികളം പരിശോധനക്കായി എത്തുന്നുണ്ട്, ഇവക്ക് അത്യാവശ്യ മരുന്നുകളം സ്ഥിരമായി ലഭിക്കേണ്ടതാണ്.

ആരോഗ്യ സംരക്ഷണ കാര്യത്തിൽ മരുന്നുകളോളമോ അതിലധികമോ പ്രാധാന്യം ബോധവല്ക്കരണ പ്രവർത്തനങ്ങൾക്കുണ്ട്. 1972ൽ ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച KERTARSINGH കമ്മറ്റി MPW സ്കീം പൂർണ്ണമായി നടപ്പായാൽ മാത്രമേ ഫീൽഡ് പ്രവർത്തനങ്ങളം കൂടുതൽ ഊർജ്ജസ്വലമാക്കാൻ കഴിയൂ. ഈ സ്കീം പ്രകാരം 5000 ജനങ്ങൾക്ക് ഒരു ആരോഗ്യ ഉപകേന്ദ്രവും അതിൽ ആവശ്യമായ ആരോഗ്യ പരിശോധകരും ആവശ്യമാണ്. കുടുംബക്ഷേമ പ്രവർത്തനങ്ങളം, മാതൃ ശിശു സംരക്ഷണം, പരിസര ശുചീകരണം, രോഗപ്രതിരോധ പ്രവർത്തനങ്ങളം, പ്രഥമ ശുശ്രൂഷകളം, ആരോഗ്യ വിദ്യാഭ്യാസം, ബോധവല്ക്കരണ ക്യാമ്പുകളം എന്നീ കാര്യങ്ങളം ആരോഗ്യ ഉപകേന്ദ്രം വഴി കാര്യക്ഷമമായി നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

കക്കൂസ്

പൊതുജനാരോഗ്യത്തെ കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽപ്രാധാന്യം അർഹിക്കുന്ന കാര്യമാണ് ശുചിത്വം. പരിസര ശുചിത്വം പാലിക്കാൻ പരമ പ്രധാനമായി വേണ്ടത് ഒന്നാണ് എല്ലാ വീടുകളിലും സാനിട്ടറി കക്കൂസുകളം. പഞ്ചായത്തിൽ 40% വീടുകളിൽ സാനിട്ടറി കക്കൂസുകളം ഇല്ല. വിരശല്യം വയറിളക്കരോഗങ്ങളം പ്രധാനമായും ഉണ്ടാവുന്നത് ശുചിത്വമില്ലായ്മയിൽനിന്നാണ്. ഗ്രാമസഭകളുടെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവക്കുള്ള പരിഹാരവും താഴെ കാണുംവിധം സംഗ്രഹിക്കാം.

തടസ്സകാരണം	പരിഹാരം
I സാമ്പത്തിക പരാധീനത	സർക്കാർ, അദ്ധ സർക്കാർ സ്ഥാപനങ്ങളും, സന്നദ്ധസംഘടനകളും തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്.
II സ്ഥലപരിമിതി (കോളനി, ജനങ്ങളും തിങ്ങിപാർക്കുന്ന സ്ഥലങ്ങളും)	പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ്.
III ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ	ആരോഗ്യ ബോധവൽക്കരണ യൂണിറ്റിന്റെ പ്രവർത്തനം ആരോഗ്യ പ്രവർത്തകരെ-ഉദ്യോഗസ്ഥരെ ബന്ധപ്പെടുത്തി അയൽ കൂട്ടങ്ങളിൽ ചർച്ചാ ക്ലാസ്സുകളും, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങളും, സ്ലൈഡ് വീഡിയോ

പരിസര ശുചിത്വം:-

വ്യവസായങ്ങളും ഒന്നുംതന്നെ ഇല്ലാത്തതിനാൽ തൻമൂലമുള്ള പരിസര മലിനീകരണം വളരെ കുറവാണ്. എങ്കിലും പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിൽനിന്നും ശുചീകരണത്തിന്റെ അഭാവത്തെക്കുറിച്ച് പരാതികളും ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. നഗരവല്ക്കരണ പ്രവണതയും ജനസംഖ്യാ വർദ്ധനവും മൂലം പ്രശ്നം കൂടുതൽ രൂക്ഷമാകാൻ സാധ്യതയുണ്ട് പൊതു ശുചീകരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽ സ്ഥിരമായ ജോലിക്കാരെ നിയമിക്കേണ്ടത് അത്യാവശ്യമാണ്. ഗ്രാമസഭകളിൽ ഈ വിഷയത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെപറയും പ്രകാരം ക്രമപ്പെടുത്തുന്നു.

1. റോഡരികിലും, വൃത്തിഹീനമായപരിസരങ്ങളിലുംമത്സ്യക്കച്ചവടം നടത്തുന്നത് നിർത്തലാക്കുക

2. വൃത്തിഹീനമായ ചുറ്റുപാടിൽ അറവു നടത്തുന്നത് നിരോധിക്കുക. ലൈസൻസ് ഇല്ലാത്ത അറവുശാലകൾ നിർത്തുവാൻ നിർദ്ദേശം നല്കുക.

3. ചിക്കൻ സ്റ്റാളുകളിൽനിന്ന് കോഴിയുടെ അവശിഷ്ടങ്ങളും പൊതുസ്ഥലങ്ങളിലും, അലക്ഷ്യമായും കളയുന്നത് കർശനമായി നിരോധിക്കുക.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വില്പന നടത്തുന്ന മത്സ്യ-മാംസങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നല്കുക. പഞ്ചായത്ത് പ്രദേശത്ത് മൊത്തമായി ഒരു അറവുശാല സ്ഥാപിച്ച് പരിശോധനാ വിധേയമാക്കിയ മൃഗങ്ങളെമാത്രം അറുക്കുന്നതിന് സംവിധാനം നടപ്പാക്കേണ്ടതാണ്. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ മലിനജലം ഒഴുക്കി കളയാൻ ഇന്ന് സംവിധാനമില്ല. ആയതിനാൽ മലിനജല നിർഗമന സംവിധാനങ്ങളും അടിയന്തിരമായി ഉണ്ടാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളും, ശീതളപാനീയശാലകളും എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കുകയും ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങളും നല്കേണ്ടതുമാണ്. ഇവിടങ്ങളിൽ ജോലിചെയ്യുന്നവർക്ക് ''ഹെൽത്ത് കാർഡ്'' സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. അങ്ങാടികളും ശുചിയാക്കുകയും, കച്ചവടക്കാരെ ബോധവൽക്കരിക്കുകയും ചെയ്യുന്നതോടൊപ്പം ആയവ പാലിക്കാത്തവരിൽനിന്ന് പിഴ ഈടാക്കാനുള്ള നടപടികളും കൈക്കൊള്ളേണ്ടതാണ്.

വർഷകാലത്തും, വരൾച്ചകാലത്തും പഞ്ചായത്തിൽ പ്രകർച്ച വ്യാധികളും പടർന്നുപിടിക്കാതിരിക്കാൻ കിണറുകളിൽ ക്ലോറിനേഷൻ, ഈച്ച നശീകരണം, കൊതുകുനിവാരണം എന്നീ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടപ്പാക്കേണ്ടതാണ്. ഈ സമയങ്ങളിൽ ആരോഗ്യ ശീലങ്ങളെക്കുറിച്ച് ബോധവൽക്കരണവും അത്യന്താപേക്ഷിതമാണ്. അടുക്കളയിലെ അവശിഷ്ടങ്ങളും, മലിനജലം എന്നിവ കമ്പോസ്റ്റാക്കി മാറ്റിയാൽ അടുക്കള തോട്ടത്തിൽ വളമായി ഉപയോഗിക്കാം. വീടിന്നടുത്ത് മലിനജലം കെട്ടികിടക്കുന്നത് തടയുക, കുത്താടികളും വളരുന്ന സ്ഥലത്ത് മരുന്ന് തളിച്ച് അവയെ നശിപ്പിക്കുക, പരിസരശുചീകരണത്തിന് വീട്ടമ്മമാർക്ക് വേണ്ട പരിശീലനം നൽകുക. എന്നിവയും ആവശ്യമാണ്.

പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ:-

1. ഹെൽത്ത് ക്ലബുകൾ

പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനും, യോഗാഭ്യാസത്തിനും ഉതകുന്ന ഒരു ഹെൽത്ത് ക്ലബ്ബ് പഞ്ചായത്തിന്റെ കീഴിൽ സ്ഥാപിക്കുക. ജനങ്ങളുടെ പ്രത്യേകിച്ച് യുവാക്കളുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്താൻ ഇത് സഹായകമാവും.

2. പൊതുശ്മശാനം:-

ജനസംഖ്യാ വർദ്ധനയും, നഗരവൽക്കരണവും, ഭൂമിയുടെവിലവർദ്ധനയും കാരണം ശവംമറവുചെയ്യൽ ഒരു വലിയ പ്രശ്നമായി തീർന്നിരിക്കുന്നതിനാൽ പഞ്ചായത്തിൽ പൊതുശ്മശാനം കണ്ടെത്തുന്നത് അത്യാവശ്യമായിരിക്കുന്നു. VIII-ാം വാർഡിലെ കല്ലുവെട്ടുകുഴി വഴി കോക്കാട് ഹരിജൻ കോളനിയിലേക്കുള്ള റോഡരികിലുള്ള കുഷ്ടിച്ച് $1\frac{1}{2}$ ഏക്കർ പുറമ്പോക്ക് ഭൂമി പൊതുശ്മശാനമായി ഉപയോഗപ്പെടുത്താമെന്നും ഗ്രാമസഭാറിപ്പോർട്ടിൽ നിയോഗിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ സാധ്യത ആരായണം.

3. ഹെൽത്ത് കാർഡ് സംവിധാനം

ചികിത്സാ രംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്. ചികിത്സക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യ നിലയെ കുറിച്ചുള്ള വിവരങ്ങളും രോഗ നിർണ്ണയം വേഗത്തിലും കുറ്റമറ്റതാക്കാൻ സഹായിക്കും. ആരോഗ്യ പ്രവർത്തകരും, സന്നദ്ധപ്രവർത്തകരും ഒരുമിച്ച് ഇത് നടപ്പിലാക്കാവുന്നതാണ്. രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങളും ഇതിൽ രേഖപ്പെടുത്തുകയും, ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

കാലഹരണപ്പെട്ട നിയമങ്ങൾ:-

പ്രയോഗക്ഷമത നഷ്ടപ്പെട്ടതും, കാലഹരണപ്പെട്ടതുമായ 'മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്', 'ട്രാവൻകൂർ കൊച്ചി പബ്ലിക് ഹെൽത്ത് ആക്ട്' എന്നീനിയമാവലികളും കാലോചിതമായി പുതുക്കി ആരോഗ്യ രംഗത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽഫലപ്രദമാക്കാനുതകുന്ന നിയമനിർമ്മാണം നടപ്പാക്കേണ്ടതാണ്.

പഞ്ചായത്തു നിവാസികളുടെ പൊതു ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി, പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം, മയക്കുമരുന്ന് എന്നിവ പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങളും വഴി നിയന്ത്രണ വിധേയമാക്കാവുന്നതാണ്. രക്ത ദാനത്തെകുറിച്ച് ജനങ്ങളിൽ നിലവിലുള്ള ഭയാശങ്കകളും ദൂരീകരിക്കുക. നേത്ര ദാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുക.

നിലവിലുള്ള ആരോഗ്യ സംവിധാനങ്ങളും പൂർണ്ണമായി ഉപയോഗപ്പെടുത്തി, ബഹുജന പങ്കാളിത്തത്തോടെ കാര്യക്ഷമമായി പ്രവർത്തിച്ചാൽ 'എല്ലാവർക്കും ആരോഗ്യം' എന്ന ലക്ഷ്യം കീഴാറൂർ ഗ്രാമപഞ്ചായത്തിന് അനായാസംകൈവരിക്കാൻകഴിയും. അതിനായി നമുക്ക് കൂട്ടായി പ്രവർത്തിക്കാൻ ശ്രമിക്കാം.

പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ് തിരിച്ച് സ്ഥിതി വിശേഷവും

വാർഡ്	സ്ഥാപനങ്ങൾ		കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
	പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ			
1,3,5,7,9	ആരോഗ്യ ഉപകേന്ദ്രം	ഇല്ല.	പനി, വിളർച്ച, ദന്തരോഗങ്ങൾ, ചൊറി	പ്രവർത്തനം തൃപ്തികരമല്ല. സ്റ്റാഫ് ഉണ്ട്. അത്യാവശ്യ മരുന്നുകളില്ല. ഡോക്ടർ സന്ദർശനമില്ല.	ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കുക. ആഴ്ചയിലൊരിക്കൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക.
2,4,6,8,11	ഒന്നും തന്നെ ഇല്ല.	ഇല്ല.	പനി, വിളർച്ച, ദന്തരോഗങ്ങൾ, ചൊറി	ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ല.	ഈവാർഡുകളിൽഓരോ ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിച്ച് ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

വാർഡ്	സ്ഥാപനങ്ങൾ		കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
	പൊതുസ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ			
10	പ്രാഥമിക ആരോഗ്യ കേന്ദ്രം കുടുംബക്ഷേമ കേന്ദ്രം	ഇല്ല.	ചൊറി, പനി, വിളർച്ച, ദന്തരോഗങ്ങൾ	സുഗമമായ പ്രവർത്തനത്തിനാവശ്യമായ ശുദ്ധജലം ലഭ്യമല്ലാത്തതിനാൽ പ്രവർത്തനം വളരെ മോശം. 10 കിടക്കകളുള്ള വാർഡ് പ്രവർത്തനക്ഷമമല്ല. സ്റ്റാഫ് ആവശ്യത്തിനുണ്ടെങ്കിലും ഒരു ഡോക്ടറുടെ കൂടി സേവനം ആവശ്യമുണ്ട്. അത്യാവശ്യ മരുന്നുകൾ ലഭ്യമല്ല.	ആരോഗ്യകേന്ദ്രത്തിനാവശ്യമായ ശുദ്ധജലം എത്തിച്ച് മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമാക്കി ആവശ്യത്തിനുള്ളമരുന്നുകൾ എത്തിക്കുകയും ചെയ്താൽ ഇതിന്റെ ഗുണം ലഭ്യമാക്കുക. ഇതിനോടനുബന്ധിച്ച് ഒരു ദന്തരോഗ വിഭാഗം കൂടി തുടങ്ങണം. ഇവിടേക്കുള്ള റോഡ് ടാർചെയ്ത് ഗതാഗതയോഗ്യമാക്കണം. ഒരു ഗൈനക്കോളജി ഡോക്ടറുടെ സേവനം കൂടി ലഭ്യമാക്കണം.

ഊർജ്ജം

വികസനത്തിന്റെ പാതയിൽ ഊർജ്ജവും ഊർജ്ജ സ്രോതസ്സുകളുടേയും പ്രാധാന്യം വളരെ വലുതാണ്. നമ്മുടെ പഞ്ചായത്തിൽ പ്രധാനമായ ഊർജ്ജ സ്രോതസ്സ് വൈദ്യുതിയും വിറകുമാണ്. മണ്ണെണ്ണ, പാചകവാതകം എന്നിവയും താരതമ്യേന കുറവായി ജൈവവാതകവും ഉപയോഗിക്കുന്നു. സൗരോർജ്ജം ശാസ്ത്രീയമായി ഉപയോഗിക്കുന്നില്ല.

വൈദ്യുതി

1974-ൽ പട്ടിക്കാട് ഹൈസ്കൂൾ ഭാഗത്താണ് നമ്മുടെ പഞ്ചായത്തിൽ വൈദ്യുതിയുടെ വെള്ളി വെളിച്ചം ആദ്യമായി പ്രകാശിക്കുന്നത്. 22 വർഷം കഴിഞ്ഞിട്ടും പഞ്ചായത്തിൽ ഭാഗികമായിട്ടേ വൈദ്യുതി എത്തിയിട്ടുള്ളൂ. ഈ പഞ്ചായത്തിന്റെ ഭൂപ്രദേശത്ത് 2650 വൈദ്യുതി ഉപഭോക്താക്കൾ ഉണ്ടെങ്കിലും വൈദ്യുതി ബോർഡിന്റെ ഒരു ഓഫീസ് പോലും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. വൈദ്യുതി സംബന്ധമായ എല്ലാകാര്യങ്ങൾക്കും ഏകദേശം 15 കിലോമീറ്റർ ദൂരത്തുള്ള മേലാറ്റൂർ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിനെ സമീപിക്കേണ്ട ദുരവസ്ഥയാണ് ഈ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾക്കുള്ളത്. കറന്റ് ബില്ല് സ്വീകരിക്കുന്നതിനുവേണ്ടി ഈ പഞ്ചായത്തിലെ തച്ചിങ്ങനാടം പട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്കുകളിൽ മാസത്തിൽ 2 തവണ ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥന്മാർ വരുന്നുണ്ടെന്നൊരു സൗകര്യം മാത്രമാണ് ഇപ്പോഴുള്ളത്. പെരിന്തൽമണ്ണയിലുള്ള 66 K. V. സബ്സ്റ്റേഷനിൽനിന്നും മഞ്ചേരി 110 K. V. സബ്സ്റ്റേഷനിൽനിന്നുമാണ് ഈ പഞ്ചായത്തിലേക്ക് വൈദ്യുതി വരുന്നത്. മൊത്തം ഉപഭോക്താക്കളിൽ 80% ഗാർഹിക ഉപഭോക്താക്കളാണ്. 10% കാർഷിക ഉപഭോക്താക്കളും 8% വ്യാപാര ആവശ്യത്തിനുള്ള ഉപഭോക്താക്കളും 2% വ്യവസായ ഉപഭോക്താക്കളുമാണ് പഞ്ചായത്തിലുള്ളത്.

അധികൃതരുടെ കണക്കുകൾ അനുസരിച്ച് 16 ട്രാൻസ്ഫോർമറിൽ എല്ലാംതന്നെ അമിതമായ കണക്ഷൻകൊണ്ട് പ്രയാസമനുഭവിക്കുന്നവയാണ്. പഞ്ചായത്തിൽ ആവശ്യമായ ട്രാൻസ്ഫോർമറുകളുടെ കുറവുകാരണം ശ്രദ്ധമായ വോൾട്ടേജ് ക്ഷാമം പഞ്ചായത്തിൽ അനുഭവപ്പെടുന്നു. തുടർച്ചയായ പവർകട്ട് പഞ്ചായത്തിലെ ജനങ്ങളേയും വ്യവസായങ്ങളേയും വളരെയേറെ പ്രതിസന്ധിയിലാക്കുന്നു. മരങ്ങൾക്കിടയിൽകൂടി വൈദ്യുതിലൈൻ വലിച്ചതു കാരണം വൃക്ഷശിഖരങ്ങൾ മുറിഞ്ഞുവീഴുമ്പോൾ മിക്കപ്പോഴും വൈദ്യുതി മുടങ്ങുന്നു.

1 നെൻമിനി-പരിയാരം ഭാഗവും നല്ലൂർ ഭാഗവും മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ മുൻഗണനാ ലിസ്റ്റിലുണ്ട്. വീടുകൾ വയറിംഗ് കഴിഞ്ഞ് കണക്ഷൻ കാത്തിരിക്കുന്നുവെങ്കിലും ഡിപ്പാർട്ടുമെന്റിൽ നിന്ന് സാധന സാമഗ്രികൾ കിട്ടാത്തതുകൊണ്ട് ലൈൻവലിച്ച് കണക്ഷൻ നല്കാൻ കഴിഞ്ഞിട്ടില്ല. മൂന്നാം വാർഡിൽ മാഞ്ചീരിത്തൊടി ഹരിജൻ കോളനി, അരീച്ചോല ചോലക്കൽമുക്ക്, മുത്തപ്പൻകുണ്ട്, രണ്ടാം വാർഡിൽ വാരിയത്ത് ഹരിജൻ കോളനി, കോഴിശ്ശീരികുണ്ട്. നാലാം വാർഡിൽ പടിഞ്ഞാറേകുണ്ട്, തോട്ടപ്പായയുടെ കിഴക്കേ കരകാഞ്ഞിരകുളം, ത്രാവോട്ട് ഹരിജൻകോളനി, പൂക്കോട്ടിൽ ഹരിജൻകോളനി, പാണക്കുണ്ട്, ചെമ്മന്തട്ട ചൂരക്കുത്ത് ഭാഗം, അരിമ്പൂത്തുമുക്ക, 6-ാം വാർഡിൽ പറമ്പൂർ വടക്കേകര കോളനി, വഴന്തോട് വാരിയത്ത് കോളനി എന്നിവിടങ്ങളിലും പള്ളിപ്പറമ്പ് മുതൽ തലാച്ചോല കോളനി വരെയും പത്താം വാർഡിൽ പൂത്താംതൊടി, പുൽപ്പാറഭാഗം, ലക്ഷംവീട്, ചക്കുഴി, പാലക്കോട്, ആക്കപ്പറമ്പിന്റെ പടിഞ്ഞാറുഭാഗം, ഒൻപതാം വാർഡിൽ കൊടിമരം, കാഞ്ഞിരംപാറ, മുള്ള്യാകുർശ്ശി ഹരിജൻ കോളനി, കൊളമുറോഡിൽ വൈദ്യുതി എത്താത്ത ഭാഗം, പതിനൊന്നാം വാർഡിൽ കണ്ണ്യാലയിൽ വൈദ്യുതീകരണത്തിന് അവശേഷിക്കുന്ന ഭാഗം വൈദ്യുതീകരിക്കുക. എട്ടാം വാർഡിൽ വൈദ്യുതീകരണത്തിന് അവശേഷിക്കുന്ന ഭാഗം വൈദ്യുതീകരിക്കുക. ഏഴാം വാർഡിൽ പഴംകുളം ഭാഗം, കാര്യവട്ടം മരയ്ക്കാരംപാറ ലൈൻ, അഞ്ചാം വാർഡിൽ വൈദ്യുതീകരിക്കാത്ത ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കണം.

പഞ്ചായത്തിലെ വൈദ്യുത ഉപഭോക്താക്കളിൽ 2158 പേർ ഗാർഹിക ഉപഭോക്താക്കളും 210 പേർ വ്യാപാര ആവശ്യത്തിനുള്ള ഉപഭോക്താക്കളും 32 കണക്ഷനുകൾ വ്യാവസായിക ആവശ്യത്തിനും, 250 കണക്ഷനുകൾ കാർഷിക ആവശ്യത്തിനുമാണ് നല്കിയിട്ടുള്ളത്. ഓർഡിനറി വിഭാഗത്തിൽ കണക്ഷൻ ലഭിക്കാൻ അപേക്ഷിച്ച് കാത്തിരിക്കു

ന്നവരുടെ എണ്ണം 299ഉം ഒ. വൈ. ഇ. സിയിൽ 23ഉം ആണ്. പഞ്ചായത്തിൽ 60 വാട്ടിന്റെ 190 സ്ട്രീറ്റ് ലൈറ്റുകളും പതിനാല് സോഡിയം വേപ്പർ ലാമ്പുകളും ഉണ്ട്. സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതിമാസം പഞ്ചായത്ത് 1508 രൂപ അടയ്ക്കുന്നുണ്ട്. തൻ വർഷത്തെ വൈദ്യുത കണക്ഷൻ പഞ്ചായത്തിൽ ഓർഡിനറി 3, ഒ. ടി. പി. 10, ഒ. വൈ. ഇ. സി. 122 എന്നിങ്ങനെയാണ്. കോക്കാട് ഹരിജൻ കോളനി, നെച്ചിക്കുന്ന് ഹരിജൻ കോളനി, പള്ളിക്കത്ത് ഹരിജൻകോളനി, നവോദയഹരിജൻ കോളനി, വട്ടാടികോളനി, എന്നിവ വൈദ്യുതീകരിച്ച കോളനികളാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

2. മരച്ചില്ലകളും മറ്റും മുറിച്ചുമാറ്റാത്തത് വൈദ്യുതി പ്രസരണ നഷ്ടമുണ്ടാക്കുന്നു. ഇത് ഒരു സ്ഥിരം പ്രശ്നമാണ്.

3. പഞ്ചായത്തിൽ അംഗീകരിച്ചതും അല്ലാത്തതുമായ 32 ഹരിജൻകോളനികളും ഉണ്ട്. ഇവയിൽ 5 എണ്ണത്തിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ

4. സ്ട്രീറ്റ് ലൈറ്റുകളും (ബൾബ്) സോഡിയം വേപ്പർ ലാമ്പുകളും എന്നിവ തീരെ ഇല്ലാത്ത വാർഡുകളും ഉണ്ട്.

5. കെ. എസ്. ഇ. ബി. രജിസ്റ്ററുകളിൽ കാണുന്നതിനേക്കാളും എത്രയോ അധികം വൈദ്യുതി ഉപയോഗിക്കുന്നു.

6. പല പ്രദേശങ്ങളിലും വായിക്കാൻ പോലും കഴിയാത്ത അത്രയും വോൾട്ടേജ് ക്ഷാമം ഉണ്ട്.

7. ട്രാൻസ്ഫോർമറുകൾ അധിക ഭാരം താങ്ങുന്നതുകൊണ്ട് വോൾട്ടേജ് പ്രശ്നം ഉണ്ട്.

8. കെ. എസ്. ഇ. ബി. യിൽ ജോലിക്കാരുടെ എണ്ണം നികത്താത്തത് ഒരു വലിയ പ്രശ്നമാണ്

9. രണ്ടായിരത്തിലധികം ഉപഭോക്താക്കൾ ഉണ്ടെങ്കിലും ഒരു കെ. എസ്. ഇ. ബി. ഓഫീസ് പഞ്ചായത്തിൽ ഇല്ലാത്തത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

സാധ്യതകൾ

പ്രേക്ഷണ വിതരണ രംഗങ്ങളിൽ വരുന്ന തകരാറുകൾ വോൾട്ടേജ് കുറക്കാനും വൈദ്യുതി നഷ്ടത്തിനും കാരണമാകുന്നു. മരച്ചില്ലകൾ തക്ക സമയത്ത് വെട്ടിമാറ്റുകയും മരങ്ങൾ തിങ്ങിനിൽക്കുന്ന ഭാഗത്തു കൂടി ലൈൻ വലിക്കുമ്പോൾ ലൈൻ സീലിംഗിന് സംവിധാനമുണ്ടാകണം. മിക്ക ഗ്രാമസഭകളും സ്ട്രീറ്റ് ലൈറ്റുകൾക്കും സോഡിയം വേപ്പർ ലാമ്പുകൾക്കും വേണ്ടി നീണ്ട പട്ടിക നിരത്തിയിട്ടുണ്ട്. ഫണ്ടിന്റെ പരിമിതിയും ആവശ്യങ്ങളുടെ തീവ്രതയും കണക്കിലെടുത്ത് അവയ്ക്ക് മുൻഗണന നൽകേണ്ടതാണ്.

സ്ട്രീറ്റ് ലൈറ്റുകൾക്കും സോഡിയം വേപ്പർ ലാമ്പുകൾക്കും വേണ്ടി ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ

I 1. ഒന്നാം വാർഡിൽ വാർഡിന്റെ വിവിധ ഭാഗങ്ങളിലായി 290ഓളം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം

II 2. രണ്ടാം വാർഡിൽ ഒറവംപുറം, പള്ളിപ്പടി, വില്ലേജ്പടി, തോട്ടിൻറിക്കര, ആലുങ്കൽ, കോഴിശ്ശേരികുണ്ട് കാരകുഴി, ബംഗ്ലാവിൻകുന്ന്, കരിമ്പനാംകുന്ന്, വാരിയത്തുംപടി. എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം

III 3 മന്തംകുണ്ട് റേഷൻകടക്ക് സമീപം, മന്തംകുണ്ട് തോട്ടിങ്ങൽ, അരീച്ചോലകാരപ്പാറ, അരീച്ചോല ഹരിജൻ കോളനി റോഡ് ജംഗ്ഷൻ, അരീചോല പള്ളിപടി, കയലോട്ട്, അമ്പലപ്പടി, നെന്മിനിചർച്ച് പരിസരം മന്തംകുണ്ട്, അരീച്ചോല റോഡ് ജംഗ്ഷൻ, എന്നിവിടങ്ങളിൽ

IV 4. ആലിക്കൽകുന്ന്, കൊണ്ടിപറമ്പ് പള്ളിപ്പടി, തച്ചിങ്ങനാടം ബാങ്ക് ജംഗ്ഷൻ, ചെമ്മന്തട്ട—കീഴാറ്റൂർറോഡ് ജംഗ്ഷൻ, കാഞ്ഞിരക്കുളം ടിപ്പുസുൽത്താൻ റോഡ് ജംഗ്ഷൻ, മന്തംകുണ്ട്—നെൻമിനിറോഡ് ജംഗ്ഷൻ എന്നിവിടങ്ങളിലും പ്രധാന വഴിയോരങ്ങളിലും

V 5. പറമ്പോട്, കുഴിച്ചിട്ടകല്ല്, ആലിക്കൽ പറമ്പ്

VI 6. ആറാം വാർഡിൽ പത്തൊൻപതുമുതൽ സി. യെം. മൂവീസ്വരെയും
പത്തൊൻപതു മുതൽ വഴങ്ങോട് കിഴക്കേ കുന്നുവരെയും കമാനം മുതൽ വഴങ്ങോട് വരെയും സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിക്കണം.

VII ഏഴാം വാർഡിൽ മണ്ണാർമല-മരക്കാരുപാറ റോഡിൽലൈറ്റ്, കല്ലിങ്ങൽപാമ്പിൽ ഹരിജൻ കോളനിയിൽ വൈദ്യുതി എത്തിക്കുക.

VIII എട്ടാം വാർഡിൽ എല്ലാ പൊതുവഴികളിലും സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിക്കുക. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളും കാര്യക്ഷമമാക്കുക. ഉപയോഗപ്രദമല്ലാത്ത സോഡിയം വേപ്പർ ലാമ്പുകളും റിപ്പയർ ചെയ്യുക.

IX ഒൻപതാം വാർഡിൽ കൊടിമരം, പരപ്പ് തോടിനുസമീപം പീടികപ്പടി യു. പി. സ്കൂൾ പരിസരം, എൽ. പി. സ്കൂൾ പരിസരം. മേൽമുറിപള്ളിപരിസരം, വലിയപറമ്പ്പള്ളി പരിസരം, കൊളമ്പ്ഭാഗം, ശാന്തപുരം കോളേജിനു സമീപം, മുള്ള്യാകുർശ്ശിപള്ളിക്കു സമീപം

X പത്താം വാർഡിൽ മൈൻറോഡിലും കീഴാറ്റൂർ റോഡിലും

XI പതിനെട്ടിൽ നിന്നും കണ്ണ്യാല മദ്രസ്സവരെ സ്ട്രീറ്റ്ലൈറ്റ്, പതിനെട്ടിൽനിന്നും പാറക്കത്തൊടി റോഡിൽ സ്ട്രീറ്റ് ലൈറ്റ്, പറമ്പൂർ കണ്ണ്യാലറോഡിൽ സ്ട്രീറ്റ് ലൈറ്റ്.


എല്ലാ വാർഡുകളിലും പ്രധാനപ്പെട്ട നാലോ, അഞ്ചോ സ്ഥലങ്ങളിൽ സോഡിയംവേപ്പർ ലാമ്പുകളും സ്ഥാപിക്കണം. ഇതിനുള്ള നിർദ്ദേശങ്ങളും ഗ്രാമസഭാ റിപ്പോർട്ടിൽ ഉണ്ട്. പഞ്ചായത്തിൽ പല സ്ഥലങ്ങളിലായി പുതിയ ട്രാൻസ്ഫോർമറുകളുടെ ആവശ്യം വരുന്നുണ്ട്. അതിനുപുറമെ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടേണ്ടതുണ്ട്. പട്ടിക്കാട് മുഖാപടി ട്രാൻസ്ഫോർമർ കപ്പാസിറ്റി കൂട്ടേണ്ടതുണ്ട്. ആക്കപ്പറമ്പിലെ ട്രാൻസ്ഫോർമറിന്റെ ശക്തി വർദ്ധിപ്പിക്കുക. മുള്ള്യാകുർശ്ശി കൊടിമരത്തിനു സമീപം ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക. കമാനത്തിങ്ങൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക ആലിക്കൽപ്പറമ്പ് കീഴാറ്റൂർ ജംഗ്ഷനിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക. തോട്ടപ്പായയിലും ചെമ്മന്തട്ടയിലും ഓരോ ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുക. നല്ലൂർ ഭാഗത്ത് ഒരു ട്രാൻസ്ഫോർമർ വേണം. സിംഗിൾ ഫേസുകളെ 3 Phase ലൈനുകളാക്കിമാറ്റണം. പഞ്ചായത്തിൽ ഒരു പുതിയ ഇലക്ട്രിസിറ്റി ഓഫീസ് തുടങ്ങണം.

പഞ്ചായത്തിലെ ജനങ്ങളുടെ മറ്റൊരു ഊർജ്ജ സ്രോതസ്സ് വിറകാണ്. വൃക്ഷങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നതും പാർപ്പിടങ്ങളുടെ വർദ്ധനവും വിറകിന്റെ ദൗർലഭ്യത്തിനു കാരണമാണ്. മണ്ണെണ്ണയാണ് വിറകിനു പകരം കുറച്ചൊക്കെ ഉപയോഗിക്കുന്നത്. ഗാർഹിക ആവശ്യത്തിനും കാർഷിക ആവശ്യത്തിനുമായി പഞ്ചായത്തിൽ 556 മണ്ണെണ്ണ പെർമിറ്റുകളും ഉണ്ട്. ഈ പെർമിറ്റിലൂടെ 95-96 വർഷത്തിൽ 19,133 ലിറ്ററും കാർഡുവഴി 193700 ലിറ്ററും മണ്ണെണ്ണ ഉപയോഗിക്കുന്നു. ഗോബർ ഗ്യാസ് പ്ലാന്റുകളും പഞ്ചായത്തിൽ 12 എണ്ണം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അവയിൽ പലതും പ്രവർത്തനക്ഷമമല്ല. 106 ഗ്യാസ് കണക്ഷനുകളും പഞ്ചായത്തിലുണ്ട്. മതസ്ഥാപനങ്ങൾക്കും ഗ്രന്ഥശാലകൾ, സാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവക്കും വൈദ്യുതി സൗജന്യവും വൈദ്യുതി നൽകുന്നതിന് മുൻഗണന കൊടുക്കേണ്ടതുമാണ്. കാർഷിക ആവശ്യങ്ങൾക്ക് സൗജന്യ വൈദ്യുതിയും വൈദ്യുതി ലഭിക്കാൻ മുൻഗണനയും വേണം. നെൻമിനി മലയിൽ ഒരുകാറ്റാടിയന്ത്രം സ്ഥാപിച്ച്

വൈദ്യുതി ഉൽപാദനം നടത്താവുന്നതാണ്. സൗരോർജ്ജ വിളക്കുകൾക്ക് കൂടുതൽ ഇളവ് അനുവദിക്കുകയും വേണം. പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്തിൽ 116 എണ്ണം ഉണ്ട്. എന്നാൽ അവയിൽ ചിലതൊക്കെ പ്രവർത്തനക്ഷമമല്ലാത്ത സ്ഥിതിയുണ്ട്. ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ പുകയില്ലാത്ത അടുപ്പുകൾക്ക് കൂടുതൽ പ്രചാരം നൽകണം.

മാർക്കറ്റ്

പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് ഇല്ല. റബ്ബർകൃഷിക്കാരുടെ റബ്ബർ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് പഞ്ചായത്തിലുള്ള റബ്ബർകടകളിലും, സമീപം പട്ടണങ്ങളിലുമാണ്. തമിഴ്നാട്ടിൽനിന്ന് കൊണ്ടുവരുന്ന പച്ചക്കറികൾ റോഡരികിൽ കൊണ്ടുവന്ന് കച്ചവടം ചെയ്യാറുണ്ട്. മിക്കഗ്രാമസഭകളിൽനിന്നും മാർക്കറ്റുകളുടെ ആവശ്യം ഉയർന്നുവിട്ടുണ്ട്. ഒന്നാം വാർഡിലെ ഗ്രാമസഭയിൽ പച്ചക്കറികൃഷിക്ക് ധനസഹായം നല്കിയാൽ പഞ്ചായത്തിലെ ജനങ്ങൾക്ക് മുഴുവൻ ആവശ്യമായ പച്ചക്കറി ഉൽപാദിപ്പിക്കാൻ കഴിയും സൂചിപ്പിച്ചിരുന്നു. പഞ്ചായത്തിലെ കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഒരുമാർക്കറ്റ് സ്ഥാപിക്കേണ്ടത് ആവശ്യമാണ്.



പാർപ്പിടവും സാമൂഹ്യക്ഷേമവും

വിദ്യാഭ്യാസപരമായി പുറകിലായിരുന്ന നമ്മുടെ പഞ്ചായത്ത് അടുത്തകാലത്തായി ഏറെ മുന്നിലെത്തിട്ടുണ്ട്. കീഴാറ്റൂർ, നെമ്മിനി വില്ലേജുകളും ചേർന്നതാണ് നമ്മുടെപഞ്ചായത്ത്.

ഗൾഫ് മേഖലയിൽ ധാരാളം ആളുകളും ജോലി ചെയ്യുന്ന പഞ്ചായത്തായതുകൊണ്ട്, ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിലെ നിർണായക ഘടകമാണ്. ഗൾഫ് മേഖലയിൽനിന്നും വരുന്ന പണം വികസന മേഖലയിൽ വേണ്ടത്ര ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽഅത് ഭവനനിർമ്മാണ രംഗത്ത് കോൺക്രീറ്റ്സൗധങ്ങളിൽമാത്രം ഒതുങ്ങിനിൽക്കുന്നു, കർഷകത്തൊഴിലാളികളും, കർഷകരും, നിർമ്മാണ തൊഴിലുകളുമാണ് പഞ്ചായത്തിൽ അധികവും. കെട്ടിടങ്ങളിൽ അധികവും ഓട്ടമേഞ്ഞ വയാണ്. വീടുകളും അധികവും ഇടത്തരവും.

നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 30171 ആണ്. അതിൽ 15,092 പുരുഷൻമാരും 15079 സ്ത്രീകളുമാണ്. പഞ്ചായത്തിൽ മൊത്തം 6505 കെട്ടിടങ്ങളുണ്ട്. (മതസ്ഥാപനങ്ങളും, കച്ചവട സ്ഥാപനങ്ങളും കൂടിലുകളും ഉൾപ്പെടെ) പഞ്ചായത്തിലെ കെട്ടിടങ്ങളിൽ 4375 എണ്ണം ഓട് മേഞ്ഞവയും, 1376 എണ്ണം. കോൺക്രീറ്റ് കെട്ടിടങ്ങളും, 615 എണ്ണം ഓലമേഞ്ഞവയുമാണ്. ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം 103 ആണ്. വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ പഞ്ചായത്തിൽ 390 വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

പൊതു നിരത്തിന്റെ സമീപം വൻതുകകൾ മുടക്കി വലിയ വീടുകൾ നിർമ്മിക്കുന്ന പ്രവണത പഞ്ചായത്തിൽ വർദ്ധിച്ച് വരുന്നുണ്ട്. കൃഷിഭൂമി നികത്തി വീട് വെയ്ക്കുന്ന പ്രവണതയുമുണ്ട്. ഈ രീതിയിലുള്ള പ്രവർത്തനം നമ്മുടെ കൃഷിയെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയുണ്ട്.

പഞ്ചായത്തിൽ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനു പട്ടിക ജാതിക്കാർക്കും, ദുർബലവിഭാഗക്കാർക്കുമായി 1250 വീടുകൾ നിർമ്മിക്കേണ്ടതുണ്ട്. പട്ടികജാതിക്കാർക്കുമാത്രമായി 241 വീടുകൾവേണം. പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് 6 എണ്ണവും.

പഞ്ചായത്തിൽ 21 അംഗീകൃത പട്ടിക ജാതി കോളനികളും ഒരു ലക്ഷംവീട് കോളനിയുമുണ്ട്. 2 കോളനികൾ അംഗീകാരത്തിനായി അപേക്ഷകൾ നൽകിയിട്ടുണ്ട്. 12 ഓളം കോളനികൾ അംഗീകാരത്തിനുവേണ്ട നിശ്ചിത എണ്ണം വീടുകൾ ഇല്ലാത്തതിനാൽ അംഗീകാരം ലഭിച്ചിട്ടില്ല. പട്ടിക ജാതി കോളനിയിലെ 75 ശതമാനം വീടുകളും അറ്റകുറ്റപ്പണികൾ നടത്താതുകാരണം വാസയോഗ്യമല്ലാതായി തീരുന്ന അവസ്ഥയുണ്ട്.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും, കൂടിയ കൂലിനിരക്കും വാസ്തു ലഭിക്കുന്നതിനുള്ള പ്രയാസവും ഭവന നിർമ്മാണ രംഗത്ത് വളരെവലിയ പ്രതിസന്ധിയാണ് ഉണ്ടാക്കീട്ടുള്ളത്.

ചെലവ് കുറഞ്ഞ ഭവന നിർമ്മാണത്തെക്കുറിച്ച് പഞ്ചായത്തിലെ ജനങ്ങൾ വേണ്ടത്രബോധവാന്മാരല്ല ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കേണ്ട ആവശ്യകതയെക്കുറിച്ച് ബോധവാന്മാരാക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ 1218 പേർക്ക് സ്വന്തമായി സ്ഥലം വാങ്ങി വീട് വെയ്ക്കാൻ സാമ്പത്തികശേഷിയില്ലാത്തവരാണ്. സ്ഥലം വാങ്ങി വീട് വെയ്ക്കുക എന്നുള്ളത് സാധാരണക്കാരനെ സംബന്ധിച്ച് വളരെ വലിയ സാമ്പത്തിക ബാധ്യതയാണ്.

ഭവന നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പെരിന്തൽമണ്ണ. റൂറൽ ഹൗസിങ്ങ് സഹകരണ സംഘം, പെരിന്തൽമണ്ണ കാർഷിക വികസന ബാങ്ക് മറ്റു സഹകരണ സ്ഥാപനങ്ങളും നൽകുന്ന വായ്പകളും എന്നിവ വീട് വെയ്ക്കുന്നതിന് ജനങ്ങൾ ഉപയോഗപ്പെടുത്തുന്നു. സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും സാങ്കേതികത്വവും കാരണം വായ്പ യഥാസമയം ലഭ്യമാവുന്നില്ല. അമിതമായ പലിശ സാധാരണക്കാരനെ ബുദ്ധിമുട്ടിലാക്കുന്നു.

തമിഴ്നാട്ടിൽനിന്നും മറ്റും കുടിയേറിയ തൊഴിലാളികളും സ്വന്തമായി വീടില്ലാത്തവരാണ്. അവർ വാടക കെട്ടിടങ്ങളിലും, കടത്തിണ്ണകളിലുമാണ് താമസിക്കുന്നത്.

കാർഷിക മേഖലയിലെ തകർച്ചയുടെ ഫലമായി ആ മേഖലയിൽ ജോലി ചെയ്തിരുന്ന കർഷകതൊഴിലാളികളും അധികവും നിർമ്മാണതൊഴിലാളികളായി മാറിയിട്ടുണ്ട്. ഈ നിർമ്മാണ തൊഴിലാളികളിൽ ഭൂരിപക്ഷവും ഗൾഫ് മേഖലയിൽ ജോലിതേടി പോയതിന്റെ ഫലമായി ഈ പ്രദേശത്ത് നിർമ്മാണ തൊഴിലാളികളുടെ ക്ഷാമം നേരിടുന്നു. ഈ പ്രശ്നം നികത്തപ്പെടുന്നത് സംസ്ഥാനത്തിനു പുറത്തുള്ളവരും, ഇതര ജില്ലകളിൽനിന്നുള്ളവരുമായ തൊഴിലാളികളാണ്.

കൂലിനിരക്ക് (താരതമ്യ പട്ടിക)

മേഖല	1993		1994		1995		1996	
കാർഷിക മേഖല	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
	60 രൂ.	35 രൂ.	65 രൂ.	40 രൂ.	75 രൂ.	50 രൂ.	85 രൂ.	60 രൂ.
കെട്ടിട നിർമ്മാണ മേഖല								
A വിദഗ്ദ തൊഴിലാളികൾ	95 രൂ.	—	110 രൂ.	—	125 രൂ.	—	140 രൂ.	—
B അവിദഗ്ദ തൊഴിലാളികൾ	70 രൂ.	45 രൂ.	80 രൂ.	55 രൂ.	85 രൂ.	60 രൂ.	90 രൂ.	70 രൂ.

സാധ്യതകൾ

1 പഞ്ചായത്തിൽ ഹൗസിങ്ങ് സൊസൈറ്റി രൂപീകരിക്കുക. അതുമുഖേന ഭവന നിർമ്മാണത്തിന് വായ്പ നൽകുക.

2 I. A. Y. J R Y പദ്ധതികൾ മുഖേന ഹരിജനങ്ങൾക്കും ദുർബ്ബല വിഭാഗകാർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വീടുകൾ അനുവദിക്കുക.

3 പട്ടികജാതി കോർപ്പറേഷൻ മുഖേന പട്ടികജാതികാർക്ക് വീട് നൽകുക.

4 പഞ്ചായത്തിന്റെ കൈവശമുള്ള പുറമ്പോക്ക് ഭൂമികളും മിച്ചഭൂമികളും ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനു വിതരണം ചെയ്യുക.

5 പട്ടിക ജാതി കോർപ്പറേഷൻ മുഖേന ഹരിജനങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം നല്കുക.

6 ധനകാര്യ സ്ഥാപനങ്ങളിലൂടെ വീട് വെയ്ക്കുന്നതിനു നൽകുന്ന വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുക.

7 ഹഡ്കോ-LIC തുടങ്ങിയവയുടെ സഹകരണത്തോടെ സംസ്ഥാന സർക്കാർ നേരിട്ട് ആവിഷ്ക്കരിച്ചിട്ടുള്ള കൈരളി ഭവന പദ്ധതി 'മൈത്രിഭവന' പദ്ധതിപോലുള്ളപദ്ധതികളുടെ ഉപഭോക്താക്കളെ കണ്ടെത്താനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൈമാറുകയും. സാങ്കേതികമായ കെട്ടുപാടുകൾ പരമാവധി ഇല്ലാതാക്കുകയും ചെയ്യുക.

8 പ്രകൃതി ക്ഷോഭങ്ങൾകൊണ്ട് വീട് നഷ്ടപ്പെട്ടവർക്ക വീട് വെയ്ക്കുന്നതിന് സർക്കാർ ധനസഹായം നല്കുക.

9 കെട്ടിടനിർമ്മാണ തൊഴിലാളികളുടെ സഹകരണസംഘം രൂപീകരിച്ച് ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം നൽകുക.

10 ചെലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.

11 പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ റിപ്പേയർവർക്കുകൾ നടത്തുന്നതിന് ധനസഹായം നല്കുക.

12 നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം പഞ്ചായത്തിലേയ്ക്കും വ്യാപിപ്പിക്കുക. തൊഴിലുകൾക്ക് അതിൽ പരിശീലനം നൽകുക.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്തു് ദാരിദ്രരേഖക്കു് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദ രിദ്രനിർമ്മാർജ്ജന പദ്ധതിയും വിവിധ തൊഴിലാളി ക്ഷേമ പദ്ധതികളുമാണു് പ്രധാനമായും ഉള്ളതു്. സംസ്ഥാന-കേന്ദ്ര ഗവൺമെൻറുകളുടെ ആഭിമുഖ്യത്തിലുള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ നടപ്പാക്കുന്ന ക്ഷേമപദ്ധതികളും എന്നു് ഇതിനെ തരംതിരിക്കാം. ഇതിനുപുറമെ പട്ടിക ജാതിവികസനത്തിനുവേണ്ടി പട്ടികജാതി വികസനകോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാവികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ടു്. മുഖ്യമായും ദാരിദ്രനിർമ്മാർജ്ജനപദ്ധതിയും ചെറിയതോതിൽ മറ്റു് പദ്ധതികളും പഞ്ചായത്തിലെ ജനങ്ങളും ഉപയോഗിക്കുന്നുണ്ടു്. പദ്ധതിയെക്കുറിച്ചു് അറിവില്ലായ്മ, അർഹതയുള്ളവർക്കു് കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള പ്രശ്നങ്ങളും, ആവശ്യത്തിനും സമയത്തിനും കിട്ടായ്മ, സാങ്കേതികപ്രശ്നങ്ങളും എന്നിവ ഇതിന്റെ പോരായ്മയാണു്. പട്ടിക ജാതിവികസന കോർപ്പറേഷന്റെ ആഫീസു് നമ്മുടെ ജില്ലാആസ്ഥാനത്തു് ഇല്ലാത്തതു് വലിയപ്രയാസം സൃഷ്ടിക്കുന്നുണ്ടു്. വനിതാവികസനകോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തു് ആയതിനാൽ ഇതുവഴിലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചു് വേണ്ടത്ര അറിവില്ലായ്മയും ഇതിന്റെ ആനുകൂല്യം കിട്ടാത്തസ്ഥിതി ഉണ്ടാക്കുന്നു. വനിതാരംഗത്തു് പ്രവർത്തിക്കുന്നവർക്കുപോലും ഇതിന്റെ ആനുകൂല്യങ്ങളെക്കുറിച്ചോ സംവിധാനത്തെക്കുറിച്ചോ അറിയാത്ത സ്ഥിതിയുണ്ടു്.

കീഴാറൂർ ഗ്രാമപഞ്ചായത്തു്
I. R. D. P. സർവ്വേ പ്രകാരം ദാരിദ്ര രേഖക്കു് താഴെയുള്ളവരുടെ വിവരം

സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ	ഇതിൽ SC/ST	നാളിതുവരെ സാമ്പത്തികം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം വഴി ദാരിദ്രരേഖക്കു് മുകളിൽ എത്തിയവർ	ദാരിദ്രരേഖക്കു് താഴെ ആകെ കുടുംബങ്ങൾ സഹായം കിട്ടിയവർ ഉൾപ്പെടെ
1855	252	285	142	253	1600

1600 പേർ ഇപ്പോഴും ദാരിദ്രരേഖക്കു് താഴെതന്നെ കഴിയുന്നു. മാത്രവുമല്ല. 1570 പേർക്കു് ഇതുവരെ ഒരു ആനുകൂല്യവും ലഭിച്ചിട്ടില്ല. അവർ ആനുകൂല്യത്തിനുവേണ്ടി കാത്തിരിക്കുമ്പോൾ തന്നെ അവരെ മറികടന്നു് നേരത്തെ ആനുകൂല്യം ലഭിച്ച കുടുംബത്തിലെ ഒരംഗം വിവാഹം കഴിച്ചു് വേറെ കുടുംബമായാൽ ആ കുടുംബത്തെ ആനുകൂല്യം നൽകുന്നവരുടെ വിഭാഗത്തിൽ മുൻഗണന നൽകി ഉൾപ്പെടുത്തുന്നു എന്ന സ്ഥിതിയുമുണ്ടു്.

I. R. D. P. സർവ്വേ പ്രകാരം കക്കൂസുകൾ സംബന്ധിച്ച വിവരം
കീഴാറൂർ ഗ്രാമപഞ്ചായത്തു്

സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം 1992നു് ശേഷം	പൂർത്തീകരിച്ച വയുടെ എണ്ണം.	ഇനിവേണ്ട കക്കൂസുകളുടെ എണ്ണം
685	75	75	610

ഈകണക്കു് പൂർണ്ണമായി ശരിയാണു് എന്നുപറയാൻ പറ്റില്ല. ഗ്രാമസഭകളിൽ നിന്നു് കക്കൂസുകൾക്കു് വേണ്ടി വന്നിട്ടുള്ള അപേക്ഷകൾ ഇതിലും എത്രയോ കൂടുതലാണു്. പുതിയ വീടുകളുടെ ആവിർഭാവം ഈ വ്യത്യാസത്തിനു് കാരണമാകും. ഗ്രാമീണ കൈത്തൊഴിലുകാർക്കു് R. A. P അനുസരിച്ചു് ആധുനിക ഉപകരണങ്ങൾ നൽകിയതിന്റെ വിവരം ഇനി കൊടുക്കുന്നു

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി R. A. P.

I. R. D. P. സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
137	71	66

I. R. D. P പദ്ധതിയെകുറിച്ചുള്ള സർക്കാറിന്റെ നിർവ്വചനത്തിൽ കാലോചിതമായ മാറ്റംവരേണ്ടിയിരിക്കുന്നു. ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ നൽകുന്നതിൽ കാര്യമായ താൽപര്യം കാണിക്കുന്നില്ല. ദേശസാൽകൃത ബാങ്കുകളെ കൊണ്ട് ഇത്തരം പദ്ധതികൾക്ക് ധനസഹായം നൽകിക്കാൻ സർക്കാർ തലത്തിൽ നടപടിയുണ്ടാകണം. ഗുണഭോക്തക്കളെ കണ്ടെത്താൻ വർഷംതോറും സർവ്വേനടത്തണം.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്നതൊഴിൽ സംരംഭമാണ് D. W. C. R.A എന്നാൽ ഈപദ്ധതികൾ പലതും മിസ് മാനേജ്മെൻറ്, വിപണനത്തിനുള്ള ബുദ്ധിമുട്ട്, താൽപര്യമില്ലാത്തവരെ ഉൾപ്പെടുത്തിയുള്ള യൂനിറ്റ് രൂപീകരണം എന്നീ കാര്യങ്ങൾകൊണ്ട് പരാജയപ്പെടുന്നു.

കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്

D. W. C. R. A. പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങൾ

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	പ്രവർത്തിക്കുന്ന അംഗങ്ങൾ	പ്രവർത്തന ക്ഷമത	ആരംഭിച്ച വർഷം
III	D. W. C. R. A. കാറിപൗഡർ യൂണിറ്റ്	15	പ്രവർത്തനം നിലച്ചു മെഷിനറികൾ ബാങ്ക് ലേലം ചെയ്തു	1989-90
II	കൈത്തറി + കരിങ്കൽ കട്ടിങ്ങ്	15	പ്രവർത്തിക്കുന്നില്ല	1991-92
I	ഇൻഫോർമൽ യൂണിറ്റ്	5	പ്രവർത്തിക്കുന്നില്ല	91-92
IX	D. W. C. R. A. മുള്ള്യാകുർശി-പട്ടിക്കാട് ഡയറി യൂണിറ്റ്	9	നല്ലനിലയിൽ പ്രവർത്തിക്കുന്നു	95-96

95-96ൽ തുടങ്ങിയതു മാത്രമാണ് ഇപ്പോഴും പ്രവർത്തിക്കുന്നത് എന്നതുതന്നെ ഈ പദ്ധതിയുടെ പ്രവർത്തനക്ഷമത സൂചിപ്പിക്കുന്നു. അതാത് പ്രദേശത്തെ സാമൂഹ്യ-രാഷ്ട്രീയ സന്നദ്ധപ്രവർത്തകരെ ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിച്ചാൽ ഇത് നല്ലനിലയിൽ കൊണ്ട്പോകാൻ കഴിയും. വിപണനത്തിന് സർക്കാർ ഏജൻസികൾ മുൻകൈ എടുക്കണം.

ട്രൈസം പരിശീലന ലഭ്യത-പട്ടിക-കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത്

പരിശീലന വിഷയത്തിന്റെ പേര്	വാർഡ്	പരിശീലനം കിട്ടിയവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം
വെൽഡർ	2	1	1
വയറിങ്ങ്, പ്ലമ്പിങ്ങ്, പ്രിൻറിങ്ങ്	3	6	6
വയറിങ്ങ്, റെഡിമെയ്ഡ്	4	8	8
ഓട്ടോമൊബൽ, വീവിങ്ങ്, വയറിങ്ങ്, വയറിങ്ങ്, റേഡിയോ മെക്കാനിക്ക് മുതലായവ	5	14	14
വയറിങ്ങ് പ്രിൻറിങ്ങ്	8	3	2

പെൻഷനുകളെ സംബന്ധിച്ച്

വിധവാപെൻഷൻ:- സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നുവെങ്കിലും പ്രായപൂർത്തിയായ ഒരു ആൺകുട്ടിഉണ്ട് എന്ന കാരണത്താൽ പെൻഷൻ നിഷേധിക്കുന്നു. ആ കുട്ടിയെക്കൊണ്ട് ഗുണം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നില്ല. വിധവാപെൻഷൻ 65 പേർക്കാണ് കിട്ടുന്നത്.

വികലാംഗപെൻഷൻ –

വികലാംഗത്വം തെളിയിക്കാനുള്ള ബുദ്ധിമുട്ട് ഒരു വലിയ പ്രശ്നമാണ്. ഇതിനുള്ള സംവിധാനം താലൂക്ക് ആശുപത്രികളിൽ ഉണ്ടാകണം. 13 പേർക്ക് പെൻഷൻ കിട്ടുന്നുണ്ട്.

വാർധക്യ കാലപെൻഷൻ

സാമ്പത്തികമായി വളരെ ദയനീയമായ അവസ്ഥയിലാണെങ്കിലും പ്രായപൂർത്തിയായ ആൺകുട്ടികളും ഉണ്ട് എന്ന കാരണത്താൽ നിഷേധിക്കുന്ന അവസ്ഥ ഉണ്ട്. പെൻഷൻ യഥാസമയം കിട്ടുന്നില്ല എന്ന സ്ഥിതിയും ഉണ്ട്. ഇതു ഒഴിവാക്കണം. 27 പേർക്ക് പെൻഷൻ കിട്ടുന്നു.

കർഷക തൊഴിലാളി പെൻഷൻ

അർഹരായ പലർക്കും കിട്ടാതിരിക്കുകയും അനർഹരായ പലരും പെൻഷൻ വാങ്ങുകയും ചെയ്യുന്ന സ്ഥിതി ഉണ്ട്. അർഹതയുള്ളവരെ കണ്ടെത്താനുള്ള ചുമതല കർഷകതൊഴിലാളി സംഘടനാപ്രതിനിധികളും ഉൾപ്പെടുന്ന കമ്മറ്റിയേയോപഞ്ചായത്ത് ഭരണസമിതിയേയോ ഏല്പിക്കണം. ഗുണഭോക്താക്കളുടെ പേരു വിവരം ഗ്രാമസഭയിൽ അറിയിക്കുകയും വേണം. 442 പേർക്ക് കർഷക തൊഴിലാളി ക്ഷേമനിധി കിട്ടുന്നുണ്ട്.

തൊഴിലില്ലായ്മ വേതനം

അനർഹരായ പലരും കൈപ്പറ്റുന്നു. അർഹർക്ക് പലപ്പോഴും കിട്ടുന്നില്ല. മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടവർക്കും സ്വയംതൊഴിലിനു വായ്പ ലഭിച്ചവർക്കും കിട്ടുന്നുണ്ട്. 104 പേർക്ക് കിട്ടുന്നു. ക്ഷയരോഗി പെൻഷൻ 17പേർക്കും രാഷ്ട്രീയപെൻഷൻ 3 പേർക്കും കിട്ടുന്നു. തെരഞ്ഞെടുക്കാനുള്ള ചുമതല പഞ്ചായത്തു് സമിതിക്കായിരിക്കണം

പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ
കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത്

വർഷം	അഗതി	വിധവ	വികലാംഗ	വാർദ്ധക്യ	അവശകലാകാരൻ	അവശകായികതാരം	ക്ഷയരോഗം	കുഷ്ഠരോഗി	കാൻസർ രോഗി	കർഷകതൊഴിലാളി	തൊഴിലില്ലായ്മ	രാഷ്ട്രീയപെൻഷൻ	
91–92		13	3	4			2			513	163		
92–93		13		7			3			497	140		
93–94		9	1	3			4			568	128	2	
94–95		20	6	4			3			559	113	1	
95–96		10	3	9			5			442	104		

അങ്കൺവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് വളരെ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെക്കുന്നവയാണ് അങ്കൺവാടികൾ. 18 അങ്കൺവാടികളാണ് പഞ്ചായത്തിൽ ഉള്ളത്. ഇതിൽ 15 എണ്ണമാണ് സ്വന്തമായി കെട്ടിടമുള്ളത്. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ഐ. സി. ഡി. എസ് വിഭാവനം ചെയ്യുന്നതെങ്കിലും ലക്ഷ്യത്തിനു് അടുത്തെത്തിയിട്ടില്ല. കൂടുതൽ അങ്കൺവാടികൾ പഞ്ചായത്തു് അതിർത്തികളിൽ വേണം. സ്വന്തമായി കെട്ടിടം ഇല്ലാത്തതും ഉള്ളവയിൽതന്നെ പ്രാഥമിക സൗകര്യങ്ങളോ കളിപ്പാട്ടങ്ങളോ ഇല്ലാത്തതും വലിയ പ്രയാസങ്ങൾ ഉണ്ടാക്കുന്നു. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയും മെച്ചപ്പെടുത്തേണ്ടതുണ്ട്. കെട്ടിടങ്ങൾ ഇല്ലാത്തവർക്ക് സ്വന്തമായി കെട്ടിടം അടിയന്തിരമായി നിർമ്മിക്കേണ്ടതുണ്ട്.

ക്ഷേമനിധികളെ സംബന്ധിച്ച്

കർഷകത്തൊഴിലാളി ക്ഷേമനിധി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ചെത്തുതൊഴിലാളി ക്ഷേമനിധി, മദ്യവ്യവസായ തൊഴിലാളി ക്ഷേമനിധി, തയ്യൽതൊഴിലാളി ക്ഷേമനിധി, തോട്ടം തൊഴിലാളി ക്ഷേമനിധി എന്നിവയിൽ അംഗങ്ങളായവർ പഞ്ചായത്തിൽ ക്ഷേമനിധികളുടെ പ്രവർത്തനാ കാര്യക്ഷമമാക്കണം. മാസവരി അടക്കാനുള്ള സംവിധാനം പഞ്ചായത്താഫീസിൽ ഉണ്ടാകണം. ആവശ്യത്തിനു് ഉദ്യോഗസ്ഥരെ നിയമിക്കണം.

പൊതുവിതരണം

പഞ്ചായത്തിൽ റേഷൻ കടകളാണ് ഉള്ളത്. സഹകാര്യ വ്യക്തികളും നടത്തുന്ന റേഷൻ ഷാപ്പുകളും ഇല്ല. തച്ചിങ്ങനാടം സർവ്വീസ് സഹകരണ ബാങ്കും പട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്കുമാണ് ഇതു കൈകാര്യം ചെയ്യുന്നത്. 4325 കാർഡുകളിലൂടെ 19934-79 കപിൻറൽ അരിയും 193700 ലിറ്റർ മണ്ണെണ്ണയും 1206-18 കപിൻറൽ പഞ്ചസാരയും വിതരണം ചെയ്യുന്നു. ഗോതമ്പ്, റവ, മൈദ, പാമോയിൽ എന്നിവ എല്ലായ്പ്പോഴും കിട്ടുന്നില്ല. പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ ആവശ്യമാണ്.

ഗ്രാമ സഭാ നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും ഇൻഷുർ ചെയ്യണം പെൻഷൻ തുകയും വർദ്ധിപ്പിക്കുകയും I. R. D. P. ഉൾപ്പെടെ സാമൂഹ്യാ സുരക്ഷാ പദ്ധതികളുടെ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തെരഞ്ഞെടുക്കുന്നതിനു വ്യവസ്ഥ ഉണ്ടാകുകയും വേണം ഗുണഭോക്താക്കളുടെ പേരു വിവരം ഗ്രാമസഭകളിൽ അറിയിക്കണം. പെൻഷനുകൾ കിട്ടുന്നതിനു് നിലവിലുള്ള കാലതാമസം വേണം. നിലവിലുള്ളഅംഗൻവാടിക്ക് മുഴുവൻ കെട്ടിടം ചുറ്റുമതിൽ, പ്രാഥമിക സൗകര്യങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ വേണം. പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കണം. അങ്കൺവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ മെച്ചപ്പെടുത്തണം. ഐ. ആർ. ഡി. പി. സർവ്വേ എല്ലാ വർഷവും കുറ്റമറ്റ രീതിയിൽ നടത്തണം. ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചയത്തിനായിരിക്കണം പൊതുമേഖല ബാങ്കുകൾവഴി വായ്പ ലഭിക്കുന്നതിനു് സൗകര്യം വേണം. പണിയായുധങ്ങൾ അർഹരായ മുഴുവൻ ആളുകൾക്കും കിട്ടണം. കെട്ടിട നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടവർക്ക് അവരുടെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനു് വായ്പകൾ അനുവദിക്കണം. പത്താം വാർഡിൽ 1) കല്ലിട്ടമ്പ് നിരവ് 2) പൂത്താംതൊടി 3) ചക്കുഴി 7-ാംവാർഡിൽ മരക്കാറംപാറ, മണ്ണാർമല ജംഗ്ഷൻ ആറാം വാർഡിൽ വഴങ്ങോട്, പറമ്പൂർകുളം, മൂന്നാം വാർഡിൽ മന്തംകുണ്ട് ഒന്നാം വാർഡിൽ പൂക്കോട്ടുകവേ, കാഞ്ഞിരകുളം എന്നിവിടങ്ങളിൽ അംഗൻവാടികൾ നിർമ്മിക്കണം പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം.

കൃഷിയും ജലസേചനവും

നഗരവൽക്കരണത്തിന്റെ പ്രഭാവം അനുഭവപ്പെടാത്ത കീഴാറ്റൂർ തികച്ചും ഒരു കാർഷിക ഗ്രാമമാണ്. പഞ്ചായത്ത് ഭൂപ്രദേശങ്ങളിലെ വിശാലമായ മലമ്പ്രദേശങ്ങളിൽ കുടിയേറ്റ കർഷകരുടെ സാന്നിദ്ധ്യം അരനൂറ്റാണ്ടിനു മുമ്പേ വന്നതോടുകൂടി ഈ പ്രദേശത്ത് റബ്ബർ, കാപ്പി, കുരുമുളക് തുടങ്ങിയ പുത്തൻ കൃഷി സമ്പ്രദായം നിലവിൽ വന്നു. മലമ്പ്രദേശങ്ങളിൽ സിംഹഭാഗവും മലയാളമനോരമ ഗ്രൂപ്പിന്റെ നിയന്ത്രണത്തിലുള്ള എസ്റ്റേറ്റുകളാണ്. താഴ്വരകളിലെ കൃഷിവയലും ഒറവംപുറം പുഴയോട് ചേർന്നു കിടക്കുന്ന തീരപ്രദേശങ്ങളും അടങ്ങിയതാണ് ഇവിടത്തെ ഭൂപ്രകൃതി, മുഖ്യ കൃഷികളാണ് നെല്ല്, റബ്ബർ. തെങ്ങ്, കുരുമുളക്, കമുക്, തുടങ്ങിയവ ഇടവിളകളായി കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, ധാന്യങ്ങൾ, മരച്ചീനി തുടങ്ങിയവ കൃഷിചെയ്യുന്നു. പഴയകാലത്ത് ജനങ്ങളുടെ മുഖ്യ ജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു തൊഴിൽമേഖലകളുമായിരുന്നു.

ഭൂപ്രകൃതി അനുസരിച്ച് ഉയർന്നതും ചെരിവോടുകൂടിയതുമായ മലമ്പ്രദേശങ്ങൾ, താഴ്വരപ്രദേശങ്ങൾ എന്നിങ്ങനെ രണ്ടായി തിരിക്കാവുന്നതാണ്. നെന്മിനിമലകൾ, ചെമ്മംതട്ടുകുന്നുകൾ എന്നിവയാണ് ഉയർന്ന പ്രദേശങ്ങൾ, നെന്മിനിമലകളിൽ നിന്നും ഉറവുകൾ നീർച്ചാലുകളായി ഉത്ഭവിച്ച് വിശാലമായ ഒരു തോട് രൂപപ്പെട്ട് സമീപസ്ഥങ്ങളായ രണ്ടുവാർഡുകളിലൂടെ ഒറവംപുറം പുഴയുമായി സന്ധിക്കുന്നു. ഈ പഞ്ചായത്തിലെ എല്ലാ തോടുകളും പുഴയിലാണ് സന്ധിക്കുന്നത്.

ഭൂഉടമസ്ഥരെ പ്രധാനമായും മൂന്ന് വിഭാഗമായി തിരിച്ചിരിക്കുന്നു. വൻകിടതോട്ടം ഉടമകൾ, കുടിയേറ്റ കർഷകരും പഴയ ജന്മി കുടുംബങ്ങളും അടങ്ങുന്ന ഇടത്തരം ഭൂഉടമകൾ, ചെറുകിട നാമമാത്ര കർഷകർ ഭൂരിഭാഗം ജനങ്ങളും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ള മൂന്നാമത്തെ വിഭാഗത്തിൽ പെടുന്നവരാണ്. ഇതു സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടറിൽ)
1	ഒരുഹെക്ടറിൽ താഴെ	4732	
2	1 ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ	650	
3	രണ്ട് ഹെക്ടറിനു മുകളിൽ	70	

ആളോഹരി കൃഷി ഭൂമി പഞ്ചായത്തിലേത് 0. 9 ഹെക്ടറാണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറച്ചുകുറഞ്ഞതാണ്.

പഴയ കാലത്ത് മനുഷ്യവിഭവത്തിന്റെ മുഴുവൻശേഷിയും ഉപയോഗിച്ചിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തിയിരുന്നത്. തോടുകളിൽ നിന്നും മറ്റും പരസ്പരധാരണയോടെ ചിറകെട്ടി കൃഷി ക്കുപയുക്തമാക്കിയിരുന്നു. കൂടാതെ കുളങ്ങൾ, കിണറുകൾ എന്നിവയിൽ നിന്നും പരമ്പരാഗത രീതികളായ ഏത്തം കയറ്റൂകൊട്ട തുടങ്ങിയവ ഉപയോഗിച്ച് ജലസേചനം നടത്തിയിരുന്നു.

ആകെ കൃഷിഭൂമിയുടെ ഇരുപത്തിയഞ്ചുശതമാനവും നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. ഉല്പാദന ക്ഷമത കുറഞ്ഞ നാടൻ വിത്തിനങ്ങളായ ആര്യൻ, തെക്കൻചീര, തോട്ടചീര, കൊത്തംപാലിചീര, മുണ്ടകൻ, ചേറാടി, നവര, ചെങ്കയമ തുടങ്ങിയവ പച്ചിലതോല്പും കാലിവളവും ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്. കൂടാതെ കാലവർഷാരംഭത്തോടുകൂടി തെങ്ങിൻതോപ്പുകളിലും, പറമ്പുകളിലും 'മോടൻ' നെല്ലും കൃഷിചെയ്തിരുന്നു അത്യുല്പാദനശേഷിയുള്ള പുതിയയിനം വിത്തുകളുടെയും രാസവളങ്ങളുടെയും പ്രചാരത്തോടുകൂടി പമ്പ് സെറ്റുകളും മറ്റും ജലസേചനത്തിന് ഉപയോഗിക്കാൻ തുടങ്ങി.

വയലുകളിൽ ഇടവിളകളായി മുതിര, ചാമ, എള്ള്, ഇഞ്ചി, പയറ്, മരച്ചീനി, വാഴ, മധുരക്കിഴങ്ങ്, വേനൽക്കാലപച്ചക്കറികൾ തുടങ്ങിയവയും

വ്യാപകമായി കൃഷി ചെയ്തിരുന്നു. പഴയ കാലത്ത് പഞ്ചമാസങ്ങളിൽ താള്, തവര, പന, കുടപ്പന, എന്നിവയുടെ പൊടി, കാട്ടുചേനതണ്ട്, കാവുത്ത് തുടങ്ങിയവ ജനങ്ങൾ ഉപയോഗിച്ചിരുന്നു.

ജലസേചനത്തിനായി തോടുകൾ, കുളങ്ങൾ, എന്നിവ ചിറകെട്ടി അതിരുകളിൽ കൈത വച്ചു പിടിപ്പിച്ച് സംരക്ഷിച്ചിരുന്നു. നാടൻ ജലസേചന ഉപകരണങ്ങളായ ഏത്തം, കയറുകൊട്ട, പോള, എന്നിവയും ഉപയോഗിച്ചിരുന്നു. കീടനിയന്ത്രണത്തിനായി പ്രാകൃതരീതികളാണ് പഴയകാലത്തും ഉപയോഗിച്ചിരുന്നത്. ചാഴി, പുഴു എന്നിവയെ മുറംകൊണ്ടും വലകൊണ്ടും വീശി പിടിച്ചിരുന്നു. വെണ്ണീർ പരപ്പിച്ച് പുഴുക്കളെ അകറ്റിയിരുന്നു. എലികളെ പിടിക്കുന്നതിന് മുളംകുറ്റി കെണിയാണ് ഉപയോഗിച്ചിരുന്നത്.

ഇക്കാലത്ത് തെങ്ങുകൃഷി വേണ്ടത്ര പുരോഗതി പ്രാപിച്ചിരുന്നില്ല. നാളികേരത്തിന് വിപണന സാധ്യതകൾ കുറവായിരുന്നു എന്നതാണിതിനു കാരണം. കശുവണ്ടി, കുരുമുളക് തുടങ്ങിയവയും വ്യാപകമായി കൃഷി ചെയ്തിരുന്നു കുടിയേറ്റ കർഷകരുടെ വരവോടുകൂടി റബ്ബർ, കുരുമുളക്, പൂള തുടങ്ങിയ കൃഷികൾ അഭിവൃദ്ധി പ്രാപിച്ചു. കർഷകർ തലച്ചുമടായി ഇടത്തരക്കാർ മുഖേനയാണ് വിപണനം നടത്തിയിരുന്നത്.

ഭൂപരിഷ്കരണം നടപ്പിലായതോടുകൂടി വളരെയധികം കർഷകർക്ക് സ്വന്തമായി കൃഷി ഭൂമി ലഭിച്ചു. ക്രമേണ പല കർഷകരും മുഴുവൻ സമയ അദ്ധ്വാനം ആവശ്യമില്ലാത്ത തെങ്ങ്, കമുക് പോലുള്ള വിളകൾ കൃഷി ചെയ്യാൻതുടങ്ങി. ഇക്കാലത്ത് കർഷകർക്ക് സമൂഹത്തിൽ അർഹമായ പരിഗണന കിട്ടിയിരുന്നില്ല. ഇത് അവരെ മറ്റു തൊഴിൽ മേഖലകളിലേക്ക് തിരിയുന്നതിനും ഭൂമി നികത്തുന്നതിനും ഒരു പരിധിവരെ കാരണമായി, സ്വയം പണിയെടുക്കുന്ന കർഷകരുടെ എണ്ണം കുറഞ്ഞതും വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ കൂലിയിലുണ്ടായ അന്തരവും കൃഷി ഭൂമി നികത്തുന്നതിന് കാരണമായി.

1930 കളിൽ പഞ്ചായത്തിലെ വയലുകളുടെ വിസ്തൃതി ഹെക്ടർ ആയിരുന്നത് ഇപ്പോൾ ഹെക്ടറായി മാറി.

നെൽകൃഷി ലാഭകരമല്ലാത്തതും ആധുനിക വിദ്യാഭ്യാസത്തിന്റെ സാർവ്വത്രികതയും കർഷക തൊഴിലാളികളുടെ പിൻ തലമുറക്കാരെ മറ്റു തൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. ഇത് വയലുകളിൽ വാഴ, മരച്ചീനി, കമുക്, തെങ്ങ്, തുടങ്ങിയ വിളകളുടെ ഉല്പത്തിക്ക് കാരണമായി. ഇത്തരം വിളകൾക്ക് നെല്ലിനേക്കാൾ കുറഞ്ഞ പരിചരണമേ ആവശ്യമുള്ളൂ എന്നതാണ് വസ്തുത.

കന്നുകാലി വളർത്തലും കൃഷിയും കാളപൂട്ടുമായിരുന്ന മുൻകാലങ്ങളിൽ കാർഷിക വിനോദങ്ങൾ. ഇന്ന് ടെലിവിഷൻ പോലുള്ള ദൃശ്യശ്രവ്യ മാധ്യമങ്ങളുമായി കർഷകർ പലരും സമയം നീക്കുന്നു, കാളപൂട്ടുകൾക്ക് പ്രസിദ്ധമായ പഞ്ചായത്തിൽ നെമ്മിനിയിലും പട്ടിക്കാടും മാത്രമാണ് ഇപ്പോൾ കാളപൂട്ട് മത്സരങ്ങൾ നടക്കാറുള്ളത്.

കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് കുളങ്ങൾ, തോടുകൾ, എന്നിവയോടുള്ള ജനങ്ങളുടെ സംരക്ഷണ മനോഭാവവും ഇന്ന് വിഭിന്നമാണ്. പഞ്ചായത്തിൽ നിലവിലുള്ള ഭൂരിഭാഗം കുളങ്ങളും തോടുകളും ഇന്ന് ഇടിഞ്ഞുതൂർന്നും നശിച്ചുകൊണ്ടിരിക്കുകയാണ്.

ഭൂവിനിയോഗം:

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം ഹെക്ടർ ആണ്. ഇത് തീരപ്രദേശം, താഴ്വര മലമ്പ്രദേശം എന്നിങ്ങനെയാണ് കാണപ്പെടുന്നത്. മലമ്പ്രദേശങ്ങളിലും തോടുകളുടെ തീരപ്രദേശങ്ങളിലും സാമാന്യം വളക്കൂറുള്ള മണ്ണാണുള്ളത്. പൊതുവെ പറഞ്ഞാൽ ചെമ്മണ്ണാണ് ഇവിടെ കൂടുതലായിട്ടുള്ളത് ഭൂവിനിയോഗത്തെ കുറിച്ച് വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

നമ്പർ	വിനിയോഗം	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
1	റബ്ബർ	600	
2	തെങ്ങ്	625	
3	കശുമാവ്	450	

4	നെല്ല്	367
5	കരുമുളക്	200
6	കമുക്	50
7	വാഴ	100
8	കാപ്പി	25
9	കൃഷിക്കനുയോജ്യതരിശ്	310
10	കൃഷിക്ക പററാത്ത തരിശ്ഭൂമി	25
11	പുഴ തോട്ടകരം	50
12	മിശ്രിത വിളകരം	790

വർദ്ധിച്ചു വരുന്ന രാസവള പ്രയോഗം മൂലം മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിക്കുകയും ക്ഷാരസ്വഭാവം നഷ്ടപ്പെടുകയും ചെയ്യുന്നു. ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും റബ്ബർ, തെങ്ങ്, കശുമാവ്, തുടങ്ങിയ വിളകളും താഴ്ന്ന പ്രദേശങ്ങളിൽ നെല്ലും കൃഷി ചെയ്തു വരുന്നു.

നെൽകൃഷി വിള വിസ്തീർണ്ണം

നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടറിൽ)
1	നെല്ല് ഒന്നാംവിള	300
2	നെല്ല് രണ്ടാംവിള	367
3	നെല്ല് മൂന്നാംവിള	025

നെൽകൃഷിയുടെ ഉല്പാദനം നാടൻ വിത്തിനങ്ങളേക്കാൾ സങ്കരയിനം വിത്തിനങ്ങൾക്കായതിനാൽ ഇത്തരം വിത്തുകളോടാണ് കൃഷിക്കാർക്ക് കൂടുതൽ ആഭിമുഖ്യം കൃഷിഭവനിലൂടെ മേൽത്തരം വിത്തുകരം വിതരണം ചെയ്യുന്നുണ്ട്. ഭൂരിഭാഗം കർഷകരും നെൽവിത്തുകരം സ്വയം ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നവരാണ്. പല കർഷകരും ഒരു വിള മാത്രമേ എടുക്കുന്നുള്ളു മൂന്നാം വിളയായി പുഞ്ച കൃഷി എടുക്കുന്നത് 25 ഹെക്ടർ സ്ഥലത്തുമാത്രമാണ് ജലസേചന സൗകര്യങ്ങരം ഇല്ലാത്തതാണിതിനു കാരണം. വിളവെടുപ്പിനു ശേഷം മിക്ക വയലുകളും തരിശിടുന്നു. ഇത് മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെടുത്തുന്നു. മുഖ്യ ഇടവിളകളുടെ വിസ്തീർണ്ണം താഴെ ചേർക്കുന്നു.

ഇടവിളകൾ-വിസ്തീർണ്ണം

നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടറിൽ)
1	കരുമുളക്	200
2	കവുങ്ങ്	50
3	വാഴ	100
4	മരച്ചീനി	90
5	പച്ചക്കറി	25
6	പയർ	25
7	എള്ള്	10
8	മറ്റുള്ളവ	50

മുഖ്യ വിളയായ തെങ്ങിന്റെ വാർഷിക ഉല്പാദനക്ഷമത 35-40 ആണ്. ഇത് സംസ്ഥാന ശരാശരിക്ക തുല്യമാണ്. മലമ്പ്രദേശങ്ങരം, പുഴയോരതോട്ടിൻ പ്രദേശങ്ങരം എന്നിവിടങ്ങളിൽ ഉല്പാദനക്ഷമത കൂടുതലാണ്. അശാസ്ത്രീയമായ വളപ്രയോഗം, ജലസേചനം, രോഗങ്ങരം തുടങ്ങിയവ തെങ്ങുകൃഷിയുടെ പൊതു പ്രശ്നങ്ങളാണ്. ഇതിനു പുറമേ കാറ്റുവീഴ്ച, മണ്ടചീയൽ തുടങ്ങിയ രോഗങ്ങളും ഈയിടയായി കണ്ടുവരുന്നു. ശരാശരി ഒരേക്രയിൽ 70 തെങ്ങുകളുണ്ട്. വയലുകരം നികത്തി തെങ്ങു വെച്ച പല സ്ഥലങ്ങളിലും വെള്ളക്കെട്ട് കാരണം ഉൽപാദനം കാര്യക്ഷമമല്ല.

മറെറാരു മുഖ്യ കൃഷിയാണ് റബ്ബർ. റബ്ബർകൃഷിക്ക് അനുയോജ്യമായ മണ്ണും കാലാവസ്ഥയും ഇവിടെയുണ്ട്. 600 ഹെക്ടർ പ്രദേശങ്ങളിൽ റബ്ബർ കൃഷിയുണ്ട്. ഇതിൽ 35%വും മലയാള മനോരമയുടെ തോട്ടങ്ങളാണ്. നല്ല ടാപ്പിങ്ങ് തൊഴിലാളികളുടെ അഭാവം രോഗങ്ങരം, വിപണനം തുടങ്ങിയവ ഇതിന്റെ പ്രശ്നങ്ങളാണ് മറു പല പ്രധാനപ്പെട്ട കൃഷികളാണ് കവുങ്ങ്, കരുമുളക്, മരച്ചീനി നേന്ത്രവാഴ, വേനൽക്കാല പച്ചക്കറികരം തുടങ്ങിയവ. ഇതിൽ കരുമുളക് കൃഷിരോഗങ്ങരം കാരണം

ഇന്ന് നാമവശേഷമായിക്കൊണ്ടിരിക്കുന്നു.

വളം

സ്വകാര്യമേഖലയിലും സഹകരണ മേഖലയിലുമായി ഓരോ വളം വിപണന ഏജൻസികളും പ്രവർത്തിക്കുന്നുണ്ട്. സഹകരണ ഏജൻസിയുടെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ കർഷകർക്ക് യഥേഷ്ടം വളം ലഭിക്കുന്നില്ല തന്മൂലം ഭൂരിഭാഗം കർഷകരും സ്വകാര്യ ഏജൻസികളിൽ നിന്നും ഗുണമേന്മ കുറഞ്ഞ വളം വാങ്ങി ഉപയോഗിക്കുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ രീതിയിൽ കർഷകർ വള പ്രയോഗം നടത്തുന്നില്ല. രാസവളത്തിന്റെ വർദ്ധിച്ച വിലയും സമയത്തിന് ലഭിക്കായ്കയും കാരണം രാസവള പ്രയോഗത്തിന് പല കർഷകരും വിമുഖത കാണിക്കുന്നുണ്ട്. ജൈവ വളങ്ങളും കർഷകർ ഉപയോഗിക്കുന്നുണ്ട്. ജൈവ വള കമ്പനിക്കാരുടെ പരസ്യങ്ങളും കേട്ട് പല കർഷകരും രാസവളങ്ങളും ഉപയോഗിക്കാൻ വിമുഖത കാട്ടുന്നു മണ്ണുപരിശോധനയുടെ ആവശ്യകതയെക്കുറിച്ചും ശരിയായ രീതിയിലുള്ള രാസവളപ്രയോഗത്തെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കാൻ കൃഷിഭവന് കഴിഞ്ഞിട്ടില്ല

കീടനാശിനികൾ:

നെല്ല്, പച്ചക്കറികളും, വാഴ, കവുങ്ങ്, റബ്ബർ തുടങ്ങി മിക്കവാറും എല്ലാ വിളകൾക്കും കീടനാശിനി പ്രയോഗം ഇന്ന് അനിവാര്യമാണ്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയരീതികളോ കർഷകർ സ്വീകരിച്ചു കാണുന്നില്ല. ഇത് കർഷകരുടെ ആരോഗ്യത്തെപ്പോലും ബാധിക്കുന്നുണ്ട്. മണ്ണ് തളിക്കാനുള്ള ഉപകരണങ്ങളും കർഷകർക്ക് യഥേഷ്ടം ലഭ്യമല്ല. കീടനാശിനികളുടെ വർദ്ധിച്ച വില കാരണം പല കർഷകരും കീടനാശിനികൾ ഉപയോഗിക്കാൻ മടികാണിക്കുന്നു.

കാർഷികോപകരണങ്ങൾ:

പാടശേഖര കമ്മറ്റിക്കാർക്കായി കൃഷിഭവൻ മുഖേന 2 ട്രില്ലറുകളാണ് ആകെ അനുവദിച്ചിട്ടുള്ളത്. പഞ്ചായത്തിൽ സ്വകാര്യ വ്യക്തികൾക്ക് രണ്ട് ട്രാക്ടർ ഉണ്ട്. നിലം ഉഴുന്നതിനായി 62 ജോടി കാളകളും 16 ജോടി പോത്തുകളും ഉണ്ട്. കൃഷികോപകരണങ്ങളുടെ അപര്യാപ്തത നിമിത്തം സമയത്തിന് കൃഷിയിറക്കാൻ കഴിയുന്നില്ല. ആധുനിക ഉപകരണങ്ങളുടെ അപര്യാപ്തത മൂലം നാടൻ കാർഷികോപകരണങ്ങളും ഉപയോഗിക്കുകയും അതുവഴി കാർഷികവൃത്തി നഷ്ടത്തിലാവുകയും ചെയ്യുന്നു.

പാടശേഖരസമിതികൾ:

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട ഏഴ് പാടശേഖര സമിതികളും നിലവിലുണ്ട്. പാടശേഖര സമിതികളുടെ പ്രവർത്തനം എല്ലാ കർഷകരുടെ ഇടയിലും വ്യാപിച്ചിട്ടില്ല എന്നു മാത്രമല്ല കൃഷിഭവൻ ആനുകൂല്യങ്ങളും സാധാരണ ജനങ്ങൾക്ക് നീതിപൂർവ്വമായി ലഭിക്കുന്നുമില്ല. നല്ലൂർ പാടശേഖര സമിതിയിൽ രണ്ട് വർഷം മുമ്പ് കൂട്ടുകൃഷി സമ്പ്രദായം വിജയകരമായി നടന്നിരുന്നുവെങ്കിലും ഇപ്പോൾ കാര്യക്ഷമമല്ല. പാടശേഖര സമിതിയുടെ വിശദാംശങ്ങളും വിളക്രമങ്ങളും താഴെ ചേർക്കുന്നു.

പാടശേഖര സമിതിയും, വിളക്രമങ്ങളും

നമ്പർ	പാടശേഖരത്തിന്റെപേര്	ഒന്നാംവിള	രണ്ടാംവിള	മൂന്നാം വിള
1	നല്ലൂർ പാടശേഖരം	നെല്ല്	നെല്ല്, വാഴ	പയർവർഗ്ഗങ്ങൾ മരച്ചീനി
2	ചെമ്മന്തട്ട പാടശേഖരം	നെല്ല്	നെല്ല്, വാഴ	പയർവർഗ്ഗങ്ങൾ മരച്ചീനി
3	പൂന്താനം പാടശേഖരം	നെല്ല്	നെല്ല്, വാഴ	പയർ, മരച്ചീനി
4	പറമ്പൂർ പാടശേഖരം	നെല്ല്	നെല്ല്, വാഴ	പയർ, മരച്ചീനി
5	മുള്ള്യാകുർശി പാടശേഖരം	നെല്ല്	നെല്ല്, വാഴ	
6	വഴങ്ങോട് പാടശേഖരം	നെല്ല്	നെല്ല്, വാഴ	മരച്ചീനി
7	കീഴാറ്റൂർ പാടശേഖരം	നെല്ല്	നെല്ല്, വാഴ	

കൂലിനിരക്ക്:

കാഷ്കിവൃത്തിയിലേർപ്പെടുന്ന തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നതോടൊപ്പം സ്വയം പണിയെടുക്കുന്ന കർഷകരുടെ എണ്ണവും കുറയുന്നു. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങളും, കൃഷിയോടുള്ള താൽപര്യക്കുറവ്, നഗരവൽക്കരണം, ഗൾഫ് പണത്തിന്റെ സ്വാധീനം എന്നിവയെല്ലാം തൊഴിലാളികളുടെ മനോഭാവം മാറ്റാൻ കാരണമാകുന്നു. പഞ്ചായത്തിലെ കർഷകരിൽ 56% മാത്രമേ കൃഷി മുഖ്യ ജീവനോപാധിയായി കാണുന്നുള്ളൂ. തൊഴിലാളികളുടെ എണ്ണം ആണ്. പഞ്ചായത്തിൽ ഒരു ഏകീകൃത കൂലി നിരക്ക് ഇല്ലാ എന്നു തന്നെ പറയാം, പുരുഷതൊഴിലാളിക്ക് 90 മുതൽ 100 വരെയും സ്ത്രീതൊഴിലാളിക്ക് 60 മുതൽ 70 രൂപ വരെയുമാണ് ശരാശരി കൂലി നിരക്ക്.

കാർഷികവായ്പ:

സൗത്ത് മലബാർ ഗ്രാമീണ ബേങ്കിന്റെ ഒരു ശാഖയും ഒരു സഹകരണ ബാങ്കുമാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. നടപടി ക്രമങ്ങളിലുണ്ടാകുന്ന കാലതാമസം കാരണം കർഷകർക്ക് യഥോചിതം വായ്പകൾ കിട്ടുന്നില്ല. കാർഷിക ലോണുകൾ വിവാഹങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമായി ഉപയോഗിക്കുവാൻ കർഷകർ പലപ്പോഴും നിർബന്ധിതരാകുന്നു. കാർഷിക ഭൂമികൾ ജപ്തി ചെയ്യുന്ന സമ്പ്രദായം നിർത്തലാക്കണം. കർഷകർക്ക് കൂടുതൽ സാമ്പത്തികാവസരങ്ങൾ ലഭ്യമാക്കണം. കർഷകരുടെ പെൺമക്കളുടെ വിവാഹത്തിന് സഹായധനം നൽകിയാൽ കാർഷികലോണുകളുടെ കുടിശ്ശിക യിൽ തന്നെ കേന്ദ്രീകരിപ്പിക്കുവാൻ കഴിയും.

ജലസേചനം:

പ്രധാനമായും മഴയെ മാത്രമാശ്രയിച്ചാണ് കൃഷി നടത്തുന്നത്. രണ്ട് ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത് ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും സപ്തംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവും വർഷത്തിൽ ശരാശരി 360 സെ. മീറ്റർ മഴയുടെ ലഭിക്കുന്നുണ്ട്. പഞ്ചായത്തിലെ നീരൊഴുക്ക് വലുതും ചെറുതുമായ 25 തോടുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. തോടുകളെല്ലാം പുഴയുമായി സന്ധിക്കുന്നു.

തോടുകൾ:

പഞ്ചായത്തിൽ ചെറുതും വലുതുമായ 25 തോടുകളുണ്ട് ആകെ തോടുകളുടെ നീളം 65 കിലോ മീറ്റർ വരും എക്കാലത്തും വറ്റാത്ത നീരുറവയുള്ള ''നെമ്മിനി അയ്യപ്പൻചോല'' തോടാണിതിൽ പ്രധാനം പറമ്പൂർ തലാചോല, മാനാംചോല, മന്തംകുണ്ട് തോട്, പറമ്പൂർ കണ്ണ്യാല തോട് എന്നിവയാണ് മറ്റു പ്രധാന തോടുകൾ. ഇവക്കെല്ലാം നിരവധി ഉപതോടുകളുമുണ്ട്. അയ്യപ്പൻചോല മൂന്നു വാർഡുകളിലൂടെ ഒഴുകി ഒടുവംപുറം പുഴയിൽ സന്ധിക്കുന്നു. ഒരൊറ്റ തോടിനു ചീർപ്പുകളോ തടയിണകളോ ഇല്ല എന്നതാണ് വസ്തുത. തോടുകൾക്ക് കുറുകെ തടയിണകൾ നിർമ്മിച്ച് പൈപ്പ് ശൃംഖല വഴി കൃഷിക്കുപയുക്തമാക്കിയാൽ വളരെയധികം കർഷകർക്ക് ഗുണം ചെയ്യുന്നു. തോട്ടവക്കത്തുള്ള കൃഷിഭൂമികൾ എല്ലാവർഷവും ഇടിഞ്ഞിടിഞ്ഞ് നശിക്കുന്നു. കർഷകർ കൈതകളും മറ്റും വെച്ചു പിടിപ്പിച്ചിട്ടുണ്ടെങ്കിലും മണ്ണൊലിപ്പ് ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടില്ല.

കുളങ്ങൾ

വലുതും ചെറുതുമായി 325 കുളങ്ങളുണ്ട്. പഴയ കാലങ്ങളിൽ ഒരിക്കലും വറ്റാത്തവയായിരുന്ന ഇവ ഇപ്പോൾ സംരക്ഷിക്കപ്പെടാതെ ഭൂരിഭാഗവും തൂർന്നു നശിച്ചുകൊണ്ടിരിക്കുന്നു ഇപ്പോൾ ഭൂരിഭാഗം കുളങ്ങളിൽനിന്നും വേനൽക്കാലത്ത് കൃഷിക്കാവശ്യമായ വെള്ളം കിട്ടുന്നില്ല. സാമ്പത്തിക വിഷമതകൾ കാരണം കർഷകർക്ക് പുനർനിർമ്മാണ പ്രവർത്തനം നടത്താൻ പറ്റുന്നില്ല. സാമ്പത്തിക സഹായങ്ങൾ നൽകിയാൽ കർഷകർക്ക് ജലസേചനം നടത്തി പുഞ്ചകൃഷി, വേനൽക്കാല പച്ചക്കറി, ഇടവിളകൾ തുടങ്ങിയവ അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

മണ്ണ് ജലസംരക്ഷണം:

വരമ്പുകളുണ്ടാക്കിയും, അതിർത്തികളിൽ മരങ്ങൾ വെച്ചു പിടിപ്പിച്ചും, കൈതകളും മറ്റും വെച്ചു പിടിപ്പിച്ചുമായിരുന്ന മുൻകാലങ്ങളിൽ മണ്ണ് ജലസംരക്ഷണം നടത്തിയിരുന്നത്. മണ്ണുസംരക്ഷണത്തിനായി സോയിൽ കൺസർവേഷന്റെ ഒരു ഓഫീസ് പഞ്ചായത്തിലുണ്ടെങ്കിലും പ്രവർത്തനം

തുപ്പികരമല്ല കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം, കാർഷിക രീതിയിലുണ്ടായ മാറ്റം തുടങ്ങിയവ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളിൽ വിമുഖതയുണ്ടാക്കി. പഞ്ചായത്തിൽ ചരിഞ്ഞ പ്രദേശങ്ങളും കൂടുതലായതിനാൽ ഇടവരകളും വരമ്പുകളും നിർമ്മിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുന്നത് ഗുണകരമായിരിക്കും.

നഴ്സറികൾ:

പഞ്ചായത്തിൽ ചെറിയതോതിൽ ഉല്പാദനം നടത്തുന്ന രണ്ട് സ്വകാര്യ റബ്ബർ നേഴ്സറികളും മാത്രമാണുള്ളത്. അത്യുല്പാദന ശേഷിയുള്ള നല്ലയിനം നടീൽ വസ്തുക്കൾ ഇവിടത്തെ കർഷകർക്ക് ലഭിക്കുന്നില്ല. കൃഷിഭവനിൽ വരുന്ന നടീൽ വസ്തുക്കൾ നടേണ്ട സമയത്തോ കാലത്തോ അല്ല വരുന്നത്. അതിനാൽ പഞ്ചായത്തിൽ കർഷകരുടെ സഹായത്തോടെ കാർഷിക നേഴ്സറികൾ ആരംഭിച്ച് അവയുടെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതുണ്ട്.

കൃഷിഭവൻ:

1987 ആഗസ്റ്റ് 1 പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നത്. ഒരു കാർഷിക സംസ്കാരം മാത്രമുള്ള പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടെ ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം പരിമിതമായ പ്രദേശങ്ങളിൽ മാത്രമെയെത്തിയിട്ടുള്ള ഒരു കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റന്റുമാരുമുള്ള ഓഫീസിന്റെ സേവനം മുഴുവനായും കർഷകർക്ക് ലഭിക്കേണ്ടതുണ്ട്. കൃഷിയിടങ്ങൾ സന്ദർശിച്ച് സമയാസമയങ്ങളിൽ കർഷകരെ ഉപദേശിക്കുന്ന സമ്പ്രദായം ഈ ഓഫീസിലെ ഉദ്യോഗസ്ഥർക്കില്ല. അതിനാൽ കർഷകരുമായി ആരോഗ്യകരമായ ഒരു നല്ല ബന്ധം സ്ഥാപിക്കാൻ കൃഷിഭവനു കഴിഞ്ഞിട്ടില്ല. ദ്രുതവാട്ടം പോലുള്ള മാരകരോഗങ്ങൾ വന്ന് കൃഷി നശിക്കുമ്പോൾ കൃഷിഭവൻ ഉദ്യോഗസ്ഥർക്ക് കർഷകരെ സഹായിക്കാൻ കഴിയുന്നില്ല.

പ്രശ്നങ്ങൾ

25 തോടുകളൊഴുകുന്ന പഞ്ചായത്തിനു പാഴായി ഒഴുകി പോകുന്ന ജലം കൃഷിക്കുപയുക്തമാക്കാൻ കഴിയുന്നില്ല. നെമ്മിനി അയ്യപ്പൻചോല (തറയിങ്ങൽചോല), ഒറവംപുറം പാലപ്പാംകയം, 10-ാം വാർഡിലെ ചോലക്കുന്ന് പ്രദേശം, 5-ാം വാർഡിലെ കൊടക്കാട്ടുകളം കുട്ടാടൻചോല, 6-ാം വാർഡിലെ പറമ്പൂർ തലാചോല, മാനാംചോല, 5-ാം വാർഡിലെ കാരപ്പാടംകുളം, കഴുക്കോൽ വരിതോട്, 11-ാം വാർഡിലെ ആനപ്പാംകുഴിതോട്, ആനപ്പാംകുഴികുളം, II-ാം വാർഡിലെ ഉപയോഗശൂന്യമായ രണ്ട് വലിയകുളങ്ങളും, ഒറോംപുറം പൊട്ടികുണ്ട് ചിറ, 4-ാം വാർഡ് ചെമ്മന്തട്ട പ്രദേശത്തുടെയൊഴുകുന്ന പുഴ കൃഷിക്കുപയുക്തമാക്കൽ, വില്ലിയാർപുഴ ഉപയോഗപ്പെടുത്തൽ, മന്തംകുണ്ട് തോട്, I-ാം വാർഡിലെ 30 സെന്റ് വിസ്തൃതിയുള്ള കാഞ്ഞിരകുളം, തുടങ്ങി പഞ്ചായത്തിലെ ഏറ്റവും നല്ല ജലസ്രോതസ്സുകളും കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

25 വർഷം മുമ്പ് പഞ്ചായത്ത് പെരുമണ്ണിൽ നിർമ്മിച്ച പമ്പ് ഹൗസ് തകർന്ന് നശിച്ചുകൊണ്ടിരിക്കുന്നു.

തോട്ടവക്കത്തുള്ള പ്രദേശങ്ങളും പുഴവക്കത്തുള്ള പ്രദേശങ്ങളും മണ്ണിടിച്ചിൽ ഭീഷണി നേരിടുന്നവയാണ് അത്തരം പ്രദേശങ്ങളിൽ കരിങ്കല്ലുപയോഗിച്ച് പടുത്തുയർത്തണം. ചെമ്മംതട്ടയിലെ പല കൃഷിസ്ഥലങ്ങളിലും പുഴവെള്ളം കയറി കൃഷി നശിക്കുന്നത് ഫലപ്രദമായി നേരിടണം വില്ലിയാർപുഴയിലും മറ്റും മണൽ വാരൽ നിമിത്തം സമീപപ്രദേശങ്ങൾ ഇടിഞ്ഞുകൊണ്ടിരിക്കുന്നു.

ഉല്പാദന ചെലവിൽ വന്ന വൻവർദ്ധന, തൊഴിലാളികളുടെ ദൗർല്ലഭ്യം, ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കായ്ക, പ്രതികൂലമായ കാലവസ്ഥ, ജലസേചന സൗകര്യങ്ങളുടെ അഭാവം തുടങ്ങിയവ മൂലം കൃഷി ഉല്പാദനം കുറയുന്നതിനു കാരണമായി.

പ്രധാന കൃഷിയായ തെങ്ങാകട്ടെ രോഗങ്ങൾ, മെച്ചപ്പെട്ട വിപണനത്തിന്റെ അഭാവം ജലസേചന സൗകര്യമില്ലായ്മ, വിലക്കുറവ്, പ്രായമധിക്യമായവ എന്നീ പ്രശ്നങ്ങളാൽ മെച്ചപ്പെട്ട ഉല്പാദനം കാഴ്ചവെക്കുന്നില്ല.

പഞ്ചായത്തിലെ മറ്റൊരു മുഖ്യനാണ്യവിളയായ റബ്ബറും അനവധി പ്രശ്നങ്ങൾ സഹിക്കുന്നു. പട്ടമരവിപ്പ്, ചീക്ക്, തുടങ്ങിയ രോഗങ്ങൾക്കു

പുറമെ സ്വകാര്യ കച്ചവടക്കാരുടെ ചൂഷണം, അസംസ്കൃത പദാർത്ഥങ്ങളുടെദൗർലഭ്യം എന്നീ പ്രശ്നങ്ങളും നേരിടുന്നു. ഒരു പൊതുവിപണന ഏജൻസിയുടെ അഭാവം മുഖ്യ പ്രശ്നമാണ്.

ഒരു കാലത്ത് ജില്ലയിൽതന്നെ കരുമുളകുല്പാദനത്തിൽ മികച്ചുനിന്നിരുന്ന പഞ്ചായത്തിൽ കരുമുളകുകൃഷി ഇപ്പോഴും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. ദ്രുതവാട്ടമെന്ന 'കാൻസർ' കരുമുളകു വള്ളികളെ ബാധിച്ചിരിക്കുന്നു. രോഗത്തിനു പ്രതിവിധി ഇന്നുവരെ കർഷകർക്കറിയില്ല. കൃഷി നശിച്ച കർഷകർക്ക് മതിയായ നഷ്ടപരിഹാരം ലഭിച്ചിട്ടില്ല. കരുമുളകുകൃഷിയിൽപഞ്ചായത്തിനുപഴയകാലത്തുണ്ടായിരുന്ന പ്രതാപം വീണ്ടെടുക്കുന്നതിന് ആവശ്യമായ മുഴുവൻ സൗകര്യവും ചെയ്യണം. വിപണനവും ഈ മേഖലയിലെ മറ്റൊരു പ്രശ്നമായിനിൽക്കുന്നു.

നേന്ത്രവാഴ, മരച്ചീനി തുടങ്ങിയ ഇടക്കാല കൃഷികൾക്ക് മുൻപന്തിയിലായ പഞ്ചായത്തിലെ കർഷകർ വാഴയുടെ തുമ്പടപ്പ്, മഹാളി, കട്ടക്കേട് തുടങ്ങിയ രോഗങ്ങളും കാരണം അവശതയനുഭവിക്കുന്നു. പ്രകൃതിക്ഷോഭങ്ങളിൽ ഇത്തരം വിളകൾക്ക് പലപ്പോഴും കേട് പറ്റാറുണ്ട്. എന്നാൽ ആവശ്യമായ നഷ്ടപരിഹാരങ്ങളോ, സർക്കാർ സഹായങ്ങളോ ലഭിക്കാറില്ല. നേന്ത്രവാഴ കൃഷിയുടേയും മരച്ചീനിയുടേയും വിലയുടെ 75% മാത്രമേ കർഷകർക്ക് ലഭിക്കുന്നുള്ളു. കമ്മീഷൻ എന്ന വ്യാജേന കച്ചവടക്കാർ നല്ലൊരു ശതമാനം തട്ടിയെടുക്കുന്നു, വിപണനസൗകര്യങ്ങളുടെ ദൗർലഭ്യമാണിതിന് കാരണം.

ഒരു കാലത്ത് നെൽവയലുകളിൽ ഇടവിളകളായി കൃഷി ചെയ്തിരുന്ന വേനൽക്കാല പച്ചക്കറികൾ, എള്ള്, ചാമ തുടങ്ങിയവയുടെ ഉല്പാദനം ഇന്ന് ഗണ്യമായി കുറഞ്ഞിരിക്കുന്നു. മെച്ചപ്പെട്ട ജലസേചനസൗകര്യംമില്ലായ്മ, വിലകുറവ്, ജൈവവള ദൗർലഭ്യം രാസവളത്തിന്റെ പൊള്ളുന്ന വില തുടങ്ങിയവ ഇതിന് കാരണമായി ചൂണ്ടിക്കാണിക്കാം

യഥാസമയം വരമ്പുകളിടാത്തതും കൊത്തും കിളയും നടത്താത്തതും മണ്ണൊലിപ്പിന് കാരണമായി. പലസ്ഥലങ്ങളിലും കൃഷിയോഗ്യമായ ഭൂമികൾ തരിശിട്ടിരിക്കുന്നു.

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലോ, ശരിയായ അനുപാതത്തിലോ അല്ല ഭൂരിഭാഗം കർഷകരും രാസവള പ്രയോഗം നടത്തുന്നത്. കർഷകരുടെ അജ്ഞതയാണിതിനു കാരണം. യൂറിയ പോലുള്ള വിലകുറവുള്ള രാസവളങ്ങളും പലകർഷകരും അമിതമായി ഉപയോഗിക്കുകയും ശരിയായ ഫലം ലഭിക്കാതെ വരികയും ചെയ്യുന്നു. കൃഷിഭവൻ ഉദ്യോഗസ്ഥരുടെ ശരിയായ സേവനത്തിലൂടെ ഇത് മാറ്റിയെടുക്കണം.

ഈ പഞ്ചായത്തിൽ നെൽകൃഷിക്കു കണ്ടുവരുന്ന രോഗങ്ങളാണ് മുഞ്ഞരോഗം, കുടപുഴു, തണ്ടുതുരപ്പൻ ഇലചുരുട്ടിപുഴു, വാളീച്ച തുടങ്ങിയവ. നെൽകൃഷിക്ക് കതിർസമയത്ത് പലസ്ഥലങ്ങളിലും ചാഴിശല്യവും രൂക്ഷമാണ്. മണ്ടയടപ്പ്, കുമ്പുചീയൽ, തെങ്ങോലപ്പുഴു, കൊമ്പൻചെല്ലി തുടങ്ങിയവ തെങ്ങിനെയും കാര്യമായി ബാധിക്കുന്നു. നെൽകൃഷിക്കും തെങ്ങുകൃഷിക്കും ഒരുപോലെ എലിശല്യവും കണ്ടുവരുന്നുണ്ട്. പഞ്ചായത്തിലെ മൊത്തം കാർഷികോല്പാദനത്തിന്റെ 22% ഇത്തരത്തിൽ നഷ്ടപ്പെടുന്നു.

കാർഷികരംഗത്തെ ആധുനിക ഉപകരണങ്ങളായനടീൽ യന്ത്രങ്ങളും കൊയ്യുന്നതിനും മെതിക്കുന്നതിനുമുള്ള യന്ത്രങ്ങളും, തെങ്ങുകയറ്റ യന്ത്രം എന്നിവ പഞ്ചായത്തിൽ ലഭ്യമല്ല. ട്രാക്ടറുകളുംപോലും ഭൂരിഭാഗം സ്ഥലങ്ങളിലും ഉപയോഗിക്കപ്പെടുന്നില്ല. കൃഷിഭൂമിയുടെ വലിപ്പക്കുറവ്, ട്രാക്ടറുകളും ഇറക്കുന്നതിനു റാമ്പുകളും മറ്റും ഇല്ലായ്മ, സമയത്തിനു ട്രാക്ടർ ടില്ലർ ഇവകിട്ടായ്മ ഇതെല്ലാം അതിനു പ്രശ്നങ്ങളായി നിൽക്കുന്നു.

മേൽപറഞ്ഞതിനെല്ലാം പുറമെ പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനം ഒരു പ്രധാന പോരായ്മയാണ്. ഏതാനും വാർഡുകളിലെ ചുരുക്കം ചില പ്രദേശങ്ങളിൽ ഭാഗികമായി മാത്രമാണ് കൃഷിഭവന്റെ പ്രവർത്തനം എത്തുന്നത്. പാടശേഖരങ്ങളിലോ, കൃഷിസ്ഥലങ്ങളിലോ കൃഷിഭവൻ ഉദ്യോഗസ്ഥർ തീരെ സന്ദർശിക്കുന്നില്ല. ഇതുമൂലം ആവശ്യഘട്ടങ്ങളിൽ കർഷകർക്ക് ആവശ്യമായ വിദഗ്ദമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നഷ്ടമാകുന്നു. നെൽകൃഷിക്കുള്ള സബ്സിഡി വിതരണം ചെയ്യുക കൃഷിഭവനിലെത്തുന്ന സാധനങ്ങൾ വിതരണം ചെയ്യുക എന്ന ഇന്നത്തെ കൃഷിഭവൻ പ്രവർത്തന രീതി മാറ്റിയെടുത്ത് കർഷകരുടെ സുഹൃത്തും വഴികാട്ടിയുമാകാൻ കൃഷിഭവനു കഴിയണം കർഷകർ ഒരു പരിധിവരെയെങ്കിലും അന്ധവിശ്വാസികളാണ്. ശാസ്ത്രീ

യമായ രീതികളും സമീപനങ്ങളിലും അവരെ വിശ്വാസിപ്പിക്കാൻ കൃഷിഭവനുകഴിയും.

നിർദ്ദേശങ്ങൾ

1 നെമ്മിനി അയ്യപ്പൻചോലയിൽ തടയിണകെട്ടി ജലം സംഭരിച്ച് പൈപ്പ് ലൈൻ ശൃംഖല വഴി സമീപ പ്രദേശങ്ങളിലെ കൃഷ്കക്ക് ജലസേചന സൗകര്യം ഒരുക്കികൊടുക്കുക.

2 I-ാം വാർഡിൽ 30 സെൻറ് വിസ്തൃതിയുള്ള കാഞ്ഞിരകുളം ചെളികയറി വിപുലീകരിച്ചാൽ 50 ഹെക്ടർ കൃഷിഭൂമിക്ക് ഗുണം ചെയ്യും

3 നല്ലൂർ പാടശേഖര സമിതിയിൽ പുതുതായി ഒരു കുളം നിർമ്മിച്ച് പമ്പ് ഹൗസ് കെട്ടി സമിതിക്ക് വിട്ടുകൊടുക്കുക.

4 രണ്ടാം വാർഡിലെ ഉപയോഗശൂന്യമായി കിടക്കുന്ന 2 കുളങ്ങൾക്ക് സംരക്ഷണ പ്രവർത്തനം നടത്തുക.

5 മന്തംകുണ്ട് തോടിൻെറ നിലവിലുള്ള ചിറയിൽ ആവശ്യമായ അറകുറ പണികൾ നടത്തി തോടിനിരുവശവും പടുത്ത് മണ്ണിടിച്ചിൽ തടയുക.

6 മൂന്നാം വാർഡിലെ നന്നാക്കിയെടുക്കാൻ പറഞ്ഞിയ കുളങ്ങൾ കർഷകരുടെ സഹകരണത്തോടെ നന്നാക്കിയെടുത്ത് കൃഷിക്കാക്ക് വിട്ടുകൊടുക്കുക.

7 ചെമ്മംതട്ട വല്ലിയാർ പുഴയിൽ തടയിണകെട്ടുക മുതിരികുളം, കിളിമേൽ, പുഞ്ചക്കുളം, കണ്ണംകുളം ചേറങ്ങോടുകുളം പട്ടികുഴികുളം കടിഞ്ഞൊടിയിൽകുളം എന്നിവ പുനർനിർമ്മാണം നടത്തി ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തുക.

8 5-ാം വാർഡിലെ കാരപ്പാടംകുളം ഉപയോഗശൂന്യമായ മറ്റു കുളങ്ങൾ എന്നിവ നന്നാക്കിയെടുക്കുക.

9 6-ാം വാർഡിലെ പറമ്പൂർ തലാചോല. മാനാംചോല. പറമ്പൂർ കണ്യാലതോട് എന്നിവിടങ്ങളിൽ തടയിണ നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തുക. പറമ്പൂർകുളം, ചെറുവള്ളികുളം, പോമ്പറകുളം എന്നിവ ചെളി കയറി കൃഷിക്കുപയുക്തമാക്കുക.

10 8-ാം വാർഡിലെ വീതുള്ളികുളം, ആയപ്പുള്ളികുളം, പിലാത്തറകുളം, വലിയകുളം, തുടങ്ങിയ വറാത്ത കുളങ്ങൾ നന്നാക്കിയെടുത്ത് പമ്പ് ഹൗസ് സ്ഥാപിച്ച് ജലസേചന സൗകര്യത്തിന് വിട്ടുകൊടുക്കുക.

11 10ാം വാർഡിലെ ഉപയോഗശൂന്യമായ കുളങ്ങൾ നന്നാക്കിയെടുത്ത് പാടശേഖര സമിതിക്ക് പുതിയ കുളം അനുവദിച്ചുകൊടുക്കുക.

12 11-ാം വാർഡിലെ ആനപ്പാംകുഴികുളം, മറ്റുപയോഗശൂന്യമായ ജലസ്രോതസ്സുകൾ നന്നാക്കിയെടുക്കുക.

13 മണ്ണൊലിപ്പുള്ള പ്രദേശങ്ങളിൽ ഇടവരകളും വരമ്പുകളും നിർമ്മിക്കുക.

14 തോടുകളും ചോലകളും ഒഴുകുന്ന പ്രദേശങ്ങളിൽ ജനപങ്കാളിത്തതോടെ തോടുകൾക്കിരുവശവും പടുത്തുയർത്തുക.

15 പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിൻെറ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെ പറ്റി കർഷകക്ക് ധാരണ നൽകുക.

16 **ഗ്രൂപ്പ് ഫാമിങ്ങ്:**

നിലവിലുള്ള കർഷിക സമിതികളെ പുനരുജ്ജീവിപ്പിച്ച് പാടശേഖര സമിതികൾ ഇല്ലാത്ത സ്ഥലങ്ങളിൽ രൂപീകരിച്ചും എല്ലാവിളകൾക്കും ബാധകമായ രീതിയിൽ ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഫലപ്രദമായി ഏർപ്പെടുത്തണം. ഇപ്പോൾ നിലവിലുള്ള നെൽപാടങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുക. വേനൽക്കാല പച്ചക്കറി കൃഷികൾ വിപുലപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കികൊടുക്കണം. ഓരോ പാടശേഖര സമിതിക്കും ഓരോ ട്രാക്ടറും മറ്റു നടീൽയന്ത്രങ്ങളും ലഭ്യമാക്കണം. ആദ്യപടിയായി കൃഷിഭവൻെറ മേൽനോട്ടത്തിലും ഉടമസ്ഥതയിലും ഒരു ട്രാക്ടർ വാങ്ങി പഞ്ചായത്തിലെ പാടശേഖരങ്ങളുടെ ഉപയോഗത്തിന് വാടകക്ക് കൊടുക്കണം.

ഓരോ പാടശേഖര സമിതിയുടെ കീഴിലും 10 വീതം യുവാക്കളെ മോട്ടോർ നന്നാക്കൽ, ട്രാക്ടർ, ട്രില്ലർ തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് പരിശീലിപ്പിക്കൽ, റബ്ബർ ടാപ്പിങ്ങ് തുടങ്ങിയ തൊഴിലുകളിൽ പ്രാവീണ്യം നേടുന്നതിനനുയോജ്യമായ പരിശീലനം പഞ്ചായത്ത് തലത്തിൽ നൽകണം. പഞ്ചായത്തിൽ ഒരു ആഗ്രോക്ലിനിക്ക് സ്ഥാപിക്കണം. കൊയ്യുന്നതിനും മെതിക്കുന്നതിനും തെ

ങ്ങുകയുന്നതിനുമുള്ള യന്ത്രങ്ങളും പ്രചാരത്തിലാക്കണം.

17 വിത്തിനങ്ങൾ:

അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും ആധുനിക സാങ്കേതികവിദ്യയും കഷ്കർക്ക് ലഭ്യമാക്കണം. പ്രാദേശികമായി വിത്തുല്പാദിപ്പിക്കാനുള്ള ചുതല പാടശേഖര സമിതികൾക്ക് നൽകാവുന്നതാണ്. ഫലവൃക്ഷ തൈകളും ആവശ്യാനുസരണം ലഭ്യമാക്കണം. നടീൽ വസ്തുക്കളും ആവശ്യത്തിനും സമയത്തിനും ലഭിക്കുന്നതിനുവേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ ഒന്നാം വാർഡിൽ ഒരു കാഷ്കി നേഴ്സറി സ്ഥാപിക്കണം. ക്രമേണ മറ്റു വാർഡുകളിലേക്ക് വ്യാപിപ്പിക്കാവുന്നതാണ്.

18 ഔഷധസസ്യങ്ങൾ:

ഔഷധസസ്യങ്ങളായ ഇഞ്ചി, മഞ്ഞൾ, ഏലം വയമ്പ്, രാമച്ചം, കരിംകുറിഞ്ഞി കൂവ, കൂവളം, നന്നാരി, കുറുവപട്ട, ഗ്രാമ്പൂ തുടങ്ങിയവക്ക് അനുയോജ്യമായ കാലാവസ്ഥയുള്ള ഉപയോഗപ്പെടുത്തി വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കണം. കുറുന്തോട്ടി തുടങ്ങിയ കാട്ടുമരുന്നുകൾ കുറഞ്ഞ വിലക്ക വാങ്ങി ആയുർവ്വേദ മരുന്നു കമ്പനികൾക്ക് വിപണനം നടത്തുന്ന സഹകാര്യ കച്ചവട കേന്ദ്രങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

19 പച്ചക്കറി ഉൽപാദനം:

ഗുണമേന്മയുള്ള വിത്തുകളും ജൈവ രാസവളങ്ങളും കഷ്കർക്ക് വിതരണം ചെയ്യണം. വേനൽക്കാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കണം. പുരയിടകൃഷി പ്രോത്സാഹിപ്പിക്കണം. അടുക്കളതോട്ടം എന്ന ആശയം കൂടുതൽ പ്രചരിപ്പിക്കണം. പഞ്ചായത്തിൽ നിലവിലുള്ള രണ്ട് ഹൈസ്കൂളിലും വിദ്യർത്ഥികളേയും അധ്യാപകരേയും ഉൾപ്പെടുത്തി സ്കൂളിൽ മാതൃകാ പച്ചക്കറിതോട്ടം ഉണ്ടാക്കണം. ഇതിനായുള്ള വിത്തും, വളവും ഉപദേശങ്ങളും കൃഷിഭവൻ വഴി എത്തിച്ചുകൊടുക്കണം. പച്ചക്കറികൃഷിയിലും സഹകരണാടിസ്ഥാനത്തിൽ ഗ്രൂപ്പ് ഫാമിങ്ങ് നടപ്പിലാക്കണം.

20 കീടനാശിനികൾ

കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം പല പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നു. "ഫറഡാൻ" പോലുള്ള അത്യുഗ്രമായ കീടനാശിനികളും പഞ്ചായത്തിൽ നിരോധിക്കണം. ശരിയായ അളവിലും മുൻകരുതലുകളോടെയും കീടനാശിനി പ്രയോഗിക്കുവാൻ കഷ്കരെ ബോധവാൻമാരാക്കണം. ഓരോ വിളകൾക്കും വേണ്ട അനുയോജ്യമായ കീടനാശിനികളും പരിമിത വിലയ്ക്ക് കൃഷിഭവനിലൂടെ വിതരണം ചെയ്യണം.

21 വളങ്ങൾ:

ഫാക്ട് വളങ്ങൾ വിതരണം ചെയ്യുന്നത് പഞ്ചായത്തിലെ ഏകസഹകരണ സ്ഥാപനമാണ്. ചെറുകിട ഇടത്തരം കഷ്കർക്ക് യഥോചിതം എല്ലാ ദിവസവും വളം കിട്ടുന്ന സമ്പ്രദായം ഇവിടെ ഏർപ്പെടുത്തണം സഹകാര്യ ഏജൻസികളിൽ നിന്നും കഷ്കർ മേന്മ കുറഞ്ഞ വളങ്ങൾ വാങ്ങുന്നത് തടയാൻ പഞ്ചായത്തും കൃഷിഭവനും ചേർന്ന് ഒരു രാസവളം കീടനാശിനി ഡിപ്പോ ആരംഭിക്കണം. കൃഷിഭവനിലൂടെ ഇപ്പോൾ വിതരണം ചെയ്യുന്ന രാസവളം ഫാക്ടിൻറേതല്ല. മറിച്ച് സഹകാര്യ കമ്പനിക്കാരുടെ മേന്മ കുറഞ്ഞ വളങ്ങളാണ് ഈ സ്ഥിതി മാറ്റിയെടുക്കണം വളത്തിൻറെ ഉപയോഗ ക്രമത്തെക്കുറിച്ച് ബോധവൽക്കരണം നടത്തണം. പച്ചിലവളം വയലുകളിൽ തന്നെ ഉണ്ടാക്കുന്നതിനു വേണ്ടി ഡെയ്ഞ്ച പോലുള്ള തോൽ വിത്തുകൾ സൗജന്യമായി വിതരണം ചെയ്യണം കാലിവളം ഉപയോഗപ്പെടുത്തണം കൃഷിഭവൻ ഉദ്യോഗസ്ഥർ "കമ്പോസ്റ്റ് രീതി" കഷ്കർക്ക് പരിചയപ്പെടുത്തണം രാസവള സബ്സിഡി കൂടുതൽ കാര്യക്ഷമമാക്കണം.

22 ജലസേചനം:

മുമ്പേ സൂചിപ്പിച്ച ജലസേചന പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തികരിക്കാൻ കഴിയണം. തെങ്ങ്, കമുക് കൃഷികൾക്ക് ജലസേചനം വർദ്ധിപ്പിക്കണം. ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ എന്നിവയുടെ സാദ്ധ്യത ആരായണം. സഹകാര്യ ജലസേചന പദ്ധതികൾക്ക് ആവശ്യമായ ലോണുകളും സബ്സിഡികളും അനുവദിക്കണം. ജലസേചന പ്രദേശങ്ങളിൽ സൗജന്യമായി വൈദ്യുതി എത്തിച്ചുകൊടുക്കണം. മണ്ണെണ്ണ പെർമ്മിറ്റുകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ലഘൂകരിച്ച് കൃഷി ഓഫീ

സർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ അളവ് മണ്ണെണ്ണ കർഷകർക്ക് നൽകണം.

23 ഇൻഷൂറൻസ് പദ്ധതി

കൃഷിയെ സംരംക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം പകരുന്നതിനുംഎല്ലാവിളകൾക്കും ഗ്രൂപ്പ് ഇൻഷൂറൻസ് സമ്പ്രദായം ഏർപ്പെടുത്തണം വിള നശിച്ചാൽ 15 ദിവസത്തിനകം നഷ്ടപരിഹാരം ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കണം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് പരിധിയിലെ മുഴുവൻ കർഷകരെയുംഇൻഷൂർ ചെയ്യണം.

24 പൊതുവിപണി

പ്രധാന ഉല്പന്നങ്ങളായ തേങ്ങ, റബ്ബർ, കുരുമുളക്, പച്ചക്കറി, നേന്ത്രവാഴ, മരച്ചീനി എന്നിവയുടെ സുഗമമായ വിപണനത്തിന് അരിക്കണ്ടം പാക്ക് ആസ്ഥാനമാക്കി ഒരു മാക്കറ്റിങ്ങ് സൊസൈറ്റി രൂപീകരിക്കണം. എല്ലാ വാർഡുകളിലും കേരസംസ്കരണ യൂനിറ്റുകൾ ആരംഭിക്കണം. പച്ചക്കറികൾക്ക് പൊതു മാക്കറ്റ് ഏർപ്പെടുത്തി ഇടത്തട്ടുകാരെയും കമ്മീഷൻ ഏജന്റുമാരെയും ഒഴിവാക്കണം.

25 നഴ്സറികൾ

പഞ്ചായത്തിലേക്കാവശ്യമായ നടീൽ വസ്തുക്കൾ നിർമ്മിക്കുന്നതിന് നെന്മിനിയിൽ ഒരു മാതൃകാ കാഷ്യു നേഴ്സറി സ്ഥാപിക്കണം. വിപണന സാധ്യതയുള്ള കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡ് തുടങ്ങിയവയുടെ തൈകൾ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലുംമെത്തിക്കണം. ക്ഷീരകൃഷി, വെറ്റിലകൃഷി തുടങ്ങിയ വ്യാപിപ്പിക്കാനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.

ഏകീകൃതമായ കൂലിസമ്പ്രദായം പഞ്ചായത്ത്തലത്തിൽ ഏർപ്പെടുത്തണം പഞ്ചായത്തിലെ കർഷകർ തമ്മിൽ ആരോഗ്യകരമായ മത്സരം ഉണ്ടാക്കിയെടുത്ത് ഏറ്റവും നല്ല കർഷകന് പഞ്ചായത്ത് തലത്തിൽ കാഷ് അവാർഡുകൾ ഏർപ്പെടുത്തണം. കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കണം. ഉപഭോക്തൃസംസ്കാരം മാറ്റിയെടുക്കാനും പുത്തൻ വികസനസംസ്കാരത്തിന്റെ ഉടമകളാകാനും ഓരോ കർഷകനും യത്നിക്കണം.

മൃഗസംരക്ഷണം
മത്സ്യബന്ധനം

നാലാം വാർഡിലെ കൊണ്ടിപറമ്പിലാണ് പഞ്ചായത്ത് മൃഗാശുപത്രി. വാടക കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിക്കുന്നത്. ഇതിന്റെ സൗകര്യങ്ങൾ പഞ്ചായത്തിലെ മറ്റുവാർഡുകളിലേക്ക് വേണ്ടത്ര ലഭിക്കുന്നില്ല. കിഴാറ്റൂർ പഞ്ചായത്തിലെ 6, 7, 8, 9,11 എന്നീ വാർഡുകളിലുള്ളവർ കാലികൾക്ക് രോഗം വന്നാൽ ദൂരെയുള്ള മൃഗാശുപത്രിയിൽ എത്തിക്കാൻ പ്രയാസപ്പെടുന്നു. ഇതു മൂലം സമയത്തിനു ചികിൽസ ലഭിക്കാതെ കാലികൾ ചാവുന്ന സാഹചര്യം ഉണ്ടാവാറുണ്ട്

കാലികളിൽ അകിടുവീക്കം പരാദരോഗങ്ങൾ എന്നീ രോഗങ്ങൾ കണ്ടുവരുന്നു. രോഗങ്ങളെസംബന്ധിച്ചും പ്രതിരോധ നടപടികളെസംബന്ധിച്ചുമുള്ള അറിവില്ലായ്മ രോഗങ്ങളെ തുടക്കത്തിൽ കണ്ടെത്തി ചികിത്സിച്ചു സുഖപ്പെടുത്താൻ തടസ്സമാകുന്നുണ്ട്. അശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്ന തൊഴുത്തുകൾ കന്നുകാലി രോഗങ്ങൾക്ക് കാരണമാകുന്നു കാലികളുടെ എണ്ണത്തിൽ വന്ന കുറവ് ജൈവവള ലഭ്യതയെ ഗണ്യമായി കുറച്ചിട്ടുണ്ട്

ഇറച്ചിക്കുവേണ്ടി കോഴികളെ മറ്റു പ്രദേശങ്ങളിൽ നിന്നാണ് ഇറക്കുമതിചെയ്യുന്നത്. കോഴി വളർത്തലിന് പഞ്ചായത്തിൽ വൻസാധ്യതയുണ്ടെന്നാണ് ഇത് വ്യക്തമാക്കുന്നത്. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്

മൃഗസംരക്ഷണം

പശു, ആട്, കാള എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ എരുമകളേയും നാമമാത്രമായി വളർത്തപ്പെടുന്നുണ്ട്. കോഴിയാണ് പ്രധാന വളർത്തുപക്ഷി. താറാവ് വളർത്തൽ നാമമാത്രമാണ് പഞ്ചായത്തിൽ 835 പശുക്കളും 1217 ആടുകളും ഉണ്ട്.

നെൽകൃഷിയുടെ കുറവ്, യന്ത്രവൽക്കരണം എന്നിവ കന്നുകാലികളുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട് ഉഴവുകാളകളുടേയും പോത്തുകളുടേയും എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. കോഴിവസന്ത തുടങ്ങിയ രോഗങ്ങൾ മൂലം കോഴികളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ട് റോഡുകളും വാഹനങ്ങളും വർദ്ധിച്ചതോടെ വണ്ടികാളകളെ പഞ്ചായത്തിൽ ഉപയോഗിക്കുതെയായി പഞ്ചായത്തിൽ വണ്ടികാളകൾ ഒന്നും തന്നെയില്ല.

പഞ്ചായത്തിൽ രണ്ട് പാൽ സൊസൈറ്റികൾ

ംഉണ്ട്. പാൽ സൊസൈറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും ആവശ്യമുള്ള പ്രദേശങ്ങളിൽ പാൽ സൊസൈറ്റികൾ ആരംഭിക്കേണ്ടതുണ്ട്.

വളർത്തുമൃഗങ്ങളും പക്ഷികളും

മൃഗങ്ങളുടെ ഇനം	1996
പശു	835
എരുമ	48
കാള	279
ആട്	1217
കോഴി	7511
താറാവ്	89
പോത്ത്	171

പ്രധാന പ്രശ്നങ്ങൾ

1 പുല്ല്, വൈക്കോൽ ഇവയുടെ ലഭ്യത കുറവ്
2 കാലിത്തീറ്റയുടെ വില കൂടുതൽ.
3 മേച്ചിൽപുറങ്ങളുടെ അപര്യാപ്തത.
4 അത്യുല്പാദന ശേഷിയുള്ള കാലികളുടെ ലഭ്യത കുറവ്
5 നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം.
6 മുയൽ കുഞ്ഞുങ്ങളുടെ ലഭ്യതകുറവ്.
7 മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.
8 ക്ഷീര വിപണനത്തിലുള്ള സൗകര്യ കുറവ്.
9 ആവശ്യത്തിന് പായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
10 കാടവളർത്തൽ, പന്നി വളർത്തൽ എന്നിവയെ കുറിച്ച് വേണ്ടത്ര അറിവില്ലായ്മ.
11 കോഴികളും മൃഗങ്ങളും രോഗം പിടിപ്പെട്ട് മരണമടയുമ്പോൾ ഉണ്ടാകുന്ന കടബാധ്യത.

സാധ്യതകൾ

1 ക്ഷീരോല്പാദക സഹകരണസംഘം മുഖേന കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റയും തീറ്റപുൽ വിത്തും വളവും ലഭ്യമാക്കുക. ക്ഷീരോല്പാദകർക്ക് വിപണന സാദ്ധ്യതകളും വർദ്ധിപ്പിക്കാൻ സഹകരണസംഘം ഉപയോഗപ്പെടുത്തുക.
2 മൃഗചികിത്സ സൗകര്യങ്ങളും ഫലപ്രദമാക്കുന്നതിന് കീഴാറൂർ വില്ലേജിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുക.
3 കന്നുകാലി വളർത്തലിനും കോഴി വളർത്തലിനും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുക.
4 അത്യുല്പാദന ശേഷിയുള്ള പശുവളർത്തൽ പ്രോത്സാഹിപ്പിക്കുക.
5 നിലവിലുള്ള മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
6 പൊതു അറവുശാല സ്ഥാപിക്കുക.
7 പേപ്പട്ടി ശല്യം തടയുക. ലൈസൻസില്ലാത്തതും അലഞ്ഞു നടക്കുന്നതുമായ മുഴുവൻ നായക്കളേയും കൊന്നൊടുക്കുക.
8 മൃഗസംരക്ഷണത്തെ കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകളും കർഷകസമ്പർക്ക പരിപാടികളും സംഘടിപ്പിക്കുക.
9 നല്ലയിനം തൊഴുത്തുകളും കോഴിക്കൂടുകളും നിർമ്മിക്കുന്നതിന് സബ്സിഡിയോടു കൂടിയ വായ്പ അനുവദിക്കുക.

മത്സ്യബന്ധനം

പഞ്ചായത്തിൽ കടലോര മേഖലയോ കായൽ നിലങ്ങളോ ഇല്ല. കുളങ്ങളിലുള്ള മത്സ്യം വളർത്തൽ ഇന്ന് ശാസ്ത്രീയമല്ല. നാടൻ മത്സ്യങ്ങളും പരമ്പരാഗതമായ രീതിയിൽ വളരുന്ന എന്നേയുള്ള മൂന്നാം വാർഡിലേയും പത്താം വാർഡിലേയും ഗ്രാമ സഭകളിൽനിന്നും അവിടെയുള്ള സ്വകാര്യ കുളങ്ങളിൽ മത്സ്യ വളർത്തലിന് സാധ്യത ഉണ്ട് എന്ന് സൂചിപ്പിച്ചിരുന്നു മത്സ്യ വളർത്തലിന് സാമ്പത്തിക സഹായവും വിദഗ്ദ ഉപദേശവും നൽകുകയും നല്ലയിനം മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ചെയ്താൽ പഞ്ചായത്തിലെ പല സ്വകാര്യകുളങ്ങളിലും മത്സ്യം വളർത്തുന്നതിന് സാദ്ധ്യതയുണ്ട്.

ഗതാഗതം

പഞ്ചായത്ത് സംവിധാനം രൂപംകൊള്ളുന്നതിനു മുമ്പുതന്നെ പഞ്ചായത്തിന്റെ മധ്യത്തിലൂടെ കടന്നു പോകുന്ന മുള്ള്യാകർശ്ശി - ഒറവംപുറം P. W. D. റോഡ് രൂപം കൊണ്ടിട്ടുണ്ട് ഈ റോഡിനു ഒൻപതുകിലോ മീറ്ററോളം നീളമുണ്ട് ഇതിനുപുറമേ തോട്ടപ്പായ ഭാഗത്തുനിന്ന് ഒരു കിലോമീറ്ററോളം നീള

മുള്ള ഒരു സ്വകാര്യ റോഡും പഞ്ചായത്തിലെ ഒരു ബൈപാസ് റോഡ് ആയി മാറാവുന്ന ടിപ്പുസുൽത്താൻ റോഡും ആക്കപ്പറമ്പിൽ നിന്ന് നെല്ലിക്കാത്തൊടി പടിവരെയും കീഴാറൂർ വരെയും ഉള്ള സ്വകാര്യ റോഡുകളും ഉണ്ടായിരുന്നു. സ്വകാര്യ റോഡുകളും പഞ്ചായത്ത് രൂപീകൃതമായതിനു ശേഷം പഞ്ചായത്തുകളെ ഏൽപിച്ചു. പഞ്ചായത്തിലൂടെ ഷൊർണ്ണൂർ—നിലമ്പൂർ റെയിൽ പാത കടന്നുപോകുന്നു. സുമാർ 2½ കി. മീ. നീളം റെയിൽപാത പഞ്ചായത്തിലൂടെ കടന്നുപോകുന്നു. പട്ടിക്കാട് റെയിൽവെ സ്റ്റേഷനാണ് പഞ്ചായത്തിലെ ഏക റെയിൽവേസ്റ്റേഷൻ വളരെ പഴക്കമുള്ള ഈ റെയിൽപാത വേണ്ടത്ര ബലമില്ലാത്തതുകൊണ്ട് വേഗം കൂടിയ തീവണ്ടികൾ ഓടിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. നിലമ്പൂർ ഷൊർണ്ണൂർ റൂട്ടിൽ ഓടുന്ന രണ്ട് ട്രെയിനുകളാണ് വർഷങ്ങളായി ഈ റൂട്ടിലൂടെ ഓടുന്നത്. പുതിയ തീവണ്ടി സർവ്വീസുകൾ തുടങ്ങാത്തതും ഉള്ള സർവ്വീസുകൾക്ക് ഷൊർണ്ണൂരിൽ നിന്ന് ദീർഘദൂര ട്രെയിൻ കണക്ഷൻ സൗകര്യമില്ലാത്തതും ഈ രംഗത്തെ യാത്രാ പ്രശ്നമാണ്. പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമായ ആകെ റോഡ് കി. മീ. ആണുള്ളത് പഞ്ചായത്തിൽ 10 ബസ് സ്റ്റോപ്പുകൾ ഉണ്ട്, അരിക്കണ്ടൻപാക്കിലും ആക്കപ്പറമ്പിലും മണ്ണാർമല ഓട്ടോറിക്ഷകളും അരിക്കണ്ടൻപാക്കിൽ ടാക്സി ജീപ്പുകളും പാർക്കിങ്ങ് ചെയ്യുന്നുണ്ട് എന്നാൽ സ്ഥിരമായ പാക്കിങ്ങ് സൗകര്യമില്ല. പഞ്ചായത്തിലെ നിലവിലുള്ള ടാർ റോഡുകളും അവയുടെ ഉടമസ്ഥത. ദൂരം, യാത്രാസൗകര്യം എന്നിവ താഴെ കൊടുക്കുന്ന പട്ടികയിൽ കാണിക്കുന്നു.

പട്ടിക-1

പഞ്ചായത്തിലെ ടാർ റോഡുകൾ

ക്രമ നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം	ബസ്സ്-മറ്റു യാത്രാ സൗകര്യം
1	മുള്ള്യാകർശ്ശി-ഒറവംപുറം	P. W. D	9 കി മീ.	ഉണ്ട്
2	ഒറവംപുറം-ചിറത്തുപ്പാറ	P. W. D	2 കി മീ.	ഉണ്ട്
3	പൂന്താവനം-ചെമ്മാണിയോട്	P. W. D	3.5 Km	ഉണ്ട്
4	അരിക്കണ്ടൻപാക്ക്-നെന്മിനി	പഞ്ചായത്ത്	2 കി മീ,	ഇല്ല
5	അരിക്കണ്ടൻപാക്ക്-പഞ്ഞല്ലൂർ	പഞ്ചായത്ത്	2 കി മീ.	ഇല്ല
6	അരിക്കണ്ടൻപാക്ക്-ചെമ്മന്തട്ട	പഞ്ചായത്ത്	200 മീ.	ഇല്ല
7	പട്ടിക്കാട്-മങ്കട	P. W. D	2½ കി മീ	ഉണ്ട്
8	പട്ടിക്കാട്-മേലാറ്റൂർ	P. W. D	750 മീ.	ഉണ്ട്
9	പട്ടിക്കാട്-ജുമാമസ്ജിദ്	പഞ്ചായത്ത്	700 മീ.	ഇല്ല
10	പട്ടിക്കാട്-മരയ്ക്കാരംപാറ	പഞ്ചായത്ത്	1770 മീ.	ഇല്ല
11	മണ്ണാർമല-പട്ടിക്കാട് ജുമാമസ്ജിദ്	പഞ്ചായത്ത്	300 മീ.	ഇല്ല
12	കമാനം-നെന്മിനി	പഞ്ചായത്ത്	2½ കി മീ.	ഉണ്ട്
13	കീഴാറ്റൂർ-മേലാറ്റൂർ (വഴി) ആലിക്കൽപ്പറമ്പ്	പഞ്ചായത്ത്	1½ കി മീ.	ഇല്ല
14	കല്ലേക്കാട്-കോളേജ് തോട്ടംറോഡ്	പഞ്ചായത്ത്	1½ കി മീ.	ഇല്ല

ടാറിങ്ങ് പൂത്തീകരിക്കാത്ത ഭാഗങ്ങളും പൂത്തീകരിക്കേണ്ടതാണ്. റോഡു സംവിധാനം പഞ്ചായത്തിൽ ഉടനീളം ഉണ്ടെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റ പണികളും യഥാസമയം നടക്കുന്നില്ല. വർഷക്കാലത്ത് വെള്ളം റോഡിലൂടെ ഒഴുകുന്നതുകൊണ്ട് റോഡുകളും തകരുന്ന സ്ഥിതിയുണ്ട്. ഓവുചാലുകളുടേയും കലുങ്കുകളുടേയും അഭാവമാണ് ഇതിനുകാരണം. ആവശ്യത്തിനു ഫണ്ടില്ലായ്മ എല്ലാ വികസന പ്രവർത്തനങ്ങൾക്കും തടസ്സമാകുന്നു.

ടാർ റോഡുകളുടെ പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ ഗുണനിലവാരമില്ലായ്മ മികച്ച യാത്രാസൗകര്യത്തിനു് അനുയോജ്യമായവിധം റോഡുകളും മെച്ചപ്പെടുത്തുക. അപകടകാരണങ്ങളായ വളവുകളും, റോഡിന്റെ വീതികുറവ് എന്നീ വിഷയങ്ങളും പരിഗണിക്കേണ്ടതുണ്ട്.

നിലവിലുള്ള റോഡുകൾ

എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ നിന്നു് ഉയർന്നു വന്നറോഡുകളുടെ ആവശ്യം വളരെ വിപുലമാണ്

1 അരിക്കണ്ടം പാക്കു്—ചെമ്മംതട്ട കീഴാറ്റൂർ റോഡു് 4 കി. മീ.

2 തോട്ടപ്പായ—കുന്നത്തുപാറ റോഡു് 2½ കി. മീ.

3 കൊണ്ടിപ്പറമ്പു് - ചെമ്മംതട്ട റോഡു് 2കി. മീ

4 ടിപ്പുസുൽത്താൻ റോഡു് 6 കി. മീ.

5 കൊണ്ടിപ്പറമ്പു് ആലിക്കൽകുന്നു്—നല്ലൂർ റോഡു്

6 ആച്ചികുന്നു് ഹരിജൻ കോളനി റോഡു്—1½ കി. മീ.

7 കൊണ്ടിപ്പറമ്പു്—പാലക്കോടു് റോഡു് 1കി. മീ.

8 പൂക്കോട്ടിൽ ഇല്ലത്തുപടി റോഡു് 2 കി. മീ.

9 ചാക്കോ റോഡു് മുതൽ അമ്പലപ്പടി വരെ 500 മീ.

10 പൂഴികുന്നു് കിഴക്കുംപാടം റോഡു്— 1കി. മീ

11 ആക്കപ്പറമ്പു് ലക്ഷം വീടു് കോളനി റോഡു്—

12 പത്തൊൻപതു് മദ്രസപടി പൂന്താവനം ലിങ്കു് റോഡു്—

13 പൂന്താവനം സ്കൂംപടി—പറമ്പൂർ റോഡു്—

14 പൂന്താവനം വഴങ്ങോടു് റോഡു്—

15 പറമ്പൂർ—കണ്യാല റോഡു്

16 പതിനെട്ടു് കണ്യാല റോഡു്

17 പതിനെട്ടു്—പാറക്കത്തൊടി റോഡു്

18 പത്തൊൻപതു് കണ്യാല റോഡു്

19 പതിനെട്ടു്—കാഞ്ഞിരംപാറ വഴി കണ്യാല ജുമാമസ്ജിദു് റോഡു്

20 റേഷൻ പീടിക—കരുവംപാറ റോഡു്

21 കൊടിമരം—കുളമ്പു് റോഡു്

22 കൊടിമരം—കാഞ്ഞിരംപാറ റോഡു്

23 മുള്ള്യാകുർശ്ശി ഹരിജൻകോളനി റോഡു്

24 വലിയപറമ്പു്—കല്യാംകാടു് റോഡു്

25 മുള്ള്യാകുർശ്ശി—മേൽമുറി—കല്യാംകാടു് റോഡു്

26 പരപ്പു്—കൊടിയാരംകുന്നു് റോഡു്

27 കീഴാറ്റൂർ—പള്ളിക്കടവു് റോഡു്

28 പള്ളിപടി—കണ്യാല റോഡു്

29 അരിക്കണ്ടംപാക്കു്—നെന്മിനി റോഡു്

30 പരിയാരം—പാലത്തിൻമുക്കു്

31 നെന്മിനി—ജുമാമസ്ജിദു് റോഡു്

32 നെന്മിനി—പുറയൻമല റോഡു്

33 മദ്രസപടി—പാലത്തിൻമുക്കു് റോഡു്

34 ത്രാവോട്ടപടി—കാഞ്ഞിരകുളം റോഡു്

35 വേൻക്കോട്ട പറമ്പിൽ—ഹരിജൻ കോളനി റോഡു്

36 നെന്മിനി അംഗൻവാടി—പരിയാരം റോഡു്

37 ഒറവംപുറം—ചെമ്മംതട്ട റോഡു്

38 വാരിയത്തുപടി—കിടങ്ങയം റോഡു്

39 ആലിങ്ങൽക്കുട്ടം പ്പള്ളിയാൽ(കാരക്കുഴി)റോഡു്

40 വലിയകുന്നു്—പുതുക്കൊള്ളി റോഡു്

41 ബെർളിപടി—പുതുക്കൊള്ളി റോഡു്

42 തോട്ടിൻക്കര—കിടങ്ങയം റോഡു്

43 ഒറവംപുറം—പുഴ റോഡു്

44 ഒറവംപുറം വാരിയത്തു് ഹരിജൻ കോളനി റോഡു്

45 പട്ടിക്കാടു് ഹൈസ്കൂൾ ഗ്രൗണ്ടു് റെയിൽവേ സ്റ്റേഷൻ റോഡു്

46 പട്ടിക്കാടു്കുളം റോഡു്

47 പട്ടിക്കാടു് ഹൈസ്കൂൾ—പള്ളികുന്നു് റോഡു്.

48 മരയ്ക്കാരംപാറ—തുവാട്ടിൽ പാലം റോഡു്

49 പട്ടിക്കാടു്—കോക്കാടു് ഹരിജൻ കോളനി റോഡു്

50 പട്ടിക്കാടു് മുഖാം കോക്കനാടു് ഹരിജൻ കോളനി റോഡു്

51 പൈക്കടാംകുണ്ടു് റോഡു്

52 മന്തംകുണ്ടു്—അരീച്ചോല റോഡു്

53 പട്ടിക്കാട് മുഖാം — ക്ഷേത്രം റോഡ്

54 പട്ടിക്കാട് മുഖാം — ഉച്ചാട്ടിൻതൊടി — പാറയ്ക്കത്തൊടി റോഡ്

55 അരിക്കണ്ടംപാക്ക് — പന്തല്ലൂർ റോഡ്

56 കാരപ്പാറ — ചോലയ്ക്കൽ റോഡ്

57 അരീച്ചോല — ഹരിജൻ കോളനി റോഡ്

58 അരീച്ചോല എൽ. പി. സ്കൂൾ — കയലോവട്ട് അമ്പലപ്പടി റോഡ്

59 പുറയൻമല — കൊല്ലംപാറ റോഡ്

60 കീഴാറ്റൂർ — മണിയാണിറി മേലാറ്റൂർ

61 കീഴാറ്റൂർ — അലിക്കൽപറമ്പ് റോഡ്

നിലവിലുള്ള റോഡുകൾ തന്നെ വേണ്ടത്ര വീതിയില്ലാത്തതും വാഷ്കിംഗ് അറേഞ്ച്മെന്റ് പണികൾ നടത്താത്തതും ആണ്. വീതിയുള്ള റോഡുകൾ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടതുണ്ട്. പഞ്ചായത്ത് ഫണ്ടിന്റെ ഒരുവലിയ ഭാഗം റോഡുകളുടെ വികസനത്തിനു വേണ്ടി ചെലവഴിക്കുന്നുവെങ്കിലും അതു കൊണ്ട് ഉദ്ദേശിച്ച ഗുണം ലഭിക്കുന്നില്ല.

പുതുതായി നിർമ്മിക്കേണ്ട മൺ റോഡുകൾ

1 പരിയാരം പാലത്തിൻമുക്ക് റോഡ് അയ്യപ്പൻ ചോല ഭാഗത്ത് ഇടിഞ്ഞത് കരിങ്കൽഭിത്തി കെട്ടി ഗതാഗത യോഗ്യമാക്കണം.

2 നെന്മിനി മദ്രസ്സാപടി പാലത്തിൻമുക്ക് റോഡ് കൃസ്ത്യൻ പള്ളിവരെ നീട്ടി ഗതാഗത യോഗ്യമാക്കണം.

3 നെന്മിനി മദ്രസ്സാപടി ആനക്കല്ല പൂക്കോട്ടിൽ കാവ് റോഡ് ഗതാഗത യോഗ്യമാക്കണം.

4 ത്രാപോട്ടപ്പടി കാഞ്ഞിരംകുളം റോഡ് സുൽത്താൻ റോഡുമായി ബന്ധിപ്പിക്കണം.

5 നിരവിൽ മുകളിൽ തുക്കേക്കുന്ന് ഹരിജൻ കോളനി റോഡ് അമ്പലപ്പടി വരെ നീട്ടണം.

6 നെന്മിനി റേഷൻഷാപ്പു മുതൽ പൂക്കോട്ട് കാവു വരെ റോഡ് നിർമ്മിക്കണം.

7 പട്ടിക്കാട് D M L P സ്കൂളിന്റെ സമീപത്തുകൂടി പോകുന്ന റോഡ് പാറയ്ക്കത്തൊടി റോഡുമായി ബന്ധിപ്പിക്കണം.

8 ഒറവംപുറം ബംഗ്ലാവിൻകുന്ന്, ചേപ്പോട് വില്ലേജുപടിയിൽനിന്നും കാരകുഴിയിലേക്ക് എന്നിവിടങ്ങളിലേക്ക് പുതിയ റോഡുകൾ നിർമ്മിക്കണം.

9 തോട്ടിൻക്കര കിടങ്ങയം റോഡ്, തോട്ടപ്പായ കുന്നത്തുപ്പാറ റോഡുമായി ബന്ധിപ്പിക്കണം.

10 വഴങ്ങോട് റോഡിൽ നിന്ന് ഇപ്രംപള്ളിക്കര യിലേക്ക് റോഡു നിർമ്മിച്ച് ഗതാഗത യോഗ്യമാക്കണം.

11 പത്തൊൻപതു മുതൽ വഴങ്ങോട് വാരിയത്ത് കോളനി ആനപ്പാംകുഴിയുമായി ബന്ധിച്ച് റോഡു നിർമ്മിക്കണം.

12 പത്തൊൻപതു ബസ് സ്റ്റോപ്പ് മുതൽ കീഴാറ്റൂർ വരെയുള്ള റോഡ് നിർമ്മിക്കണം.

13 മുണ്ടയ്ക്കാമുറി റോഡ് നിർമ്മിക്കണം.

14 പറമ്പൂർ വടക്കേക്കര കോളനിയിലേക്ക് റോഡു നിർമ്മിക്കണം.

15 പട്ടിക്കാട് മാട്ടാടി വഴി കോക്കാട് ഹരിജൻ കോളനിയിലേക്ക് റോഡു നിർമ്മിക്കണം.

16 തട്ടാരത്തൊടി വഴി ഹരിജൻ ശ്മശാനം.

17 പട്ടിക്കാട് മുഖാം മുതൽ ഉച്ചാട്ടത്തൊടി വഴി പാറയ്ക്കത്തൊടി.

18 കോക്കാട് ഹരിജൻ കോളനി ശ്മശാനം.

19 പൈക്കാട്കുണ്ട് റോഡ് കമാനംവരെ എത്തിക്കുക.

20 കാരാട്ടത്തൊടി വീരാൻഹാജി ജംഗ്ഷൻ മുതൽ കോക്കാട് ഹരിജൻ കോളനി വരെ റോഡ്.

21 ആയപ്പള്ളികുളത്തിന്റെ സമീപത്തുകൂടി നിലവിലുള്ള റോഡ് വീതി കൂട്ടുക.

22 പട്ടിക്കാട് മുഖാം, ക്ഷേത്രം വഴി പട്ടിക്കാട് ജുമാമസ്ജിദിലേക്കുള്ള റോഡ് പൂർത്തീകരിക്കുക.

23 അരീച്ചോല ഹരിജൻ കോളനി റോഡ് കുന്നത്തുപ്പാറ റോഡുമായി ബന്ധിപ്പിക്കുക.

24 മന്തംകുണ്ട് തോട്ടിങ്ങൽപ്പടി റോഡ്.

25 മന്തംകുണ്ട് മുത്തപ്പൻകുണ്ട് ഭാഗത്തേക്കെ റോഡ്.

26 ചോലയ്ക്കൽ റോഡ് അക്കംകൊത്തിപ്പാറ റോഡുമായി ബന്ധിപ്പിക്കുക.

27 കുന്നത്തുപ്പാറ കിടങ്ങയം റോഡ്.

28 തോട്ടപ്പായ — അരീച്ചോല റോഡ്.

29 കൊണ്ടിപ്പറമ്പ് — ആലിക്കൽകുന്ന് നല്ലൂർ റോഡ് പൂർത്തിയാക്കുക.

30 പാറക്കടവ് കോളനിയിൽ നിന്നും ആലിൻ

ച്ചുവട്ടിലേക്ക് റോഡു നിർമ്മിക്കുക

31 ചെമ്മന്തട്ട—കാര്യമാട് റോഡ്.

32 ചെമ്മന്തട്ട—നൊട്ടികുന്ന് പാലം റോഡ്.

33 പാലകുഴി ഹരിജൻ കോളനി—കോഴിശ്ശിരി കുണ്ട് റോഡ് 500 മീറ്റർ നിർമ്മിക്കുക.

34 മദ്രസ്സപടി—വില്ലങ്കിപ്പാറ റോഡ്.

35 ടിപ്പുസുൽത്താൻ റോഡിൽ നിന്ന് കാഞ്ഞിരംകുളം ഭാഗത്തേക്ക് ഫുഡ്പാത്ത് നിർമ്മിക്കുക.

36 തോട്ടപ്പായ—വലിയപ്പാറ റോഡ്.

37 തോട്ടപ്പായ തോടിന് സമീപമുള്ള ഫുട്പാത്ത് ഗതാഗത യോഗ്യമാക്കണം.

38 പൂന്താനം—വഴങ്ങോട് റോഡ്.

39 പൂന്താനം—പത്തൊൻപത് ലിങ്ക് റോഡ്.

40 ആക്കപ്പറമ്പ് ലക്ഷ വീട് റോഡ് പൂർത്തിയാക്കുക.

41 പൂന്താനം ഇല്ലം റോഡ് നിർമ്മിക്കുക. അത് പൂത്താം തൊടിയിലേക്ക് നീട്ടുക.

42 പൂന്താനം സ്കൂൾപടി—പള്ളിപ്പടി എസ്റ്റേറ്റ് റോഡ്,

43 ആശുപത്രി പടിക്കൽ നിന്നും പാലക്കോട് വഴി കൊണ്ടിപ്പറമ്പിലേക്കും പാലക്കോട് നിന്ന് ടിപ്പുസുൽത്താൻ റോഡിലേക്ക് പുതിയ റോഡ് നിർമ്മിക്കണം.

44 ലക്ഷംവീട് മുതൽ കല്ലിട്ടമ്പ് വരെ പുതിയ റോഡ്—അത് വഴങ്ങോട്ടുമായി ബന്ധിപ്പിക്കുക.

45 മരമില്ല്—കുരികുന്ന് റോഡ്

46 കാര്യമാട് പള്ളിപ്പടി റോഡ്—കൊണ്ടിപ്പറമ്പ് റോഡ്.

47 വഴങ്ങോട്—കീഴാറൂർ റോഡ് നിർമ്മിക്കുക.

48 കണ്ണ്യാല മദ്രസ്സ—കണ്ണ്യാല ജുമാമസ്ജിദ് റോഡ്.

49 പതിനെട്ട് പാറപ്പുത്തൊടി—കുമ്പത്ത് കോളനിയിലേക്ക് റോഡ് പുനർ നിർമ്മിക്കുക.

50 റഹ്മാനിയ മസ്ജിദിൽ നിന്ന് ശിശുവിഹാറിലേക്ക് ഫുട്പാത്ത് നിർമ്മിക്കുക.

51 മുള്ള്യാകുശ്ശി ഹെൽത്ത് സെൻറർ പട്ടിക്കാട് മങ്കട റോഡ് നിർമ്മിക്കുക.

52 മുള്ള്യാകുർശ്ശി എൽ പി സ്കൂൾ ഹെൽത്ത് സെൻറർ—ഹരിജൻകോളനിയിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.

53 നെല്ല്കുത്ത് മിൽ—ആലിക്കൽപ്പറമ്പ് റോഡ്.

54 നീരാട്ടിൽ റോഡ്.

55 മണിയാണിരിക്കടവ്—വടക്കുംപുറം റോഡ്.

56 വടക്കുംപുറം—ആലിക്കപ്പറമ്പ റോഡ് (പള്ളാട്ടമ്പലം വഴി)

57 കോഴിക്കുളം—കുഴിച്ചക്കല്ല് റോഡ്.

58 നായാടികുന്ന്—പാറകുഴി റോഡ്.

59 പള്ളിപ്പടി റോസ്—അമ്പലപ്പാറ റോഡ്.

60 ആലിക്കൽപ്പറമ്പ്—കുഴിച്ചിട്ടകല്ല് റോഡ്.

61 പള്ളിപ്പടി—വഴങ്ങോട് റോഡ്.

പുതുതായി നിർമ്മിക്കുന്ന റോഡുകൾക്ക് സ്ഥലവും മനുഷ്യാധ്വാനവും സമാഹരിക്കുവാൻ കഴിയും നിലവിലുള്ള റോഡുകൾക്ക് ഓടകളും പണിയുകയും അറ്റകുറ്റ പണികളും നടത്തുകയും വേണം.

നടപ്പാലങ്ങൾ

IX 1 ആനപ്പാംകുഴിയിൽ കണ്യാലയുമായിബന്ധിപ്പിക്കുന്ന നടപ്പാത.

2 മുള്ള്യാകുർശ്ശി ഹെൽത്ത് സെൻറിനടുത്ത് ഓവുപാലം.

3 അത്തിതോടിന് പാലം.

4 മുള്ള്യാകുർശ്ശി റേഷൻ പീടികക്കു സമീപം ഓവുപാലം.

5 കൊടിമരം—കുളമ്പ് റോഡിനു ഓവുപാലം.

I 6 കൊട്ടാരത്തിൻപ്പടി റോഡിനു ഓവുപാലം

7 കല്ലുപ്പാലം തോടിനു പാലം

8 കുറൻപാറ തോടിനു പാലം

9 ആലത്തോട് തോടിനു പാലം

10 ചക്കുഴി തോടിനു പാലം

11 വേർക്കോട്ടപറമ്പിൽ ഹരിജൻ കോളനി തോടിനു

VIII 12 കോക്കാട് ഹരിജൻകോളനി കുനിയൻ പാറതോടിനു

13 കോക്കാട് നമസ്കാരപ്പള്ളിക്കു സമീപം പാലം

14 പട്ടിക്കാട് പിലാത്തറ കുളത്തിനു അരിക് കെട്ടുകയും അരിപ്പോക്കിനു നടപ്പാലം പണിയുകയും വേണം

III 15 അരീച്ചോല മദ്രസ്സപ്പടിപാലം


16 കുന്നത്തുപ്പറമുളയ്യൽ പാലം

17 പാണ്ടിയാട്ട് പാലം

18 അരീച്ചോല ഹരിജൻ കോളനി റോഡിനു മുളയ്യൽ വലിയ പാലം

ആശംസകളോടെ,

20—11—96 ന് തുറന്ന് പ്രവർത്തനമാരംഭിച്ചു.



എം. എം. എച്ച്.

വുഡ് ഇൻഡസ്ട്രിയൽസ്

ഒറവംപുറം

19. അരിക്കണ്ടം പാക്ക് ചർച്ച് റോഡിന് മുളയിൽ പടിക്കൽ വലിയപാലം.
20. കുന്നത്തുപാറ-കിടങ്ങയം റോഡിന് വലിയ പാലം.
21. അരീച്ചോല-തോട്ടപ്പായ റോഡിന് പൂവ്വത്തിൽ ചുവട് വലിയ പാലം.

VII

22. കുട്ടൻ തോട് പാലം.
23. മരക്കാറംപാറ - പൂവ്വാട്ടിൽ പാലം
24. കരിങ്കറപ്പാടത്തിന് നടപ്പാലം.

IV

25. അരിക്കണ്ടം പാക്ക്-മേലാറ്റൂർ റോഡിന് ചെമ്മന്തട്ടയിൽ പുഴക്ക് പാലം (ചീനിയത്തിൽ കടവ്).
26. തോട്ടപ്പായ മദ്രസ്സക്കു സമീപം പാലം.
27. അരിക്കണ്ടംപാക്ക്-നെന്മിനി റോഡിൽ കൃഷ്ണാ യു.പി. സ്ക്കൂളിന് സമീപമുള്ള പാലം വീതികൂട്ടുക.
28. കുറ്റൻപാറ തോടിന് നടപ്പാലം.
29. ചാത്തുള്ളിപ്പടിക്കൽ നടപ്പാലം.

X

30. പൂത്താംതൊടി ഇല്ലം തോടിന് പാലം.
31. കല്ലിടുമ്പ് തോടിന് പാലം.
32. ആക്കപ്പറമ്പ് ഹരിജൻ കോളനി റോഡിന് നിലവിലുള്ള പാലം വീതികൂട്ടുക.

II

33. ഒറവുംപുറം -മേലാറ്റൂർ റോഡിൽ മുണ്ടേക്കാട് കടവിൽ റോഡിന് പാലം.

VI

34. കമാനം-കണ്യാല തോടിന് പൈപ്പിടുക.

II

35. കരിപ്പോട്ടുമുക്കിൽ നടപ്പാലം.

നടപ്പാതകൾ

X

1. ചെറിയക്കൻകുഴി - ആക്കപ്പറമ്പ്
2. കല്ലിടുമ്പ് - ആശുപത്രിപ്പടി.
3. പൂത്താംതൊടി - കണ്ണത്തുപടി
4. കല്ലിടുമ്പ് - കുറുപ്പത്ത് ഭാഗം
5. പൂന്താനം - പള്ളിപ്പറമ്പ്
6. എസ്റ്റേറ്റ് റോഡ് - ഒറക്കോട്
7. അരിമ്പൂത്ത് മേൽഭാഗം - പാലക്കോട്
8. പൂന്താനം - ചക്കുഴി

IV

9. കൊണ്ടിപറമ്പ് ബസ് സ്റ്റോപ്പ് ജംഗ്ഷൻ - അരിമ്പൂത്ത് തോട്
10. തോട്ടപ്പായ മദ്രസ്സ - ടിപ്പുസുൽത്താൻ റോഡ്

റോഡ് ഗതാഗതം - പ്രശ്നങ്ങൾ

റോഡുകളുടെ അപകടകരമായ വളവ്, റോഡിന്റെ വീതി കുറവ്, വാർഷിക അറ്റകുറ്റ പണികൾ യഥാസമയം നടത്താത്തതുകൊണ്ട് ഉണ്ടാകുന്ന തകരാറ്, റീ-ടാറിംഗ് നടത്താത്തതുകൊണ്ടുണ്ടാകുന്ന യാത്രാ പ്രശ്നങ്ങൾ, ഓട്ടോ ടാക്സി സ്റ്റാന്റുകളുടെ അഭാവം, ബസ് സ്റ്റോപ്പുകളുടെ കുറവ്, ഓടകൾ ഇല്ലാത്തതിന്റെ പ്രശ്നങ്ങൾ, സാമ്പത്തിക പരാധീനതകൾ, എന്നിവ റോഡ് ഗതാഗത്തിലെ പ്രശ്നങ്ങളിൽപ്പെടുന്നു. അശാസ്ത്രീയമായി റോഡുകൾ നിർമ്മിച്ചതുകൊണ്ട് അത് ഗതാകതത്തിന് വേണ്ടത്ര അനുയോജ്യമല്ല എന്നതിനുപുറമേ പാരിസ്ഥിതിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. റോഡ് നിർമ്മാണത്തിലും അവയുടെ സംരക്ഷണത്തിലും ജനകീയ സംഭാവനകൾ ഇല്ലാത്തതിന്റെ പ്രശ്നങ്ങൾ ഉണ്ട്.

സാദ്ധ്യതകൾ

റോഡ് നിർമ്മാണത്തിലും സംരക്ഷ ണത്തിലും ജനകീയ സംഭാവനകൾ സമാഹരിക്കുവാനുള്ള സാദ്ധ്യതയുണ്ട്. റോഡ് നിർമ്മിക്കുവാനാവശ്യമായ സ്ഥലം ജനങ്ങൾ സ്വമേധയാ നൽകാൻ തയ്യാറാകുന്നുണ്ട്. അരിക്കണ്ടംപാക്ക് - ചെമ്മന്തട്ട റോഡ് ഗതാഗതയോഗ്യമാക്കിയാൽ പഞ്ചായത്തിന്റെ വടക്കേ അതിരിലുള്ള കടലുണ്ടിപ്പുഴയിൽ നിന്നും മണൽ സംഭരിക്കാനും അത് പഞ്ചായത്തിന്റെ വരുമാനം വർപ്പിക്കുവാനും കഴിയും. മാത്രമല്ല കാർഷിക വിഭവങ്ങൾ മേഖലയായ ചെമ്മന്തട്ടയിൽ നിന്ന് കാർഷിക വിഭവങ്ങൾ വിപണിയിൽ എത്തിക്കുവാനും സൗകര്യപ്പെടും. ഒറവുംപുറം മേലാറ്റൂർ റോഡിൽ മുണ്ടേക്കാട് കടവ്, അരിക്കണ്ടംപാക്ക് - ചെമ്മന്തട്ട - മേലാറ്റൂർ റോഡിൽ ചീനിയത്ത് കടവ്, കീഴാറ്റൂർ - മേലാറ്റൂർ റോഡിൽ മണിയാണിരിക്കടവ് എന്നിവിടങ്ങളിൽ ഏതെങ്കിലും ഒരു പാലം പുഴയ്ക്ക് കുറുകെ നിർമ്മിച്ചാൽ തൊട്ടടുത്ത

മേലാറ്റൂരുമായുള്ള ദൂരം കുറയ്ക്കാൻ കഴിയും. ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് പോലീസ് സ്റ്റേഷൻ, രജിസ്ട്രാർ ഓഫീസ്, ഏ.ഇ.ഓഫീസ്, കെ.എസ്.ഇ.ബി. ഓഫീസ് എന്നിവയ്ക്ക് മേലാറ്റൂരുമായാണ് ബന്ധപ്പെടേണ്ടത്. ടിപ്പുസുൽത്താൻ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയാൽ അത് പഞ്ചായത്തിലെ ഒരു സുപ്രധാന ബൈപാസ് റോഡാക്കി മാറ്റാം. തോട്ടാപ്പായ – കുന്നത്തുപാറ റോഡ് കിടങ്ങയവുമായി ബന്ധിപ്പിച്ചാൽ ആനക്കയത്തേക്കും, മഞ്ചേരിയിലേക്കുമുള്ള ദൂരം കുറയ്ക്കാൻ കഴിയും. അരിക്കണ്ടം പാക്ക് – ചർച്ച് റോഡ് ഗതാഗതയോഗ്യമാക്കുകയും അത് ആനക്കയം പഞ്ചായത്തിലെ ചേപ്പൂരുമായി ബന്ധിപ്പിക്കുകയും ചെയ്താൽ അത് ജില്ലാ ആസ്ഥാനമായ മലപ്പുറത്തേക്കുള്ള ഏറ്റവും ദൂരം കുറഞ്ഞ വഴിയാകും. പൂന്താവനം – പത്തൊൻപത് – വഴങ്ങോട് – കീഴാറ്റൂർ റോഡ് യാഥാർത്ഥ്യമായാൽ കീഴാറ്റൂരിൽ നിന്ന് പെരിന്തൽമണ്ണയിലേക്കുള്ള ദൂരം 2 കി.മീ. കുറയ്ക്കാൻ കഴിയും. അരിക്കണ്ടംപാക്ക് – നെന്മിനി – കമാനം റോഡ് ടാർ ചെയ്യാത്ത ഭാഗം ടാർ ചെയ്യുകയും ടാർ ചെയ്ത ഭാഗം റീ-ടാറിംഗ് നടത്തുകയും ചെയ്താൽ കാർഷിക-തോട്ടം മേഖലയായ നെന്മിനി നിവാസികളുടെ യാത്രാ ദുരിതം പരിഹരിക്കാൻ കഴിയും. അരിക്കണ്ടം പാക്ക് – ചർച്ച് റോഡ് റീ-ടാറിംഗ് ചെയ്യുകയും ടാർ ചെയ്യാത്ത ഭാഗം ടാറിംഗ് നടത്തുകയും ചെയ്താൽ കുടിയേറ്റ മേഖലയായ പന്തല്ലൂർ ഹിൽസിലെ ജനങ്ങൾക്ക് കാർഷിക വിഭവങ്ങൾ എളുപ്പത്തിൽ വിപണിയിൽ എത്തിക്കാൻ കഴിയും. ചെമ്മന്തട്ട – കീഴാറ്റൂർ, മന്തംകുണ്ട് – അരീച്ചോല, പതിനെട്ട് കണ്ണ്യാല, കീഴാറ്റൂർ – ചെമ്മാണിയോട്, കോക്കാട്ട് ഹരിജൻ കോളനി റോഡ്, ഒറവുംപുറം പാലാക്കുഴി ഹരിജൻ കോളനി റോഡ്, കല്ലേക്കാട് – കോളേജ് തോട്ടംറോഡ് എന്നിവയും ഈ പഞ്ചായത്തിലെ കാർഷിക മേഖലയിൽ പുതിയ മാറ്റങ്ങൾ ഉണ്ടാക്കാനും ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും സഹായിക്കുന്ന പ്രധാന റോഡുകളാണ്. നെന്മിനി വില്ലേജ് ഓഫീസ് ജംഗ്ഷൻ, കൊണ്ടിപറമ്പ് പള്ളിപ്പടി, പൂന്താവനം ആശുപത്രിപ്പടി, പട്ടിക്കാട് മുഖാം, പതിനെട്ട്, കീഴാറ്റൂർ പറമ്പോട് എന്നിവിടങ്ങളിൽ ബസ് സ്റ്റോപ്പുകളും അരിക്കണ്ടംപാക്ക്, ആക്കപറമ്പ്, മണ്ണാർമല എന്നിവിടങ്ങളിൽ ഓട്ടോ-ടാക്സി സ്റ്റാന്റുകളും ഉണ്ടാകേണ്ടതുണ്ട്.

റെയിൽ ഗതാഗതം – പ്രശ്നങ്ങൾ

നിലമ്പൂർ – ഷൊർണ്ണൂർ റെയിൽവേ ലൈനാണ് പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഏക റെയിൽപാത. ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച ഈ റെയിൽ പാത വേണ്ടത്ര ബലമില്ലാത്തതാണ്. അതുകൊണ്ട് ഈ റൂട്ടിൽ അനുവദിച്ച പുഷ്-പുൾ ട്രെയിൻ ഓടിക്കുന്നില്ല. കണക്ഷൻ ട്രെയിനുകൾ ഇല്ലാത്തതുകൊണ്ട് യാത്രക്കാർക്ക് ധാരാളം അസൗകര്യങ്ങൾ നേരിടുന്നുണ്ട്. പട്ടിക്കാട് ഒരു ട്രെയിൻ ഹാൾട്ട് മാത്രമാണുള്ളത്.

സാദ്ധ്യതകൾ

ഷൊർണൂർ – നിലമ്പൂർ റെയിൽവേ പാത ബലപ്പെടുത്തിയാൽ പുഷ്-പുൾ ട്രെയിനുകൾ ഓടിക്കാൻ കഴിയും. അത് യാത്രക്കാർക്ക് വലിയ സൗകര്യമാകും. ദീർഘദൂര ട്രെയിനുകൾക്ക് ടിക്കറ്റ് ബുക്കിംഗ് സൗകര്യവും കണക്ഷൻ സൗകര്യവും ഉണ്ടായാൽ അത് റെയിൽവേക്ക് ലാഭകരമായ അവസ്ഥയുണ്ടാക്കും. പട്ടിക്കാട് ട്രെയിൻ ഹാൾട്ട് റെയിൽവേ സ്റ്റേഷനായി ഉയർത്തുകയും പുതിയ ട്രെയിൻ സർവ്വീസുകൾ ആരംഭിക്കുകയും നിലമ്പൂർ ലൈൻ മൈസൂർ വരെ ദീർഘിപ്പിക്കുന്നതിനുള്ള നടപടി ഉണ്ടാകുകയും ചെയ്താൽ ഈ മേഖലയിലെ യാത്രാപ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് മാത്രമല്ല റെയിൽവേക്ക് വൻലാഭമുണ്ടാക്കാനും കഴിയും. ദീർഘദൂര ട്രെയിനുകൾക്ക് നേരത്തെ ഈ ട്രെയിനിൽ ബോഗികൾ റിസർവ് ചെയ്തിരുന്നു. അത് നിർത്തലാക്കിയത് പുനരാരംഭിച്ചാൽ കുടിയേറ്റ മേഖലയിലെ ജനങ്ങൾക്ക് തെക്കൻ കേരളത്തിലേക്കുള്ള യാത്ര സുഗമമാക്കാനും മറുനാടൻ മലയാളികൾക്ക് ജോലിസ്ഥലത്തേക്കും തിരിച്ചും യാത്ര ചെയ്യാനും സൗകര്യമാണ്.

സംസ്ക്കാരം

ഒരു പ്രദേശത്തിന്റെ സംസ്ക്കാരം അവിടുത്തെ നാടൻ കലാരൂപങ്ങളോടും നാടോടി സാഹിത്യ മാതൃകകളോടുമൊപ്പം വിദ്യാഭ്യാസത്തോടും അഭേദ്യമായ വിധത്തിൽ ബന്ധപ്പെട്ടുകിടക്കുന്നു. സമ്പന്നമായ ഒരു നാടൻ കലാപാരമ്പര്യമോ അർത്ഥപൂർണ്ണമായ ഒരു നാടോടി സാഹിത്യപൈതൃകമോ ഈ പ്രദേശത്തിന് അവകാശപ്പെടുന്നില്ല. പക്ഷേ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഈ പ്രദേശത്തിന് അഭിമാനാവഹമായ ഒരു പാരമ്പര്യമുണ്ട്.

കീഴാറ്റൂരിലെ പൊതു വിദ്യാഭ്യാസ പ്രക്രിയയിൽ നിർണ്ണായകമായ പങ്കുവഹിച്ച ഒരു നാമം പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. ശ്രീ.കൊടക്കാട്ട് മൊയ്തുപ്പമൊല്ല. കീഴാറ്റൂർ പഞ്ചായത്തിലുൾപ്പെട്ട മുള്ള്യാകുർശ്ശി വില്ലേജിലും തൊട്ടുകിടക്കുന്ന കാര്യാവട്ടം വില്ലേജിലുമായി ഏഴ് പ്രൈമറി വിദ്യാലയങ്ങൾ അദ്ദേഹം നടത്തിവരുന്നു. (കാര്യാവട്ടം, പച്ചീരി, മണ്ണാർമല, വേണ്ടൂർ, പൂന്താവനം, കണ്യാല, മുള്ള്യാർകുർശ്ശി എന്നീ പ്രദേശങ്ങളിലാണ് ആ വിദ്യാലയങ്ങൾ സ്ഥാപിച്ചിരുന്നത്.) എല്ലാ വിധത്തിലും അടിച്ചമർത്തപ്പെട്ട ഒരു സമൂഹത്തിലെ നിർദ്ധനനും അനഭ്യസ്തവിദ്യനുമായ ഒരു വ്യക്തിയാണ് ഏതാണ്ട് അര നൂറ്റാണ്ട് മുമ്പ് സാഹസികമായ ഈ യജ്ഞം നടത്തിയത് എന്ന് ചിന്തിക്കുമ്പോഴാണ് അതിന്റെ മാഹാത്മ്യം വിശദമായി മനസ്സിലാവുക.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ കാര്യാവട്ടത്ത് കക്കാടൻ കുഞ്ഞാലൻഹാജി ആരംഭിച്ച ഓത്തുപള്ളിക്കൂടമാണ് ഇന്നത്തെ പട്ടിക്കാട് ഗവ:ഹൈസ്ക്കൂളായി വളർന്നു വികസിച്ചത്. അക്കാലത്ത് താലൂക്ക് ബോർഡിന്റെ കീഴിലുണ്ടായിരുന്ന രണ്ടോ മൂന്നോ ഹയർ എലിമെന്ററി വിദ്യാലങ്ങളിൽ ഒന്നായിരുന്നു പട്ടിക്കാട് സ്കൂൾ. മേലാറ്റൂർ, ചെറുകര, പാണ്ടിക്കാട്, ഭാഗങ്ങളിൽ നിന്നൊക്കെ കുട്ടികൾ അവിടെ വന്ന് പഠനം നടത്തിയിരുന്നു. പട്ടാമ്പി സ്വദേശിയായ വേലുക്കുട്ടി മേനോൻ എന്ന പ്രഗ്തഭനും സർവ്വാരാധ്യനുമായ വ്യക്തി പ്രധാനാധ്യാപകനായിരുന്ന കാലത്താണ് സ്കൂൾ അഭിവൃദ്ധി പ്രാപിച്ചത്. അറുപതു വയസ്സിനു മുകളിലുള്ള മുസ്ലീം സ്ത്രീകളിൽ ഏറ്റവും കൂടുതൽ അക്ഷരാഭ്യാസം നേടിയവരിൽ മലപ്പുറം ജില്ലയിലെടുത്തുപരിശോധിച്ചാൽ കീഴാറ്റൂർ പഞ്ചായത്തിലായിരിക്കും ഉണ്ടായിരിക്കുക. അതിനു കാരണം മൊയ്തുപ്പമൊല്ലയുടെ സേവനങ്ങളും പട്ടിക്കാട് സ്കൂളിന്റെ സാന്നിദ്ധ്യവുമാണ്.

ഇന്നിവിടെ നേഴ്സറി തലം മുതൽ ഹൈസ്ക്കൂൾ തലംവരെ 19 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പുറമെ രണ്ട് കോളേജുകളുമുണ്ട്. (മതപഠനത്തിൽ മാത്രം കേന്ദ്രീകരിക്കുന്ന ജാമിയ്യ:ആരിയ്യ:അറബിയ്യ: കോളേജും മതപഠനത്തോടൊപ്പം പൊതുവിദ്യാഭ്യാസത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഇസ്ലാമിയാ കോളേജും)

അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളായ വായനശാലകളും ഗ്രന്ഥാലയങ്ങളുമാണ് മറ്റൊരു സാംസ്ക്കാരിക സ്രോതസ്സ്. ഈ പഞ്ചായത്തിൽ എട്ട് ഗ്രന്ഥാലയങ്ങൾ ഉണ്ട്. (പട്ടിക 1 കാണുക) ഇവയിൽ ചിലതൊക്കെ മാതൃകാപരമായി പ്രവർത്തിക്കുന്നവയാണ്. ഗ്രന്ഥാലയങ്ങളുടെ വളർച്ചയിലും നിലനിൽപ്പിലും ഗ്രന്ഥശാലാ സംഘത്തിന്റെ സ്വാധീനം നിർണ്ണായകമാണ്.

കേരളപിരവിയോടെ 1957ൽ ജനകീയമന്ത്രി സഭ നിലവിൽ വന്നതോടെ സാംസ്ക്കാരിക രംഗത്താകെ ഒരു ഉണർവ്വുണ്ടായി. അതുവരെ തിരു കൊച്ചിയിൽ മാത്രം നില നിന്നിരുന്ന ഗ്രന്ഥശാലാ പ്രസ്ഥാനം മലബാറിലേയ്ക്കു കൂടി വ്യാപിച്ചു.ഗ്രന്ഥാലയങ്ങളും കലാസമിതികളും നാട്ടിലെമ്പാടും ഉയർന്നു വന്നു. പെരിന്തൽമണ്ണയുടെ വടക്കൻ ഭാഗത്ത് മേലാറ്റൂർ ദേശീയഗ്രന്ഥാലയം മാത്രമേ ഉണ്ടായിരുന്നുള്ളു. പിന്നീട് ചെമ്മണിയോട്, എടയാറ്റൂർ, പട്ടിക്കാട് എന്നിവിടങ്ങളിലും ഗ്രന്ഥാലയങ്ങളും ഉണ്ടായി. കീഴാറ്റൂർ പ്രദേശത്ത് യുവജന ഗ്രന്ഥശാല എന്ന ഒരു ഗ്രന്ഥശാല റജിസ്റ്റർ ചെയ്തു. പിന്നീടാണ് ചെറുകാടിന്റെ പ്രേരണയോടെ അതിന്റെ പേര് പൂന്താനം സ്മാരക ഗ്രന്ഥാലയം എന്നാക്കിമാറ്റിയത്.

വായനശിലം കുറഞ്ഞു വരുന്നുണ്ടെങ്കിലും ദിനപത്രങ്ങൾക്കും ആനുകാലികങ്ങൾക്കും വായനക്കാരുണ്ട്.

മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന മിയ്ക്കവാറും എല്ലാ ദിനപത്രങ്ങളും വാരികകളും ഇവിടെ പ്രചാരത്തിലുണ്ട്. പ്രാദേശിക സാംസ്ക്കാരിക പ്രസിദ്ധീകരണങ്ങളിൽ അധികവും സുഖനിദ്രയിലാണ്. മുമ്പൊക്കെ പല ഗ്രന്ഥാലയങ്ങളുടേയും ആഭിമുഖ്യത്തിൽ കൈയെഴുത്തു മാസികകൾ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. 'ജ്ഞാനപ്പാന' എന്ന ഒരു ഇൻലാന്റ് മാസിക കുറേ

ക്കാലം ഇവിടെ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു. സാമ്പത്തിക ഞെരുക്കം കാരണം അതിന്റെ പ്രസിദ്ധീകരണം നിലച്ചുപോയി.

മഹാകവി പൂന്താനത്തിന്റെ പൈതൃകം അഭിമാനപൂർവ്വം അവകാശപ്പെടാവുന്ന ഈ പഞ്ചായത്തിന്റെ സാംസ്ക്കാരിക മേഖല അത്ര ദരിദ്രമൊന്നുമല്ല. പ്രതിഭാസമ്പന്നനായ കവിയും മാതൃകാദ്ധ്യാപകനുമായിരുന്ന ശ്രീ.എൻ.ചന്തുകുട്ടിനായർ, വാസനാനുഗ്രഹീതനായ കവിയും അദ്ധ്യാപക സംഘടനാ പ്രവർത്തകനുമായിരുന്ന സി.പി.മാസ്റ്റർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഇൻസ്പെക്ടർമാരായിരുന്ന കെ.കോയമാസ്റ്റർ, കെ.കബീർമാസ്റ്റർ, അനുഗൃഹീതഗായകനും മികച്ച നടനുമായിരുന്ന എൻ.അച്ച്യുതൻ, മലബാറിലെ തന്നെ മികച്ച നാടകനടൻമാരിൽ ഒരാളായി അംഗീകരിക്കപ്പെട്ടിരുന്ന എൻ.ബാലൻനായർ (കീഴാറ്റൂർ ബാലൻ) പഞ്ചായത്ത് വൈസ് പ്രസിഡന്റും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമുന്നത നേതാവുമായിരുന്ന കെ.മമ്മത് മാസ്റ്റർ, സംഗീതജ്ഞനായിരുന്ന കേശവതരകൻ, സാമൂഹ്യപ്രവർത്തകരും അദ്ധ്യാപകനേതാക്കളുമായിരുന്ന പി.ചന്ദ്രൻമാസ്റ്റർ, ശ്രീ.ഗോവിന്ദൻക്കുട്ടി മേനോൻ, കെ.അബുമാസ്റ്റർ, കെ.ഇബ്രാഹിം മാസ്റ്റർ എന്നിങ്ങനെ ആ പട്ടിക നീളുകയാണ്.

മറ്റൊരു സ്മരണീയനായ വ്യക്തി ഈയിടെ അന്തരിച്ച ശ്രീ.പി.എസ്.കേശവൻ നമ്പൂതിരിയാണ്.കീഴാറ്റൂർ പ്രദേശത്ത് സ്ഥാപിക്കപ്പെട്ട പൂന്താനം സ്മാരക സമിതിയുടെ പ്രഥമ പ്രസിഡണ്ടായിരുന്നു അദ്ദേഹം. കീഴാറ്റൂർ പഴേടത്ത് മനയിലെ ഈ അംഗം വി.ടി.ഭട്ടതിരിപ്പാടിനൊപ്പം നമ്പൂതിരി യോഗക്ഷേമസഭയിൽ സജീവമായി പ്രവർത്തിച്ചിട്ടുണ്ട്.

കൊച്ചി പ്രജാമണ്ഡലത്തിൽ ജനറൽ സീറ്റിൽനിന്ന് ജയിച്ച അദ്ദേഹം ഇ.എം.എസ്സിന്റെ നിർദ്ദേശപ്രകാരം സഭയിൽ 'നമ്പൂതിരിബിൽ' അവതരിപ്പിക്കുകയുണ്ടായി. നമ്പൂതിരി സമുദായത്തിലെ പ്രഥമ ജില്ലാ ജഡ്ജിയും കേശവൻ നമ്പൂതിരിയാണ്.

ഇന്നിന്റെ സാംസ്ക്കാരിക രേഖകളിൽ പതിഞ്ഞ വിരലൊപ്പുകളിൽ ചിലതെങ്കിലും കീഴാറ്റൂരിന്റേതായുണ്ട്. ഒരു കാലത്ത് ഈ പ്രദേശത്തെ രംഗവേദികളെ തന്റെ അഭിനയ സിദ്ധി കൊണ്ട് പ്രകാശമാനമാക്കിയ ശ്രീ.വി.ശങ്കരവാരിയർ, അദ്ധ്യാപനരംഗത്തെ പ്രഗത്ഭമതികളായ പി.ശങ്കുണ്ണിനായർ, കെ.വി.എസ്.വാരിയർ, കാർഷികരംഗത്ത് ഗവേഷകനും അദ്ധ്യാപകനുമെന്ന നിലയിൽ പേരെടുത്ത ഡോ.ശിവരാമൻനായർ, മലയാള സാഹിത്യത്തിൽ ഗവേഷണം നടത്തുകയും ആനുകാലികങ്ങളിൽ ലേഖനങ്ങൾ എഴുതുകയും ചെയ്യുന്ന ഡോ.ശങ്കരനുണ്ണി, കലാസംസ്ക്കാരിക രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന സി.വാസുദേവൻ, ഗ്രന്ഥശാലാ സംഘത്തിന്റെ നേതാക്കളായ കീഴാറ്റൂർ അനിയൻ, മാണ്ടോട്ടിൽ ബാലകൃഷ്ണൻ, റേഡിയോ നാടകരംഗത്ത് പ്രവർത്തിക്കുന്ന പി.ജി.നാഥ്, കെ.നാരായണൻ, റേഡിയോ ആർട്ടിസ്റ്റും ഗായകനുമായ പി.രാജീവ്, കവിയായ കെ.എം.സേതുമാധവൻ, മലപ്പുറം ജില്ലാബാങ്കിന്റെ സാരഥ്യം വഹിക്കുന്ന പി.അബ്ദുൾഹമീദ് തുടങ്ങിയവരൊക്കെ കീഴാറ്റൂരിന്റെ സജീവസാന്നിദ്ധ്യം അതത് രംഗങ്ങളിൽ അറിയിക്കുന്നവരാണ്.

സാംസ്ക്കാരിക മുന്നേറ്റത്തിന് വഴിയൊരുക്കിയ മറ്റു പ്രധാന സ്ഥാപനങ്ങൾ കലാസമിതികളും ക്ലബ്ബുകളുമാണ്. പഞ്ചായത്തിലെ ആദ്യത്തെ കലാസാംസ്ക്കാരിക സ്ഥാപനം 1962ൽ റജിസ്റ്റർ ചെയ്ത പൂന്താനം സ്മാരകസമിതിയാണ്.

ശ്രീ.പി.എസ്.കേശവൻ നമ്പൂതിരി, ചെറുകാട്, ഇ.പി.ഗോപാലൻ, പി.ടി.ഭാസ്ക്കരപ്പണിയ്ക്കർ തുടങ്ങിയവരായിരുന്നു അതിന് നേതൃത്വം കൊടുത്തത്. പൂന്താനത്തിന് ഉചിതമായ സ്മാരകം നിർമ്മിക്കുക എന്നതായിരുന്നു ലക്ഷ്യം. ശ്രീ.കെ.എം. ദാമോദരനും കുടുംബവും ഒരേക്കർ സ്ഥലം സമിതിക്ക് സംഭാവനയായി നൽകി. സ്മാരക പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങി. അതിനിടയിൽ 1967ൽ സ്മാരകസമിതിയുടെ മാനേജ്മെന്റിൻ കീഴിൽ ഒരു യു.പി.സ്കൂളിന് അംഗീകാരം ലഭിച്ചു. പൂന്താനത്തിന്റെ കൃതികളായ ജ്ഞാനപ്പാനയും സന്താനഗോപാലവും സമിതി പ്രസിദ്ധീകരിച്ചു. ഇന്ന് സമിതിയുടെ പ്രവർത്തനം നിർജ്ജീവമാണ്.

പതിനാലോളം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. (പട്ടിക II കാണുക) ഇവയിൽ പലതിനും നാമമാത്രമായ പ്രവർത്തനങ്ങളേ ഉള്ളു. കേരളോത്സവം വരുമ്പോൾ മാത്രം കണ്ണുമിഴിക്കുകയും മറ്റു സമയങ്ങളിലൊക്കെ ഉറങ്ങികിടക്കുകയും ചെയ്യുകയാണധികവും. സ്വന്തമായൊ വാടകയ്ക്കോ കെട്ടിടങ്ങൾപോലുമില്ലാത്ത 'സ്ഥാപന'ങ്ങളും ഇക്കൂട്ടത്തിലുണ്ട്. വർഷം തോറും നൂതനങ്ങളായ പരിപാടികൾ അവതരിപ്പിക്കാറുള്ള കീഴാറ്റൂർ ആർട്ട്സിന്റെ പ്രവർത്തനം ശ്രദ്ധേയമാണ്.

ദൃശ്യമാധ്യമങ്ങൾ

ടി.വി.സാംസ്ക്കാരം ഗ്രന്ഥാലയങ്ങളുടെ വളർച്ച മുരടിക്കുന്നതിൽ കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. കേബിൾ ടി.വി. നെറ്റ് വർക്ക് പഞ്ചായത്തിൽ വ്യാപകമായി എത്തികഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിൽ ഒരു സിനിമാശാല പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ പ്രധാന വിനോദ നികുതി ഉറവിടം ഈ സ്ഥാപനമാണ്.

നാടൻ കലാരൂപങ്ങൾ പലതും നാമാവശേഷമായി കൊണ്ടിരിക്കുകയാണ്. ഒപ്പന, ദഫ്മുട്ട്, ചെറുമക്കളി, പൂതംകളി, ഐവർകളി, പരിചമുട്ടുകളി, കോൽകളി, തിരുവാതിരകളി തുടങ്ങി ഈ നാടിന്റെ സാംസ്ക്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്ന കലാരൂപങ്ങളുടെ സംരക്ഷണത്തിനു വേണ്ടി എന്തെങ്കിലും ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

കായികരംഗം.

ഈ രംഗത്ത് ഏറെ അഭിമാനിക്കാവുന്ന വസ്തുതകളൊന്നും പഞ്ചായത്തിന് ചൂണ്ടികാണിക്കാനില്ല. പല കായികസംഘടനകളും അവയുടെ സ്ഥാപനങ്ങളും കാർഡ്, കാരംബോർഡ് തുടങ്ങിയ വിനോദങ്ങളിൽ ഒതുങ്ങികൂടുകയാണ്. കളിസ്ഥലങ്ങളുടെ അഭാവമാണ് കായികരംഗത്തെ ശോഷണത്തിനുള്ള മുഖ്യകാരണം. അഞ്ചോളം വിദ്യാലയങ്ങളിൽ മാത്രമേ നാമമാത്രമായ കളിസ്ഥലങ്ങളെങ്കിലുമുള്ളു. പഞ്ചായത്തിന് ഒരു പൊതുകളിസ്ഥലമില്ല. പേരെടുത്തു പറയാവുന്ന കായിക പ്രതിഭകളൊന്നും ഉയർന്നുവന്നട്ടില്ല. ഇതു പറയുമ്പോൾ പഴയകായിക പ്രതിഭയായ ശ്രീ.പള്ളിക്കുന്ന് ശങ്കരന്റെ പേര് വിസ്മരിക്കുന്നില്ല. ഹോക്കി, ഫുട്ബോൾ രംഗങ്ങളിൽ പ്രാവീണ്യം തെളിയിച്ച ശങ്കരൻ കേരള ഫുട്ബോൾ അസോസിയേഷന്റെ സംസ്ഥാനതല നേതാവായിരുന്നു. കായിക സംസ്ക്കാരം വികസിപ്പിച്ചെടുക്കാനുള്ള വിഭവങ്ങൾ ധാരാളമുണ്ടെങ്കിലും അതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നില്ല.

കലാ കായിക പ്രസ്ഥാനങ്ങളുടെ പിറകോട്ടുപോക്ക് കാര്യമായി കണക്കിലെടുക്കണം. സാമ്പത്തിക പരാധീനതകളുടെയും ഗൈഡൻസ് ലഭിക്കാത്തതിന്റെയും ഫലമാണത്. കേരളോത്സവങ്ങൾ വെറും ചടങ്ങുകളായി ശോഷിച്ചു പോകുന്നു. കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ മിക്ക ഗ്രന്ഥശാലയങ്ങളുടെയും ശാപമാണ്. വായനക്കാരെ ആകർഷിക്കാനുതകുന്ന പ്രവർത്തന പദ്ധതികളൊന്നും ഗ്രന്ഥാലയങ്ങൾക്കില്ല.

പരിഹാര നിർദ്ദേശങ്ങൾ

പൂന്താനത്തിന്റെ ഈ ഗൃഹം ഒരു സാംസ്ക്കാരിക ഗവേഷണകേന്ദ്രമായി വികസിപ്പിക്കുക.

കലാരംഗത്തെ യുവ പ്രതിഭകളെ കണ്ടെത്താനും വളർത്തിയെടുക്കാനുള്ള പ്രവർത്തന പദ്ധതി ഈ സംസ്ക്കാരിക കേന്ദ്രത്തിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തണം.

കലാ കായിക സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം.

പഞ്ചായത്തിന് ഒരു പൊതു കളിസ്ഥലവും ഓഡിറ്റോറിയവും ഉണ്ടാവണം.

കളിസ്ഥലംസാംസ്ക്കാരികനിലയം എന്നിവയ്ക്ക് മുള്ള്യാർകുർശ്ശിയിലെ കടമ്പ് പ്രദേശം ഉപയുക്തമാണ്.

കേരളോത്സവങ്ങൾ ചൈതന്യവത്താക്കണം.

എല്ലാ ഗ്രന്ഥാലയങ്ങൾക്കും സാംസ്ക്കാരിക സ്ഥാപനങ്ങൾക്കും ടി.വി, റേഡിയോ തുടങ്ങിയവ ലഭ്യമാക്കണം.

നാടൻ കലാരൂപങ്ങളെ സംരക്ഷിക്കാനുള്ള ഒരു പ്രവർത്തന പദ്ധതിക്ക് രൂപം നൽകണം.

അതിനുള്ള പ്രാരംഭമെന്ന നിലയിൽ വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും നാടൻ കലാമേളകൾ സംഘടിപ്പിക്കണം.

ഒരുപാടു കാര്യങ്ങൾ ചെയ്യാനുണ്ട്. പരിമിതമായ വിഭവങ്ങൾ വെച്ചു കൊണ്ടാണെങ്കിലും സംഘടിതമായ ഒരു യത്നത്തിലൂടെ കുറേയേറെ കാര്യങ്ങൾ നമുക്കു ചെയ്തുതീർക്കാൻ കഴിയും. അതിനുള്ള മാനസികമായ ഒരു തയ്യാറെടുപ്പാണ് ആദ്യം വേണ്ടത്. ബാക്കിയെല്ലാം അതിനു പിറകേവന്നുകൊള്ളും. ❐

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ (വിവര പട്ടിക - 1)

ക്രമ നമ്പർ	രജി. നമ്പർ	വാർഡ് നമ്പർ	പേരും വിലാസവും	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ വിവരം	നിലവിലുള്ള മെമ്പർമാരുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ പുസ്തക വിതരണം	കീഴിൽ പ്രവർത്തിക്കുന്നവയുടെ വിവരം	ഗ്രേയ്ഡ്	സർക്കാർ ഗ്രാന്റ്	ലൈബ്രേറിയൻ അലവൻസ്	റിമാർക്സ്
1	3745	4	ചന്ദ്രൻസ്മാരക ഗ്രന്ഥാലയം പി.ഒ.തച്ചിങ്ങനാടം വഴി. പട്ടിക്കാട്	10-1-70	സ്വന്തം	132	2636	240	ഗ്രന്ഥശാലാ സംഘം	D	2000	3600	പുതിയതലമുറ വായനാപരിധിയിൽനിന്ന് അകന്നു പോകുന്നു. പുസ്തകങ്ങളുടെ അമിത വിലക്കയറ്റം സാമ്പത്തിക പരാധീനത വരുത്തുന്നു.
2	2636	5	പൂന്താനം സ്മാരക ഗ്രന്ഥാലയം പി.ഒ.കീഴാറ്റൂർ വഴി. പട്ടിക്കാട്	19-4-58		76	5164	900		B	4000	6000	നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നതായിരുന്നു. ഇപ്പോൾ പ്രവർത്തനം മന്ദഗതിയിലാണ്.
3	5162	6	എൻ.ചന്തുകുട്ടിനായർ മെമ്മോറിയൽ ലൈബ്രറി വഴങ്ങോട് പി.ഒ. പട്ടിക്കാട്	15-1-76	സ്വന്തം	60	1126	100		E	1500	3600	നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. വായനക്കാരുടെ എണ്ണം കുറയുന്നതായി പരാതിയുണ്ട്.
4	4202	8	രശ്മി വായനശാല പി.ഒ.പട്ടിക്കാട്	20-3-73	വാടക	159	3150	200	സ്പോർട്സ് ക്ലബ്ബ്	D	2000	3600	നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു.
5	4640	9	പൊതുജന വായനശാല മുള്ള്യാകുർശി പി.ഒ.പട്ടിക്കാട്	1983									1990 ൽ സാമൂഹ്യദ്രോഹികൾ കത്തിച്ചു. ഇന്ന് പ്രവർത്തനമില്ല.
6	2658	7	ഗ്രാമീണ ഗ്രന്ഥാലയം പി.ഒ.പട്ടിക്കാട്	20-5-58			620			D	2000	3600	ഇപ്പോൾ പ്രവർത്തനമില്ല. കമ്മിറ്റി രൂപീകരിച്ച് സ്ഥലം കണ്ടെത്തി പ്രവർത്തനം നടത്തേണ്ടതാണ്
7	4772	11	സുപ്രഭ ലൈബ്രറി & സ്പോർട്സ് ക്ലബ്ബ് കണ്ണ്യാല. പി.ഒ.പട്ടിക്കാട്	20-3-74	വാടക	219	1431	110			1500	3600	പ്രവർത്തിക്കുന്നുണ്ട്.
8		10	ഇബ്രാഹിം മാസ്റ്റർ സ്മാരക ഗ്രന്ഥാലയം പി.ഒ.പൂന്താവനം	1994	വാടക		525	50	സ്പോർട്സ് ക്ലബ്ബ്		1500	3600	ലൈബ്രറി കൗൺസിലിൽ അഫിലിയേഷൻ ലഭിക്കാൻ 1000 പുസ്തകം തികയണം

നിലവിൽ പ്രവർത്തിക്കുന്ന കലാകായിക സമിതികൾ. (വിവരപട്ടിക - 2)

ക്രമ നമ്പർ	പേരും മേൽവിലാസവും	ധനസഹായത്തിന്റെ വിവരം	ഏത് സംഘത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു.	പ്രവർത്തനത്തിന്റെ ലഘുവിവരം	വാർഡ്	റിമാർക്സ്
1.	യൂത്ത് ആർട്സ് & സ്പോർട്സ് ക്ലബ്ബ്,നെന്മിനി			പ്രവർത്തനത്തിലേക്ക് വരുന്നതേയുള്ളു.	1	
2.	യാസ് ക്ലബ്ബ്, തച്ചിങ്ങനാടം			പ്രവർത്തനമില്ല	3	
3.	യുവശക്തി, തച്ചിങ്ങനാടം			പ്രവർത്തനമില്ല	3	
4.	കീഴാറ്റൂർ ആർട്സ് കീഴാറ്റൂർ		കേരള സംഗീത നാടക അക്കാദമി, തൃശൂർ	സജീവമായി രംഗത്തുണ്ട്	6	
5.	നെഹ്റു യുവക് ക്ലബ്ബ് കീഴാറ്റൂർ		നെഹ്റു യുവക് ക്ലബ്ബ് മലപ്പുറം	എല്ലാ കൊല്ലവും ഫുട്ബോൾ ടൂർണ്ണമെന്റ് നടത്താറുണ്ട്	6	
6.	പ്രിയിദർശിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ് പട്ടിക്കാട്			പ്രവർത്തനത്തിലേക്ക് വരുന്നതേയുള്ളു.	8	
7.	PTM ആർട്സ് & സ്പോർട്സ് ക്ലബ്ബ് അരിച്ചോല, P.O.തച്ചിങ്ങനാടം			പ്രവർത്തനമില്ല	3	
8.	പട്ടികാട് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പട്ടികാട്			പ്രവർത്തനത്തിലുള്ളതാണ്	7	
9.	ഉദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, നെന്മിനി			പ്രവർത്തനത്തിലേക്ക് വരുന്നതേയുള്ളു.	1	
10.	അഞ്ജലി സ്പോർട്സ് ക്ലബ്ബ്, നെച്ചിക്കുന്ന് ഹരിജൻ കോളനി, തച്ചിങ്ങനാടം			പ്രവർത്തനത്തിലേക്ക് വരുന്നതേയുള്ളു.	3	
11.	യംഗ് ഫൈറ്റേഴ്സ് ക്ലബ്ബ് ഒറവുംപുറം			കായികരംഗത്ത് പ്രവർത്തിക്കുന്നു. പ്രവർത്തനക്ഷമമല്ല.	2	
12.	മാനിഷാദ ക്ലബ്, മുള്ള്യാംകുർശ്ശി			പ്രവർത്തിക്കുന്നുണ്ട്	8	
13.	പൂന്താനം ആർട്സ് & സ്പോർട്സ് ക്ലബ്ബ് പൂന്താവനം		Reg.No: 154/92	എല്ലാ മതസ്ഥരുടെയും ആഘോഷങ്ങൾ കൊണ്ടാടാറുണ്ട്. കേരളോത്സവത്തിൽ പങ്കെടുക്കാറുണ്ട്. സന്നദ്ധ സേവനങ്ങൾ സംഘടിപ്പിക്കാറുണ്ട്. പ്രതിഭകളെ പ്രോത്സാഹിപ്പിക്കാറുണ്ട്. കുട്ടികൾക്ക് വേദിയൊരുക്കാറുണ്ട്. പഞ്ചായത്തിനകത്തു പുറത്തുമുള്ള മത്സരങ്ങളിൽ പങ്കെടുക്കാറുണ്ട്.	10	
14.	നെഹ്റുയുവക് ക്ലബ്ബ് പൂന്താവനം		ഇല്ല	കേരളോത്സവത്തിൽ പങ്കെടുക്കാറുണ്ട്. ഓണാഘോഷം നടത്താറുണ്ട്.	10	

വനിതാക്ഷേമം

വനിതകൾ സാമൂഹ്യമായും വിദ്യാഭ്യാസപരമായും വേണ്ടത്ര പുരോഗതി നേടിയിട്ടില്ല. പട്ടിക്കാട്, തച്ചിങ്ങനാടം എന്നിവിടങ്ങളിൽ യു.പി.സ്കൂളുകൾ അനേകം വർഷങ്ങൾക്ക് മുൻപ് തന്നെ രൂപം കൊണ്ടതുകൊണ്ട് പെൺകുട്ടികൾ 75ൽ അധികം വർഷങ്ങൾക്ക് മുൻപ് തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ തുടങ്ങിയിരുന്നു. അതുകൊണ്ട് വളരെ മുൻപ് തന്നെ സ്ത്രീകളിൽ ഒരു വിഭാഗത്തിന് വിദ്യാഭ്യാസത്തിൽ മുന്നിൽ എത്താൻ കഴിഞ്ഞു. അദ്ധ്യാപികമാരായി സേവനം അനുഷ്ഠിച്ച് സർവ്വീസിൽ നിന്ന് വിരമിച്ച 70 വയസ്സിന് മുകളിൽ പ്രായമുള്ള 10-ൽ അധികം സ്ത്രീകൾ ഈ പഞ്ചായത്തിൽ ഉണ്ട്. അതേ സമയം ഇന്നും വിദ്യാഭ്യാസകാര്യത്തിൽ പിന്നോക്കം നിൽക്കുന്ന ചില പ്രദേശങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. ഒരു വിദ്യാലയം പോലും ഇല്ലാത്ത ഒരു വാർഡാണ് VI- ാം വാർഡ്. ആ വാർഡിൽ കോളേജ് വിദ്യാഭ്യാസം നേടിയ വനിതകളും കോളേജ് പഠനം നടത്തുന്ന പെൺകുട്ടികളും വിരലിലെണ്ണാവുന്നവരാണ്. അതുപോലെതന്നെ 1-ാം വാർഡിലും പെൺകുട്ടികളെ ഉന്നത വിദ്യാഭ്യാസം നൽകുന്നതിൽ പൊതുവെ വേണ്ടത്ര താൽപര്യം കാട്ടുന്നില്ല. എന്നാൽ ഈ വാർഡിൽ ഉന്നത വിദ്യാഭ്യാസം നേടിയ വനിതകൾ കുറച്ചൊക്കെ ഉണ്ട്. സ്ത്രീകൾ കുടുംബതലവൻമാരായ 200 ൽ അധികം വീടുകൾ പഞ്ചായത്തിലുണ്ട്. ഇതിൽ 25 വീടുകളും മുള്ള്യാർകുർശ്ശി [9] യിലാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഭൂരിഭാഗം അദ്ധ്യാപികമാരാണ്. സാങ്കേതിക വിദ്യാഭ്യാസം നേടിയ വനിതകളും ഉണ്ട്. മുസ്ലീം പെൺകുട്ടികളിൽ നേരത്തെ വിദ്യാഭ്യാസം നേടിയവർ കുറവായിരുന്നുവെങ്കിലും 70കളുടെ തുടക്കത്തോടെ ഇതിന് ഗണ്യമായ മാറ്റം ഉണ്ടായി. മുസ്ലീം പെൺകുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകി തുടങ്ങിയതാണ് ഇതിന് കാരണം. എന്നാൽ കോളേജ് വിദ്യാഭ്യാസം നേടുന്നതിന് ഇവരിൽ പലർക്കും കഴിഞ്ഞിട്ടില്ല. നേരത്തെ വിവാഹിതരാവുന്നത് ഇതിന് ഒരു കാരണമാണ്. ഹരിജൻ വനിതകളിൽ ഉന്നത വിദ്യാഭ്യാസം നേടിയവർ കുറവാണ്. സർക്കാർ ജോലികളിൽ ഏർപ്പെട്ട ഹരിജൻ വനിതകളും കുറവാണ്. വനിതകൾ ഭരണരംഗത്തേക്ക് കൂടുതലായി കടന്നുവെങ്കിലും ബഹുജന സംഘടനകളിൽ വനിതകളുടെ നേതൃത്വം കുറവാണ്. വനിതാ സംഘടനകൾ ഉണ്ടെങ്കിലും വേണ്ടത്ര സജീവമല്ല. മഹിളാസമാജങ്ങൾ മിക്ക വാർഡിലും ഇല്ല. ഉള്ളവതന്നെ പ്രവർത്തനം തൃപ്തികരമല്ല. വനിതകൾ ഭൂരിഭാഗവും ഗാർഹിക ജോലികളിൽ ഒതുങ്ങി കഴിയുന്നു. തൊഴിൽ എടുക്കുന്നവരിൽ സർവ്വീസ് മേഖലയിൽ 151 പേരാണുള്ളത്. കർഷകതൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ എന്നിവരാണ് കാര്യമായി ഉള്ളത്. ചുമട് എടുത്തും ഇഷ്ടികകമ്പനികളിൽ തൊഴിലാളികളായും വീട്ടുജോലിക്കാരായും കുറച്ച് പേർ ജോലി ചെയ്യുന്നു. വേതന കാര്യത്തിൽ സ്ത്രീ പുരുഷ അന്തരം ഏറ്റവും കൂടുതൽ കാർഷികമേഖലയിലാണ്. നിർമ്മാണ തൊഴിലാളികൾക്കാണ് ഏറ്റവും കൂടുതൽ കൂലികിട്ടുന്നത്. നിർമ്മാണ തൊഴിലാളികളായ സ്ത്രീകൾക്ക് 80 രൂപയും കർഷകതൊഴിലാളികളായ സ്ത്രീകൾക്ക് 60 രൂപയുമാണ് ഇന്ന് പൊതുവെ കൂലികിട്ടുന്നത്. അതിലും കുറഞ്ഞ തോതിലും കൂടിയ തോതിലും കൂലി ലഭിക്കുന്നവർ ഉണ്ട്. ടൈലറിങ്ങ് അറിയാവുന്ന ധാരാളം സ്ത്രീകൾ പഞ്ചായത്തിൽ ഉണ്ട്. മൃഗസംരക്ഷണം കൊണ്ട് ഉപജീവനം നടത്തുന്ന സ്ത്രീകളും ഉണ്ട്. ബിരുദാനന്തര ബിരുദം ഉള്ളവരും പ്രൊഫഷണൽ ബിരുദമുള്ളവരുമായ സ്ത്രീകൾ പഞ്ചായത്തിൽ ഉണ്ട്. അരിക്കണ്ടം പാർക്കിൽ നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന D.W.C.R.A.യിൽ ഉൾപ്പെട്ട കറിപൗഡർ യൂണിറ്റ് ഉണ്ടായിരുന്നു. മാനേജരീയൽ പ്രശ്നവും മറ്റും കൊണ്ട് അത് പൂട്ടിയിട്ടു.

സാദ്ധ്യതകൾ

ഒരു വാർഡിൽ ഒരു മഹിളാസമാജമെങ്കിലും രൂപീകരിക്കുകയും മഹിളാലസമാജങ്ങൾ മുഖേന വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയും. ഇത് വനിതകളെ സാമൂഹ്യമായും നേതൃത്വപരമായും ഉയർത്തുന്നതിന് അവസരമൊരുക്കും. ഠ.ം.ല.്യ.മ. മുഖാന്തിരം കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും. തഴപ്പായ നിർമ്മാണം. കട്ട നിർമ്മാണം, കുട നിർമ്മാണം, അച്ചാർ, കൊണ്ടാട്ടം, കറി പൗഡർ എന്നിവയുടെ നിർമ്മാണം എന്നിവയ്ക്ക് സാദ്ധ്യതയുണ്ട്. I-ാം വാർഡിൽ കടലാസ് പാക്കറ്റ് നിർമ്മാണത്തിന് ഒരു യൂണിറ്റ് തുടങ്ങാൻ സാദ്ധ്യതയുണ്ട്. VI-ാം വാർഡിൽ മെഴുകുതിരി, പ്ലാസ്റ്റിക് അച്ചാറുകൾ എന്നിവയുണ്ടാക്കുന്ന യൂണിറ്റും ഒന്നാം വാർഡിൽ ഒരു ടൈലറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും മൂന്നാം വാർഡിൽ വനിതകൾക്കായി ടൈലറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്,

എംബ്രോയ്ഡറി, വനിത പ്രസ്, ബുക്ക് ബൈൻഡിങ്ങ്, പായനെയ്ത്ത്, പപ്പട നിർമ്മാണം, ചൂൽ നിർമ്മാണം, അച്ചാർ, പലഹാര നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നിവയുടെ യൂണിറ്റും രണ്ടാം വാർഡിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പായനെയ്ത്ത് എന്നിവയും എട്ടാം വാർഡിൽ ടൈലറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, മറ്റ് തൊഴിൽസംരഭങ്ങൾ എന്നിവയും പത്താം വാർഡിൽ മഹിളാസമാജം മുഖേന വനിതകൾക്ക് തൊഴിൽ സംരഭങ്ങൾ ഉണ്ടാക്കുകയും IV-ാം വാർഡിൽ കടലാസ് പാക്കറ്റ് നിർമ്മാണത്തിന് പുറമെ കറിപൗഡർ യൂണിറ്റ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, മെഴുകുതിരി നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നിവയും അഞ്ചാം വാർഡിൽ തൊഴില വസരങ്ങൾക്ക് ധനസഹായവും ഗ്രാമസഭകളുടെ ആവ ശ്യങ്ങളായി ഉയർന്നു വന്നിട്ടുണ്ട്. സമൂഹ വിവാഹവും വിധവകളുടെ ക്ഷേമ പ്രവർത്തനങ്ങളും ഗ്രാമ സഭക ളിൽ നിന്ന് ഉയർന്ന് വന്ന പ്രശ്നങ്ങളാണ്.

പ്രശ്നങ്ങൾ

തൊഴിലില്ലായ്മ സ്ത്രീകളുടെ ഇടയിൽ വൻ തോതി ലുണ്ട്. പുതിയ തൊഴിലവസരങ്ങളെ കുറിച്ചുള്ള അറി വില്ലായ്മയും സമൂഹത്തിന്റെ മുൻ പന്തിയിൽ വരാ നുള്ള മടിയുമുണ്ട്. അംഗൻവാടികൾ അമ്മമാരുടെ ആരോഗ്യ സാമൂഹ്യ ആവശ്യങ്ങൾക്കനുസരിച്ച് ഉയർന്നിട്ടില്ല. അംഗൻവാടികൾ പല സ്ഥലങ്ങളിലും ഇനിയും വേണ്ടതുണ്ട്. നേരത്തെ വിവാഹിതരാകുന്ന തുകൊണ്ട് ഒരു വിഭാഗം സ്ത്രീകൾക്ക് ഉന്നത വിദ്യാ ഭ്യാസം നേടാൻ കഴിയാത്ത സ്ഥിതി ഉണ്ട്. പക്ഷേ സൗകര്യം പഞ്ചായത്തിൽ എവിടെയും ഇല്ല. സ്ത്രീകൾ പൊതുരംഗത്തേക്ക് കടന്നു വരുന്നത് കാര്യമായി പ്രോൽസാഹിപ്പിക്കുന്നില്ല. അത് നേതൃനിരയിലേക്ക് ക ടന്നു വരുന്നതിന് തടസ്സം നിൽക്കുന്നു. മഹിളാസമാജ ങ്ങൾ കാര്യമായി ഇല്ലാത്തതും തൊഴിൽ സംരഭങ്ങൾ കൂടുതലായി തുടങ്ങാത്തതും തൊഴിൽ അവസരങ്ങൾ കുറയ്ക്കുന്നു. പരമ്പരാഗത തൊഴിലുകളായ പായ നെയ്ത്ത്, കട്ടനിർമ്മാണം, കുടനിർമ്മാണം, എന്നിവ അഭിവൃദ്ധിപ്പെടാത്തതും തൊഴിൽ അവസരങ്ങൾ കുറ യ്ക്കുന്നു. പോക്ഷഹാകാരകുറവ് സ്ത്രീകളുടെ ഒരു പ്രശ്നമാണ്. അതുകൊണ്ട് തന്നെ ആശുപത്രികളിൽ ചെല്ലുന്നവരിൽ വലിയ ഒരു പങ്ക് സ്ത്രീകളാണ്. ഗാർഹിക ജോലികളിൽ ഏർപ്പെട്ടവർമാത്രമല്ല. മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടവരും സാധനങ്ങൾ വാങ്ങു ന്നതിനും റേഷൻ കടകളിൽ പോകുന്നതിനും കൂടി സമയം ചെലവഴിക്കേണ്ടി വരുന്നു. മദ്യപാനം സ്ത്രീക ളിലും കുറച്ചൊക്കെ കാണുന്നുണ്ട്. പട്ടികജാതി വിഭാ ഗത്തിലാണ് ഇത് കൂടുതൽ. ഭർത്താക്കൻമാർ ജോലിക്ക് പോകുന്നുവെങ്കിലും കുടുംബം പുലർത്തേണ്ട ചുമതല സ്ത്രീകൾക്കായ ചില വീടുകളുണ്ട്. ഭർത്താക്കൻമാ രുടെ മദ്യപാനമാണ് ഇതിന് കാരണം. ❑

സഹകരണം

കടക്കെണിയിൽപ്പെട്ട് നട്ടം തിരിഞ്ഞിരുന്ന കർഷക സമൂഹത്തെ കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിന് സഹകരണ പ്രസ്ഥാനം വഹിച്ച പങ്ക് വളരെ വലുതാണ്. പാട്ട വ്യവസ്ഥ നിലവിൽ ഉണ്ടായിരുന്നകാലത്ത് കർഷകർ കൃഷിയിറക്കാൻ സ്വകാര്യ പണമിടപാടുകാരിൽ നിന്ന് അമിത പലിശയ്ക്ക് കടം വാങ്ങിയിരുന്നു. വിളവ് എടുത്തു കറ്റ മെതിച്ച് തീരുമ്പോഴേക്ക് ചാക്കുമായി ചുമട്ടുകാരെ കൂട്ടി നെല്ല് കൊണ്ടുപോകുവാൻ എത്തുന്ന പണമിടപാടുകാരെ കാണുമ്പോൾ കൃഷിക്കാരന്റെ ചങ്കിടിക്കുമായിരുന്നു. ഇടപാട് തീർത്ത് പാട്ടവും കൊടുത്ത് തീർത്താൽ മിക്കവാറും വൈക്കോൽ മണിമാത്രമെ കർഷകന് കിട്ടുമായിരുന്നുള്ളു. ആ അവസ്ഥയിൽ നിന്ന് ഒരുമാറ്റം ഉണ്ടായത് സഹകരണ പ്രസ്ഥാനം ശക്തിപ്പെട്ടതോടെയാണ്.ശ്രീ.കെ.വി.ശൂലപാണിവാരിയർ, ടി.കെ.വേലായുധൻ നായർ എന്നിവരുടെ നേതൃത്വത്തിൽ നെന്മിനി വില്ലേജിൽ രൂപം കൊണ്ട ഐക്യനാണയ സഹകരണ സംഘമാണ് പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കമിട്ടത്. ഐക്യ നാണയസഹകരണ സംഘം തച്ചിങ്ങനാടം സർവ്വീസ് സഹകരണ സംഘമായും പിന്നീട് തച്ചിങ്ങനാടം സർവ്വീസ് സഹകരണ ബാങ്കായും മാറി. കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിലെ നെന്മിനി വില്ലേജ് പ്രവർത്തന മേഖലയായ തച്ചിങ്ങനാടം സർവ്വീസ് സഹകരണ ബാങ്ക്, കീഴാറ്റൂർ വില്ലേജും തൊട്ടടുത്ത വെട്ടത്തൂർ പഞ്ചായത്തിലെ കായാവാട്ടം വില്ലേജും പ്രവർത്തന മേഖലയായ പട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്കും നെന്മിനിയിലെ എസ്റ്റേറ്റ് തൊഴിലാളികളും ജീവനക്കാരും അംഗങ്ങളായ നെന്മിനിയ ഇന്ത്യ എസ്റ്റേറ്റ് കൺസ്യൂമർ സ്റ്റോറും. 3 സ്കൂൾ സഹകരണ സ്റ്റോറുകളും, 2 ക്ഷീര വ്യവസായ സഹകരണ സംഘങ്ങളുമാണ് പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ. പെരിന്തൽമണ്ണ കാർഷിക വികസന ബാങ്ക്, പെരിന്തൽമണ്ണ കോ-ഓർബ്ബൻ ബാങ്ക്, പെരിന്തൽമണ്ണ റൂറൽ ഹൗസിങ്ങ് സൊസൈറ്റി എന്നിവയുടെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്ന പ്രദേശമാണ് കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത്.

ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്ന പ്രശ്നങ്ങൾ.

1. അർഹതയുള്ള മുഴുവൻ പേർക്കും സഹകരണ സംഘങ്ങളിൽ അംഗത്വം ലഭിക്കുന്നില്ല.
2. വായ്പ തുകയുടെ പരിധി ഉയർത്തണം.
3. ആവശ്യത്തിനും സമയത്തിനും വായ്പകൾ ലഭിക്കാത്തതുകൊണ്ട് സ്വകാര്യ പണമിടപാടുകാരെ ആശ്രയിക്കേണ്ടി വരുന്നു.
4. പഞ്ചായത്തിൽ ഒരു സഹകരണ ഹൗസിങ്ങ് സൊസൈറ്റി വേണം.
5. ഹരിജൻ സർവ്വീസ് സഹകരണ സംഘങ്ങൾ തുടങ്ങേണ്ടതുണ്ട്.
6. റബ്ബർ മാർക്കറ്റിങ്ങ് സഹകരണ സംഘം രൂപീകരിക്കണം.
7. കാർഷിക ഉപകരണങ്ങൾ കുറഞ്ഞ വാടകയ്ക്ക് കർഷകർക്ക് ലഭ്യമാക്കണം.
8. മായം കലരാത്ത രാസവളങ്ങൾ കർഷകർക്ക് ലഭ്യമാക്കണം.
9. വനിത സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

സാദ്ധ്യതകൾ.

1. പഞ്ചായത്ത് പ്രവർത്തന മേഖലയാക്കി ഒരു ഹൗസിങ്ങ് സൊസൈറ്റി രൂപീകരിക്കാൻ കഴിയും. പഞ്ചായത്തിലെ രൂക്ഷമായ പാർപ്പിട പ്രശ്നം പരിഹരിക്കാൻ ഇത് സഹായകമാണ്.
2. അഭ്യസ്ത വിദ്യരായ ഹരിജനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അവരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമ്പത്തികമായി ഉയർത്തികൊണ്ട് വരുന്നതിനും ഹരിജൻ സർവ്വീസ് സഹകരണസംഘം ഉപകരിക്കും.
3. പഞ്ചായത്തിലെ പ്രധാന കൃഷികളിൽ ഒന്നായി മാറിയിട്ടുണ്ട് റബ്ബർ. ഈ രംഗത്ത് ഒരു പുതിയ മാറ്റം ഉണ്ടാക്കാൻ റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റി കൊണ്ട് കഴിയും.
4. അർഹതയുള്ള സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മുഴുവൻ ആളുകളേയും മെമ്പർമാരാക്കിയാൽ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ കഴിയും.
5. ഒരു വനിത സഹകരണസംഘം രൂപീകരിക്കാൻ കഴിയും.
6. പഞ്ചായത്തിൽ ഏതാനും സ്വകാര്യ പണമിടപാടുകാർ ഉണ്ട്. അതിന് പുറമെയാണ് തമിഴ്നാട്ടിൽനിന്ന്

വരുന്ന സ്വകാര്യ പണമിടപാടുകാർ. അവർ 12% വരെ പലിശ വാങ്ങുന്നുണ്ട്. സ്വകാര്യ പണമിടപാടുകാരുടെ പലിശ നിരക്കും ഇതിനു തുല്യമാണ്. ബാങ്കുകളിൽ നിന്ന് പണം ലഭിക്കാനുള്ള കാലതാമസവും സാങ്കേതികത്വവുമാണ് ജനങ്ങൾ സ്വകാര്യ പണമിടപാടുകാരെ ആശ്രയിക്കാൻ കാരണം. തൊഴിലാളികളാണ് തമിഴ്നാട്ടിൽ നിന്നുള്ള ഇടപാടുകാരെ ആശ്രയിക്കുന്നതെങ്കിൽ എല്ലാ വിഭാഗക്കാരും നാട്ടിൽ നിന്നുള്ള ഇടപാടുകാരെ ആശ്രയിക്കുന്നത്. ❑



പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

കീഴാറ്റൂർ പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ % പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണ്. 546 പട്ടിക ജാതി കുടുംബങ്ങളും 6 പട്ടിക വർഗ്ഗ കുടുംബങ്ങളും ഇവിടെ താമസിച്ച് വരുന്നു.പട്ടിക വർഗ്ഗത്തിൽപ്പെട്ട മലപണ്ടാര സമുദായത്തിലുൾപ്പെട്ട ഇവരെ സർക്കാറിന്റെ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഒന്നും തന്നെ ഇപ്പോൾ ലഭിക്കുന്നില്ല. നെമ്മിനി വില്ലേജിൽ 3-ാം വർഡിൽ താമസിക്കുന്നവരായ ഇവർക്ക് സമ്മതിദായകാവകാശം ഉണ്ട്. പെരിന്തൽമണ്ണ തഹസിൽദാരുടെ കീഴിൽ വരുന്നതാണ്. സ്കൂൾ വിദ്യാഭ്യാസം നേടിയവരുണ്ട്. ഇവരുടെ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ ജാതി 'മലപണ്ടാരം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവർ പഴയകാലത്ത് താമസിച്ചിരുന്ന ഗുഹകളും മറ്റും ഇവിടെയുണ്ട്. ഇവരുടെ പ്രധാന തൊഴിൽ 'തേൻ' ശേഖരിക്കുകയാണ്. ഇവരെ പട്ടിക വർഗ്ഗത്തിലുൾപ്പെടുത്തുന്നതിന് സത്വര നടപടികൾ അധികാരികളുടെ ഭാഗത്തു നിന്നുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

21 അംഗീകരിച്ച കോളനികളും 2 എണ്ണം അംഗീകാരത്തിന് സമർപ്പിച്ച കോളനികളുമാണ്. ഇവയിൽ അംഗീകരിച്ച കോളനികളിൽ 418 കുടുംബങ്ങളും 134 കുടുംബങ്ങൾ ഇടകലർന്നുമാണ് ജീവിക്കുന്നത്. മൊത്തം 11 വാർഡുകളിൽ 2945 പട്ടക ജാതി പട്ടിക വർഗ്ഗ അംഗങ്ങൾ ഉണ്ട്. 12 കോളനികൾ അംഗീകരണത്തിന് അപേക്ഷിക്കാത്തവയായി ഉണ്ട്.

വിദ്യാഭ്യാസ, സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

സാമൂഹ്യ, സാമ്പത്തിക രംഗങ്ങളിൽ നിരവധികാലം ചൂഷണത്തിന് വിധേയമായിട്ടുണ്ട്. വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക രംഗത്തുണ്ടായ മാറ്റത്തിന്റെ ഫലമായി ഈ വിഭാഗക്കാർക്ക് മോചനം ലഭിച്ചിട്ടുണ്ട്. ഇത്തരുണത്തിൽ എടുത്ത് പറയത്തക്കതാണ് 'കുടികിടപ്പവകാശവും' മിച്ചഭൂമി വിതരണവും. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങൾ പൂർണ്ണമായി ഇല്ലാതായിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരുടെയും എല്ലാതരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും, എല്ലാ പൊതു പരിപാടികളിലും അർഹമായ പ്രാതിനിധ്യം ലഭിക്കുകയും ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനു വേണ്ടി സർക്കാർ ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ പല പദ്ധതികളെ കുറിച്ചും വേണ്ടത്ര അറിവില്ലായ്മ കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ജെ.ആർ.വൈ. പദ്ധതി പ്രകാരം ഈ പഞ്ചായത്തിന് 142090 രൂപ ലഭിക്കുന്നുണ്ട്. മറ്റു പല പദ്ധതികൾ പ്രകാരവും ധാരാളം ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങളിലൂടെ ഭാഗികമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഏറ്റവും നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. എന്നാലും നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നില നിൽക്കുന്നുണ്ട്. അംഗീകരിച്ച കോളനികളിലെ വീടുകളിൽ യഥാസമയം അറ്റകുറ്റ പണികൾ നടത്താൻ സഹായിക്കുക. അംഗീകാരത്തിന് സമർപ്പിച്ച 2 കോളനികൾ അംഗീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക. കോളനികളെ കുറിച്ചുള്ള പൊതു വിവരങ്ങൾ പട്ടിക -1 കാണുക. ❑

പട്ടിക - 1

ക്രമ നമ്പർ വാർഡ്	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1. *I*	വേർക്കോട്ടുപറമ്പിൽ കോളനി	14	71
2. *I*	തൃക്കേകുന്ന് കോളനി	12	25
3. *I*	നിരവിൻമുകളിൽ കോളനി	13	38
4. *II*	വാരിയത്ത് ചാള	11	71
5. *III*	മാഞ്ചേരി തൊടിക	12	51
6. *IV*	പള്ളിക്കുന്ന് കോളനി	15	92
7. *IV*	തെച്ചിക്കുന്ന് കോളനി	13	79
8. *IV*	പൂക്കോട്ടിൽ കോളനി	10	53
9. *IV*	ഇല്ലത്ത് കോളനി	15	56
10. *IV*	നവോദയ കോളനി (പാലക്കാകുഴി - തൊട്ടിക്കുന്ന്)	16	95
11. *IV*	ആറ്റുമല കോളനി	11	57
12. *V*	വടക്കേല പറമ്പ്	10	50
13. *V*	പനമ്പറ്റകുന്ന്	12	32
14. *V*	അത്തിക്കുന്ന്	11	30
15. *V*	വട്ടാടി കോളനി (ആലിക്കാപറമ്പ്)	10	40
16. *VI*	പറമ്പൂർ കോളനി	11	75
17.	കല്ലുവെട്ടുകുഴി പറമ്പിൽ	30	120
18.	നെച്ചിപറമ്പിൽ	14	63
19.	കോക്കാട് കോളനി	19	64
20.	പൂന്താവനം ഹരിജൻ കോളനി	16	45
21.	കൂട്ടുമൂച്ചിക്കൽ കോളനി	12	51

അംഗീകാരത്തിന് സമർപ്പിച്ചത്.			
ക്രമ നമ്പർ വാർഡ്	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1. *IV*	ത്രാവോട്ട് കോളനി	11	69
2.	ആലിക്കൽകുന്ന് (പള്ളിക്കുത്ത്)		

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും താരതമ്യേനമെച്ചമാണ്. എസ്.എസ്.എൽ.സിയും, ഉന്നത വിദ്യാഭ്യാസം നേടിയവരും ഉണ്ട്. ടെക്നിക്കൽ വിദ്യാഭ്യാസം ലഭിച്ചവർ വിരളമാണ്. എസ്.എസ്.എൽ.സി. തോൽക്കുന്നവരാണ് ഭൂരിഭാഗവും. ഇതോടെ പഠനം നിർത്തുന്നു. തോറ്റ വിദ്യാർത്ഥികൾക്ക് പഠിക്കാൻ സർക്കാർ സഹായം നല്കുന്നുണ്ട്. എന്നാൽ മിക്ക വിദ്യാർത്ഥികളും രക്ഷിതാക്കളും ഇതേകുറിച്ച് ബോധവാൻമാരല്ല. പ്രൈമറി തലത്തിലും ഹൈസ്ക്കൂൾ തലത്തിലും ഇടക്കുവെച്ച് പഠനം നിർത്തി പോകുന്നവരുണ്ട്. സാമ്പത്തികം തന്നെയാണ് പ്രധാന കാരണം. സാമ്പത്തിക പരാധീനതമൂലം രക്ഷിതാക്കളെ സഹായിക്കാൻ കുട്ടികളും തയ്യാറാവുന്നു. മിക്ക രക്ഷിതാക്കളും വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെകുറിച്ച് ബോധവൻമാരല്ല. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ വ്യക്തിക്കളും സംഘടനകളും, സർക്കാരും, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ .....Etc സംഘടിപ്പിക്കേണ്ടതാണ്. 1996-'97 അധ്യായന വർഷത്തിൽ 922 പട്ടികജാതി പട്ടകവർഗ്ഗ വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസം ലഭിക്കുന്നതിന് പഞ്ചായത്തിൽ തന്നെ 'വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ'ആരംഭിക്കുക.

തൊഴിൽ

പഞ്ചായത്തിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളും അതിനോടനുബന്ധ തൊഴിലിലേർപ്പെട്ടിരിക്കുന്നവരുമാണ്. കടിൽ വ്യവസായ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുമുണ്ട്. കാർഷിക മേഖലയിലെ തകർച്ച മൂലം തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കാലാവസ്ഥയെ ആശ്രയിച്ചുള്ള കൃഷി സമ്പ്രദായമായതിനാൽ ചില പ്രത്യേക സീസണിൽ മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളു. കാർഷിക മേഖലയിലെ തകർച്ചമൂലം മറ്റു മേഖലയിലേക്ക് തൊഴിലാളികൾ പോയികൊണ്ടിരിക്കുന്നു. കാര്യക്ഷമതയുള്ള തൊഴിലാളികളുടെ സേവനം കാർഷിക മേഖലക്ക് നഷ്ടപ്പെടുന്നു.

തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾ പരിചയമില്ലാത്ത മറ്റു മേഖലയിലേക്കു തൊഴിൽ തേടിപോകുന്നു. ഈ തൊഴിലാളികൾ ഭൂരിഭാഗവും നിർമ്മാണ രംഗത്താണ് എത്തിയിട്ടുള്ളത്. ഈ മേഖലയിൽ താരതമ്യേന മെച്ചമായ വേതനമാണ് ലഭിക്കുന്നത്. ഉയർന്ന വേതനം ലഭിക്കുന്നതു കൊണ്ട് ഈ തൊഴിലാളികൾ ഈ മേഖലയിൽ തന്നെ നിൽക്കുന്നു.പുതിയ തലമുറയും ഈ മേഖലയിലേക്ക് വരുന്നു. ഇതിന്റെയെല്ലാം ഫലമായി കാർഷിക മേഖലയിൽ ജോലി ചെയ്യാൻ ആളുകളെ കിട്ടാതെ വരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് പരമാവധി തൊഴിലാളികളെ ഉൾപ്പെടുത്തികൊണ്ട് യന്ത്രവൽകൃത കൃഷി സമ്പ്രദായം നടപ്പിലാക്കുക. തൊഴിലാളികൾക്ക് വേണ്ട സാങ്കേതിക ലിദ്യാഭ്യാസം നൽകുകയും വേണം.

കുടിൽ വ്യവസായത്തെ ആശ്രയിച്ച് തൊഴിലിലേർപ്പെട്ടിരിക്കുനാന തൊഴിലാളികളുടെ സ്ഥിതി വളരെ പരിതാപകരമാണ്. അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം, അസംസ്കൃത വസ്തുക്കളുടെ വിലയിലുണ്ടായ ഭീമമായ വർദ്ധനവ്, ഗതാഗത സൗകര്യങ്ങളുടെ അഭാവം, എന്നിവ കുടിൽ വ്യവസായത്തെ ദോഷകരമായി ബാധിച്ചിരിക്കുന്നു. കൂടാതെ ആധുനിക യന്ത്ര സാമഗ്രികളുടെ സഹായത്തോടെ നിർമ്മിക്കുന്ന സാധനങ്ങളും വെല്ലുവിളി ഉയർത്തുന്നു. കുടിൽ വ്യവസായ മേഖലയിൽ ധാരാളം തൊഴിൽ സാധ്യതയുള്ളതു കൊണ്ട് ഈ വ്യവസായത്തെ രക്ഷിക്കുകയാണ് വേണ്ടത്. തൊഴിൽ സംരംഭകർക്ക് പലിശ രഹിത വായ്പകൾ അനുവദിക്കുക. സർക്കാർ നിബന്ധനകൾ ഉദാരമാക്കുകയും വേണം. കൂടാതെ വായ്പ തിരിച്ചടക്കേണ്ട കാലാവധി ദീർഘിപ്പിക്കുകയും വേണം. സർക്കാർ ഭാഗത്തുനിന്ന് ധാരാളം സഹായസഹകരണങ്ങൾ ഉണ്ടായാൽ ഈ മേഖലയിലേക്ക് ധാരാളം തൊഴിലില്ലാത്ത ചെറുപ്പക്കാരെ ആകർഷിക്കാൻ കഴിയും. കേരളത്തിന് ശാപമായി മാറിയ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുവാനും കഴിയും.

പാർപ്പിടം

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തെ ഏറ്റവുമധികം ബാധിക്കുന്ന ഒരു പ്രശ്നമാണ്. സ്വന്തമായി വീടില്ലാത്തവർ ധാരാളമുണ്ട്. വീടുവെക്കാൻ സ്വന്തമായി സ്ഥലമില്ലാത്തവർ പഞ്ചായത്തിൽ ധാരാളമുണ്ട്. ഇതുമൂലം സർക്കാരിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ നഷ്ട

മാകുന്നു. സ്വന്തമായി ഭൂമിയുണ്ടായിട്ടും വീടുവെക്കാൻ അപേക്ഷ സമർപ്പിക്കാത്തവരും ഉണ്ട്. സർക്കാരിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങളെ കുറിച്ച് ബോധവാൻമാരല്ലാത്തവരുമുണ്ട്. സർക്കാർ ഏജൻസികളും, മറ്റു ഏജൻസികളും നടപ്പിലാക്കിവരുന്ന പദ്ധതികൾ മൂലം ധാരാളം കുടുംബങ്ങൾക്ക് വീട് ലഭിച്ചിട്ടുണ്ട്. പരിമിതമായ സൗകര്യങ്ങളാണെങ്കിലും ധാരാളം വീടുകളുണ്ട്.ഒറ്റപ്പെട്ടുകിടക്കുന്ന കുടുംബങ്ങൾക്ക് ഏജൻസികളുടെ സേവനം വേണ്ടത്ര ലഭിച്ചിട്ടില്ല. വീടുവെയ്ക്കാൻ വായ്പയെടുത്ത പലരും കട കെണിയിൽ അകപ്പെട്ടിരിക്കുകയാണ്. തിരിച്ചടക്കേണ്ട കാലാവധി ദീർഘിപ്പിക്കുകയും തിരിച്ചടക്കൽ രീതി ഉദാരമാക്കുകയും വേണം. വീട് വെക്കാൻ ലഭിക്കുന്ന തുക വളരെ കുറവാണ്. മിക്ക സാധനങ്ങളുടെയും വിലയിലുണ്ടായ വർദ്ധനവ് ലഭിക്കുന്ന തുക തികയാതെ വരുന്നു. ആയതിനാൽ തുക വർദ്ധിപ്പിക്കേണ്ടതാണ്. വീട് വെക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീടിനുള്ള സഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ച് കൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയുള്ളു.

പല കോളനികളിലും വീടുകൾ ഉണ്ടെങ്കിലും കക്കൂസ് നിലവിലില്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിക്കണം. കോളനികളിൽ പൊതുകക്കൂസ് നിലവിലുണ്ട്. ഇത് ഗുണത്തേക്കാളേറെ ദോഷമേ ചെയ്യുകയുള്ളു. കോളനികളല്ലാതെ ധാരാളം ഒറ്റപ്പെട്ടുകിടക്കുന്ന വീടുകൾ ഉണ്ട്. ഈ കുടുംബങ്ങൾക്കും കക്കൂസ് അനുവദിച്ച് കൊടുക്കേണ്ടതാണ്. ഗ്രാമസഭ റിപ്പോർട്ടുകൾ പ്രകാരം ഈ പഞ്ചായത്തിൽ 241 വീടുകളും 213 കക്കൂസുകളും ആവശ്യമുണ്ട്. ❐

പട്ടിക -2

ക്രമ നമ്പർ	കോളനിയുടെ പേര്	വീടിന്റെ സ്വഭാവം			ആവശ്യമുള്ള വീടുകളുടെ എണ്ണം	കക്കൂസ് ആവശ്യമില്ലാത്തവർ	ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം
		കോൺക്രീറ്റ്	ഓട്	ഓല			
1.	വേർക്കോട്ടുപറമ്പിൽ കോളനി	-	12	1	9	4	11
2.	തൃക്കേകുന്ന് കോളനി	-	6	5	20	3	16
3.	നിരവിൻമുകളിൽ കോളനി	-	5	7	18	4	16
4.	വാരിയത്ത് ചാള	-	4	6	7	3	7
5.	മാഞ്ചേരി തൊടിക	-	5	6	16	2	12
6.	പള്ളിക്കുന്ന് കോളനി	-	5	18	16	3	13
7.	തെച്ചിക്കുന്ന് കോളനി	-	4	6	7	2	5
8.	പൂക്കോട്ടിൽ കോളനി	-	10	1	9	5	6
9.	ഇല്ലത്ത് കോളനി	-	4	12	10	1	13
10.	നവോദയ കോളനി	-	7	9	15	1	20
11.	ആറ്റുമല കോളനി	-	4	7	12	2	14
12.	വടക്കേല പറമ്പ്	-	4	6	6	1	7
13.	പനമ്പറ്റകുന്ന്	-	4	6	5	-	8
14.	അത്തിക്കുന്ന് കോളനി	-	5	6	4	1	4
15.	വട്ടാടി കോളനി	-	4	6	3	2	3
16.	പറമ്പൂർ കോളനി	-	5	6	10	4	10
17.	കല്ലുവെട്ടുകുഴി പറമ്പിൽ	-	15	14	13	5	11
18.	നെച്ചിപറമ്പിൽ	-	7	13	8	2	9
19.	കോക്കാട് കോളനി	-	8	12	14	4	10
20.	പൂന്താവനം ഹരിജൻകോളനി	-	9	7	11	6	8
21.	ത്രാവോട്ട് കേളനി (അംഗീകരിക്കാത്തത്)		9	2	12	3	9

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി വേണ്ടത്രയില്ല. കോളനികളിൽ നിരക്ഷരത ദൃശ്യമാണ്.
2. കാർഷിക മേഖലയിലെ തകർച്ചമൂലം തൊഴിൽ സാധ്യത കുറഞ്ഞുവരുന്നു. വിലക്കയറ്റം ഒരു വശത്തും മറുവശത്ത് തൊഴിലില്ലായ്മയും ഒത്തുച്ചേരുമ്പോൾ തൊഴിലാളികളുടെ ജീവിതം കൂടുതൽ സങ്കീർണ്ണമാകുന്നു.
3. പഞ്ചായത്തിലെ എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവെക്കാൻ ആവശ്യമായ സ്ഥലവുമില്ല.
4. വീടു വെക്കാൻ ലഭിക്കുന്ന സംഖ്യ വളരെ കുറവാണ്. ഈ സഹായം കൊണ്ട് വീട് പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു. വീടുകളിൽ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ല.
5. മിക്ക കോളനികളിലും കുടിവെള്ളമില്ല. ഉള്ള കോളനിയിലെ ജലവിതരണം കാര്യക്ഷമമല്ല. മിക്ക കോളനികളും വൈദ്യുതീകരിച്ചിട്ടില്ല. ഒറ്റപ്പെട്ടു കിടക്കുന്ന വീടുകളുടെ സ്ഥിതിയും വിഭിന്നമല്ല.
6. ആരോഗ്യ സംരക്ഷണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.
7. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കുള്ള ധനസഹായം ലഭിക്കുന്നില്ല.
8. ജെ.ആർ.വൈ. പദ്ധതിയും, ഐ.ആർ.ഡി.പി. മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
9. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജന ക്ഷേമ വകുപ്പും അഭ്യസ്ഥ വിദ്യരായവർക്ക് നൽകുന്ന വായ്പയും ധനസഹായവും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
10. പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ചുള്ള അറിവ് വേണ്ടത്രയില്ല.
11. ഉയർന്ന പലിശനിരക്കും, വായ്പ ചുരുങ്ങിയ കാലയളവിനുള്ളിൽ തിരിച്ചടക്കേണ്ടതുകൊണ്ട്, ഭൂരിഭാഗവും കടക്കെണിയിൽ അകപ്പെട്ടു പോകുന്നു.
12. പഞ്ചായത്തിൽ പൊതു ശ്മശാനം ഇല്ല.

വിദ്യാഭ്യാസം

തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് തൊഴിലധിഷ്ഠിതി വിദ്യാഭ്യാസം സ്കൂൾ തലങ്ങളിലേക്ക് വ്യാപിപ്പിക്കണം. സാങ്കേതിക വിദ്യാഭ്യാസം തുടങ്ങുന്നതിന് പഞ്ചായത്തിലെ ഏക സർക്കാർ സ്കൂളായ പട്ടിക്കാട്.എച്ച്.എസി.നെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തുക. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ നിർദ്ധരായ വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൻ സ്കൂൾ ആരംഭിക്കുക.

വൈദ്യുതി

പഞ്ചായത്തിലെ പള്ളിക്കുത്ത് കോളനി, തെച്ചിക്കുന്ന്കോളനി, നവോദയ കോളനി, കല്ലുവെട്ടുകുഴി പറമ്പിൽ, നെച്ചിപറമ്പിൽ, കോക്കാട്, ആറ്റുമല കോളനി എന്നിവ വൈദ്യുതീകരിച്ചതാണ്. അംഗീകരിച്ച മറ്റു കോളനികളായ വേർക്കാട്ടുപറമ്പിൽ, തൃക്കേക്കുന്ന്, നിരവിൻമുകളിൽ, വാരിയത്ത് ചാള, മാഞ്ചേരിതൊടിക, പൂക്കോട്ടിൽ കോളനി, ഇല്ലത്ത് കോളനി, പനമ്പറ്റകുന്ന് കോളനി, അത്തികുന്ന് കോളനി, പറമ്പൂർ കോളനി, പുന്താവനം ഹരിജൻകോളനി എന്നിവ വൈദ്യുതീകരിക്കേണ്ടതാണ്. അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള കോളനികളും, ഒറ്റപ്പെട്ടു കിടക്കുന്ന വീടുകളും വൈദ്യുതീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

കുടിവെള്ളം

പഞ്ചായത്തിലെ എല്ലാ കോളനികളിലും കുടിവെള്ള പ്രശ്നം രൂക്ഷമാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വിവിധ ഏജൻസികൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ മുഖേന ഒരു പരിധിവരെ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില കോളനികളിൽ ടാപ്പ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ജലദൗർലഭ്യം കാരണം എല്ലാ സമയങ്ങളിലും വെള്ളം ലഭിക്കുന്നില്ല. ഇതിന് പരിഹാരം കാണാൻ പുതിയ പദ്ധതികൾ കണ്ടെത്തണം. ചില സാധ്യതകൾ 3-ാം പട്ടികയിൽ ചേർക്കുന്നു.

പഞ്ചായത്തിലെ കോളനികളിലെ റോഡുകൾ, വൈദ്യുതി, കുടിവെള്ളം, പൊതുകക്കൂസ് എന്നിവയുടെ സ്ഥിതി വിവര കണക്കുകൾ 4-ാം പട്ടികയിൽ കൊടുക്കുന്നു.

പട്ടിക -3

വാർഡ്	ടാപ്പുകൾ സ്ഥാപിക്കുന്ന കോളനി	വാർഡ്	ജനപങ്കാളിത്തത്തോടെ മിനി ജലസേചന പദ്ധതികൾ നടപ്പിലാക്കാവുന്ന കോളനികൾ
I	1. വേർക്കോട്ടുപറമ്പിൽ കോളനി 2. തൃക്കേകുന്ന് കോളനി 3. നിരവിൻമുകളിൽ കോളനി	IV	നവോദയ കോളനി കൂട്ടുമൂച്ചിക്കൽ കോളനി
II	വാരിയത്ത് കോളനി		
III	മാഞ്ചേരി തൊടിക		
IV	1 ഇല്ലത്ത് കോളനി 2 നവോദയ കോളനി (പാലക്കകുഴി-നൊട്ടിക്കുന്ന്) 3 ത്രാവോട്ട് കോളനി 4 ആറ്റുമല കോളനി 5 ആലും കുന്നത്ത് 6 കിളിവേൽ		
VI	കിഴക്കേക്കുന്ന് (വഴങ്ങോട്)		
VIII	1 കോക്കോട്ട് കോളനി 2 കല്ലുവെട്ടുകുഴി പറമ്പിൽ 3 നെച്ചിപറമ്പിൽ കോളനി		
X	പൂന്താവനം ഹരിജൻകോളനി		

പട്ടിക -4

ക്രമ നമ്പർ	കോളനിയുടെ പേര്	റോഡുകൾ			വൈദ്യുതി		കുടിവെള്ളം		
		ഗതാഗത യോഗ്യമായത്	ഗതാഗത യോഗ്യമല്ലാത്തത്	ഇല്ലാത്തവ	വൈദ്യുതി ഉള്ളത്	വൈദ്യുതി ഇല്ലാത്തത്	കിണർ	ടാപ്	പൊതു ടാക്കുസ്
1.	വേർക്കോട്ടുപറമ്പിൽ കോളനി	-	ഉണ്ട്	-	-	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
2.	തൂക്കേകുന്ന് കോളനി	-	-	ഇല്ല	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3.	നിരവിൻമുകളിൽ കോളനി	ഉണ്ട്	-	-	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല
4.	വാരിയത്ത് ചാള	ഉണ്ട്	-	-	-	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
5.	മാഞ്ചേരി തൊടിക	ഉണ്ട്	-	-	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല
6.	പള്ളിക്കുന്ന് കോളനി	ഉണ്ട്	-	-	ഉണ്ട്	-	ഇല്ല	ഉണ്ട്	ഇല്ല
7.	തെച്ചിക്കുന്ന് കോളനി	-	-	ഇല്ല	ഉണ്ട്	-	ഇല്ല	ഉണ്ട്	ഇല്ല
8.	പൂക്കോട്ടിൽ കോളനി	-	-	ഇല്ല	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല
9.	ഇല്ലത്ത് കോളനി	ഉണ്ട്	-	-	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല
10.	നവോദയ കോളനി	ഉണ്ട്	-	-	ഉണ്ട്	-	ഉണ്ട്	ഇല്ല	ഇല്ല
11.	ആറ്റുമല കോളനി	ഉണ്ട്	-	-	ഉണ്ട്	-	ഇല്ല	ഇല്ല	ഇല്ല
12.	വടക്കേല പറമ്പ്							ഇല്ല	
13.	പനമ്പറ്റകുന്ന്	-	ഉണ്ട്	-	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല
14.	അത്തിക്കുന്ന് കോളനി	-	ഉണ്ട്	-	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല
15.	വട്ടാടി കോളനി							ഇല്ല	
16.	പറമ്പൂർ കോളനി	-	-	ഇല്ല	-	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
17.	കല്ലുവെട്ടുകുഴി പറമ്പിൽ	ഉണ്ട്	-	-	ഉണ്ട്	-	ഇല്ല	ഇല്ല	ഇല്ല
18.	നെച്ചിപറമ്പിൽ	ഉണ്ട്	-	-	ഉണ്ട്	-	ഉണ്ട്	ഇല്ല	ഇല്ല
19.	കോക്കാട് കോളനി	ഉണ്ട്	-	-	ഉണ്ട്	-	ഉണ്ട്	ഇല്ല	ഇല്ല
20.	പൂന്താവനം ഹരിജൻകോളനി	ഉണ്ട്	-	-	-	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
		(അംഗീകരിക്കാത്തത്)							
1.	ത്രാവോട്ട് കോളനി	ഉണ്ട്	-	-	-	ഇല്ല	ഉണ്ട്	-	ഇല്ല

പഞ്ചായത്തിലെ 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 'പൂന്താവനം ഹെൽത്ത് സെന്റർ' കാര്യക്ഷമമായി പ്രവർത്തിച്ചാൽ പഞ്ചായത്തിലെ എല്ലാ വാർഡിലെ ജനങ്ങൾക്കും വളരെ ഉപകാരപ്രദമായിരിക്കും. പഞ്ചായത്തിലെ മറ്റു വാർഡുകളിൽ സ്ഥിതി ചെയ്യുന്ന പ്രൈമറി ഹെൽത്ത് സെന്ററുകൾ കാര്യക്ഷമമാക്കുകയും, വിപുലീകരിക്കുകയും വേണം.

സർക്കാർ നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികളെ കുറിച്ച് അറിവുണ്ടാകുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കണം. ക്ഷേമ പ്രവർത്തനങ്ങൾക്ക് സർക്കാർ നല്കിവരുന്ന പദ്ധതികൾ പൂർണ്ണ വിജയത്തിലെത്തണമെങ്കിൽ നിബന്ധനകൾ ലളിതവും ഉദാരവുമായിരിക്കണം. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ. ഇത്തരം പ്രവർത്തനത്തിലൂടെ മാത്രമേ ഉദ്ദേശിച്ച ലക്ഷ്യം നേടാൻ കഴിയുകയുള്ളൂ.

നിർദ്ദേശങ്ങൾ

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.
2. കൊട്ട, പരമ്പ്, പായനെയ്ത്ത്, കുടനിർമ്മാണം, ഉറി എന്നിവയുടെ നിർമ്മാണം വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. ഇവർ നിർമ്മിക്കുന്ന സാധനങ്ങൾക്ക് വിപണന സൗകര്യം ഏർപ്പെടുത്തി കൊടുക്കുക. ഇവർക്ക് വേണ്ട സാങ്കേതിക വിദ്യ യഥാ സമയങ്ങളിൽ കൊടുക്കണം. പലിശ രഹിത വായ്പകളും മറ്റും അനുവദിച്ച് ഇവരെ പരമാവധി സഹായിക്കണം.
3. പഞ്ചായത്തിലെ കോളനികളിലെ പെൺകുട്ടികൾക്കും, ആൺകുട്ടികൾക്കും കൈതൊഴിൽ പരിശീലിപ്പിക്കണം. വനിതകൾക്ക് ടൈലറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കൊട്ട, പരമ്പ് നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുക.
4. പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക.
5. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുഴൽകിണറുകൾ കുഴിക്കുക. കിണർ കുഴിക്കാനുള്ള വായ്പ അനുവദിക്കുക. നിബന്ധനകൾ ലളിതവും ഉദാരവുമാക്കണം.
6. അഭ്യസ്ഥ വിദ്യർക്ക് സർക്കാർ ഏജൻസികൾ നല്കിവരുന്ന വായ്പകളും, സഹായധനവും ഗ്രാമ പഞ്ചായത്ത് മുഖേന നല്കുക. തൊഴിൽ വായ്പകൾ എടുക്കാൻ പല ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ട്. സർക്കാർ നിബന്ധനകൾ ലഘൂകരിക്കുകയും, വായ്പ തുക വർദ്ധിപ്പിക്കേണ്ടതുമാണ്.
7. വീടു നിർമ്മാണ സഹായം വർദ്ധിപ്പിക്കുകയും സ്ഥലമില്ലാത്തവർക്ക് സ്ഥലം അനുവദിച്ച് വീടു വെക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കുക.
8. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽ നോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.□

വിഭവസമാഹരണം

ഒരു പ്രദേശത്തെ പുരോഗതിക്ക് അടിസ്ഥാനമായ ഘടകങ്ങൾ ആ പ്രദേശത്തെ വ്യവസായിക മേഖലയിലും കാർഷിക മേഖലയിലും ഉണ്ടായിട്ടുള്ള മുന്നേറ്റമാണ്. വ്യവസായിക മേഖലയിൽ കാര്യമായൊന്നും ചെയ്യാൻ കീഴാറ്റൂരിന് കഴിഞ്ഞിട്ടില്ല. ചെറുകിട വ്യവസായങ്ങളാവട്ടെ ചുരുങ്ങിയ തോതിൽ മാത്രമേ നടക്കുന്നുള്ളു. ഇത്തരം സന്ദർഭത്തിൽ വിഭവ സമാഹരണത്തിന്റെ പ്രാധാന്യം ഏറെയാണ്.

വൈദ്യുതി പ്രശ്നങ്ങൾ, അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവ്, ലഭ്യമാണെങ്കിൽതന്നെ എത്തിക്കാനുള്ള വൈഷമ്യം. ഇങ്ങനെ ഒട്ടേറെ കാരണങ്ങൾ വ്യവസായികളെ പിന്നോട്ട് വലിക്കുന്നു. വ്യവസായരംഗം നേരിടുന്ന ഇത്തരം പ്രതിസന്ധികൾ പരിഹരിച്ചെങ്കിൽ മാത്രമേ വിഭവസമാഹരണം വഴി വ്യവസായരംഗം അഭിവൃദ്ധിപ്പെടുത്താൻ കഴിയുകയുള്ളൂ.

കാർഷികരംഗവും ഇന്ന് തളർച്ചയെ നേരിടുകയാണ്. കൃഷിഭൂമിനികത്തി കെട്ടിടങ്ങൾ കെട്ടുന്ന മനോഭാവം നാട്ടിൽ പരക്കെയുണ്ട്. ഉത്പാദനം കുറയുന്നു. കർഷകർ അനവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. വെള്ളത്തിന്റെ അപര്യാപ്തത, ജൈവവളത്തിന്റെ പ്രാധാന്യം അറിയാതിരിക്കൽ, നല്ലയിനം വിത്തുകളെക്കുറിച്ചുള്ള അജ്ഞത, പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയവ ചിലതാണ്. ഈ പ്രതിസന്ധികളെ മുറിച്ചുകടന്നെങ്കിൽ മാത്രമേ വിഭവസമാഹരണം വഴി കാർഷികരംഗത്തെ മുന്നേറ്റം സാധിച്ചെടുക്കാന്നാവൂ.

സർക്കാരിന്റെ ഗ്രാന്റുകൾ വിതരണം ചെയ്യുമ്പോൾ നീതിപൂർവ്വമായ സമീപനം ആവശ്യമാണ്. ഒരു തരത്തിലുള്ള വിവേചനവും നിലനിൽക്കരുത്. ഫണ്ടിന്റെ ദുരുപയോഗം തടയാൻ ഗ്രാന്റുകളെത്തിക്കുമ്പോഴുള്ള കാലതാമസം ഒഴിവാക്കണം. ഓരോ ജനവിഭാഗത്തിലേയും എണ്ണം നിജപ്പെടുത്തി, ജനസംഖ്യ അനുസരിച്ച് ഗ്രാന്റുകൾ വിതരണം ചെയ്യേണ്ടതുണ്ട്.

ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവർ പഞ്ചായത്തിൽ 2500 പേർ ഉണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ കഴിയുന്നവർ നാമമാത്രമാണ്. ഗൾഫ് മേഖലയിൽ 10%പേരുണ്ട്. 70കളിലാണ് വിദേശത്തേക്കുള്ള കുടിയേറ്റം ഇവിടെ നിന്നാരംഭിക്കുന്നത്. കുടിയേറ്റക്കാരിൽ ഭൂരിഭാഗവും ഇടത്തരക്കാരാണ്.സാമ്പത്തിക ഭദ്രയില്ലാത്തവരുമുണ്ട്. സാമ്പത്തിക നില താരതമ്യേന മെച്ചപ്പെടുത്തുവാൻ കഴിഞ്ഞവർ 50%പേരാണ്. 1% പേർ ഗൾഫിൽനിന്ന് മടങ്ങിവന്നു. ഗൾഫ് വരുമാനം മിക്കവാറും കെട്ടിടനിർമ്മാണ മേഖലയിലാണ് ദൃശ്യമാവുന്നത്. തോട്ടം മേഖലയിലും , കാർഷിക മേഖലയിലും ചുരുങ്ങിയ തോതിൽ മാത്രമേ ഗൾഫ് വരുമാനം മുടക്കപ്പെടുന്നുള്ളു. ഒരു പരിധിവരെ, വിവിധ മേഖലകളിലെ പൊതുപ്രവർത്തനങ്ങൾക്ക് ഇവർ സാമ്പത്തിക സഹകരണം നൽകിവരാറുണ്ട്. ഗൾഫ് വരുമാനം ഇവിടെയുള്ള വ്യാവസായിക കാർഷിക മേഖലകളിലേക്ക് തിരിച്ചുവിടാവുന്ന സാദ്ധ്യതകൾ ഉണ്ട്. വേണ്ടവിധം ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവരും കൂലിപ്പണികളിൽ ഏർപ്പെടുന്നവരുമാണ് നാട്ടിലെ ജനങ്ങളിൽ ഭൂരിഭാഗവും.

നിലനിൽക്കുന്ന നികുതികൾ കാര്യക്ഷമമാക്കുകയും, വികസനപ്രവർത്തനത്തിന്റെ ഭാഗമാണ് നികുതികൊടുക്കൽ എന്ന ബോധം ജനങ്ങളിലുണ്ടാവുകയും ചെയ്താൽ പഞ്ചായത്ത് വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും.നമ്മുടെ ഈ പഞ്ചായത്ത് സഭയ്ക്ക് വിവിധ വാർഡുകളിൽ അത്തരമൊരു ബോധവൽക്കരണം നടത്താൻ സാധിക്കണം.

നികുതി ഭാരമുള്ളതായിരിക്കരുത്. വരുമാനമുള്ള എല്ലാവരിൽനിന്നും നികുതി ഈടാക്കാനുള്ള സംവിധാനമുണ്ടാവണം. നികുതിപിരിവിന്റെ നേതൃത്വം വാർഡുമെമ്പർമാരും പഞ്ചായത്തിന്റെ ജനകീയാസൂത്രിണസമിതിയും നേരിട്ട് നടത്തണം. എങ്കിലേ ഇതൊരു ബഹുജന സമ്പർക്കപരിപാടിയാവൂ. കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും, ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള സംവിധാനമുണ്ടാക്കുകയും വേണം.

കെട്ടിടനികുതി

കെട്ടിടനികുതി വരുമാനത്തിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നത് ഇങ്ങനെയാണ്.

91-92	1,04,280/-
92-93	1,06,910/-
93-94	1,08,215/-
94-95	1,09,400/-
95-96	1,10,357/-

കെട്ടിട നികുതികണക്കാക്കുന്നതിൽ കൂടുതൽ ശാസ്ത്രീയത പ്രദർശിപ്പിക്കണം. ലാളിത്യം, ആഡംബരപൂർണ്ണം എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾക്ക് പ്രാധാന്യം കൊടുക്കണം. വീടുപണിയുന്നതിലുള്ള അനാവശ്യദുർത്ത് ഒഴിവാക്കാൻ, നികുതി പിരിവിൽ ഏതെങ്കിലും വ്യവസ്ഥ ഉണ്ടായിരിക്കണം. കണക്കെടുപ്പ് വസ്തുനിഷ്ഠമായിരുന്നു എന്ന് ബോധ്യപ്പെടുത്തണം.

വിനോദനികുതി

പഞ്ചായത്തിലുള്ള ഒരു സിനിമാതീയേറ്ററാണ് വിനോദനികുതിയുടെ പ്രധാന ഉറവിടം. '95-96ലെ കണക്കുപ്രകാരം കിട്ടിയ വരുമാനം 60,818/- രൂപയാണ്. അഡീഷണൽ വിനോദ നികുതിയായി ലഭിച്ചിട്ടുള്ളത് 36,496/- രൂപയാണ്.

തൊഴിൽ നികുതി

പഞ്ചായത്തിലെ എയ്ഡ്ഡ് സ്കൂളുകളിലുള്ളവരും സർക്കാർ സ്ഥാപനങ്ങളിൽ ജീവനക്കാരായിട്ടുള്ളവരിൽ നിന്നുമാണ് ഇന്ന് നികുതി ഈടാക്കുന്നത്. '95-96ൽ ഈ ഇനത്തിലുള്ള വരവ് 1,16,825/-രൂപയാണ്. തൊഴിൽ ചെയ്യുന്ന മുഴുവൻ പേരിൽ നിന്നും നികുതി ഈടാക്കാനുള്ള സംവിധാനമുണ്ടാവണം.

പ്രദർശന നികുതി

പ്രദർശനനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിച്ച വരവ് '95-96ലെ കണക്കുപ്രകാരം 2132/-രൂപയാണ്. പ്രദർശന നികുതിയിൻമേലുള്ള സർചാർജായി 533/-രൂപയും '96-96വർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്.

മൊത്തം വരുമാനത്തിൽ തനതു വരുമാനം കുടുന്നതായി കാണുന്നു.

ഗ്രാന്റുകൾ

'95-96 ലെ കണക്ക് കൊടുക്കുന്നു.

വി.ആർ.എം.	1,32,479/-
എം.എൽ.	1,780/-
വി.ടി.സി.	357/-
അടിസ്ഥാന നികുതിയുടെ 75%	- 65,808/-
സ്പെഷ്യൽ ഗ്രാന്റ്	- 1,21,300/-
J.R.Y	- 2,18,059/-
അൺടൈഡv	- 2,14,000/-

മറ്റു ധനാഗമമാർഗ്ഗങ്ങൾ

(കണക്കുകൾ -'95-96)

മൃഗസംരക്ഷണം	-	12,580 /-
ആരോഗ്യം	-	5,890/-
കൃഷി	-	3,31,110/-
ഹരിജനക്ഷേമം	-	1,077/-
വിദ്യാഭ്യാസം	-	3,325/-
ലൈസൻസ് ഫീസ്	-	6711/-
വസ്തുകൈമാറ്റ നികുതി	-	1,30,240/-
ഡെപ്പോസിറ്റ്	-	34,407/-

പൊതുമരാമത്ത്

മൊത്തം ചിലവിൽ പൊതുമരാമത്ത് ചെലവിന്റെ വിഹിതം കൂടുന്നതായി കാണുന്നു. J.R.Y പദ്ധതിപ്രകാരം '95-96 വർഷങ്ങളിലെ ചെലവിനത്തിൽ മന്തംകുണ്ട്അരീച്ചോല റോഡ് (ജനറൽ) (2,56,486/-)ഉൾപ്പെടുത്തിയിട്ടുണ്ട്. മരാമത്ത് പണികൾ കോൺട്രാക്ടർ, നോമിനി, പഞ്ചായത്ത് നേരിട്ട് എന്നിങ്ങനെ നടത്താറുണ്ട്. വികസന ചെലവിലൊന്ന് J.R.Y.ടെ '95-96 പദ്ധതിപ്രകാരം S.C, S.T ക്ക് അനുവദിച്ച 1,42,090/ ഉണ്ട്.

മറ്റു വികസന ചിലവുകൾ കുടിവെള്ളം, തെരുവുവിളക്കുകൾ, എന്നിവയാണ്. അവയാവട്ടെ ആവശ്യത്തിനനുസരിച്ച് എത്തിയിട്ടുമില്ല.

പഞ്ചായത്തുകൾക്കുള്ള ധനകാര്യ അവകാശങ്ങളിലും ചട്ടങ്ങളിലും വേണ്ട മാറ്റങ്ങളെക്കുറിച്ച് പഞ്ചായത്ത് ഭരണസമിതിക്ക് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കാനുണ്ട്. നിലവിലുള്ള സംവിധാനത്തിൽ 5000 രൂപവരെയുള്ള പ്രവർത്തികൾക്ക് അനുമതി കൊടുക്കാനേ ഭരണസമിതിക്ക് അധികാരമുള്ളു. അതിന് മുകളിലുള്ള പ്രവർത്തികൾക്ക് വകുപ്പിൽ നിന്ന് അനുവാദം വാങ്ങണം. അത്തരം പ്രവർത്തികൾക്ക് എസ്റ്റിമേറ്റുണ്ടാക്കാൻ ലോക്കൽ ബോഡീസ് എഞ്ചിനീയർക്കേ അധികാരമുള്ളു. അത്തരം പ്രവർത്തനങ്ങൾ ടെൻഡർ വെച്ചാണ് വ്യവസ്ഥ. പഞ്ചായത്ത് ഭരണ സമിതിക്ക് അവരുടെ സാമ്പത്തിക പരിധിക്കുള്ളിൽ നിന്നു കൊണ്ട് ഏത് പ്രവർത്തിക്കും ആനുമതി കൊടുക്കാനുള്ള സംവി

ധാനം വേണം. അതിന് എസ്റ്റിമേറ്റ് പഞ്ചായത്തിന കത്തോ സമീപപഞ്ചായത്തുകളിലോ ഉള്ള വിദ ഗ്ദ്ധൻമാരെ കൊണ്ട് തയ്യാറാക്കുന്നതിന് അനുവാദം നൽകണം. അത്തരം പ്രവർത്തികൾ ജനകീയ പങ്കാളി ത്തത്തോടെ നടത്തുന്നതിന് മുൻഗണന നൽകണം. ഇത് സാമ്പത്തിക ചോർച്ച തടയുന്നതിന് സഹായകര മാണ്. ഗ്രാന്റുകൾ പരിമിതമാണ്. പിന്നോക്ക പഞ്ചായ ത്തുകൾക്ക് ജനസംഖ്യാനുപാതിക ഗ്രാന്റുകൾ അനു വദിക്കണം.

ചെലവ്

('9596ലെ കണക്ക്)

ഭരണം	-	2,98,902/-
പൊതുമരാമത്ത്	-	8,59,551/-
വിദ്യാഭ്യാസം	-	6,838/-
ജലവിതരണം, പൊതുജനാരോഗ്യം	-	91,601/-
തെരുവുവിളക്ക് കത്തിക്കുന്നതിന്	-	14,758/

അനൗപചാരികമായി പണം പലിശയ്ക്കു നൽകുന്ന വ്യക്തികൾ നാട്ടിൽ വ്യാപകമായുണ്ട്. നാട്ടുകാരായി ട്ടുള്ള വ്യക്തികളും തമിഴ്നാട്ടിൽനിന്നുള്ളവരും ഈ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.മാസ പലിശ 120%വരെ ശരാശരി കണക്കാക്കപ്പെടുന്നുണ്ട്. ഇടത്തരക്കാരുടെയി ടയിൽ നല്ല സ്വാധീനം ഇവർക്കുണ്ട്. എല്ലാ വിഭാഗ ക്കാരും ഇവരുടെ ആവശ്യക്കാരാണ്. ഔപചാരിക മേഖ ലയിൽ സംഭവിക്കുന്ന സങ്കീർണ്ണതകളും നൂലാമാലക ളുമാണ് ഇത്തരത്തിലുള്ള അനൗപചാരിക മേഖലകളെ സമീപിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നത്. സാമ്പ ത്തിക ഇടപാടിൽ ഔപചാരിക സ്ഥാപനങ്ങളെ സംബ ന്ധിച്ച് രാഷ്ട്രീയ സ്വാധീനവും വിഷയമാവുന്നു. ഔപ ചാര്യ ധനകാര്യസ്ഥാപനങ്ങളുടെ മാർഗ്ഗം സുഗമമാക്കു കയാണ് ചെയ്യാനുള്ളത്..

സന്നദ്ധ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രവർത്തന സാധ്യത വളരെയുണ്ട്. കഴിഞ്ഞ കാലങ്ങളിൽ അത്തരം നീക്കം ഉപയോഗപ്പെടുത്തിയി ട്ടില്ല എന്നുള്ളതാണ് വസ്തുത. ജനകീയ ശ്രദ്ധ ഇനിയും സ്കൂൾ പി.ടി.എ. പ്രവർത്തനങ്ങളിൽ വേണ്ടത്ര പതിഞ്ഞിട്ടില്ല. അഞ്ചോളം സ്കൂളുകളിൽ മാത്രമേ വേണ്ടത്ര പ്രവർത്തനങ്ങൾ പി.ടി.എ. നടത്തു ന്നുള്ളൂ.

സന്നദ്ധസംഘടനകളായി ഇന്ന് നിലവിലുള്ളത് കേരള ശാസ്ത്രസാഹിത്യ പരിഷത്തും, നെഹ്റുയുവക് കേന്ദ്രയുമാണ്. കേരള ശാസ്ത്രസാഹിത്യപരിക്ഷ ത്തിന്റെ പഞ്ചായത്തുതല പ്രവർത്തനം എന്നു പറയാ വുന്നത് വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മാത്രമായി ചുരുങ്ങിപ്പോയിരിക്കുന്നു. നെഹ്റുയുവക് കേന്ദ്രയാ വട്ടെ വികസന പ്രവർത്തനങ്ങളിൽ പങ്ക് വഹിക്കുന്നു മില്ല.

വനം

തെക്കുപടിഞ്ഞാറൻ മലയോര പ്രദേശമായിരുന്ന നെന്മിനിയാണ് അടുത്തകാലംവരെ വനപ്രദേശമായി ട്ടുണ്ടായിരുന്നത്. ഇന്ന് 'യംഗ് ഇന്ത്യാ ഗ്രൂപ്പ് എസ്റ്റേറ്റ്' വക സ്ഥലമായതോടെ വനഭൂമി നശിപ്പിക്കപ്പെട്ടു. റബ്ബ റാണ് പകരം വിളയുന്നത്. ഇത് മണ്ണിന്റെ ഉറപ്പിനെ ബാധിച്ചിട്ടുണ്ട്. ജല സ്രോതസ്സുകളേയും വറ്റിച്ചിട്ടുണ്ട്. അപൂർവ്വ ഔഷധ സസ്യങ്ങളും, വന്യമൃഗങ്ങളും വംശ നാശം നേരിട്ടു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണബാങ്കു കൾക്ക് പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും സാമ്പ ത്തിക പ്രശ്നങ്ങൾപരിഹരിക്കാൻ കഴുയുന്നില്ല.
2. പഞ്ചായത്തിൽ ദേശസാൽകൃത ബാങ്കുകളൊന്നും പ്രവർത്തിക്കുന്നില്ല.
3. ജനങ്ങൾക്ക് ആവശ്യത്തിന് തക്ക സമയത്ത് വായ്പ നൽകുന്നതിന് ബാങ്കുകൾ സാങ്കേതിക ബുദ്ധിമു ട്ടുള്ളതിനാൽ സ്വകാര്യ പണമിടപാടുകാരേയും തമിഴ്നാട്ടിൽനിന്നുള്ള ഇടപാടുകാരേയും ആശ്രയി ക്കേണ്ടി വരുന്നു.
4. സ്വകാര്യ പണമിടപാടുകാർ 120% വരെ പലിശ വാങ്ങുന്നു.
5. 1000 ൽ അധികം വരുന്ന ഗൾഫ് മലയാളികൾ നാട്ടി ലേക്കയക്കുന്ന പണത്തിന്റെ 90% കെട്ടിട നിർമ്മാ ണത്തിലും ആഡംബരവസ്തുക്കൾ വാങ്ങുന്ന തിലും ആണ് ചെലവാക്കുന്നത്.
6. അഭ്യസ്തവിദ്യരായ യുവാക്കളുടേയും റിട്ടയർ ചെയ്തപ്രഗൽഭ്യം തെളിയിച്ച ഉദ്യോഗസ്ഥൻമാരു ടെയും സേവനം ഉപയോഗിക്കാൻ കഴിയുന്നില്ല.

7. ആയിരകണക്കിന് മനുഷ്യ അദ്ധ്വാനം വർഷം തോറും ഉപയോഗിക്കാതെ പോകുന്നു.
8. കാർഷിക വൃത്തി ലാഭകരമല്ലാത്തതുകൊണ്ട് കൃഷി ഭൂമികൾ തരിശിടുകയോ നികത്തി കെട്ടിടങ്ങൾ പണിയുകയോ ചെയ്യുന്നു.
9. വൈദ്യുതി വോൾട്ടേജ് കുറവും, വൈദ്യുതിക്ഷാമവും.

സാധ്യതകൾ.

1. സംസ്ഥാന സഹകരണ ബാങ്കുകളുടെ സഹായത്തോടെ സഹകരണ ബാങ്കുകൾ മുഖേന സ്വയം തൊഴിൽ സംരഭങ്ങൾക്ക് കൂടുതൽ ധന സഹായം ചെയ്യാൻ കഴിയും.
2. ദേശസാൽകൃത ബാങ്കുകളുടെ ശാഖ പഞ്ചായത്ത് അതിർത്തിയിൽ തുടങ്ങുകയോ അവയുടെ പ്രവർത്തന പരിധിയിൽ പഞ്ചായത്ത് അതിർത്തിക്കുള്ളിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തുക.
3. ഗ്രാമീണർ ബാങ്കുകളിലൂടെ കൂടുതൽ വായ്പകൾ അനുവദിക്കുക.
4. സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുക. ബാങ്കിൽ നിന്ന് ആവശ്യക്കാർക്ക് കാലതാമസം ഇല്ലാതെ ആവശ്യത്തിന് പണം കിട്ടാനുള്ള സംവിധാനമൊരുക്കുക.
5. ഗൾഫ് പണം പ്രത്യുൽപാദനരംഗത്തേക്ക് തിരിച്ചു വിടുന്നതിന് ഗൾഫ് മലയാളികളെ ബോധവൽക്കരിക്കുക. ചെറുകിട വ്യവസായങ്ങളും മറ്റ് തൊഴിൽ സംരഭങ്ങളും തുടങ്ങുന്നതിന് വിദഗ്ദ്ധ ഉപദേശങ്ങളും സഹായങ്ങളും നൽകുക.
6. അഭ്യസ്ത വിദ്യരുടേയും മറ്റ് വിദഗ്ദ്ധരുടെയും സഹകരണം ഉറപ്പ് വരുത്തുക.
7. യുവജന സംഘടനകൾ,സന്നദ്ധ സംഘടനകൾ എന്നിവ മുഖേന മനുഷ്യ അദ്ധ്വാനങ്ങൾ സമാഹരിക്കുക.
8. കാർഷിക വൃത്തി ലാഭകരമാക്കുന്നതിന് വേണ്ടസംവിധാനം ഉണ്ടാക്കുക.
9. വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് വേണ്ട സംവിധാനം ഉണ്ടാക്കുക. സൗരോർജ്ജം ഉപയോഗിക്കുന്നതിന് വേണ്ട സാഹചര്യം ഉണ്ടാക്കുക. ഇത്തരം സാഹചര്യങ്ങൾ കൂട്ടായ ശ്രമത്തിലൂടെയും ശരിയായ ആസൂത്രണത്തിലൂടെയും നടപ്പാക്കാൻ കഴിയും.
10. 10-ാം വർഡിലെ ഇല്ലത്തുകാട് എന്ന സ്ഥലത്തും 11-ാം വാർഡിലെ ചുണ്ടം പള്ളി അരിമട, ഒന്നാം വാർഡിലെ അരിമടകൾ എന്നിവ ഇരുമ്പയിര് നിക്ഷേപത്തിന്റെ സാദ്ധ്യത സൂചിപ്പിക്കുന്നു. ഇല്ലത്തുകാടിലുള്ള നിക്ഷേപം വൻ സാദ്ധ്യതയുള്ളതായി വിദഗ്ദ്ധർ പറയുന്നു. പണ്ട് ഇവിടെ നിന്ന് ഇരുമ്പ് കുഴിച്ചെടുത്തിരുന്നു. ഈ പഴയ സാങ്കേതിക വിദ്യ അറിയാവുന്നവർ ഈ പ്രദേശത്തുണ്ട്. ❐

കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് പ്രവർത്തന രേഖ

പഞ്ചായത്ത് രാജ് നിയമം നടപ്പിലാക്കിയതു വഴി 1995 സെപ്തംബർ മാസത്തിൽ നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനെതുടർന്ന് '95 സെപ്തംബർ 30-ാം തിയ്യതിയാണ് കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നത്. പഞ്ചായത്ത് ഓഫീസ് അങ്കണത്തിൽവെച്ച് നടന്ന സത്യപ്രതിജ്ഞാ ചടങ്ങ് വീക്ഷിക്കാൻ രാഷ്ട്രീയ-സാമൂഹ്യ രംഗത്തെ നിരവധി പ്രവർത്തകരും, സർവ്വോപരി നൂറുകണക്കിന് സാധാരണക്കാരായ ജനങ്ങളും എത്തിച്ചേർന്നിരുന്നു.

ഒക്ടോബർ 4ന് നടന്ന പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ശ്രീ തോട്ടർ ഇബ്രാഹീം പ്രസിഡണ്ടായും ശ്രീ. പരുത്തിക്കുത്ത് അലവി വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. പുതിയ പഞ്ചായത്തിന്റെ ആദ്യയോഗം ഒക്ടോബർ 20ന് പഞ്ചായത്ത് ഓഫീസിൽ പ്രസിഡൻറിന്റെ അധ്യക്ഷതയിൽ ചേർന്നു. '96 ജനുവരി 24ന് പ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രത്യേക യോഗത്തിൽവെച്ച് സ്റ്റാൻറിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുപ്പ് നടന്നു. ശ്രീമതി. പി. ഉഷ (ചെയർമാൻ), ശ്രീമതി. നജ്മയൂസഫ്, ശ്രീ. ടി. പി. അച്ചുതൻ എന്നിവർ സ്റ്റാൻറിങ്ങ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

പതിനൊന്നുവാർഡുകളിലായി 41 ച. കി. മീ. വിസ്തീർണ്ണവും 30,000-ത്തോളം ജനസംഖ്യയും ഉള്ള കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് സാമ്പത്തികമായി വളരെയധികം പ്രയാസം നേരിടുന്ന പഞ്ചായത്താണ്. കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി എന്നിവയാണ് പ്രധാന വരുമാന മാർഗ്ഗം. ഈ പരാധീനതകൾക്കുള്ളിൽ നിന്നുകൊണ്ട് കഴിഞ്ഞ ഒരു വർഷകാലംകൊണ്ട് ഒട്ടേറെ കാര്യങ്ങൾ ചെയ്തീർക്കാൻ ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്. സർക്കാരിൽനിന്ന് ലഭിച്ച വിവിധ ഗ്രാൻറുകളും പഞ്ചായത്തിന്റെ സ്വന്തംഫണ്ടും ഉപയോഗിച്ച് 25 ലക്ഷത്തോളം രൂപയുടെ വികസന പ്രവർത്തനങ്ങൾ ഇതിനകം പൂർത്തീകരിച്ചുകഴിഞ്ഞു. ഇതിൽ പത്തോളം റോഡുകളും, മൂന്ന് കൾവർട്ടുകളും, കുടിവെള്ള പദ്ധതി എന്നിവ ഉൾപ്പെടുന്നു. കീഴാറ്റൂർ മണിയാണീരികടവ് റോഡ് റിപ്പയർ(50,000,) പട്ടിക്കാട് ജുമാമസ്ജിദ് റോഡ് (74,600) കോക്കാട്ഹരിജൻ കോളനി റോഡ് (1,18,000), മുള്ള്യാകുർശ്ശി-കോളേജ്തോട്ടം റോഡ് (2,75,000), തോട്ടപ്പായ-തച്ചിങ്ങനാടം (51,000), ആക്കപ്പറമ്പ് ഹരിജൻ കോളനി റോഡ് (3 ലക്ഷം), തച്ചിങ്ങനാടം - നെച്ചിക്കുന്ന് റോഡ് (10,000), വാലത്തിൽമുക്ക് - മദ്രസ്സപടി റോഡ് (65,000) പൂന്താനം-ടിപ്പുസുൽത്താൻ റോഡ് (74,000), മന്തംകുണ്ട്-അരീച്ചോലറോഡ് (467000) അരിക്കുണ്ടംപാക്ക്-ചെമ്മന്തട്ടറോഡ് (50,000) ചർച്ച് റോഡ് (50000) കൂടാതെ കീഴാറ്റൂരിലെ വാട്ടർ സപ്ലൈ സ്കീം (69,000) എന്നിവ ഇതിനകം പൂർത്തീകരിച്ചു കഴിഞ്ഞു.

ഹരിജനങ്ങൾക്കും, ദുർബ്ബല വിഭാഗങ്ങൾക്കുമായി 35 വീടുകൾ പൂർത്തിയാക്കി. 18 വീടുകൾ കൂടി പുതുതായി അനുവദിച്ചുകഴിഞ്ഞു. 27, 500 രൂപ വീതം വിലവരുന്ന 55 നിർധനർക്ക് പുരകെട്ടിമേയാൻ 500 രൂപ വീതം നൽകി. 35 പേർക്ക് വാർദ്ധക്യ പെൻഷനും, 15 പേർക്ക് പ്രസവാനുകൂല്യവും ലഭിക്കുന്നതിനുവേണ്ടി അംഗീകാരത്തിനു സമർപ്പിച്ചിട്ടുണ്ട്, 23 പേർക്ക് വാർദ്ധക്യപെൻഷൻ ഇതിനകം നൽകികഴിഞ്ഞു. 1. 42000 രൂപ വീതം വരുന്ന 55 ഹരിജൻ കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനുവേണ്ടി അപേക്ഷ സ്വീകരിച്ചുകഴിഞ്ഞു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു കീഴാറ്റൂരിൽ 50 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന വാട്ടർ സപ്ലൈ സ്കീം നടപ്പാക്കി. 3 കുഴൽ കിണറുകൾ റിപ്പയർ ചെയ്തു. 5 കിണറുകളുടെ പണി പുരോഗമിച്ചുവരുന്നു. പുതുതായി പത്തോളം കുഴൽകിണറുകൾ കുഴിക്കുന്നതിനുവേണ്ടി ശ്രമം ആരംഭിച്ചുകഴിഞ്ഞു.

കാർഷികരംഗത്ത് കൃഷിഭവൻമുഖേന $1\frac{1}{2}$ ലക്ഷം രൂപ സബ്സീഡിയായിവിതരണംചെയ്തു. കൂടാതെ 45 പേർക്ക് കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും വേണ്ട നടപടികളും ആരംഭിച്ചുകഴിഞ്ഞു

വിദ്യാഭ്യാസ രംഗത്ത് സർക്കാർ മേഖലയിലെ രണ്ട് എൽ. പി. സ്കൂളുകൾക്ക് കെട്ടിടങ്ങളുടെ അറ്റകുറ്റപണികളും നടത്തുന്നതിനു നടപടികളും സ്വീകരിച്ചു കഴിഞ്ഞു എസ്. എസ്. എൽ. സി. യിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ പഞ്ചായത്ത്

അതിഥിയിലുള്ള ഹൈസ്കൂളിലെ രണ്ട് കുട്ടികൾക്ക് 500 രൂപവീതം ക്യാഷ് അവാർഡ് നൽകി.

96 ഫെ: 23, 24, 25 തിയ്യതികളിൽ നടന്ന പൂന്താനം ദിനാഘോഷം സാംസ്ക്കാരിക രംഗത്തെ ഏറ്റവും ശ്രദ്ധേയമായ ഒന്നായിരുന്നു കേരളത്തിലെ സാമൂഹിക രാഷ്ട്രീയ സാസ്കാരിക രംഗത്തെ പ്രഗത്ഭമേതികം പങ്കെടുത്ത സാംസ്ക്കാരിക പരിപാടിക്ക് 500 രൂപ ധനസഹായമായി നൽകി.

96 മാർച്ച് 19 ന് പൂന്താവനം എ. എം. എൽ. പി. സ്കൂളിൽ വെച്ച് ഗ്രാമ സഭകളുടെ പഞ്ചായത്ത് തല ഉൽഘാടനം നടന്നു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സി. ജമീലയാണ് ഉൽഘാടന കർമ്മം നിർവ്വഹിച്ചത്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സംസ്ഥാന പ്രസിഡണ്ടായിരുന്ന ശ്രീ. കെ. കെ. ജനാർദ്ദനൻ 'പഞ്ചായത്തുരാജും ജനങ്ങളും' എന്ന വിഷയത്തെ കുറിച്ച് പ്രഭാഷണം നടത്തി. തുടർന്ന് പതിനൊന്ന് വാർഡുകളിലും ഗ്രാമ സഭായോഗങ്ങൾ ചേരുകയുണ്ടായി. ഗ്രാമസഭായോഗങ്ങളിൽ ഒട്ടേറെ ആവശ്യങ്ങൾ ഉയർന്നു വരികണ്ടായി.

ആഗസ്റ്റ് 12ന് തച്ചിങ്ങനാടം ഹൈസ്കൂൾ ഗ്രൗണ്ടിൽവെച്ചാണ് 'ഒണം സ്പോർട്സ്' സംഘടിപ്പിച്ചത്. നിരവധി കായിക താരങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

'9-ാംപദ്ധതി ജനകീയപദ്ധതിയായി' നടപ്പാക്കുമെന്ന കേരളാ സർക്കാരിന്റെ പ്രഖ്യാപനത്തെ തുടർന്ന് കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിലും ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ സെപ്ത: 22 മുതൽ ഒക്ടോബർ 2 വരെ വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുചേർത്തു, പതിനൊന്നു വാർഡുകളിലെ ഗ്രാമസഭകളിലായി രണ്ടായിരത്തിലധികം പേർ പരിപാടിയിൽ പങ്കെടുത്തു. ധാരാളം സ്ത്രീകളും ഗ്രാമസഭായോഗത്തിൽ സജീവമായി പങ്കെടുത്തിരുന്നു. വിവിധവിഷയ ഗ്രൂപ്പുകളിലായി തിരിഞ്ഞ് നടത്തിയ ഗ്രാമസഭാ ചർച്ചകളിൽ എല്ലാ വാർഡുകളിൽ നിന്നും ഒരു പാട് പ്രശ്നങ്ങളും ഒട്ടേറെ ക്രിയാത്മകമായ നിർദ്ദേശങ്ങളും ഉയർന്നുവന്നു.

സെപ്തംബർ 14, 15, 16 തിയ്യതികളിലായി പെരിന്തൽമണ്ണയിൽ നടന്ന ഒന്നാംഘട്ട ജില്ലാതല ശില്പശാലയിൽ 17 പേർ DRP മാരായി പഞ്ചായത്തിൽനിന്ന് പങ്കെടുത്തു. ശ്രീ. കെ. നാരായണനെ കൺവീനറും ശ്രീ. എ. ജമാൽമുഹമ്മദിനെ കോ-ഓർഡിനേററുമായി നിശ്ചയിച്ചു. തുടർന്ന് സെ: 19ന് പൂന്താനം PHC യിൽവെച്ച് നടന്ന ഒന്നാംഘട്ട പഞ്ചായത്ത്തല ശില്പശാലയിൽ 74 പേർ LRP മാരായി പങ്കെടുത്തു.

ഒക്ടോ. 26, 27, 28 തിയ്യതികളിൽ കൊളത്തൂർ നാഷനൽ സ്കൂളിൽവെച്ച് നടന്ന രണ്ടാംഘട്ട ജില്ലാതല ശില്പശാലയിൽ 17 പേർ DRPമാരായി പഞ്ചായത്തിൽനിന്ന് പങ്കെടുത്തു. ഇതിനെതുടർന്ന് നവം: 4ന് തച്ചിങ്ങനാടം കൃഷ്ണ യു. പി. സ്കൂളിൽവെച്ച് നടന്ന പഞ്ചായത്ത്തല രണ്ടാംഘട്ട ശില്പശാലയിൽ 56 പേർ LRP മാരായി പങ്കെടുത്തു.

പഞ്ചായത്തിലെ സ്ഥിതിവിവര കണക്കുകൾ ലഭിക്കുന്നതിലേക്ക് വേണ്ടി ദ്വിതീയ വിവരശേഖരണം ഒക്ടോ: 8ന് ആരംഭിച്ചു. ഒക്ടോ: 25ാം തിയ്യതിക്കകം ദ്വിതീയ വിവരശേഖരണം പൂർത്തിയാക്കി.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രചരണത്തിനുവേണ്ടി സംഘടിപ്പിച്ച ജനാധികാരകലാജാഥക്ക് ഒക്ടോ: 10ന് തച്ചിങ്ങനാടം, ആക്കപ്പറമ്പ് എന്നീ കേന്ദ്രങ്ങളിൽ സ്വീകരണം നൽകി.

കേരള പിറവി ദിനമായ നവം: 1 ന് പുനരർപ്പണ ദിനമായി പഞ്ചായത്തിൽ ആഘോഷിച്ചു. മിക്ക വാർഡുകളിലും ഓരോ വികസന നിർമ്മാണ പ്രവർത്തനങ്ങൾക്ക് അന്നേ ദിവസം തുടക്കംകുറിച്ചു. 300-ലേറെ വരുന്ന ആളുകൾ പുനർപ്പണ ദിനത്തിൽ സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. ഏതാണ്ട് 25000 രൂപയുടെ നിർമ്മാണ പ്രവർത്തനമാണ് അദ്ധ്വാന സമാഹരണം വഴിമാത്രം പഞ്ചായത്തിനകത്ത് നടന്നത്.


കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് സമഗ്ര വികസന സെമിനാർ വിജയിപ്പിക്കുന്നതിനുവേണ്ടി രാഷ്ട്രീയ പാർട്ടികളുടെയും സന്നദ്ധ സംഘടനകളുടെയും ബഹുജന സംഘടനകളുടെയും നാട്ടുകാരുടെയും വിപുലമായ യോഗം നവം: 19ന് തച്ചിങ്ങനാടം കൃഷ്ണയു. പി. സ്കൂളിൽവെച്ച് ചേർന്നു. വികസന സെമിനാർ വിജയിപ്പിക്കുന്നതിനുവേണ്ടി കെ. നാരായണൻ (ചെയർമാൻ) കെ. ജി. ശ്രീനിവാസ് (ജനറൽ കൺവീനർ) എന്നിവർ ഭാരവാഹികളായി 101 അംഗ സ്വാഗതസംഘം രൂപീകരിച്ചു.

ഗ്രാമസഭാ നിർദ്ദേശങ്ങളും ദ്വിതീയ വിവര ശേഖരണത്തിലൂടെ കിട്ടിയ സ്ഥിതിവിവരകണക്കുകളും പഠന-പര്യടനാനുഭവങ്ങളും കാരണവൻമാരിൽ നിന്നും ലഭിച്ച പൂർവ്വകാല വിവരണങ്ങളും പരസ്പരം ബന്ധിപ്പിച്ചുകൊണ്ടാണ് ഈ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത് പഞ്ചായത്തിലെ ജില്ലാപരിശീലകരും പ്രാദേശിക പരിശീലകരും ജനപ്രതിനിധികളുമടങ്ങുന്ന വലിയൊരു സന്നദ്ധപ്രവർത്തകരാണ്. ഒട്ടേറെ ദിവസങ്ങളിലെ രാപ്പകലദ്ധ്വാനം ഈ വികസന രേഖക്ക് പിന്നിലുണ്ട്.

വരാനിരിക്കുന്ന ദിവസങ്ങളിൽ ഈ പഞ്ചായത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ ഈ പഞ്ചായത്തിലെ മുഴുവൻ ആളുകളുടെയും സഹകരണം ഉണ്ടാവുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. അതുകൊണ്ടുതന്നെ ഭാവിയെ ശുഭപ്രതീക്ഷയോടെ എതിരേല്ക്കാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്. അഴിമതി രഹിതവും വികസനോന്മുഖവുമായ ഒരു നല്ല നാളെയ്ക്കുവേണ്ടി നമുക്ക് ഒത്തൊരുമിച്ച് മുന്നേറാം.

സ്നേഹത്തോടെ,

തോളൂർ ഇബ്രാഹിം
പ്രസിഡണ്ട്,
കിഴാറ്റൂർ ഗ്രാമപഞ്ചായത്ത്





ഉപസംഹാരം

വികസനം എന്നത് നാടിന്റെയും നാട്ടുകാരുടേയും സർവ്വതോന്മുഖമായ വികാസമാണ്. അത് കേവലം യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ഒരു പ്രവർത്തന പദ്ധതി മാത്രമല്ല. വ്യത്യസ്ത കാരണങ്ങളാൽ മുരടിച്ചുകൊണ്ടിരിക്കുന്ന കാഷ്ടിക മേഖലക്ക് വേണ്ടത്ര സഹായങ്ങളും സൗകര്യങ്ങളും ഒരുക്കി നവജീവൻ പകരുക. ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ്. ജനങ്ങളുടെ കൂട്ടായ്മ ഉപയോഗപ്പെടുത്തി തൊഴിലുല്പാദക സംഘങ്ങളുടെ സാന്നിദ്ധ്യംകൊണ്ട് തൊഴിൽ മേഖലയെ പുഷ്ടിപ്പെടുത്തുക എന്നതും ജനകീയാസൂത്രണ പ്രസ്ഥാനം വിഭാവനം ചെയ്യുന്നു.

ജനകീയാസൂത്രണപ്രസ്ഥാനം നമ്മുടെ നാടിന്റെ സമസ്ത പ്രശ്നങ്ങളും പരിഹരിക്കാനുള്ള ഒരു ഒറ്റമൂലിയല്ല. അതിനാൽ അമിത പ്രതീക്ഷയും വ്യാമോഹവും ജനങ്ങൾക്കിടയിൽ വളർന്നു വരാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. ആസൂത്രണത്തിനായി സർക്കാർ ചെലവഴിക്കുന്ന പണം പാഴായി പോവാതിരിക്കാനുള്ള ഒരു ജനകീയ പ്രവർത്തനം മാത്രമാണിത് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ നമുക്ക് കഴിയണം. നാടിന്റെ വികസന കാര്യങ്ങൾക്കായി കഴിഞ്ഞുപോയ 8 പദ്ധതികളും ധാരാളം പണം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അതിന്റെ കേന്ദ്രീകൃതമായ ഘടന കാരണം നാടിന്റെ യഥാർത്ഥ ആവശ്യങ്ങളും പ്രശ്നങ്ങളും സാധ്യതകളും വേണ്ടത്ര തിരിച്ചറിയപെടാതെപോയി. അതിനാൽ ചെലവഴിക്കപ്പെട്ട പണത്തിനനുസരിച്ച് വികാസം നാട്ടിനുണ്ടായില്ല ഒമ്പതാം പദ്ധതി മുഖേന ചെലവഴിക്കപ്പെടുന്ന ഒരു പൈസപോലും പാഴായിപോവരുത് എന്ന് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നു. പദ്ധതി വിഹിതത്തിന്റെ 40 % വും ചെലവഴിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കാനാണ് സർക്കാരിന്റെ തീരുമാനം. ഗ്രാമപഞ്ചായത്തുകൾ മുഖേന ചെലവഴിക്കാനായി വിട്ടുതരുന്ന ഈ പണം ഏത് മേഖലയിൽ എന്ത് ആവശ്യങ്ങൾക്കായി ചെലവഴിക്കണമെന്നാണ് നാം ഈ ജനകീയ പ്രവത്തനങ്ങളിലൂടെ അന്വേഷിച്ചുകൊണ്ടിരിക്കുന്നത്.

ഗ്രാമസഭകൾ മുഖേനയും അല്ലാതെയും ഒട്ടനവധി ആവശ്യങ്ങൾ ജനങ്ങൾക്കിടയിൽനിന്ന് ഉയർന്നു വന്നിട്ടുണ്ട്. ജനങ്ങളുടെ എല്ലാആഗ്രഹങ്ങളും ഇപ്പോൾ ആവശ്യങ്ങളായി നമ്മുടെ മുന്നിലുണ്ട്. എല്ലാ മേഖലയിലുമുള്ള വികാസത്തിന് തടസ്സമായിനിൽക്കുന്ന പ്രശ്നങ്ങളെന്ത്? അതു പരിഹരിക്കാനായി നമുക്കെന്ത് സാധ്യതകളുണ്ട്? എന്നെല്ലാം വിശദമായി ഈ റിപ്പോർട്ട് വിശകലനം ചെയ്യുന്നുമുണ്ട്. നമ്മുടെ എല്ലാ ആവശ്യങ്ങളും ഒറ്റയടിക്ക് പരിഹരിക്കാൻ സാധിക്കുകയില്ല എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തകർക്ക് കഴിയണം. എന്നാൽ ഒൻപതാം പദ്ധതി മുഖാന്തിരം എന്തെല്ലാം പ്രവത്തനങ്ങൾ അടിയന്തിരമായി ചെയ്തീർക്കണം എന്ന നിശ്ചയിക്കാനാവണം. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പ്രശ്നങ്ങളെയും സാധ്യതകളെയും വിലയിരുത്തികൊണ്ടുള്ള ചർച്ചയിലൂടെ ഏറ്റവും പ്രസക്തമായ നിർദ്ദേശങ്ങൾ ഈ സെമിനാറിൽ ഉയർത്തിക്കൊണ്ടുവരണം.

വാർഡ് തലത്തിൽനിന്ന് ലഭിച്ചിരിക്കുന്ന വിവരങ്ങളും ആവശ്യങ്ങളും ക്രോഡീകരിച്ച് പഞ്ചായത്തിലെ ഓരോ മേഖലയേയും ഒരുയൂണിറ്റാക്കി കണക്കാക്കിയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതിനാൽ വാർഡുതല പ്രതിനിധികളായി മാറിതീരാതെ പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് ചർച്ചകൾ സംഘടിപ്പിക്കണമെന്ന് സെമിനാറിൽ പങ്കെടുക്കുന്നവരോട് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

അധികാരത്തോടൊപ്പം സമ്പത്തും കൈമാറ്റം ചെയ്യപ്പെടുമ്പോഴാണ് ജനാധിപത്യം സാർത്ഥകമാവുന്നത്. ഗ്രാമപഞ്ചായത്തുകളുടെ ചലനാത്മകമായ പ്രവർത്തനവും ജനങ്ങളുടെ കൂട്ടായ്മയും വഴിയുള്ള വികാസമാണ് ഈ കൈമാറ്റത്തിലൂടെ ലക്ഷ്യമാക്കുന്നത്. കീഴാറ്റൂർ പഞ്ചായത്തിന്റെ നാനാമേഖലകളിലുമുള്ള വികാസത്തിനായി എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവെച്ച് മുന്നോട്ടുവരണമെന്ന് ഒരിക്കൽകൂടി വിനയപൂർവ്വം എല്ലാ വിഭാഗം ജനങ്ങളോടും അഭ്യർത്ഥിച്ചുകൊണ്ട് ഈ വികസന റിപ്പോർട്ട് ചർച്ചക്കായി സമർപ്പിക്കുന്നു. ○

തോളൂർ ഇബ്രാഹിം
പ്രസിഡണ്ട്

ആശംസകളോടെ

പ്രഭാത് ഹാർഡ്‌വേഴ്സ്, ആക്കപ്പറമ്പ്

സിമൻറ്, G I PVC പൈപ്പുകളും ഫിറ്റിങ്ങ്സും,

ക്ലോസറ്റ്, പെയിൽറ് തുടങ്ങിയ ഹാർഡ്‌വേർ സാമഗ്രികൾക്ക് സമീപിക്കുക

വസ്ത്രങ്ങൾക്ക്, **ആകർഷ ടെക്സ്റ്റൈറോറിയം, ആക്കപ്പറമ്പ്**

സാരികൾ, ചുരിദാർ, മിഡി, മാക്സി, ഷർട്ടിങ്ങ്, പാൻറ്, സെറ്റ് ഡബിൾമുണ്ട്, കുഞ്ഞുടുപ്പുകൾ തുടങ്ങിയ എല്ലാവിധ തുണിത്തരങ്ങളും മിതമായ വിലയിൽ ലഭിക്കുന്നതാണ്

ശ്രുതി മ്യൂസിക്കൽസ് & വീഡിയോസ് ആക്കപ്പറമ്പ്

എല്ലാവിധ ഓഡിയോ & വീഡിയോ കാസറ്റുകൾക്ക് സമീപിക്കുക

T V. VCP എന്നിവ വാടകക്ക് കൊടുക്കുന്നതാണ്

With best compliments from:

P V M CLAY WORKS


ORUVAMPURAM THACHINGANADAM 679325

MALAPPURAM District ☎ Resi. 04937 – 50987

നല്ലയിനം കമ്പനി ഇഷ്ടികകൾക്കും

ഹോളോ ബ്രിക്സിനും സമീപിക്കുക

ആശംസകളോടെ !



എല്ലാവിധ പ്രിന്റിങ്ങ്, ബൈൻറിങ്ങ്
വർക്കുകൾക്കും
നല്ലയിനം നോട്ടുബുക്കുകൾക്കും

സമീപിക്കുക

വനിത
കോ-ഓപ്പറേറീവ്
പ്രസ്

പട്ടാമ്പി റോഡ്.

പെരിന്തൽമണ്ണ

ഫോൺ: 327371

അനുബന്ധം

30 - 11 - 96 ന് തച്ചിങ്ങനാടം കൃഷ്ണ യു.പി. സ്കൂളിൽ വെച്ച് ചേർന്ന കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും.

കൃഷി - ജലസേചനം

ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്ന ആവശ്യങ്ങളിൽ ചിലത് റിപ്പോർട്ടിൽ വിട്ടുപോയതായും ഉൾപ്പെടുത്തേണ്ടതായും നിർദ്ദേശങ്ങൾ വന്നവ ഇനി കൊടുക്കുന്നു.

വാർഡ് II

1. കൊങ്ങിണി തോടിന് പൊട്ടികുണ്ട് മുതൽ പുഴ വരെ പാർശ്വഭിത്തി

2. വില്ലയാർ പുഴയിൽ കൂട്ടിലിങ്ങൽ ഭാഗത്ത് തടയണ

3. ഒറവംപുറം പുഴയിൽ പാലച്ചാകഴത്തിന് താഴെ തടയണ

4. പെരുമണ്ണിലെ പമ്പ്ഹൗസ് പുതുക്കി പണിയുക. ഡീസൽ പമ്പ് മാറ്റി വൈദ്യുതീകരിക്കുക.

5. പൊട്ടികുണ്ട് ഭാഗത്ത് ട്രാക്ടർ കൊണ്ട് പോകുന്നതിന് പാലം നിർമ്മിക്കുക.

6. പെരിമ്പാംപൊഴി പള്ളിയാലിലെ കുളം പുതുക്കി പണിയുക. കരപ്പോട് പാടത്ത് കുളം കുഴിക്കുക.

7. ജലസേചന സൗകര്യത്തിന് കോഴിശ്ശീരിക്കുണ്ടിലേക്കുള്ള വൈദ്യുതി 3ഫെയ്സ് ആക്കുക.

8. രണ്ടാം വാർഡിൽ മണ്ണൊലിപ്പ് തടയുന്നതിന് സംവിധാനം.

9. മലയിൽ പടവ് അച്ചരുങ്ങൽ പാടം ചിറ നിർമ്മിച്ച് കൃഷിയോഗ്യമാക്കുക.

10. പൊട്ടികുണ്ട് ചിറകെട്ടി അയ്യരുങ്ങൽ പാലിയിൽ കൂടി ജലസേചനസൗകര്യമൊരുക്കുക.

11. അയ്യരുങ്ങൽ മുതൽ പെരുമണ്ണ് വരെ കനാലിന് ഭിത്തികെട്ടുക.

12. ചെറിയമ്പാറ കഴത്തിൽ നിന്ന് മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് പൈപ്പ് ലൈൻ വഴി അമ്പലപറമ്പ് ഭാഗത്തേക്ക് വെള്ളം എത്തിക്കുക.

വാർഡ് VII

പുതിയതായി നിർമ്മിക്കേണ്ടതോ നന്നാക്കേണ്ടതോ ആയ കുളങ്ങൾ

പട്ടിക്കാട് കുളം, ചക്കുംകുളം, പൊട്ടംകുളം

ഉപയോഗ യോഗ്യമാക്കാവുന്ന തോടുകൾ

1. പുത്തൻതോട്

2. പുളിയകുത്ത് തോടുകൾ എന്നിവയ്ക്ക് V.C.Pകൾ നിർമ്മിക്കുക.

മണ്ണാർമല ജംങ്ഷൻ ജുമാമസ്ജിദ് റോഡിൽ നിന്ന് പാടത്തേക്ക് ട്രാക്ടർ ഇറക്കാവുന്ന സൗകര്യം വേണം.

വാർഡ് III

പുതുതായി ഒരു ചിറ വേർക്കോട്ട് പടിക്കൽ നിർമ്മിക്കുകയും നിലവിലുള്ള രണ്ട് ചിറകൾ കേടു പാടുകൾ തീർക്കുകയും ചെയ്യുക. കയലോട്ട് ചിറയുടെ തകർന്ന പാർശ്വഭിത്തി പുതുക്കിപണിയുക. നന്നാക്കേണ്ടവ കയലോട്ട് ചിറ, മന്തംകുണ്ട് ചിറ എന്നിവയാണ്. മന്തംകുണ്ടിൽ കിണർ കുത്തി വെള്ളം പമ്പ് ചെയ്ത് പൈപ്പ് ലൈൻ വഴി ജലസേചന സൗകര്യം ഏർപ്പെടുത്തുക. കൃഷിക്ക് വൈദ്യുതിയും പമ്പ്സെറ്റും ആവശ്യത്തിന് ലഭിക്കണം. മൂച്ചി തോട്ടത്തിൽ പടിക്കൽ ഒരുകുളം കുഴിക്കുക. സ്ഥലം സൗജന്യമായി കിട്ടും.

വാർഡ് V

1. പാലോട്ട് കുളം (പൊതു) റിപ്പയർ

2. പുത്തൻകുളം, കൊടക്കാട്ട്കുളം എന്നിവ ആവം കൂട്ടുക.

3. കഴുക്കോൽവരി തോടിനും മാങ്ങോട്ട് പാടം കുളത്തിനും പാർശ്വഭിത്തി.

4. ചെമ്മണയോട് റോഡിൽ എടവഴതോടിന് V.C.B

5. കൂട്ടുമ്മൽപാടം കുളം V.C.B.

6. കഴുക്കോൽവരി തോടിന് റാമ്പ് ട്രാക്ടർ ഇറങ്ങുന്നതിന്.

വാർഡ് IX

1. അത്തിതോട്, പുത്തൻതോട്, പരപ്പ് എന്നിവിടങ്ങളിൽ ചീർപ്പ് പാലം. ജനകീയ പങ്കാളിത്തം കിട്ടും.

2. അത്തിതോട് മുതൽ പരപ്പ് വരെ പാർശ്വഭിത്തി

3. ആര്യൻപാക്ക് മുതൽ കുനിയൻതോട് വരെ പാർശ്വഭിത്തി.

4. വീതുളികുളവും വലിയകുളവും വികസിപ്പിച്ച് പാർശ്വഭിത്തികെട്ടുക.

5. പച്ചക്കറി കൃഷിക്ക് ജലസേചന സൗകര്യം.

6. കൃഷി ഭവനിൽ നിന്നുള്ള ആനുകൂല്യങ്ങളെ കുറിച്ച് കൃഷിക്കാരെ ബോധവൽക്കരിക്കുക.

വാർഡ് XI

ചെള്ളിക്കുളം, പുളിക്കലെകുളം എന്നിവ പൊതുകുളങ്ങളാണ്. ഇത് റിപ്പോർട്ടിൽ വേണം. വാർഡിന്റെ

അതിരിലൂടെ പോകുന്ന തോടിന് ബണ്ട് കെട്ടി ജല സേചന സൗകര്യം ഉണ്ടാക്കുക. കൈതക്കലെ കുണ്ട്ചിറ ബണ്ട്.

വാർഡ് VIII

കോക്കാട് ഭാഗത്ത് രാമൻതിരുത്ത് എന്ന പ്രദേശത്ത് ഒരു കുലം കുഴിക്കണം. സ്ഥലം സൗജന്യമായി നൽകാൻ തയ്യാറാണ്. 25% മനുഷ്യരും അദ്ധ്വാനം സംഭാവനചെയ്യും.

വാർഡ് VI

പറമ്പൂർ കണ്ണാല തോടിന് 1 1/2 കി.മി.നീളത്തിൽ പാർശ്വഭിത്തി. മണ്ണൊലിപ്പ് തടയുന്നതിന് നടപടി.

വാർഡ് V

ചാന്തുള്ളിചിറ, വയ്യറചിറ എന്നിവ നിർമ്മിക്കുക. അരിക്കണ്ടം പാക്കചിറമുതൽ കരിപ്പോട് വരെ തോടിന് പാർശ്വഭിത്തി. പച്ചക്കറി കൃഷിക്ക് പ്രോൽസാഹനം.

പൊതുനിർദ്ദേശങ്ങൾ

1. കൃഷിക്കാവശ്യമായ ട്രാക്ടർ, ട്രില്ലർ, ഉഴുവാനും മെതിക്കാനുമുള്ള യന്ത്രങ്ങൾ, കൊയ്ത്ത്, നടീൽ യന്ത്രങ്ങൾ, പവ്വർ സ്പ്രെയറുകൾ തുടങ്ങിയവ സഹകരണ ബാങ്കുകൾ, കൃഷിഭവൻ, പഞ്ചായത്ത് എന്നിവ മുഖാന്തിരം ചുരുങ്ങിയ വാടകക്ക് കിട്ടാനുള്ള സൗകര്യം. ഇതിന് ആവശ്യമായ ഒരു മെക്കാനിക്കിനെ നിയമിക്കുകയും വേണം.

2. ആഗ്രോ ക്ലിനിക്കിന്റെ സൗകര്യം ഒന്നിൽ കൂടുതൽ സ്ഥലങ്ങളിൽ കിട്ടണം.

3. കൃഷിക്കാവശ്യമായ വൈദ്യുതിക്ക് മുൻഗണന നൽകണം.

4. തെരഞ്ഞെടുത്ത കർഷകരിൽ നിന്ന് അത്യുൽപാദനശേഷിയുള്ള നെൽവിത്ത് ശേഖരിച്ച് ആവശ്യക്കാർക്ക് നൽകാൻ സംവിധാനം വേണം.

5. ഔഷധ സസ്യങ്ങൾ ഇടവിളയായി കൃഷിചെയ്യുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ചെയ്യണം.

6. പുരയിട പച്ചക്കറി കൃഷി നടത്തുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യണം.

7. ഒരു പ്രദേശത്തെ ഏതാനും കർഷകരെ ഉൾപ്പെടുത്തി പച്ചക്കറികൃഷി യൂണിറ്റ് തുടങ്ങി സഹായങ്ങൾ ചെയ്യുക.

8. കൃഷി ഭവന്റെ പ്രവർത്തനം സാധാരണകർഷകരിൽ എത്തിക്കുക.

9. എല്ലാ വിളകൾക്കും കാലാവധിയില്ലാതെ ഇൻഷുറൻസ് സൗകര്യം ഉണ്ടാക്കുക.

10. കാർഷിക വിപണന കേന്ദ്രങ്ങൾ അരിക്കണ്ടം പാക്ക് പൂന്താവനം പ ട്ടിക്കാട് എന്നിവിടങ്ങളിൽ തുടങ്ങണം.

11. പഞ്ചായത്തിൽ ഒരു റബ്ബർ നേഴ്സറി സ്ഥാപിക്കുക.

12. സഹകരണസംഘം മുഖേന ജീവാണു വളം കുറഞ്ഞ വിലക്ക് ലഭ്യമാക്കണം.

13. ഏറ്റവും നല്ല അടുക്കള തോട്ടത്തിന് പ്രോൽസാഹനം നൽകുക.

14. പരിഗണനയിലുള്ള ചാലിയാർ ഡാമിൽ നിന്നുള്ള കനാൽ സൗകര്യം കീഴാറ്റൂർ പഞ്ചായത്തിലേക്ക് ലഭ്യമാക്കണം.

15. ഒന്നാം വാർഡിൽ മദ്രസ്സക്ക് സമീപമുള്ള കുഴൽകിണറിൽ നിന്ന് വെള്ളം പമ്പ് ചെയത് കൃഷിക്ക് സൗകര്യം ഉണ്ടാക്കുക.

16. ചക്കുഴിക്ക് ഒരു ചിറകെട്ടി ജലസേചന സൗകര്യം.

17. 10-ാംവാർഡിൽ ഇല്ലത്തുകുളം, ഓടരികുളം, എന്നിവയിൽ നിന്ന് ജലസേചന സൗകര്യം. പുത്തൻകുളം വിപുലീകരിക്കുക.

18. 10-ാം വാർഡിലെ കല്ലിടുമ്പ് തോടിന് ആഴം കൂട്ടുക. പാർശ്വഭിത്തി കെട്ടുക.

19. 4-ാം വാർഡിൽ ചെന്മംതട്ടയിൽ ഇന്നുള്ള ഡീസൽ പമ്പ് മാറ്റി വൈദ്യുതീകരിച്ച് മോട്ടോർ സ്ഥാപിക്കുക.

20. ചെന്മം തട്ടയിൽ വില്ലിയാർ പുഴയിൽ അമ്പലക്കടവിൽ ചെക്ക്ഡാം നിർമ്മിക്കുക.

21. ചെന്മം തട്ടയിൽ നിലവിലുള്ള ഗോട്ട്ഫാം വിപുലീകരിക്കുന്നതിന് കൃഷി ഭവൻ മുഖാന്തിരം സൗകര്യങ്ങൾ ഏർപ്പെടുത്തുക.

22. കൃഷി സ്ഥലങ്ങളിലേക്ക് ട്രാക്ട്ടറുകൾ നിർമ്മിക്കുന്നതിന് റാമ്പുകൾ നിർമ്മിക്കുക.

23. കൃഷി ഭവൻ മുഖാന്തിരം അനുവദിക്കുന്ന പരിമിതമായ ആനുകൂല്യങ്ങൾ വിപുലീകരിക്കുക. അതു വഴി കർഷകർക്ക് കൃഷിഭവനെകുറിച്ച് ഉള്ള പരാതി മാറ്റിയെടുക്കാൻ കഴിയും.

കുടിവെള്ളവും പൊതുജനാരോഗ്യവും

തിരുത്ത് :- 8-ാം വാർഡിൽ കോക്കാട് ഹരിജൻ കോളനിയിൽ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശവാസികൾ 25% സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട് എന്നതിനു പകരം 25% മനുഷ്യാധ്വാനം ചെയ്തിട്ടുണ്ട് എന്നാക്കി തിരുത്തണം.

കുടിവെള്ളം

1-ാം വാർഡ് :- പുറയിൻമലയിൽ കുഴൽകിണർ നന്നാക്കുന്നതിന് കൂടുതൽ പൈപ്പ് ആവശ്യമായി വന്നിരിക്കുന്നു. അതിന് ഉടൻ സംവിധാനം ഉണ്ടാക്കണം.

2-ാം വാർഡ് :-

പ്രശ്നമേഖലകൾ :- ബംഗ്ലാകുന്ന്, കരിമ്പനാംകുന്ന്, വില്ലേജ് ഓഫീസിന്റെ പടിഞ്ഞാറ്ഭാഗം.

വാരിയത്ത് കോളനി,കരിമ്പനാംകുന്ന്, ബംഗ്ലാകുന്ന് എന്നിവിടങ്ങളിലേക്ക് കൊണ്ടി പറമ്പ സ്കീമിൽ നിന്ന് പൈപ്പ് ലൈൻ നീട്ടുക. കൂട്ടം പള്ളിയാലിൽ ഒരു കുഴൽ കിണർ സ്ഥാപിക്കുക.

3-ാംവാർഡ്:- 4-ാം വാർഡിൽ തോട്ടപ്പായ ഹൈസ്ക്കൂൾ റോഡിലുള്ള കുഴൽ കിണറിൽ ധാരാളം വെള്ളമുണ്ട്. അതിനാൽ ഇതിൽ പമ്പ് സ്ഥാപിച്ച് പടിഞ്ഞാറെകുണ്ട്, കുന്നത്ത്പാറ, പ്രദേശത്തേക്ക് കുടിവെള്ളമെത്തിക്കാൻ അടിയന്തിരമായി ശ്രമം നടത്തുക.

4-ാം വാർഡ് :- പട്ടിപറമ്പ് (ചെമന്തട്ട), കിളിമേൽകോളനി എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക. നല്ലണാംപറമ്പിൽ ധാരാളം വെള്ളം ലഭിക്കുന്ന കുഴൽ കിണറിൽ പമ്പ് സ്ഥാപിച്ച് ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക.

5-ാം വാർഡ് :-

പ്രശ്നമേഖല:- മുണ്ടക്കാപറ്റ, ചെറുകുന്ന്, പറമ്പോട്പ്രദേശം.

ഇവിടങ്ങളിൽ കുഴൽ കിണർ കുഴിച്ച് പ്രശ്നം പരിഹരിക്കുക. പറമ്പോട് പ്രദേശത്തെ കുഴൽ കിണർ പമ്പ് സ്ഥാപിച്ച് ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുക.

6-ാം വാർഡ്:-

പ്രശ്നമേഖല:- വഴങ്ങോട് പറയര് കുന്ന്.

വഴങ്ങോട് മൂന്നും കൂടിയ ഭാഗത്ത് പൊതുകിണർ സ്ഥാപിക്കുക. വാരിയത്ത് കുളം നന്നാക്കി ജലസേചനത്തിനും, വെള്ളത്തിനും ഉപയോഗപ്രദമാക്കുക.

7-ാം വാർഡ്:- അതിരൂക്ഷമായ കുടിവെള്ളക്ഷാമമുള്ള പ്രദേശമായ ഹൈസ്കൂൾ പരിസരത്തുള്ള കുഴൽ കിണർ റിപ്പയർ ചെയ്യുകയോ പുതിയത് കുഴിക്കുകയോ ചെയ്യുക. പട്ടിക്കാട് ഹരിജൻ കോളനിയിലുള്ള കിണർ നന്നാക്കുക. മരക്കാരംപാറ, മണ്ണാർമലജുംഗ്ഷൻ, പാറശ്ശേരിപടി എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിക്കുക.

8-ാം വാർഡ്:-

പ്രശ്നമേഖല:- നെച്ചിപറമ്പ്.

മേലേതൊടി കിണർ നന്നാക്കുന്നതിന് സാധനസാമഗ്രികൾ വാങ്ങിക്കാൻ സാമ്പത്തിക സഹായം ലഭ്യമാക്കിയാൽ പ്രവൃത്തി അവിടുത്തുകാർ ഏറ്റിട്ടുള്ളതാണ്. ഉടൻ സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

9-ാം വാർഡ്:-

പ്രശ്നമേഖല:- കുളമ്പ് ഭാഗം, കരുവംപാറ

പ്രശ്നമേഖലയായി കാണിച്ചിട്ടുള്ള കൂട്ടുമൂച്ചിക്കൽ , കുളമ്പ് പടിഞ്ഞാറ്, കുളമ്പ് തെക്ക്, കരുവമ്പാറ, ചന്തലാം കുന്ന് എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിക്കുക.

10-ാംവാർഡ്:- പാലവിളയിൽ ഭാഗത്ത് കുഴൽ കിണർ സ്ഥാപിക്കുക. നെച്ചിക്കാട് കോളനിയിൽ ഒരു പൊതുകിണർ സ്ഥാപിക്കുക. പൂന്താനം ഇല്ലം കുളത്തിന് സമീപം കിണർ കുഴിച്ച് പമ്പ് സ്ഥാപിക്കൽ ആശുപത്രിയുടെ കൂടി നിലനിൽപിന്റെ പ്രശ്നമായതിനാൽ പഞ്ചായത്തിന്റെ മൊത്തം പ്രശ്നമായി കണക്കിലെടുത്ത് അടിയന്തിരമായി നടപ്പലാക്കേണ്ട പ്രവൃത്തിയാണ്. ഇതിനാവശ്യമായ സ്ഥലം ലഭ്യമാണ്.

11-ാംവാർഡ്:- പള്ളിയുടെ പരിസരത്ത് ഒരു പൊതുകിണറും, കണ്വാല എൽ.പി.സ്കൂള് പരിസരം, പാറക്കാതൊടി എന്നിവിടങ്ങളിൽ ഓരോ കുഴൽ സ്ഥാപിക്കുക.

പാണ്ടിക്കാടും പരിസര പഞ്ചായത്തുകളും എന്ന KWA യുടെ പരിഗണനയിലുള്ള CRWSS പദ്ധതി കീഴാറ്റൂർ പഞ്ചായത്ത് നിർബന്ധമായും ഉൾപ്പെടുത്താൻ വകുപ്പിൽ സമ്മർദ്ധം ചെലുത്തണം.

കിണർ, കുഴൽ കിണർ എന്നിവയുടെ റിപ്പയറിനുള്ള അധികാരം പ്രാദേശിക സമിതികളെ ഏല്പിക്കുക.

മനുഷ്യാധ്വാനം കൂടുതലായി പദ്ധതികളിൽ ലഭ്യമാക്കുന്നതിനായി പഞ്ചായത്തു തലത്തിൽ പൊതു സമിതികൾ രൂപീകരിക്കുക.

ആരോഗ്യം

അരിച്ചോല എൽ.പി. സ്കൂളിന് സമീപം കാരപാറയിൽ പൊതുശ്മശാനം ഉണ്ട്.
പോളിയോ നിർമ്മാർജ്ജനം 100% ആക്കുക.
പൊതുമാർക്കറ്റ് അടിയന്തിരമായി ഉണ്ടാക്കുക.

ഭക്ഷണസാധനങ്ങൾ വില്ക്കുന്ന കച്ചവട സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന ലൈസൻസ്, വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് എന്നിവയ്ക്ക് ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കാൻ നിയമം ഉണ്ടാക്കണം.

ആയുർവേദ / ഹോമിയോ ആശുപത്രികൾ പഞ്ചായത്തിൽ അടിയന്തിരമായി ഉണ്ടാക്കേണ്ടിയിരിക്കുന്നു. പൊതുവായി എല്ലാ വാർഡുകൾക്കും സൗകര്യപ്രദമായ സ്ഥലം കണ്ടെത്തണം. എല്ലാ വാർഡിലും സ്ഥലം ലഭ്യമാണ്. വദ്ധമന്ദിരം നിർമ്മിക്കണം. കണ്വാല ശിശു വിഹാർ ഉടൻ തുറന്ന് പ്രവർത്തിക്കണം.

പ്രകൃതി ചികിത്സാകേന്ദ്രങ്ങൾ ഉണ്ടായാൽ പ്രതിരോധ ശക്തി വർദ്ധിപ്പിക്കുന്നതിന് ഉപകരിക്കും. സിദ്ധ,യൂനാനി, കാന്തചികിത്സ തുടങ്ങിയവ രോഗ പ്രതിരോധത്തെ കൂടുതൽ പ്രാധാന്യം നല്കുന്നവയാണ്. അതിനാവശ്യമായ ബോധവൽക്കരണ സൗകര്യം ഉണ്ടാക്കുക.

പൊതുജനാരോഗ്യകേന്ദ്രത്തിൽ വാഹനസൗകര്യം ലഭ്യമല്ലാത്തത് ഫീൽഡ് വർക്കിനെ ബാധിക്കുന്നു. അതിന് അടിയന്തിര പ്രാധാന്യം നൽകി പരിഹരിക്കുക.

ക്ലബ്ബുകളിൽ ആരോഗ്യ ബോധന യൂണിറ്റുകൾ സ്ഥാപിക്കുക. വായനശാലകളിൽ ആരോഗ്യ പ്രസിദ്ധീകരണങ്ങൾ എത്തിക്കുക.

നെന്മിനി മദ്രസ്സ വളപ്പിൽ കൃഷി ആവശ്യാർത്ഥം ജനകീയ ജലസേചന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ നിർമ്മിച്ച കുഴൽ കിണർ പണി പൂർത്തിയാകാതെ കിടക്കുകയാണ്. ആയത് മോട്ടോർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കേണ്ടത് അടിയന്തിര പ്രാധാന്യം അർഹിക്കുന്നു. ❐

ഗതാഗതം

തിരുത്തലുകൾ

നിലവിലുള്ള റോഡുകൾ

ക്രമനമ്പർ 3 കൊണ്ടിപറമ്പ് കിളിയാലമുക്ക്
ക്രമനമ്പർ 15 പറമ്പൂർകണ്ണാല റഹ്മാനിയ മസ്ജിദ് റോഡ്
ക്രമനമ്പർ 28 ആനപ്പാംകുഴി പള്ളിപ്പടി കണ്ണാല റോഡ്
ക്രമനമ്പർ 33 മദ്രസ്സപ്പടി പാലത്തിൻമുക്ക്
ക്രമനമ്പർ 47 പട്ടിക്കാട് ഹൈസ്ക്കൂൾ പള്ളിക്കുന്ന് റോഡ്

പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ വിഭാഗത്തിൽ

ക്രമനമ്പർ 18 കോക്കാട് ഹരിജൻ കോളനി ശ്മശാനം റോഡ്
ക്രമനമ്പർ 49 പതിനെട്ട് പറക്കാത്തൊടി കറുപ്പത്ത് കോളനിയിലേയ്ക്ക് റോഡ് പുനർനിർമ്മിക്കുക.
ക്രമനമ്പർ 57 കോഴിക്കുളം കുഴിച്ചിട്ടകല്ല് റോഡ്

നടപ്പാലങ്ങൾ വിഭാഗത്തിൽ

ക്രമനമ്പർ 1 ആനപ്പാറ കുഴിയിൽ കണ്ണാലയുമായി ബന്ധിപ്പിക്കുന്ന നടപ്പാലം
ക്രമനമ്പർ 22 പുത്തൻ തോട് പാലം
ക്രമനമ്പർ 33 ഒറവംപുറം മേലാറ്റൂർ റോഡിൽ മുട്ടികടവിൽ റോഡിന് പാലം.

നിലവിലുള്ള റോഡ് വിഭാഗത്തിൽ കൂട്ടിചേർക്കേണ്ടവ

1. കാരപ്പാറയിൽ നിന്നും വിദ്യാജ്യോതി സ്കൂൾവരെ റോഡ്. (വാർഡ് III)
2. അരിക്കണ്ടം പാക്ക് തെച്ചിക്കുന്ന് റോഡ്. (വാർഡ് IV)
3. പൂന്താനം ബേങ്കുംപ്പടി വാഴക്കോട് വഴി ടിപ്പുസുൽത്താൻ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്. ഇതിൽ 240 മീറ്റർ ടാറിങ്ങും, ബാക്കിവരുന്ന ഒരു കിലോമീറ്റർ മൺറോഡുമാണ്. (വാർഡ് X)
4. പതിനെട്ടിൽ കണ്ണാല പള്ളിറോഡ്. (വാർഡ് VIII, XI)

പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

1. വില്ലേജുംപടി കൂട്ടുംപള്ളിയാൽ റോഡ് (വാർഡ് II)
2. കുമംതടം വെള്ളറിചോല റോഡ് (വാർഡ് II)
3. വാര്യത്തുംപടി കോളനി ചേപ്പോട് റോഡ് (വാർഡ് II)
4. കൊണ്ടിപറമ്പ് കിളിയാലമുക്ക് കാത്യമാട് റോഡ് (വാർഡ് IV)
5. പടിഞ്ഞാറേകുണ്ട് പാറക്കടവത്ത് ഹരിജൻ കോളനിറോഡ് (വാർഡ് IV)
6. അരിക്കണ്ടംപാക്ക് ചെമ്മംന്തട്ട ചീനിയത്തും കടവ് റോഡ് (വാർഡ് IV)
7. അരിമ്പ്രതൊടിക പാടത്തിൽ നിന്നും പള്ളിറോഡിലേയ്ക്ക് ബന്ധിപ്പിക്കുന്ന റോഡ് (വാർഡ് VII)
8. മാട് റോഡിനെ പൈങ്കുളം വഴി മരക്കാരം പാററോഡുമായി ബന്ധിപ്പിക്കുക. (വാർഡ് VII)
9. ആറ്റശ്ശേരി പാറമേൽ പാടം റോഡ് (വാർഡ് VIII)
10. മുള്ളമൂട് പറമ്പിൽ നിന്നും പറയരുപാടത്തേയ്ക്ക് റോഡ്
11. തോട്ടക്കാട് പാടം റോഡും
12. പട്ടിക്കാട് മണ്ണാർമല ജംങ്ഷൻ റോഡ് പട്ടിക്കാട് ജുമാമസ്ജിദ് റോഡുമായി ബന്ധിപ്പിക്കുക. (വാർഡ് VII)
13. കോളേജ് തോട്ടം റോഡ് വട്ടക്കല വഴി കോക്കാട്ടിൽ കോളനി റോഡുമായി ബന്ധിപ്പിക്കുക (വാർഡ് IX)
14. പതിനെട്ട് മില്ലുംപടി പൈക്കടക്കുങ്ങ് റോഡ് (വാർഡ് VIII)
15. കോക്കാട്ടിൽ ഹരിജൻ കോളനി മുള്ള്യാകുർശ്ശി യു.പി. സ്കൂൾ റോഡ്. (വാർഡ് VIII, IX)

16. വിലയപറമ്പ് കൂട്ടുമൂച്ചിക്കൽ ഹരിജൻ കോളനി റോഡ് (വാർഡ് IX)
17. മുള്ള്യാകുർശ്ശി പീടികപ്പടി കൂട്ടുമൂച്ചിക്കൽ ഹരിജൻ കോളനിറോഡ് (വാർഡ് IX)
18. കണ്ണാല റഹ്മാനിയ റോഡ് കൂറ്റംപാറ കോളനിവഴി കണ്ണാല ജുമാമസ്ജിദ് റോഡുമായി ബന്ധിപ്പിക്കുക. (വാർഡ് XI)
19. കിളിയാലമുക്കിൽ നിന്നും പാണക്കുണ്ട് വഴി ചെമ്മന്തട്ടിയിലേക്ക് റോഡ് (വാർഡ് IV)
20. പൂക്കോട്ടിൽ ഹരിജൻ കോളനി റോഡ് (ഷാപ്പ്പടിമുതൽ നെല്ലിക്കുന്നിന്റെ സൈഡിലൂടെ പൂക്കോട്ടിൽ ഹരിജൻകോളനിയിലേക്ക്) (വാർഡ് IV)

പുതുതായി നിർമ്മിക്കേണ്ട നടപ്പാലങ്ങൾ

1. കൊണ്ടിപറമ്പ് പള്ളിപ്പടിയിൽ നിന്നും കാഞ്ഞിരംകുളം ഭാഗത്തുള്ള തോടിന്. (വാർഡ് IV)
2. ചക്കഴി തോടിന് പാലം. (വാർഡ് X)
3. തൃക്കയം കുന്ന് തോടിന് പാലം. (വാർഡ് I)
4. തലാച്ചിൽപ്പടി തോടിന് പാലം. (വാർഡ് I)
5. നീരിറ്റിതോടിന് നടപ്പാലം
6. നെന്മിനി കൈതതോടിന് തൃക്കയംകുന്ന് പടിയിൽ നടപ്പലം. (വാർഡ് I)
7. കൊളക്കോട് കൈതതോടിന് നടപ്പാലം
8. കല്ലുംപ്പാലം തോടിന് നെച്ചിതോട് പൂന്നാംതൊടിപാടത്ത് നടപ്പാലം. (വാർഡ് I)
9. കറവണ്ണശ്ശേരിയിൽ കൂറ്റംമ്പറതോടിന്. (വാർഡ് IV)
10. പൊട്ടികുണ്ട് നടപ്പാലം. (വാർഡ് II)
11. പുറയത്തും പടിയിൽ നടപ്പാലം. (വാർഡ് VIII)
12. ചെമന്തട്ട വാലിതോടിന് പാലം. (വാർഡ് IV)
13. കീഴാറ്റൂർ ചെമ്മാണിയോട് ഇടവഴിതോടിന് പാലം. (വാർഡ് V)
14. തോട്ടുക്കാട് കൈതതോടിന് നടപ്പാലം. (വാർഡ് X)
15. അരിമ്പ്രതൊടിക തോടിന് പാലം.
16. പുത്തംതോടിന് പാലം. (വാർഡ് X)
17. തറേമ്മേൽ പാലം
18. മരക്കരംപാറ ഉള്ളാട്ടിൽ പാലം. (വാർഡ് VII)
19. ഉവ്വാട്ടിൽ പറയൻ പാടത്ത് അവുഞ്ഞാക്കോടിനു പാലം.
20. കരുവമ്പാറ തോടിന് പാലം. (വാർഡ് IX)
21. പൂന്താനം ജുമാമസ്ജിദിന് മുമ്പിൽ ഓവുപാലം. (വാർഡ് X)
22. കീഴാറ്റൂർ റോഡിൽ കാര്യമാടിൽ ഓവുപാലം. (വാർഡ് X)
23. പള്ളിപടിയിൽ പരപ്പൻ തോടിന് പാലം. (വാർഡ് VI)
24. ഇരുമ്പാൻ തോടിന് (കണ്ണാല) നടപ്പാലം. (വാർഡ് XI)
25. കരിപോട് പടിയിൽ വലിയ പാലം. (വാർഡ് II)
26. പറമ്പൂർ മുണ്ടക്കാമുറിയിൽ നടപ്പാലം. (വാർഡ് VI)
27. കമാനം മെയിൻ റോഡിൽ നിന്നും നമസ്ക്കാരപള്ളിയിലേക്ക് പോകുന്നിടത്ത് നടപ്പാലം. (വാർഡ് VI)
28. വഴങ്ങോട് നിന്ന് കീഴാറ്റൂരിലേക്ക് പോകുന്നിടത്തുള്ള തോടിന് നടപ്പാലം. (വാർഡ് VI)
29. മണ്ണിയണ്ണീരികടവിൽ നിലംപതിയുണ്ടാക്കി കീഴാറ്റൂർ പഞ്ചായത്തിനെ മേലാറ്റൂരുമായി ബന്ധപ്പെടുത്തുക.(താൽക്കാലിക ആശ്വാസമായി) (വാർഡ് V)
30. ത്രാവോട്ടുപടി കാഞ്ഞിരകുളം റോഡിൽ രണ്ടിടത്ത് പൈപ്പ് കൾവർട്ട് നിർമ്മിക്കുക. (വാർഡ് IV)
31. വാരിയത്ത് പടി കിടങ്ങയം റോഡിന് ആനക്കയം പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന പുന്നംതോടിന് വലിയ പാലം നിർമ്മിക്കുക. (വാർഡ് II)
32. മണിയണ്ണീരി കടവിൽ വലിയ പാലം. (വാർഡ് V)

33. മുണ്ടക്കാമുറിയിൽ നടപ്പാലം. (വാർഡ് VI)
34. കമാനം മെയിൻ റോഡിൽ നിന്നും നിസ്ക്കാര പള്ളിയിലേക്ക് പോവുന്നിടത്ത് നടപ്പാലം. (വാർഡ് VI)
35. വഴങ്ങോട്ടുനിന്നും കീഴാറ്റൂരിലേക്ക് പോവുന്ന പാടത്ത് നടപ്പാലം. (വാർഡ് VI)

നടപാതകൾ പുതുതായി നിർമ്മിക്കേണ്ടവ

1. ഓളിക്കൽ കരിമ്പനാം കുന്ന് നടപാത

പുതുതായി നിർമ്മിക്കേണ്ട ബസ്സ് സ്റ്റോപ്പുകൾ

1. പൂന്താനം സ്കൂളിന് സമീപം P.W.D. റോഡിൽ
2. കാര്യമാട്. (വാർഡ് X)
3. പൂന്താനം ആശുപത്രിപ്പടിയിൽ. (വാർഡ് X)
4. അരിക്കണ്ടംപാക്കിൽ നിലവിലുള്ള ബസ് സ്റ്റോപ്പ് പുതുക്കിപണിയുകയോ, പുതുതായി നിർമ്മിക്കുകയോ ചെയ്യുക. (വാർഡ് IV)
5. കമാനം ജാഗ്ഫൻ. (വാർഡ് VI)

ടാക്സിപാർക്കുകൾ പുതുതായി നിർമ്മിക്കേണ്ടത്.

1. ആക്കപറമ്പ്. (വാർഡ് X)

മറ്റുനിർദ്ദേശങ്ങൾ

1. ടിപ്പുസുൽത്താൻ റോഡിൽ കൈയ്യേറിയ സ്ഥലങ്ങൾ സർവ്വെ നടത്തി വീണ്ടെടുക്കുക.
2. ആക്കപ്പറമ്പിലും, ഒറവംപുറത്തും മുഖാമിലും ലിമിറ്റഡ് സ്റ്റോപ്പ് ഏർപ്പെടുത്തുക.

ഊർജ്ജം

കൂട്ടച്ചേർക്കേണ്ടത് :-

I. പുതുതായി വൈദ്യുതീകരിക്കേണ്ട സ്ഥലങ്ങൾ

1. കരിമ്പനാംകുന്ന്
2. കൂട്ടംപള്ള്യാൽ
3. വെള്ളരിച്ചോല
4. ചിരട്ടാംകുഴി
5. കായാവുംകുന്ന്
6. കുന്നത്തുപാറ
7. കാരപാറ
8. നാട്ടുകല്ലിങ്ങൽ
9. മാട്ടുങ്ങൽ
10. ഇല്ലത്തുകോളനി
11. ത്രാവോട്ട് കോളനി
12. പാണക്കുണ്ട്
13. പൂക്കോട്
14. വടക്കേപറമ്പ് അത്തിക്കുത്ത് കോളനി
15. ആനപ്പാറകുഴി
16. ചാലക്കോട് ഭാഗം
17. പൂന്താനം ലക്ഷംവീട് കോളനി
18. ഒറവംപുറം അംഗൻവാടി.

19. ഒറവംപുറം വാരിയത്ത് ഹരിജൻ കോളനി റോഡ്.
20. പട്ടിക്കാട് പാറക്കാഞ്ഞാടി, ഉവ്വാട്ടിൽ ഞാടി പ്രദേശം.

കൂടാതെ 9ാം വാർഡിൽ ഇനിയും വൈദ്യുതീകരിക്കുക. ഹരിജൻ വീടുകളിൽ വൈദ്യുതീകരണ നടപടികൾ സുഗമമാക്കുന്നതിന് പഞ്ചായത്തുതലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

II. പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. കുന്നത്തുപാറ
2. നെന്മിനി ചർച്ച്
3. ആലിക്കൽ പറമ്പ്
4. കീഴാറ്റൂർ ജംങ്ങ്ഷൻ

III. സോഡിയം വേപ്പർ ലാംമ്പ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. നെന്മിനി മദ്രസപ്പടി
2. നെന്മിനി അമ്പലപ്പടി
3. പരിയാരം
4. നിരവിൽ മുകൾ
5. ഉപ്പേങ്ങൽ മുക്ക്
6. വളഞ്ഞത്താണി
7. മരക്കാരംപാറ റോഡ് ആരംഭം
8. ഇളമ്പിലാവും പടി (മരക്കാരം റോഡിൽ)
9. റഹ്മാനിയ മസ്ജിദ് പടി.
10. ഇസ്ലാമിയ കോളേജ് ജംങ്ങ്ഷൻ
11. പൂന്താനം ആശുപത്രിപടി ജങ്ങ്ഷൻ
12. കാര്യേമാട് മദ്രസപടി ജങ്ങ്ഷൻ
13. കണ്വാല സ്കൂൾ
14. കാഞ്ഞിരക്കുളം
15. ഒറവംപുറം സ്കൂൾപടി
16. ഒറവംപുറം പള്ളിപ്പടി
17. വില്ലേജ്പടി (നെന്മിനി)
18. പള്ളിപ്പറമ്പ്
19. വഴങ്ങോട് സെന്റർ
20. വാഴക്കോട് ജംങ്ങ്ഷൻ
21. പട്ടിക്കാട് റയിൽവെ സ്റ്റേഷൻ
22. പട്ടിക്കാട് അയ്യപ്പൻകാവിനു സമീപം
23. പള്ളിപ്പറമ്പ്
24. വഴങ്ങോട് സെന്റർ
25. വാഴക്കോട്

കൂടാതെ ആക്കപ്പറമ്പിൽ നിലവിലുണ്ടായിരുന്ന സ്ട്രീറ്റ് ലൈറ്റുകൾ പുന:സ്ഥാപിക്കേണ്ടിയിരിക്കുന്നു.

IV. ട്രാൻസ്ഫോർമർ കപ്പാസിറ്റി കൂട്ടേണ്ടത്.

1. കണ്വാല മദ്രസപടി
2. ഒറവംപുറം ജങ്ങ്ഷൻ
3. പട്ടിക്കാട് മുഖം

മണ്ണാർമല ജങ്ങ്ഷനു സമീപം പവർ കപ്പാസിറ്റർ സ്ഥാപിക്കാൻ ശ്രദ്ധിക്കണം.

V. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കേണ്ടത്.

പഞ്ചായത്തിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ എല്ലാ സിംഗിൾ ഫേസ് ലൈനുകളും ത്രീഫേസ് ലൈനുകളാക്കി മാറ്റി സ്ഥാപിക്കുക.

VI. മറ്റുനിർദ്ദേശങ്ങൾ

1. നെന്മിനി കൊടികുത്തികല്ലിൽ കാറ്റിൽ നിന്ന് വൈദ്യുതി പരീക്ഷിക്കാനുള്ള സംവിധാനം ഉണ്ടാവണം.
2. നെന്മിനി അയ്യപ്പൻ ചോലയിൽ മൈക്രോ ഹൈഡ്രൽ പ്രൊജക്ട് സ്ഥാപിക്കുക.
3. അരിക്കണ്ടംപാക്കിൽ ഒരു സബ് എഞ്ചിനീയർ ഓഫീസ് സ്ഥാപിക്കുക.
4. പട്ടിക്കാട് ചുങ്കത്ത് താൽകാലികമായി ആരംഭിച്ചിട്ടുള്ള സബ് എഞ്ചിനീയർ ഓഫീസ് സ്ഥിരപ്പെടുത്തുക.
5. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഈടാക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുക.
6. വൈദ്യുതി ദുരുപയോഗത്തിനും മോഷണത്തിനും എതിരായ ബോധവൽക്കരണം നടത്തുക.

VII. വിഭവ സമാഹരണം

പുതിയ വൈദ്യുതിലൈൻ നിർമ്മാണത്തിനാവശ്യമായ മനുഷ്യഅദ്ധ്വാനമടക്കമുള്ള എല്ലാ സഹകരണങ്ങളും ഉണ്ടാക്കാവുന്നതാണ്. O

സാമൂഹ്യക്ഷേമം

1. തിരുത്തലുകൾ

ഗ്രാമസഭാ നിർദ്ദേശങ്ങൾ എന്ന തലക്കെട്ടിൽ 8-ാംമത്തെ വരിയിൽ ചേർത്ത 'പെൻഷനുകൾ കിട്ടുന്നതിന് നിലവിലുള്ള കാലതാമസം വേണം' എന്ന വാചകം ' പെൻഷനുകൾ കിട്ടുന്നതിന് നിലവിലുള്ള കാലതാമസം ഒഴിവാക്കികിട്ടണം' എന്നാക്കി തിരുത്തി വായിക്കണം.

വികസന സെമിനാർ ഗ്രൂപ്പ് ചർച്ച നിർദ്ദേശങ്ങൾ

2. I.R.D.P.

1. നിലവിലുള്ള I.R.D.P. പട്ടിക ഒമ്പതാം പദ്ധതിക്കു വേണ്ടി പരിഷ്കരിക്കേണ്ടതാണ്. നിർബന്ധമായും ഈ ലിസ്റ്റിലെ മുൻഗണനാ ക്രമത്തിൽ മാത്രം ധനസഹായം അനുവദിക്കേണ്ടതാണ്.

2. I.A.Y, J.R.Y, M.W.S തുടങ്ങിയ ഭവനനിർമ്മാണ പദ്ധതികളിലെയും, C.R.S.P. പദ്ധതിയിലെയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് I.R.D.P. ലിസ്റ്റ് മാനദണ്ഡമാക്കേണ്ടതാണ്.

3. I.R.D.P. വരുമാന പരിധി കാലോചിതമായി പരിഷ്കരിക്കണം.

4. ധനകാര്യ സ്ഥാപനങ്ങളുടെ നിസ്സഹകരണം I.R.D.P. പദ്ധതിയുടെ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. ഇതിന് പരിഹാരമായി തക്കതായ നിയമനിർമ്മാണം നടത്തേണ്ടതാണ്.

5. I.R.D.P. വായ്പയുടെ കാലാവധി ദീർഘിപ്പിക്കണം. സബ്സിഡിയും വർദ്ധിപ്പിക്കണം.

6. പദ്ധതിയുടെ ആസ്തിമാറ്റം ഒഴിവാക്കുന്നതിന് ജനപ്രതിനിധികളുടെ സഹകരണം ഉറപ്പുവരുത്തണം.

7. I.R.D.P. ഗുണഭോക്താക്കൾക്ക് രണ്ടാം ഘട്ടസഹായം ലഭ്യമാക്കണം.

8. പഞ്ചായത്തിൽ I.R.D.P. വിപണന കേന്ദ്രം സ്ഥാപിക്കണം.

9. പഞ്ചായത്തിൽ നിലവിലുള്ള രണ്ട് V.E.O. മാർക്ക് പുറമെ ഒരാളെകൂടി നിയമിക്കേണ്ടതാണ്.

D.W.C.R.A.

1. D.W.C.R.A. യൂണിറ്റുകളുടെ നടത്തിപ്പിന് പഞ്ചായത്തിലെ വനിതാ മെമ്പർമാരുടെ സഹകരണം അനിവാര്യമാണ്.

2. കേരളത്തിലെ സാമ്പത്തിക,സാമൂഹിക സാഹചര്യങ്ങൾക്കനുസൃതമായി നിയമ വ്യവസ്ഥകളിൽ മാറ്റം വരുത്തുകയും, ലഘൂകരിക്കുകയും വേണം.

3. ഇന്ന് നിലവിലുള്ള അശാസ്ത്രീയമായ ടാർജറ്റ് സംമ്പ്രദായം ഒഴിവാക്കുകയും, സാധ്യതയുള്ളിടത്ത് മാത്രം യൂണിറ്റുകൾ ആരംഭിക്കുകയും വേണം. യൂണിറ്റിന്റെ സാധ്യത പരിശോധിക്കുമ്പോൾ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത, ഉൽപന്നങ്ങളുടെ വിപണന സൗകര്യം, എന്നിവ കണക്കാക്കേണ്ടതുണ്ട്.

4. പ്രവർത്തനം നിലച്ച യൂണിറ്റുകളുടെ സ്ഥിതി പഞ്ചായത്ത് ഭരണ സമിതി പരിശോധിക്കേണ്ടതാണ്.

ട്രൈബം

1. ട്രൈബം പദ്ധതിപ്രകാരം പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രേരിപ്പിക്കുകയും കൂടുതൽ സാമ്പത്തിക സഹായം നല്കുകയും ചെയ്യുക.

2. പരിശീലനം കാര്യക്ഷമമാക്കുക. സ്റ്റൈപ്പെന്റ് കാലോചിതമായി പരിഷ്ക്കരിക്കുക.

J.R.Y.

1. J.R.Y. പദ്ധതിയിൽ ജനപങ്കാളിത്തം ഉറപ്പാക്കുക. നിർമ്മാണപ്രവർത്തനങ്ങളിൽ കോൺട്രക്റ്റ് സംമ്പ്രദായം ഒഴിവാക്കി ജനകീയ സമിതികളെ ഏൽപ്പിക്കുക.

2. ഉപഞ്ചായത്ത് തലത്തിൽ വിദഗ്ദ്ധ തൊഴിലാളികളുടെ തൊഴിൽ സേന രൂപീകരിക്കുക.

C.R.S.P.

1. ഈ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം 6000 രൂപയാക്കുക. ഇതിൽ 1000 രൂപ ഗുണഭോക്താവിന്റെ വിഹിതമായി നിശ്ചിയിക്കുക.

ടൂൾകിറ്റ്

1. ടൂൾകിറ്റ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ജാതി നോക്കാതെ, തൊഴിൽ വൈദഗ്ദ്യം മാത്രം മാനദണ്ഡമാക്കുക.

2. ഈ പദ്ധതിയിൻ കീഴിലുള്ള ധനസഹായം 5000 രൂപയായി വർദ്ധിപ്പിക്കുക.

3. വിതരണം ചെയ്യുന്ന തൊഴിലുപകരണങ്ങൾ അത് കൈകാര്യം ചെയ്യുന്ന തൊഴിലാളിക്ക് ആവശ്യവും ഉപയോഗപ്രദവുമാണെന്ന് ഉറപ്പുവരുത്തുക.

ദേശീയ സമ്പാദ്യപദ്ധതി

1. പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ദേശീയ സമ്പാദ്യ പദ്ധതിയുടെ ഇരുപത്തിഅഞ്ച് ശതമാനം പഞ്ചായത്തിന്റെ വികസനത്തിനുവേണ്ടിയും ബാക്കി 75 ശതമാനം സംസ്ഥാനത്തിന്റെ വികസനത്തിനും വേണ്ടിയും നീക്കിവെയ്ക്കുക.

പെൻഷൻപദ്ധതികൾ

1. വിവിധ പെൻഷൻ പദ്ധതികളുടെ വരുമാന പരിധികാലോചിതമായി പരിഷ്കരിക്കുക.

2. വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥമാറ്റി, ഒരു സർക്കാർ ഡോക്ടർ സർട്ടിഫിക്കറ്റ് എന്ന നിയമം കൊണ്ടുവരണം.

3. അനർഹരായ ആളുകൾ പെൻഷൻ വാങ്ങുന്നത് തടയുവാനുള്ള നടപടികൾ സ്വീകരിക്കുക.

4. പെൻഷൻ പദ്ധതികളുടെ നിയമവ്യവസ്ഥകൾ ലഘൂകരിക്കുക. പെൻഷൻ തുക കാലോചിതമായി പരിഷ്കരിക്കുക.

5. സാമൂഹ്യക്ഷേമ വകുപ്പിന്റെ പെൻഷൻ പദ്ധതികൾ ഗ്രാമസഭകളിലൂടെ വാർഡുകളിൽ എത്തിക്കുക. നിയമവ്യവസ്ഥകൾ ലഘൂകരിക്കുക.
ഗുണഭോക്താക്കളെ ശുപാർശ ചെയ്യാൻ ഗ്രാമസഭകൾക്ക് അധികാരം നൽകുക.

അങ്കൺവാടികൾ

1. അങ്കൺവാടികളോട് ചേർന്ന് രൂപീകരിച്ചിട്ടുള്ള വെൽഫയർ കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. അത്യാവശ്യ പ്രവർത്തനങ്ങൾ വെൽഫയർ കമ്മറ്റികൾ നടത്തുക.

2. അങ്കൺവാടികൾക്ക് സ്ഥലം ലഭിക്കാത്തിടത്ത് സർക്കാർ മിച്ചഭൂമികൾ, പുറമ്പോക്ക് എന്നിവ കെട്ടിട നിർമ്മാണത്തിന് നൽകുക.

3. അങ്കൺവാടി പ്രവർത്തകർക്ക് വർഷം തോറും പരിശീലനം നൽകുക. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ പരിഷ്കരിക്കുക.

4. കണ്ണ്യാലയിലെ ശിശുവിഹാറിന്റെ പ്രവർത്തനം പുന:രാരംഭിക്കുക.

5. ഭക്ഷ്യ വസ്തുക്കൾ യഥാസമയം വിതരണം ചെയ്യുക.

6. സ്കൂൾ അഡ്മിഷന് അങ്കൺവാടികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്. അങ്കൺവാടികളുടെ പ്രവർത്തനം സമീപമുള്ള വിദ്യാലയങ്ങളുമായി ഏകോപിപ്പിക്കുക. PTA മീറ്റിങ്ങുകളിൽ അങ്കൺവാടികളുടെ പ്രവർത്തനം വിലയിരുത്തുക.

7. അങ്കൺവാടികളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

8. മാതൃസംഗമത്തിൽ അങ്കൺവാടി വർക്കർമാരെ ഉൾപ്പെടുത്തുക.

9. തച്ചിങ്ങനാടം വായനശാലയിലെ അങ്കൺവാടി പുന:രാരംഭിക്കുക.

10. IX-ാം വാർഡിൽ മുള്ള്യാകുറുശ്ശി സെന്ററിലും, വലിയ പറമ്പിലും, VIII-ാം വാർഡിൽ കോക്കാട്ടിലും II-ാം വാർഡിൽ നെന്മിനി വില്ലേജ് പടിക്കലും, കോഴിശ്ശേരികുന്ന്, തോട്ടിന്റെക്കര, VII-ാം വാർഡിൽ മണ്ണാർമല ജംഗ്ഷൻ, കാരക്കുന്ന് എന്നിവിടങ്ങളിൽ പുതുതായി അങ്കൺവാടികൾ സ്ഥാപിക്കണം.

ക്ഷേമനിധി

1. ആഭരണ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുക.

2. തൊഴിലാളി വിഹിതത്തോടൊപ്പം, തൊഴിലുടമ വിഹിതവും കൃത്യമായി പിരച്ചെടുക്കുക. അതിന് പഞ്ചായത്ത് തലത്തിൽ സൗകര്യം ഏർപ്പെടുത്തുക.

3. ക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക.

പൊതുവിതരണം

1. അംഗീകൃത ഉപഭോക്തൃ സംഘടനകൾ രൂപീകരിച്ച് അത് മുഖേന ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുക.

2. പൊതു വിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുവാൻ വാർഡ് തലത്തിൽ ജനകീയ സമിതികൾ രൂപീകരിക്കുക. സമിതികളുടെ ശുപാർശ പ്രകാരം നടപടി സ്വീകരിക്കുക. കൂടെ സമിതി ഉപദേശക സമിതിയായി പ്രവർത്തിക്കുകയും ചെയ്യുക.

3. നെന്മിനി വില്ലേജിലും, കീഴാറ്റൂർ വില്ലേജിലും ഓരോ മാവേലിസ്റ്റോറുകൾ ആരംഭിക്കുക. ആവശ്യമായ സ്ഥലങ്ങളിൽ റേഷൻകടകൾ സ്ഥാപിക്കുക.

4. വൈദ്യുതീകരിച്ച വീടുകൾക്കുള്ള മണ്ണെണ്ണകൂപ്പ 3 ലിറ്ററാക്കുകയും, വൈദ്യുതീകരിക്കാത്ത വീടുകൾക്കുള്ള മണ്ണെണ്ണകൂപ്പ വർദ്ധിപ്പിക്കുകയും ചെയ്യുക.

ഭവനനിർമ്മാണം

1. നിർമ്മിക്കുന് വീടിന്റെ ഈടിൻമേൽ ഭവന വായ്പ അനുവദിക്കുക.

2. സർക്കാർ പുറമ്പോക്ക്, മിച്ചഭൂമി എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വീടുകൾ സർക്കാർ നിർമ്മിച്ചു നൽകുന്ന പദ്ധതി നടപ്പിലാക്കുക.

3. ഭവന നിർമ്മാണ സൊസൈറ്റിയുടെ കീഴിൽ കെട്ടിട നിർമ്മാണ സമഗ്രികളുടെ നിർമ്മാണയൂണിറ്റ് ആരംഭിക്കുക.

4. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ രംഗത്ത് ലേബർ കോൺട്രക്റ്റ് സൊസൈറ്റി രൂപീകരിക്കുക.

5. ഭവനനിർമ്മാണത്തിന് നൽകുന്ന ധനസഹായ തുക കലോചിതമായി പരിഷ്കരിക്കുക.

6. വിവധ ഏജൻസികളുടെ ഭവന നിർമ്മാണ പദ്ധതികൾ പഞ്ചായത്ത് മുഖേന ഏകോപിപ്പിക്കുക.

7. കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം, ആഡംബരത്വം എന്നിവ കണക്കാക്കി കൂടുതൽ നികുതിചുമത്തുക. പ്രസ്തുത നികുതി പണം ദുർബ്ബല വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിന് ഉപയോഗിക്കുക.

8. മറ്റു ഭൂമികളില്ലാത്ത ആളുകളെ സംബന്ധിച്ച്, അഞ്ച് സെന്റ് കൃഷി ഭൂമിവരെ ഭവന നിർമ്മാണത്തിന് ഉപയോഗിക്കാമെന്ന് നിയമനിർമ്മാണം കൊണ്ടുവരിക.

9. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം മെമ്പർമാർക്ക് നൽകുക. നിർമ്മാണ പ്രവർത്തനങ്ങൾ മെമ്പർ വിലയിരുത്തുക. ❐

മൃഗസംരക്ഷണവും മൽസ്യബന്ധനവും

നാലാംവാർഡിൽ ഇന്ന് നിലവിലുള്ള മൃഗാശുപത്രിയുടെ സൗകര്യങ്ങൾ മറ്റു വാർഡുകൾക്കുകൂടി ലഭ്യമാക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഗ്രൂപ്പ് അംഗീകരിച്ചു.

കീഴാറ്റൂർ 5ാംവാർഡിലും 8ാംവാർഡിൽ മുഖാംപടിയിലും ഓരോ ഊർജ്ജിത കന്നുകാലി വികസന കേന്ദ്രങ്ങൾ അനുവദിക്കുക.

മൃഗാശുപത്രിയിൽ താഴെ പറയുന്ന കുറവുകൾ പരിഹരിക്കേണ്ടതുണ്ട്.

1. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. 10ാംവാർഡിൽ ആക്കപറമ്പിൽ ഇതിന് സൗജന്യമായി സ്ഥലം നൽകാൻ തയ്യാറുള്ളവർ ഉണ്ട്.

2. സ്റ്റാഫിന്റെ കുറവ് നികത്തുക. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ ഉടൻ നിയമനം നൽകുക.

3. വാക്സിൻ, മരുന്നുകൾ എന്നിവ സൂക്ഷിക്കാൻ ഒരു ഫ്രിഡ്ജ് അനുവദിക്കുക.

4. ആശുപത്രിക്കാവശ്യമായ ഫർണീച്ചർ അനുവദിക്കുക.

ബോധവൽക്കരണം.

1. ഓരോ വാർഡും കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

2. കന്നുകാലി പ്രദർശനം, രോഗപ്രതിരോധ കുത്തിവെപ്പുകൾ, വന്ധ്യതാ നിവാരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ ഓരോ വാർഡിലും നടത്തുക.

ക്ഷേമ പ്രവർത്തനങ്ങൾ

1. ശാസ്ത്രീയമായ കാലിതൊഴുത്ത് നിർമ്മിക്കുന്ന കർഷകർക്ക് സബ്സിഡി നൽകുന്നതിൽ ഇന്നുള്ള പരിമിതി അവസാനിപ്പിച്ച് തൊഴുത്തു നിർമ്മിക്കുന്ന എല്ലാവർക്കും കാലാനുസൃതമായി സബ്സിഡി നൽകുക.

2. ആട് ഫാം, കോഴിഫാം എന്നിവ തുടങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് സാമ്പത്തിക സഹായവും വിദഗ്ധ ഉപദേശവും നൽകുക.

3. നല്ലയിനം കറവ പശുക്കളേയും, കന്നുകുട്ടികളെയും മൃഗസംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിൽ വിതരണം ചെയ്യുക.

4. പാൽ വില വർദ്ധിപ്പിക്കുക.

5. നല്ലയിനം കോഴികുഞ്ഞുങ്ങളെയും, അടവക്കാനുള്ള കോഴിമുട്ടയും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

6. പഞ്ചായത്തിൽ രണ്ട് എഗ്ഗർ നേഴ്സറികൾ തുടങ്ങുക.

7. ചുരുങ്ങിയത് 2 വാർഡുകൾ ഉൾപ്പെടുത്തി ഒരു പാൽ സൊസൈറ്റി രൂപീകരിക്കുക.

8. പാൽ സൊസൈറ്റികൾ കേന്ദ്രീകരിച്ച് തീറ്റ മിശ്രിത യൂണിറ്റുകൾ സ്ഥാപിക്കുക.

9. കന്നുകുട്ടി പരിപാലന പദ്ധതി പാൽ സൊസൈറ്റികൾ മുഖാന്തിരം നടപ്പാക്കുക.

10. മൃഗസംരക്ഷണ രംഗത്ത് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. വായ്പ പരിധി ഉയർത്തുക. സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.

11. പുതിയ ഇനം മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും സാങ്കേതിക ഉപദേശങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

വിദ്യാഭ്യാസം

പഞ്ചായത്തിലെ പഴയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചരിത്രം കുറെകൂടി വിശദമാക്കേണ്ടതുണ്ട്.

പട്ടിക്കാട് ഗവ: എൽ.പി. സ്കൂൾ	1900ന് അടുത്ത്
ജി.എം.എൽ.പി. തച്ചിങ്ങനാടം (ഇപ്പോൾ ജി.എം.യു.പി. തച്ചിങ്ങനാടം)	1920ന് മുൻപ്
എ.എം.എൽ.പി. മുള്ള്യാകുർശ്ശി	1924
കൃഷ്ണാ യു.പി. (ആദ്യം ബോർഡ്സ്കൂൾ പിന്നീട് അമ്പോളിപ്പ് ചെയ്തു. പിന്നീട് സ്വകാര്യ സ്കൂൾ)	1942
പൂന്താവനം എ.എം.എൽ.പി.	1924

സംസ്ക്കാരത്തിന്റെ ഭാഗത്ത് കൊടുത്ത മൊയ്തു മൊല്ലയുടെ കാര്യം വിദ്യാഭ്യാസത്തിന്റെ അദ്ധ്യായത്തിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. ഒറവംപുറം യു.പി.സ്കൂൾ എന്നത് ജി.എം.യു.പി.സ്കൂൾ തച്ചിങ്ങനാടം എന്ന് തിരുത്തണം. ഹൈസ്ക്കൂളായി ഉയർത്തേണ്ട വിദ്യാലയങ്ങളുടെ കൂട്ടത്തിൽ പി.ടി.എം.യു.പി.സ്കൂൾ മുള്ള്യാകുർശ്ശി, വിദ്യാജ്യോതി യു.പി.സ്കൂൾ കൂടി ചേർക്കണം. പൂന്താവനം എ.എം.എൽ.പി. സ്കൂൾ യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്യണം.

പഠന നിലവാരം ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. ഗവ:സ്കൂളുകളിൽ വർഷാരംഭത്തിൽ തന്നെ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കണം.

2. പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നതിന് സംവിധാനം വേണം. ഓരോ സബ്ജില്ലയിലും പുസ്തക ഡിപ്പോകൾ വേണം.

3. വി.ഇ.സി. യുടെ പ്രവർത്തനം കൂടുതൽ സജീവമാക്കണം. ഒരു ടേമിൽ ഒരു തവണയെങ്കിലും വി.ഇ.സി. അംഗങ്ങൾ വിദ്യാലയം സന്ദർശിച്ച് നിലവാരം പരിശോധിക്കണം.

4. വി.ഇ.സി.യുടെ പ്രവർത്തനത്തിൽ ജനപ്രതിനിധികളുടെ സജീവമായ സാന്നിദ്ധ്യവും ഫല പ്രദമായ നേതൃത്വവും വേണം.

5. അദ്ധ്യാപകരുടെ സേവനം വിദ്യാലയത്തിൽ തന്നെ ലഭിക്കുന്നതിന് അദ്ധ്യാപകരെ മറ്റ് ജോലികളിൽ നിയോഗിക്കുന്നത് നിരോധിക്കണം.

6. സാക്ഷരത പ്രവർത്തനം റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. ജനവിദ്യാ കേന്ദ്രങ്ങൾ സജീവമാക്കണം. ദൃശ്യശ്രാവ്യ പഠനത്തിന്റെ കേന്ദ്രങ്ങളാക്കി അവയെ മാറ്റണം. വിദ്യാലയങ്ങളെ ജനവിദ്യാകേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തണം.

7. എല്ലാ വിദ്യാലയങ്ങളിലും ഉച്ചഭക്ഷണം നൽകുന്നതിന് സംവിധാനം വേണം. ഉച്ചഭക്ഷണത്തിന് ഉള്ള പാചക ചെലവ് 10 പൈസയിൽ നിന്ന് 30 പൈസയാക്കി ഉയർത്തണം. എല്ലാ വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണം ലഭിക്കണം. പാചക കൂലി യഥാസമയം കിട്ടണം.

8. ദൃശ്യ ശ്രാവ്യ വിദ്യാഭ്യാസം വിപുലീകരിക്കണം. ഇതിന് വിദ്യാലയങ്ങളിൽ വൈദ്യുതി കണക്ഷൻ നൽകണം. ഇതിന് വിദ്യാലയങ്ങൾക്ക് മുൻഗണന നൽകണം.

9. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കണം.

10. രക്ഷിതാക്കളുടെയും വിദ്യാഭ്യാസതൽപരരുടെയും ശ്രദ്ധ വിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്തുന്ന കാര്യത്തിൽ വേണം.

11. പട്ടിക്കാട് എൽ.പി. സ്കൂളിന് നിലവിലുള്ള ജീർണ്ണിച്ചതും പഴകിയതുമായ കെട്ടിടത്തിന് പകരം പുതിയത് നിർമ്മിക്കുകയും മൂത്രപ്പുര നിർമ്മിക്കുകയും വേണം.

പട്ടിക ജാതി പട്ടികവർഗ്ഗക്ഷേമം

വിദ്യാഭ്യാസം

1. പഞ്ചായത്ത് തലത്തിൽ ഹരിജൻ വിദ്യാർത്ഥികൾക്കും റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുക.

2. പഞ്ചായത്ത് തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് അനുവദിക്കുക.

3. പഞ്ചായത്തിലെ ഹൈസ്ക്കൂളുകളിൽ പത്താംതരത്തിൽ പഠിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് പഠന സമയത്തിന് ശേഷം തൊഴിൽ പരിശീലനം നൽകുക.

4. ഹരിജൻ കോളനികളിൽ കേന്ദ്രീകരിച്ച് പ്രീപ്രൈമറി സ്കൂൾ അനുവദിക്കുക.

തൊഴിൽ

1. പഞ്ചായത്ത് തലത്തിൽ തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുക. അതിൽ ഹരിജനങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് മുൻഗണന നൽകുകയും ചെയ്യുക.

2. വീടില്ലാത്തവർക്ക് മുഴുവൻ വീടും കക്കൂസും അനുവദിക്കുക.

3. വീട് അനുവദിച്ചവർക്ക് വീട് പുതുക്കിപണിയുന്നതിന് സഹായം നൽകുക. പറമ്പൂർ ൦൦൦ വാർഡിലെ പള്ളിപറമ്പ്, തലാച്ചോല, വടക്കേക്കര, പുവത്തുംപറമ്പിൽ എന്നിവിടങ്ങളിലുള്ള ഹരിജൻ വീടുകൾ കോളനിയായി അംഗീകരിക്കുക. കോളനിയിലേക്ക് റോഡ്, വെള്ളം, വൈദ്യുതി എന്നിവ എത്തിക്കുക.

അംഗീകരിച്ച കോളനികളുടെ പട്ടികയിൽ കൂട്ടുമൂച്ചിക്കൽ കോളനികൂടി ഉൾപ്പെടുത്തണം. അംഗീകാരത്തിന് നിർദ്ദേശിക്കുന്ന കോളനികൾ.

Sl. No.	വാർഡ്		വീട്	അംഗങ്ങൾ
1.	I	പരിയാരം കോളനി	11	40
2.	II	മംഗലത്ത് കോളനി	6	32
3.	III	മന്തംകുണ്ട് കോളനി	5	22
4.	III	കുന്നത്തേരി പറമ്പ് ഗിരിജൻ കോളനി	10	35
5	IV	പാറക്കടവത്ത് കോളനി	10	40
6.	IV	നിരണ പറമ്പിൽ	11	45
7.	IV	കിളിമേൽ	10	43
8.	IV	പാലാക്കാക്കുഴി	10	42
9.	IV	നൊട്ടിക്കുന്നുമേൽ	10	40
10.	V	മഞ്ഞളികോളനി	11	45
11.	VII	കല്ലിങ്ങൽ പറമ്പ്	11	53
12.	VIII	മേലേത്തൊടി	14	52
			119	489

സംസ്ക്കാരം

1. തച്ചിങ്ങനാടത്ത് 50 കൊല്ലംമുമ്പ് പള്ളിക്കുത്ത് പത്മനാഭൻനായർ, പള്ളിക്കുത്ത് നാരായണൻ നായർ തുടങ്ങിയ സാമൂഹിക പ്രവർത്തകൻമാരുടെ മുൻ കൈയ്യോടെ ദേശീയ വായനശാല എന്നപേരിൽ ഒരു ഗ്രന്ഥാലയം സ്ഥാപിച്ചിരുന്നു. കുറച്ചുകാലത്തെ പ്രവർത്തനത്തിനുശേഷം പ്രവർത്തനം നിലച്ചു. പിന്നീട് 1970 ഒക്ടോബർ 10ന് പുനരാരംഭിച്ച ഗ്രന്ഥാലയമാണ് ഇന്നത്തെ ചന്ദ്രൻ സ്മാരക ഗ്രന്ഥാലയം.

2. പഴയകാല സംസ്ക്കാരിക പ്രവർത്തകരിൽ ശ്രദ്ധേയരാണ് നാടകനടനും ചിത്രകാരനുമായ ടി.പത്മനാഭൻ, സംഗീതജ്ഞയായിരുന്ന നെല്ലിക്കൽ കുഞ്ഞിലക്ഷ്മി ടീച്ചർ, ചിത്രകാരനും മെയ്ക്കപ്പ് ആർട്ടിസ്റ്റും അദ്ധ്യാപകനുമായിരുന്ന കോൽക്കളത്തിൽ വേലായുധൻനായർ, പള്ളിക്കുത്ത് കൃഷ്ൺകുട്ടി മാസ്റ്റർ, പള്ളിദർസ് നടത്തിയിരുന്ന അമാനത്ത് ഹസൻകുട്ടിമുസ്ല്യാർ, കോയണ്ണിമുസ്ല്യാർ, നെച്ചിക്കാടൻ കുഞ്ഞാൻ മൊല്ല, ഭൗതികവും മതപരവുമായ വിദ്യാഭ്യാസത്തിന് നേതൃത്വം നൽകിയ നെടിയേടത്ത് കുഞ്ഞലവിഹാജിമൊല്ലാക്ക, അദ്ദേഹത്തിന്റെ മകനും കേരളത്തിനകത്തും പുറത്തും അറിയപ്പെട്ടിരുന്ന മതപ്രാസംഗികനും ആയിരുന്ന എൻ.അബ്ദുള്ള മുസ്ല്യാർ, ഈയിടെ അകാലത്തിൽ മരണപ്പെട്ട പി.രവീന്ദ്രൻ എന്നിവർ.

3. ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന എം.ഗോവിന്ദൻകുട്ടി മേനോൻ എന്നത് എം.ജി.മാസ്റ്റർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന എം.ഗോവിന്ദൻകുട്ടി പണിക്കർ എന്ന് തിരുത്തണം. കൂടെ ആദ്യ ഖണ്ഡികയിൽ ചേർത്ത ' സമ്പന്നമായ ഒരു നാടൻ കലാപാരമ്പര്യമോ അർത്ഥപൂർണ്ണമായ ഒരു നാടോടി സാഹിത്യ പൈതൃകമോ ഈ പ്രദേശത്തിന് അവകാശപ്പെടാനില്ല. പക്ഷേ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഈ പ്രദേശത്തിന് അഭിമാനാവഹമായ ഒരു പാരമ്പര്യമുണ്ട്.' എന്ന വാചകങ്ങൾ. സമ്പന്നമായ നാടൻ കലാപാരമ്പര്യവും അർത്ഥപൂർണ്ണമായ നാടോടി സാഹിത്യ പൈതൃകവും ഈ പ്രദേശത്തിന് അവകാശപ്പെടാനുണ്ട്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഈ പ്രദേശത്തിന് അഭിമാനാവഹമായ ഒരു പാരമ്പര്യമുണ്ട്'എന്നിങ്ങനെ തിരുത്തിവായിക്കണം. നാലാം ഖണ്ഡികയിൽ 'ഇന്നിവിടെനേഴ്സറിതലംമുതൽ ' എന്നു തുടങ്ങുന്നത് 'ഇന്നിവിടെ പ്രൈമറി തലംമുതൽ' എന്ന് തിരുത്തേണ്ടതുണ്ട്. പൂന്താനത്തിന്റെ കൃതികളായ ജ്ഞാനപ്പാനയും, സന്താനഗോപാലവും സമിതി 'പ്രസിദ്ധീകരിച്ചു' എന്നുള്ളിടത്ത് 'പുന: പ്രസിദ്ധീകരിച്ചു'എന്നതാക്കി തിരുത്തണം. 'പതിനാലോളം'ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നുള്ളിടത്ത് 'ഇരുപത്തിമൂന്ന്'എന്ന് തിരുത്തിവായിക്കണം.

4. ഇന്നിന്റെ സാംസ്ക്കാരിക രേഖകളിൽ പരാമർശിക്കപ്പെട്ട പേരുകളിൽ, പഴയകാല സംഗീതജ്ഞനായിരുന്ന കെ.എം.കേശവപണിക്കർ, സംഗീതമേഖലയിൽ ജില്ലക്കകത്തും പുറത്തും ശ്രദ്ധേയനായ ശ്രീ.പി.മുരളിമാസ്റ്റർ എന്നിവരുടെ പേരുകൾ ചേർത്തുവായിക്കേണ്ടതുണ്ട്. 1928 ൽ തച്ചിങ്ങനാടം ജി.എം.യു.പി.സ്കൂളിന് (ഒറവംപുറം) സൗജന്യമായി സ്ഥലം നൽകിയ ശ്രീ.കെ.വി. ശൂലപാണിവാര്യരുടെ പേരും പരാമർശ വിധേയമാക്കേണ്ടതുണ്ട്. കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റ് മെമ്പർ,യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ സ്ഥാനങ്ങൾ വഹിച്ച് ശ്രദ്ധേയനായ ശ്രീരാമകൃഷ്ണൻ ഈ പഞ്ചായത്തിലാണെന്നുള്ളത് നമുക്ക് അഭിമാനിക്കാൻ വകയുള്ളതാണ്. 1993ലെ ധീരതയ്ക്കുള്ള രാഷ്ട്രപതിയുടെ ദേശീയവാർഡ് ഈ പഞ്ചായത്തിലെ ചെമ്മന്തട്ട സ്വദേശി സി.ടി.അലിക്ക് ലഭിക്കുകയുണ്ടായിട്ടുണ്ട് എന്ന വസ്തുത തികച്ചും അഭിമാനിക്കേണ്ടതാണ്.

5. കായികരംഗത്തിൽ പരാമർശിക്കേണ്ടത്.

തൊണ്ണൂറുകളിൽ ദേശീയതലത്തിൽ ജയ്പൂരിൽ വെച്ചു നടത്തിയ ബോൾബെഡ്മിന്റൺ മത്സരത്തിൽ പട്ടിക്കാട് രശ്മി ആർട്സ് & സ്പോർട്സ് ക്ലബ്ബിൽ നിന്ന് പങ്കെടുത്ത അരിക്കുഴിയൻ മുഹമ്മദ് മുസ്തഫയുടെ പേരും പ്രസ്താവിക്കേണ്ടതുണ്ട്.

6. പൂന്താനം ഇല്ലം.

നാല് നൂറ്റാണ്ടുകൾക്കുമുമ്പ് ജീവിച്ചിരുന്നതും, മലയാള സാഹിത്യത്തിന് ഏറെ പ്രയോജന പ്രദങ്ങളായ നിരവധി കൃതികളുടെ കർത്താവുമായ ഭക്ത മഹാകവി പൂന്താനത്തിന്റെ ജന്മഗൃഹം നമ്മുടെ പഞ്ചായത്തിലാണ്. 1993 ആഗസ്റ്റ് 29ന് പൂന്താനം ഇല്ലം ഗുരുവായൂർ ദേവസ്വം ഏറ്റെടുത്തു. പൂന്താനം ഇല്ലം തനിമ നിലനിറുത്തികൊണ്ട്

സംരക്ഷിക്കുവാൻ ദേവസ്വം നടപടികൾ എടുത്തു വരുന്നു. ഇല്ല പറമ്പിൽ നിന്നും ഒരേക്കർ സ്ഥലം ദേവസ്വം വികസന പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ സഹകരണത്തോടെ ജനകീയാടിസ്ഥാനത്തിൽ വർഷം തോറും കുംഭമാസത്തിലെ അശ്വതി നാളിൽ പൂന്താനം ദിനം ആഘോഷിച്ചുവരുന്നുണ്ട്. കേരളത്തിലെ ഒട്ടുമിക്ക സാഹിത്യസാംസ്ക്കാരിക നായകൻമാരും കവികളും ഇല്ലം സന്ദർശിച്ചിട്ടുണ്ട്. തദ്ദേശിയരുടെ നേതൃത്വത്തിൽ രൂപീകൃതമായ പൂന്താനം ഇല്ലം സംരക്ഷണ സമിതി മുൻകയ്യെടുത്താണ് ആഘോഷങ്ങൾ നടത്തിവരുന്നത്. വിദ്യാരംഭനാളിൽ അറിവിന്റെ ആദ്യാക്ഷരം കുറിക്കാൻ നൂറുകണക്കിന് കുട്ടികൾ വർഷം തോറും ഇല്ലത്തെത്താറുണ്ട്. പൂന്താനം ഇല്ലവുമായി ബന്ധപ്പെട്ട ഐതിഹ്യ പ്രാധാന്യമുള്ള ശങ്കരൻകുന്ന് സമീപത്താണ് സ്ഥിതി ചെയ്യുന്നത്.

7. സി.എം.എ.സി.

1970 ൽ രൂപംകൊണ്ട് ഒരു കാലത്ത് ജില്ലക്കകത്തും പുറത്തും അറിയപ്പെട്ടിരുന്ന കലാസമിതിയാണ് സി.എം.എ.സി. തച്ചിങ്ങനാടം അമേച്വർ നാടക മത്സരങ്ങളിൽ പങ്കെടുത്ത് അംഗീകാരം നേടിയിട്ടുണ്ട്. ആകാശവാണിയിലൂടെ യുവവാണ് പരിപാടികൾ അവതരിപ്പിച്ച് ശ്രോതാക്കളുടെ അംഗീകാരം നേടിയിട്ടുണ്ട്. ഒട്ടേറെ റേഡിയോ കലാകാരൻമാരെ സംഭാവനചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് വേണ്ടത്ര സജീവമല്ല.

8. സ്വാതന്ത്ര്യ സമരത്തിൽ ഈ പ്രദേശത്ത് വേരൂന്നിയ ദേശീയപ്രസ്ഥാനമെന്ന് പറയാവുന്നത് ഖിലാഫത്ത് പ്രസ്ഥാനമാണ്. മുസ്ലീം സഹോദരൻമാരുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു എന്നതിന്റെ പേരിൽ ബ്രിട്ടീഷുകാർ ബല്ലാറി ജയിലിലടച്ച് പീഡിപ്പിച്ച രാമൻ നമ്പൂതിരി (മഹാകവി പൂന്താനത്തിന്റെ അവസാനത്തെ തലമുറക്കാരൻ) പ്രത്യേകം സമരണീയനാണ്. കളത്തിൽ മമ്മുട്ടി, കലിവമരക്കാർ, കിഴക്കും പറമ്പൻ മൂസ എന്നീ വ്യക്തികളും ദേശീയപ്രസ്ഥാനത്തിൽ ഈ പ്രദേശത്തിന്റെ സാന്നിദ്ധ്യമറിയിച്ചവരാണ്.

9. ഇസ്ലാംമത പഠനരംഗത്ത് ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ സ്ഥാപനമായ ജാമിയ:നൂരിയ:അറബിക് കോളേജ്, മത ഭൗകതിക വിദ്യാഭ്യാസത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന ശാന്തപുരം ഇസ്ലാമിയ കോളേജ്, പെൺകുട്ടികളുടെ മതഭൗതിക വിദ്യാഭ്യാസത്തിന് വേണ്ടി പട്ടിക്കാട് ഉള്ള പാണക്കാട് പൂക്കോയതങ്ങൾ മെമ്മോറിയൽ വിമൻസ് കോളേജ്, ഖുറാൻ ഹൃദിസ്ഥമാക്കുന്നതിന് ഒറവംപുറത്ത് സ്ഥാപിച്ചിട്ടുള്ള മദ്രസത്തുൽ ഹുഫഫാജ് കോളേജ് എന്നിവ പ്രദേശത്തെ അറിയപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്.

10. പതിനഞ്ചാം ഖണ്ഡികയുടെ അവസാനം 'പ്രവർത്തനത്തിൽ ശ്രദ്ധേയങ്ങളായ ക്ലബ്ബുകളും വായനശാലകളും കുറവല്ല' എന്നുകൂടി കൂട്ടിവായിക്കേണ്ടതുണ്ട്.

11. വിവര പട്ടികകളിൽ വേണ്ട മാറ്റങ്ങൾ

വിവര പട്ടിക 1ലെ റിമാർക്കുകൾ താഴെ പറയും പ്രകാരം മാറ്റി വായിക്കണം.

ക്രമനമ്പർ	1	പ്രവർത്തനമാന്ദ്യം ഇല്ലാതാക്കണം
"	2	നല്ലരീതിയിൽ പ്രവർത്തിക്കുന്നു
"	3	പ്രവർത്തനം തൃപ്തികരം
"	4	നല്ലരീതിയിൽ പ്രവർത്തിക്കുന്നു
"	5	1990ൽ സാമൂഹ്യ ദ്രോഹികൾ കത്തിച്ചു. ഇന്ന് പ്രവർത്തനമില്ല. പ്രവർത്തനം പുനരാരംഭിക്കണം
"	6	പ്രവർത്തനം പുനരാരംഭിക്കണം
"	7	ഇനിയും നന്നാകണം
"	8	1000 പുസ്തകമുണ്ടാക്കി ലൈബ്രറി കൗൺസിലിൽ അഫിലേറ്റ് ചെയ്യണം.

വിവര പട്ടിക 1ലെ ക്രമനമ്പറുകൾക്കു നേരെ, വിട്ടുപോയ ഗ്രെയ്ഡുകൾ ഇപ്രകാരമാണ്.

ക്രമനമ്പർ	5	D
ക്രമനമ്പർ	7	D
ക്രമനമ്പർ	8	D

വിവര പട്ടിക 1ൽ ക്രമനമ്പർ 7ന് നേരെയുള്ള നിലവിലുള്ള മെമ്പർമാരുടെ എണ്ണം 219ഉം, ക്രമനമ്പർ 8ന് നേരെയുള്ളത് 40ഉം ആണ്. അതുപോലെത്തന്നെ ഈ പട്ടികയിലെ ക്രമനമ്പർ 6ന് നേരെ, പുസ്തകങ്ങളുടെ എണ്ണത്തിൽ കാണിച്ചിരിക്കുന്ന 620 എന്നത് തിരുത്തി 1050 എന്നാക്കണം.

വിവര പട്ടിക 2ലെ പ്രവർത്തനത്തിന്റെ ലഘുവിവരം എന്ന ഭാഗം ഒഴിവാക്കേണ്ടതാണ്. നെഹ്റു യുവക് ക്ലബ്ബ്, പൂന്താനത്തിന് നെഹ്റുയുവക് ക്ലബ്ബ്, മലപ്പുറവുമായി അഫിലിയേഷനുണ്ട്. കീഴാറ്റൂർ ആർട്സ്, കീഴാറ്റൂരും നെഹ്റുയുവക് ക്ലബ്ബ് കീഴാറ്റൂരും സ്ഥിതി ചെയ്യുന്ന വാർഡുകൾ 6 എന്ന്എഴുതി കണ്ടത് 5 എന്ന് തിരുത്തി വായിക്കണം. വിവരപട്ടിക 2ലേക്ക് കൂട്ടിചേർക്കേണ്ട കലാകായിക സമിതികളുടെ വിവരങ്ങൾ.

ക്രമ നമ്പർ	പേരും മേൽവിലാസവും	ധനസഹായത്തിന്റെ വിവരം	ഏത് സംഘത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു	വാർഡ്	റിമാർക്സ്
15	ബാപ്പുജിസഖ്യം തച്ചിങ്ങനാടം			3	
16	CMAC തച്ചിങ്ങനാടം		കേരള സംഗീത നാടക അക്കാദമി തൃശൂർ	4	
17	ടിപ്പു ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കാഞ്ഞിരകുളം, തച്ചിങ്ങനാടം			4	
18	LASC മുള്ള്യാകുർശ്ശി P.O. പട്ടിക്കാട്			9	
19	മിലാൻ ആർട്സ് & സ്പോർട്സക്ലബ്ബ്, വണ്ണൻമല ജംഗ്ഷൻ, P.O. പട്ടിക്കാട്			7	
20	രശ്മി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പട്ടിക്കാട് വെസ്റ്റ് P.O.പട്ടിക്കാട്			8	
21	മൂൺലൈറ്റ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് പാറശ്ശേരിപ്പടി, പട്ടിക്കാട്			8	
22	ജ്യോതി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കോഴിശ്ശേരികുന്ന്, ഒറവംപുറം			2	
23	മുള്ള്യാകുർശ്ശി ആർട്സ് & സ്പോർട്സ് ക്ലബ്ബ് മുള്ള്യാകുർശ്ശി			9	

12. പരിഹാര നിർദ്ദേശങ്ങൾ -കൂട്ടിചേർക്കേണ്ടത്.

'കടമ്പ് പ്രദേശം ഉപയുക്തമാണ്' എന്നിടത്ത് 'കടമ്പ് പ്രദേശം പോലുള്ള സ്ഥലങ്ങൾ ഉപയുക്തമാണ്' എന്ന് തിരുത്തിവായിക്കേണ്ടതാണ്.

സംസ്ഥാന സർക്കാർ മഹാകവി പൂന്താനത്തിന്റെ ഇല്ലപറമ്പിൽ മലയാള ഭാഷാഗവേഷണകേന്ദ്രം, റഫറൻസ് ലൈബ്രറി, മ്യൂസിയം, ഓഡിറ്റോറിയം എന്നിവ ഉൾപ്പെടുന്ന സാംസ്ക്കാരിക നിലയം സ്ഥാപിക്കണം. പൂന്താനം ദിനത്തിന് പഞ്ചായത്ത് ധനസഹായം നൽകണം.

പൂന്താനം സ്മാരക സമിതി കീഴാറ്റൂരിൽ കണ്ടെത്തിയിട്ടുള്ള സ്ഥലത്തും അനുയോജ്യമായ സ്മാരകം ഉയരേണ്ടതാണ്.

പഞ്ചായത്ത് ആഫീസ് കോമ്പൗണ്ടിൽ സാംസ്ക്കാരിക നിലയവും കമ്മ്യൂണിറ്റിഹാളും നിർമ്മിക്കുക.

എല്ലാ വാർഡിലും ഗ്രന്ഥശാലകൾ ഉണ്ടാക്കുക. കെട്ടിടം ഇല്ലാത്തവ നിർമ്മിക്കാൻ പഞ്ചായത്ത് സഹായം ഉണ്ടാവണം.

ദൃശ്യമാധ്യമങ്ങൾ ഒരു പരിധി വരെ ജനങ്ങളെ വഴിതെറ്റിക്കുന്നുണ്ട്. ഗ്രന്ഥശാലകളും കലാസാംസ്ക്കാരിക സ്ഥാപനങ്ങളും മുൻകയ്യെടുത്ത് ഫിലിം ക്ലബ്ബുകൾ രൂപീകരിച്ച് നല്ലൊരു സംസ്ക്കാരം ഉണ്ടാക്കുക. ചർച്ചകൾ സംഘടിപ്പിക്കുക. ❐

സഹകരണം

അനുബന്ധം : കാർഷിക വായ്പ പരിധി ഉയർത്തണം. കാർഷിക കാർഷികേതര വായ്പകൾ ആൾ ജാമ്യത്തിൽ 10000ക വരേയും സ്വന്തം ജാമ്യത്തിൽ 50000കയും നൽകേണ്ടതാണ്. സഹകരണാടിസ്ഥാനത്തിൽ റബ്ബർ സ്ക്രീപ്പിങ്ങ് ഫാക്ടറിയും റബ്ബർക്രംപ് ഫാക്ടറിയും തുടങ്ങണം. കേര കൃഷി വികസനത്തിന് സഹായിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഓയിൽ മിൽ, കൊപ്ര സംസ്ക്കരണയൂണിറ്റ്, കയർ ഫാക്ടറി എന്നിവ സ്ഥാപിക്കണം. വായ്പകൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് നിലവിലുള്ള സാങ്കേതികത്വങ്ങൾ ഒഴിവാക്കണം. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ കുറെകൂടി അയവ് വരുത്തണം. തച്ചിങ്ങനാടം, പട്ടിക്കാട് എന്നിവിടങ്ങളിൽ ഹരിജൻ, വനിത സഹകരണസംഘങ്ങൾ തുടങ്ങണം. നിലവിലുള്ള വായ്പാ പലിശനിരക്കുകൾ കുറക്കണം. സഹകരണ വിദ്യാഭ്യാസ സെമിനാറുകൾ നടത്തണം.

വനിതാക്ഷേമം

രക്ഷിതാക്കളുടെ വിദ്യാഭ്യാസപരമായി താഴ്ന്ന നിലവാരം, സ്ത്രീയുടെ സാമ്പത്തിക സ്വാതന്ത്ര്യമില്ലായ്മ, മതതത്വങ്ങൾ തെറ്റിദ്ധരിപ്പിക്കപ്പെടുന്നത് എന്നത് സ്ത്രീ നേരിടുന്ന വെല്ലുവിളികളാണ്. സ്ത്രീധനം സ്ത്രീയെ സാമൂഹികമായി പിന്നോക്കം നിർത്തുന്നു. ഇക്കാര്യത്തിൽ സാമൂഹ്യ ബോധവൽക്കരണം നടത്തണം. സ്ത്രീയെ ഒരു വ്യക്തിയായി അംഗീകരിക്കുക. പഞ്ചായത്തുതലത്തിൽ അഭ്യസ്ത വിദ്യരായ സ്ത്രീകളുടെ ഒരു സമിതി രൂപീകരിക്കുക. ഇതിന് ഔദ്യോഗിക സ്വഭാവം നൽകണം. സ്ത്രീ പീഢനം, സ്ത്രീധന പീഢനം, ചൂഷണം എന്നിവയെ ചോദ്യം ചെയ്യാൻ ഈ സമിതിക്ക് അധികാരം നൽകണം. പഞ്ചായത്തിൽ ഒരു കുടുംബ കോടതി വേണം. നിലവിലുള്ള സാമൂഹ്യ വ്യവസ്ഥിതി കൊണ്ടും അപവാദങ്ങൾ ഭയന്നുമാണ് സ്ത്രീ നേതൃ നിരയിലേക്ക് വരാത്തത്. അംഗൻവാടികൾ കേന്ദ്രീകരിച്ച് വിവിധവിഭാഗം വനിതകളെ ഉൾപ്പെടുത്തി സെമിനാറുകളും മറ്റും നടത്തണം. അംഗൻവാടികൾ ഇല്ലായിടത്ത് ഉടനെ തുടങ്ങണം. വനിത തൊഴിൽ സംരഭങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് വനിതായൂണീറ്റുകൾക്ക് കിട്ടുന്ന ധനസഹായങ്ങളെ കുറിച്ചും ജോലിസാദ്ധ്യതകളെ കുറിച്ചും ബോധവൽക്കരണ സെമിനാറുകൾ നടത്തണം. CBNP യുടെ പ്രവർത്തനം കാര്യക്ഷമമാക്കി വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. ഒരു വനിത തൊഴിൽ പരിശീലന കേന്ദ്രം പഞ്ചായത്തിൽ തുടങ്ങണം. ചെറുകിട കുടിൽ വ്യവസായങ്ങളിലൂടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വിപണന കേന്ദ്രങ്ങൾ തുടങ്ങണം. 10-ാം വാർഡിൽ പഞ്ചായത്ത് ഓഫീസിന്റെ തൊട്ടുകിടക്കുന്ന മഹിളാസമാജത്തിന്റെ സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് സമാജത്തിന്റെ പ്രവർത്തനം പുനർജീവിപ്പിക്കുക.

വിഭവസമാഹരണം

വീട്ടുനികുതി ചുമത്തുന്നത് തറ വിസ്തീർണ്ണത്തിന്റെയും ആഡംബര തോതിൽ ആക്കണം. റവന്യൂഡിപ്പാർട്ട്മെന്റ് പിരിയ്ക്കുന്ന കെട്ടിടനികുതി പഞ്ചായത്തുകൾക്ക് കൈമാറണം. സ്റ്റാമ്പ് ഡ്യൂട്ടി പൂർണ്ണമായും പഞ്ചായത്തുകൾക്ക് കിട്ടണം. വിനോദനികുതി കോമ്പൗണ്ട് ചെയ്യുന്നതിനുമുമ്പ് സ്റ്റാൻഡിങ്ങ് കമ്മറ്റി ചെക്കിങ്ങ് നടത്തണം. 10 ഏക്രയിൽ കൂടുതൽ ഭൂമിയുള്ളവരിൽ നിന്ന് നികുതി വസൂലാക്കണം. തൊഴിൽ നികുതി ഇനത്തിൽ കൂടുതൽ വരുമാനമുണ്ടാകുന്നതിന് സംവിധാനം ഉണ്ടാകണം. നിർമ്മാണ തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷുറൻസിൽ കൊണ്ട് വന്ന് അവരിൽ നിന്ന് ചെറിയ തോതിൽ തൊഴിൽ നികുതി ഈടാക്കാം. റൂറൽഡെവലപ്മെന്റ് ബോർഡിൽ നിന്ന് വായ്പ എടുത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് , കല്ല്യാണമണ്ഡപം എന്നിവ ഉണ്ടാക്കി വരുമാനം വർദ്ധിപ്പിക്കാം. പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴയിൽ മണൽ ലേലം നടത്തി വരുമാനം വർദ്ധിപ്പിക്കാം.

വ്യവസായം

നിർദ്ദേശങ്ങൾ

1. വ്യവസായങ്ങൾ തുടങ്ങാൻ താൽപര്യവും സാദ്ധ്യതയും ഉള്ളവരെ പഞ്ചായത്ത് രജിസ്റ്റർ ചെയ്യുകയും അവർക്ക് വിവിധ മേഖലകളിലെ സാദ്ധ്യതകളെ കുറിച്ച് വിവരം നൽകുകയും ചെയ്യുക.

2. ഇഷ്ടിക നിർമ്മാണ ഫാക്ടറികൾക്ക് മുൻകാലങ്ങളിൽ അനുവദിച്ചിരുന്നതുപോലെ മണ്ണെണ്ണ കൂപ്പൺ അനുവദിക്കുക.

3. ചെറുകിട വ്യവസായങ്ങൾക്കുള്ള പലിശനിരക്ക് ധനകാര്യസ്ഥാപനങ്ങൾ കുറയ്ക്കുക.

4. മഹിളകയർയോജന പദ്ധതി പഞ്ചായത്തിൽ നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

5. വ്യവസായ സംരഭങ്ങൾക്ക് വികസന പരിശീലനം നൽകുക.

6. തോട്ടപ്പായയിലുള്ള ലാറ്റക്സ് ഫാക്ടറി പരിസര മലിനീകരണം ഒഴിവാക്കി പ്രവർത്തിപ്പിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.

7. വികസന റിപ്പോർട്ടിൽ ചൂണ്ടികാണിച്ച ടയർ ഫാക്ടറി എന്നതിന് പകരം ടയർ റീട്രേഡിങ്ങ് യൂണിറ്റ്, ത്രഡ് റബ്ബർ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറി എന്നാക്കിമാറ്റണം.

8. ഇഷ്ടികനിർമ്മാണത്തിനാവശ്യമായ സാങ്കേതികവിദ്യ ഇല്ലാ എന്നതിന് പകരം ഗുണമേൻമ ഉള്ള മണ്ണ് ലഭിക്കുന്നില്ല എന്നാക്കി മാറ്റണം.

9. ഖാദിബോർഡ് നിർജ്ജീവം എന്നതിന് പകരം ബോർഡിന്റെ സഹായത്തോടെ ഉള്ള ഒരു പദ്ധതി പഞ്ചായത്തിൽ ഇല്ല എന്നാക്കണം.

10. വ്യവസായ വകുപ്പിലെ അഴിമതി എന്നതിന് പകരം വിവിധ വകുപ്പുകളിലെ അഴിമതി എന്നാക്കി മാറ്റണം.

11. കറുമ്പാറയിൽ പൂട്ടികിടക്കുന്ന ചോലാക്ക് മിഠാ കമ്പനി സഹകരണ അടിസ്ഥാനത്തിലോ പഞ്ചായത്തിന്റെ കീഴിലോ തുറന്ന് പ്രവർത്തിപ്പിക്കുക.

12. ഒരു മിനിവ്യവസായ എസ്റ്റെറ്റ് സ്ഥാപിക്കുക. പഞ്ചായത്ത് പുറമ്പോക്ക് ഭൂമിയോ പഞ്ചായത്ത് വിലകൊടുത്ത് വാങ്ങുന്ന ഭൂമിയോ ഇതിന് ഉപയോഗിക്കാം. റോഡ്, വൈദ്യുതി സൗകര്യം വേണം.

13. വ്യവസായ സംരഭകർക്ക് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും വായ്പകളും എളുപ്പമാക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കുക ❐

കർമ്മസമിതി

1. കൃഷി, ജലസേചനം

പി.നാരായണനുണ്ണി (ചെയർമാൻ)
പി.റസിയ (കൺവീനർ)
പി.കഹാർ (വൈസ് ചെയർമാൻ)
പി.വേലായുധൻ (ജോ:കൺവീനർ)
ഡോ: പി.സി.ശിവരാമൻ നായർ
പി.ഹരിനാരായണൻ
തോളൂർ ഹസ്സൻ
സി.പി.അസൈനാർ
എസ്.വി.മോഹനൻ
പി.കമ്മു
പി.സി.ഹരി
കെ.മാധവൻനായർ

2. മൃഗസംരക്ഷണം, മത്സ്യബന്ധനം

പി.അയിഷ (ചെയർമാൻ)
ഡോ:രാജു (കൺവീനർ)
വി.വി.ആന്റണി (വൈസ് ചെയർമാൻ)
ടി.ആർ. ശശിധരൻ (ജോയന്റ് കൺവീനർ)
എം.സുരേന്ദ്രൻ
എസ്.സി.സേവ്യർ
സി.അസീസ്
കരിപ്പാലിമാനു
പി.അബ്ദുട്ടി
ടി.കെ.റഷീദ്
കെ.സുരേഷ്
പി.ടി.സുരേഷ്

3. വിദ്യാഭ്യാസം

പി.അബ്ദുൾ ഹമീദ് (ചെയർമാൻ)
സി.വാസുദേവൻ (കൺവീനർ)
പി.വി.ജേക്കബ് (വൈസ് പ്രസിഡന്റ്)
എൽ.ജെ.ആന്റണി (ജോയന്റ് കൺവീനർ)
പ്രൊഫ: മുഹമ്മദ്
വി.എം.കൃഷ്ണൻനമ്പൂതിരി
മഞ്ഞളി ബാലകൃഷ്ണൻ
കെ.എം. വിജയകുമാർ
സി.പി.ബാബുരാജ്
വി.കണ്ണൻകുട്ടി
വി.സന്തോഷ്
കെ.ഉസ്മാൻ

4. ആരോഗ്യം, കുടിവെള്ളം

തോളൂർ ഇബ്രാഹിം (ചെയർമാൻ)
കെ.യൂസഫ് (കൺവീനർ)
ഡോ:ടി.അലി (വൈസ്ചെയർമാൻ)
ജോർജ് ജോസഫ് (ജോയന്റ് കൺവീനർ)
കെ.അയ്യപ്പൻ എഴുത്തച്ഛൻ
പി.കെ.കുഞ്ഞിമൊയ്തീൻ
ഡോ: അബൂബക്കർ
എം.രാമദാസ്
സി.മൊയ്തീൻകുട്ടി
കെ.ബാലസുബ്രഹ്മണ്യൻ
പി.കെ.മുഹമ്മദാലി
കെ.രാജഗോപാലൻ

5. വ്യവസായം

എം.ടി.മമ്മിഹാജി (ചെയർമാൻ)
കെ.ടി. അബ്ദുൾമജീദ് (കൺവീനർ)
ശിഹാബുദ്ദീൻ (വൈസ് ചെയർമാൻ)
പി.മുരളി (ജോയന്റ് കൺവീനർ)
പി.സുബ്രഹ്മണ്യൻ
ഒ.പി. ഇസ്ഹാത് ഹാജി
ബെന്നിതോമസ്
എ.ടി.അബ്ദുറഹിമാൻ
പി.മധുസൂദനൻ
വി.കെ.അലി
കെ.പി.അബ്ദുസ്സമദ്
കെ.ചന്ദ്രൻ

6. ഗതാഗതം, ഊർജ്ജം

പി.കെ.അലവി (ചെയർമാൻ)
കെ.സെയ്താലി (കൺവീനർ)
കെ.റ്റി.അബ്ദുൾഖാദർ (വൈസ്ചെയർമാൻ)
പി.അബ്ദുൾ ഹമീദ് (ജോയന്റ് കൺവീനർ)
എൻ.കെ.ഹംസ
ടി.കെ.അബ്ദുറഹിമാൻ
കെ.ടി.മുഹമ്മദ്ബഷീർ
പി.വിശ്വനാഥൻ
കെ.നാരായണൻ
പി.എൻ. മാധവൻ
കെ.കുഞ്ഞുയമ്മു
കെ.ടി.അബ്ദുള്ള

7. സാമൂഹ്യക്ഷേമം, ഭവനനിർമ്മാണം

ആര്യാടൻ മുഹമ്മദ് (ചെയർമാൻ)
എ.ഗോവിന്ദരാജ് (കൺവീനർ)
ശാന്ത (വൈസ് ചെയർമാൻ)
കെ.ജി.ശ്രീനിവാസ് (ജോയന്റ് കൺവീനർ)
പി.ഉണ്ണികൃഷ്ണൻ
എൻ.ജെ. ജോസഫ്
അയിഷ
എം.വി.ജയലക്ഷ്മി
പി.വി.ചന്ദ്രിക
എ.കെ.ആസ്യ
വി.പി.ശശീന്ദ്രൻ
പി.ഉണ്ണി

8.സംസ്ക്കാരം

നജ്മയൂസഫ് (ചെയർമാൻ)
കീഴാറ്റൂർ അനിയൻ (കൺവീനർ)
മാത്തോട്ടിൽ ബാലകൃഷ്ണൻ (വൈസ് ചെയർമാൻ)
പി.എസ്. വിജയകുമാർ (ജോയന്റ് കൺവീനർ)
അഡ്വ: കെ.ടി.ഉമ്മർ
സി.ഉമ്മർമാസ്റ്റർ
കെ.ടി.ഉമ്മർ
പി.വേണുഗോപാലൻ
പി.ജി.നാഥ്
എ.യൂസഫ്
വി.രാജേന്ദ്രൻ
പി.എം. സുരേഷ്കുമാർ

9. വനിതാക്ഷേമം

പി.ഉഷ (ചെയർമാൻ)
കെ.സരസ്വതി (കൺവീനർ)
കെ.എൽ.പഞ്ചാക്ഷി (വൈസ്ചെയർമാൻ)
എൻ.സുബൈദ (ജോയന്റ് കൺവീനർ)
ടി.പി.പത്മിനി
പി.കെ.ശാന്തകുമാരി
കെ.പി.ഉമ്മർ
സി.പി.ഉമ്മർ
എം.സരസ്വതി
കെ.അനിത
പി.കറപ്പുണ്ണി
ടി.പി.ഹരിദാസൻ

10. സഹകരണം

കെ.സൈനബ (ചെയർമാൻ)
വി.ബാലകൃഷ്ണൻ (കൺവീനർ)
യു.ശിവദാസൻ (വൈസ് ചെയർമാൻ)
കെ.സൈനുദ്ദീൻ (ജോയന്റ് കൺവീനർ)
പുഴക്കൽ അബൂബക്കർ
എ.ഗോപാലകൃഷ്ണൻ
പി.കെ.മൂസ്സക്കുട്ടി
വി.ഹംസ
പി.മൊയ്തുപ്പ
കെ.ജയകൃഷ്ണൻ
കെ.സുധാകരൻ
കെ.ശിവശങ്കരൻ

11. പട്ടികജാതി, പട്ടികവർഗ്ഗം

ടി.പി.അച്ചുതൻ (ചെയർമാൻ)
എം.ശങ്കരൻ (കൺവീനർ)
കെ.പി.രാജൻ (വൈസ്ചെയർമാൻ)
കെ.ജയപ്രകാശ് (ജോയന്റ് കൺവീനർ)
എം.രാമൻ
കെ.കോരു
എം.ടി. ഹസ്സൻ
കെ.കരുപ്പൻ
ടി.രാധാകൃഷ്ണൻ
കെ.കെ.ചന്ദ്രൻ
എം.വേലായുധൻ
എം.സുരേന്ദ്രൻ

12. വിഭവസമാഹരണം

തോളൂർ ഇബ്രാഹിം (ചെയർമാൻ)
എ.മുഹമ്മദ് ബഷീർ (കൺവീനർ)
എ.ജമാൽമുഹമ്മദ് (വൈസ്ചെയർമാൻ)
പി.ശ്രീരാമകൃഷ്ണൻ (ജോയന്റ് കൺവീനർ)
കെ.സുലൈമാൻ
പി.രാധ
കെ.ആർ.രാമകൃഷ്ണൻ
കെ.ടി.മുഹമ്മദ് ഹാജി
ജോസഫ് എന്ന തങ്കച്ചൻ
കെ.ജി.മദനൻ
VO, നെന്മിനി
VO, കീഴാറ്റൂർ

(0493783) 3241 പാണ്ടിക്കാട്

തച്ചിങ്ങനാടം സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം

No: 10152

PO. തച്ചിങ്ങനാടം
വഴി പട്ടിക്കാട് മലപ്പുറം ജില്ല

ഓഹരി മൂലധനം:	134937 (30.9.96)
നിക്ഷേപം:	2,30,00000
പ്രവർത്തന മൂലധനം:	27860000
നിൽപ്പ്വായ്പ:	23200000

പ്രസിഡന്റ്
A. ജമാൽമുഹമ്മദ്

സെക്രട്ടറി
കെ.സുലൈമാൻ

Gory Pmna



ഒരു തനിമയ്ക്ക്
ഒരു പൊന്നണിയിക്കാം

സ്വർണ്ണ വ്യാപാരരംഗത്ത് ഒരതിനൂതന സംരംഭവുമായി പാരമ്പര്യത്തിന്റെ വജ്ര ശക്തമാർന്ന കരുത്തും ആത്മ വിശ്വാസവുമായി

മഞ്ഞിലാസ്

പെരിന്തൽമണ്ണയിലും ചരിത്ര ഗാഥയ്ക്ക് തുടക്കം കുറിക്കുവാനെത്തിയിരിക്കുന്നു. തൃശ്ശൂരിലെ സാംസ്കാരിക പാരമ്പര്യത്തിന്റെ ഹൃദയ ചൈതന്യവുമായി, പൊന്നഴകിന്റെ പുലരിക്കു തുല്യമായി, വൈവിദ്ധ്യത്തിന്റെ കവിതയെഴും സ്വർണശേഖരവുമായി ഞങ്ങൾ എത്തിയിരിക്കുന്നു.



സമുജ്ജ്വല പാരമ്പര്യം,
കുലീനമാർന്ന സുവർണ സംരംഭം!



മഞ്ഞിലാസ്

ജ്വല്ലറി

ഊട്ടി റോഡ്, പെരിന്തൽമണ്ണ ✆ 326977

ശാഖകൾ – പേരാമ്പ്ര, ബാലുശ്ശേരി, താമരശ്ശേരി.
നിലമ്പൂർ, എടക്കര, കോട്ടക്കൽ